

പുതിയ നിയമത്തിലെ
സ്ത്രീകൾ
ഡോ. മൈക്കിൾ കാരിമറ്റം
രണ്ടാം
പതിപ്പ്



# പുതിയ നിയമത്തിലെ സ്ത്രീകൾ

## ഡോ. മൈക്കിൾ കാരിമറ്റം

ഓരോ സ്ത്രീയും സുവിശേഷത്തിന്റെ ഓരോ പ്രത്യേകവശത്തിന് ഊന്നൽ നൽകുന്ന മാതൃകകളാണ്. ഈ അർത്ഥത്തിൽ സ്ത്രീകൾക്ക് സമൂഹത്തോടും സഭയോടും പ്രഘോഷിക്കാനുള്ള സന്ദേശങ്ങൾ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന ഉത്തമകൃതിയാണിത്. ഇതിൽ ചർച്ചാവിഷയമാകുന്ന സ്ത്രീകളിൽ നിന്നും സുവിശേഷത്തെയും സ്ത്രീകളുടെ സുവിശേഷ ദൗത്യങ്ങളെയും കുറിച്ച് നമുക്ക് വിലപ്പെട്ട അറിവ് ലഭിക്കുന്നു.

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600, 91 9746077500
E-mail: atmabooks@gmail.com
atmabooks.com

978-93-88909-46-4 ₹ 140
9789388909464 00001
Sacred Scripture

# പുതിയ നിയമത്തിലെ സ്ത്രീകൾ

# പുതിയ നിയമത്തിലെ

# സ്ത്രീകൾ



ഡോ. മൈക്കിൾ കാരിമറ്റം

pavan atma
atmabooks@gmail.com

Malayalam
*puthiya niyamathile streekal*
(Women in the New Testament)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: 2010
Second Edition: November 2019

ISBN: 978-93-88909-46-4

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com



# ആമുഖം

യേശുവിന്റെ കാലത്തെ പാലസ്തീനായിൽ ഒരു വിജാതീയ അടിമയുടെ സ്ഥാനമേ സ്ത്രീകൾക്കുണ്ടായിരുന്നുള്ളൂ എന്നാണ് പൊതുവേ അംഗകരിക്കപ്പെട്ടിരിക്കുന്നത്. പുരുഷന്റെ ആധിപത്യ ത്തിൻ കീഴിലും സംരക്ഷണയിലും കഴിയുക എതന്നായിരുന്നു സ്ത്രീകളുടെ വിധി. ബാല്യകാലത്ത് പിതാവിന്റെയും; യൗവ്വനമാ കുമ്പോൾ ഭർത്താവിന്റെയും; ഭർത്താവു മരിച്ചാൽ പുത്രന്റെയും. സ്വന്തമായൊരസ്തിത്വം അവൾക്കുണ്ടായിരുന്നില്ല. വിവാഹം നിശ്ച യിക്കുന്നതും നടത്തുന്നതും പിതാവ്; ഇഷ്ടമില്ലെങ്കിൽ മോചന ക്രിയ നടത്തി പറഞ്ഞയയ്ക്കുന്നതു ഭർത്താവ്. വിവാഹമോചന ത്തിനുള്ള അധികാരവും അവകാശവും ഭർത്താവിനുമാത്രം. വന്ധ്യ ത്വവും വൈധവ്യവും സ്ത്രീയുടെ കുറ്റമായി പരിഗണിക്കപ്പെട്ടു പോന്നു.

സ്ത്രീയുടെ സ്ഥാനം പൊതുവേ ഭവനത്തിന്റെ ഉൾമുറി യിലും പിന്നാമ്പുറത്തുമാണ്. സിനഗോഗിലും ദേവാലയത്തിലും അവൾക്കായി പ്രത്യേക സ്ഥലം വേലികെട്ടി വേർതിരിച്ചിരുന്നു.

അതിർത്തി ലംഘിക്കുന്നതു വലിയ കുറ്റമായി പരിഗണിക്കപ്പെട്ടിരുന്നു. സ്ത്രീകൾ തലമൂടിയേ നടക്കാവൂ. മാന്യതയുള്ള സ്ത്രീകൾ വീട്ടിലായിരിക്കുമ്പോഴും തലമുണ്ടു ധരിക്കും. വീടിന്റെ ഉത്തരവും മച്ചും എന്റെ മുടി കണ്ടിട്ടില്ല എന്നു പറയാൻ കഴിഞ്ഞ സ്ത്രീ ഉത്തമമാതൃകയായി അവതരിപ്പിക്കപ്പെട്ടിരുന്നു.

നിയമപഠനം സ്ത്രീക്കു നിഷിദ്ധമായിരുന്നു. 613 നിയമങ്ങളും അവയുടെ ഉപവിഭാഗങ്ങളും പഠിക്കാനോ അനുസരിക്കാനോ സ്ത്രീക്കു കടമയില്ല. നിയമത്തിൽ അരുത് എന്നു പറയുന്നവമാത്രം അനുസിക്കാനേ സ്ത്രീക്കു കടപ്പാടുണ്ടായിരുന്നുള്ളൂ. റബ്ബിമാർ നടത്തിയിരുന്ന നിയമപഠന (തോറാ) കളരികളിൽ സ്ത്രീക്കു പ്രവേശനമില്ല. മാന്യതയുള്ള ഒരു നിയമാധ്യാപകനും സ്ത്രീകളെ വിദ്യാർത്ഥികളും ശിഷ്യരുമായി സ്വീകരിക്കുകയില്ല. പരസ്യമായി സംസാരിക്കാനോ പ്രാർത്ഥിക്കാൻപോലുമോ സ്ത്രീകൾക്കവകാശമില്ല. പ്രാർത്ഥിക്കാം, തനിച്ച്, രഹസ്യമായി; ശബ്ദമുണ്ടാക്കരുത്. സ്വന്തം കുട്ടികളെ വീട്ടിൽ വച്ചു പഠിപ്പിക്കാം. അതിനപ്പുറത്ത് ആരെയും പഠിപ്പിക്കാൻ സ്ത്രീക്ക് അവകാശമില്ല. പൊതുസ്ഥലത്തുവച്ച് പരപുരുഷനുമായി സംസാരിക്കുന്നതും അന്യരുടെ മുമ്പിൽവച്ച് തലമുടി പുറത്തു കാട്ടുന്നതും വിവാഹമോചനത്തിനു മതിയായ കാരണമായിരുന്നു. ഈ നിയമങ്ങളും ആചാരങ്ങളും എല്ലാം തന്നെ പൊതുവേ അംഗീകരിക്കപ്പെട്ടിരുന്നു. ഈ ചരിത്രപശ്ചാത്തലത്തിൽവേണം പുതിയ നിയമം അവതരിപ്പിക്കുന്ന സ്ത്രീകളുടെ ചിത്രം അപഗ്രഥിക്കാൻ.

പാലസ്തീനായിലെ യഹൂദരുടെ മനോഭാവങ്ങളെ മാറ്റിമറിക്കുകയും മാമൂലുകളെ തകിടം മറിക്കുകയും ആചാരങ്ങളെ അവഗണിക്കുകയും ചെയ്യുന്നതായിരുന്നു യേശുക്രിസ്തുവിന്റെ വാക്കും പ്രവൃത്തിയും. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീയും പുരുഷനും തുല്യരാണെന്നും ഒരുപോലെ ദൈവത്തിന്റെ മക്കളാണെന്നുമുള്ള അടിസ്ഥാനപ്രബോധനമാണ് യേശു നല്കിയത്. സമ്പൂർണ്ണ വിമോചനത്തിന്റെ സദ്വാർത്തയുമായി വന്നവൻ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ഉള്ളവരെ ഈ സുവിശേഷം അറിയിച്ചു. അതേസമയം അവഗണിക്കപ്പെട്ടവരും അധഃകൃതരായി മുദ്രകുത്തപ്പെട്ടവരും അവന്റെ പ്രത്യേക സ്നേഹത്തിനും പരിഗണനയ്ക്കും പാത്രീഭൂതരായി.

സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് വേലിയിറമ്പിലേക്കു മാറ്റിനിർത്തപ്പെട്ടവരുടെ മുൻപന്തിയിൽ നിന്നത് സ്ത്രീകളാണ്. അതിനാൽത്തന്നെ യേശു അവരെപ്രത്യേകം പരിഗണിച്ചു; ആദരിച്ചു; ശാക്തീകരിച്ചു. അത്ര ആശാസ്യമല്ലാത്ത ഒരു ജീവിതം നയിച്ചിരുന്ന, അതിനാൽത്തന്നെ പൊതുജനദൃഷ്ടിയിൽപ്പെടാതെ ഒഴിഞ്ഞുമാറിയിരുന്ന, ഒരു സമറിയാക്കാരിയുമായി കിണറ്റുകരെവച്ച് സുദീർഘമായ സംഭാഷണം നടത്താൻ യേശു മടിച്ചില്ല. ഫരിസേയന്റെ വിരുന്നുശാലയിലേക്കു കയറിവന്ന് തന്റെ പാദത്തിൽ കണ്ണീരൊഴുക്കിയ പരസ്യപാപിനിയെ വിലക്കിയില്ലെന്നു മാത്രമല്ല കപടഭക്തരായ ഫരിസേയരെക്കാൾ മെച്ചമാണ് അവൾ എന്നു പ്രഖ്യാപിക്കുകകൂടി ചെയ്തു. സ്ത്രീകളെ, അതും പിശാചുബാധയിൽനിന്നും മാറാരോഗങ്ങളിൽനിും മുക്തിനേടിയവരും പാപത്തിന്റെ വഴികൾ ഉപേക്ഷിച്ച് മാനസാന്തരപ്പെട്ടവരും ഉൾപ്പെടെ അനേകരെ, ശിഷ്യരായി സ്വീകരിക്കുകയും അവരെ കൂടെകൊണ്ടു നടക്കുകയും ചെയ്തു.

ഇതുപോലെയുള്ള യേശുവിന്റെ പ്രവർത്തനങ്ങളും പ്രബോധനങ്ങളും സമൂഹത്തിൽ വലിയ മാറ്റങ്ങൾക്കു വഴി തെളിച്ചു. ആ പുതിയ വഴിയാണ് സുവിശേഷങ്ങളും അപ്പസ്തോലപ്രവർത്തനങ്ങളും അപ്പസ്തോലികലേഖനങ്ങളും അടക്കം പുതിയ നിയമം മുഴുവനിലും തെളിഞ്ഞുനില്ക്കുന്നത്. മാംസംധരിച്ച വചനമായ യേശു തന്നെയാണ് രക്ഷകനും രക്ഷയുടെ മാർഗ്ഗവും. വഴിയും സത്യവും ജീവനും ഞാൻതന്നെ എന്നു പറഞ്ഞവനെ രക്ഷകനായി സ്വീകരിക്കുകയും അനുഗമിക്കുകയും ചെയ്ത അനേകം സ്ത്രീകൾ പുതിയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. വചനത്തിന്റെ വഴിയേ ചരിച്ചവരും ആ വഴി തടയാൻ ശ്രമിച്ചവരും ഈ കൂട്ടത്തിലുണ്ട്.

പുതിയ നിയമത്തിൽ പരാമർശവിഷയമാകുന്ന അനേകം സ്ത്രീകളിൽ ഇരുപതുപേരെ തിരഞ്ഞെടുത്ത് ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. സ്ത്രീകളിൽ അഗ്രഗണ്യയും സ്ത്രീ എന്നു മാത്രം അഭിസംബോധന ചെയ്യപ്പെടുവളുമായ യേശുവിന്റെ അമ്മ മറിയത്തെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നില്ല. ഒരു ചെറിയ ലേഖനത്തിന്റെ ചിമിഴിൽ ഒതുക്കാൻ കഴിയാത്ത ആ വ്യക്തിത്വത്തിനു വേണ്ടി ഒരു പുസ്തകം തന്നെ മാറ്റിവയ്ക്കണം.

ഇതിനുപുറമേ പേരെടുത്തു പറയുന്നതും അല്ലാത്തതുമായ അനേകം സ്ത്രീകഥാപാത്രങ്ങളെയും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. പലരേയും കുറിച്ച് അവരുടെ പേരിൽകവിഞ്ഞ ഒന്നുംതന്നെ നമുക്ക് അറിവില്ല. പൗലോസിന്റെ ലേഖനങ്ങളിൽ പരാമർശിക്കപ്പെടുന്ന അനേകം സ്ത്രീകൾ ഇക്കൂട്ടത്തിൽപെടും. കെങ്ക്റെയിലെ സഭയുടെ ശുശ്രൂഷക - (ഡീക്കൻ) ആയിരുന്ന ഫോയ്ബാ, റോമിൽ കഠിനാധ്വാനം ചെയ്ത മറിയം, പൗലോസിന്റെ ബന്ധുവും കൂട്ടുതടവുകാരിയുമായ യൂണിയസ്, കർത്താവിൽ അധ്വാനിക്കുന്ന ത്രിഫോസാ, തന്റെയും അമ്മയായി പൗലോസ് പരിഗണിക്കുന്ന റൂഫസിന്റെ അമ്മ, ജൂലിയാ, നെരേയൂസിന്റെ സഹോദരി എന്നിവർ റോമാക്കാർക്കുള്ള ലേഖനത്തിൽ പ്രത്യേകം അഭിവാദനം സ്വീകരിക്കുന്നവരാണ് (റോമാ 16,1-16). യേശു മരണത്തിൽനിന്നുയിർപ്പിച്ച ബാലിക - ജായിറോസിന്റെ മകൾ, കുരിശിന്റെ വഴിയിൽ വിലപിച്ച സ്ത്രീകൾ, ജറുസലെമിൽ ശിഷ്യസമൂഹത്തിനു സ്വന്തം വീടു തുറന്നുകൊടുത്ത മർക്കോസിന്റെ അമ്മ, വാതിൽ കാവൽക്കാരി റോദാ, മരണത്തിൽനിന്നു പത്രോസ് ഉയിർപ്പിച്ച തബീത്താ, ഫിലിപ്പിയിൽവച്ച് പിശാചുബാധയിൽനിന്നു പൗലോസ് മോചിപ്പിച്ച അടിമപ്പെൺകുട്ടി എന്നിങ്ങനെ മറ്റനേകം സ്ത്രീകളെ പുതിയ നിയമത്തിൽ പരാമർശവിഷയമാക്കുന്നുണ്ട്. അവരെയൊന്നും ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

തിരഞ്ഞെടുത്തിരിക്കുന്ന 20 പേർ പ്രാതിനിധ്യസ്വഭാവം ഉള്ളവരും കൂടുതൽ വിശദമായി പ്രതിപാദിക്കപ്പെടുന്നവരുമാണ്. യേശുവിന്റെ സുവിശേഷം മനുഷ്യസമൂഹത്തിൽ പ്രത്യേകിച്ചും സ്ത്രീകളിൽ ചെലുത്തുന്ന സ്വാധീനവും വരുത്തുന്ന മാറ്റങ്ങളും ഇവരുടെ ജീവിതങ്ങളിൽ പ്രതിഫലിക്കുന്നു. പതിവിനു വിപരീതമായി ഉച്ചത്തിൽ സ്തോത്രഗീതമാലപിക്കുന്ന എലിസബത്തും ദേവാലയത്തിൽ പ്രസംഗിക്കുന്ന വിധവയായ അന്നായും തുടങ്ങി സുവിശേഷപ്രഘോഷണത്തിന്റെ മുന്നണിപ്പോരാളികളായ ലീദിയായും പ്രിസില്ലായും വരെയുള്ള കഥാപാത്രങ്ങൾ യേശു ലക്ഷ്യം വച്ചതും നേടിയെടുത്തതുമായ സമഗ്ര വിമോചനത്തിന്റെ മാതൃകകളാണ്.

ആദിമസഭയിൽ സ്ത്രീകൾക്കുണ്ടായിരുന്ന പ്രമുഖസ്ഥാനം ഈ കഥാപാത്രങ്ങളിലൂടെ അനാവരണം ചെയ്യപ്പെടുന്നുണ്ട്. സഭയിൽ സ്ത്രീ നിശബ്ദത പാലിക്കണം എന്ന ഒരു താക്കീതിന്റെ പേരിൽ പൗലോസിനെ സ്ത്രീ വിരോധിയായി കാണുന്നവരുണ്ട്.

നേരേമറിച്ച് സ്ത്രീകൾ സഭയിൽ മിണ്ടാതിരുന്ന് അടിമകളെപ്പോലെ വേലചെയ്താൽ മതിയെന്ന് ബൈബിൾ വാക്യങ്ങൾ, പ്രത്യേകിച്ചും പൗലോസിന്റെ ചില വാക്യങ്ങൾ, ഉദ്ധരിച്ചുകൊണ്ട് പഠിപ്പിക്കുന്നവരുമുണ്ട്. എന്നാൽ ഇവിടെ ഇതൾവിരിയുന്ന കഥാപാത്രങ്ങളിലൂടെ കടന്നു പോകുമ്പോൾ ഈ രണ്ടു നിലപാടുകളും തെറ്റാണെന്നു കാണാൻ കഴിയും. കോറിന്തോസിലെ സഭയുടെ പ്രത്യേക പശ്ചാത്തലത്തിൽ അപ്പസ്തോലൻ നല്കിയ സ്ഥലകാലബന്ധിയായ ചില നിർദ്ദേശങ്ങൾ, സാഹചര്യങ്ങളിൽനിന്നുമാറ്റി ശാശ്വതനിയമങ്ങളായി അവതരിപ്പിക്കുന്നത് യേശുവിന്റെ സുവിശേഷത്തെ വളച്ചൊടിക്കലാണ്; യേശു പ്രഖ്യാപിച്ച സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും നിഷേധിക്കലാണ്.

ഇവിടെ ചർച്ചാവിഷയമാകുന്ന സ്ത്രീകളിൽനിന്നു സുവിശേഷത്തെയും സ്ത്രീകളുടെ സുവിശേഷദൗത്യങ്ങളെയുംകുറിച്ച് വിലയേറിയ ഉൾക്കാഴ്ചകൾ ലഭിക്കും. ഓരോ സ്ത്രീയും സുവിശേഷത്തിന്റെ ഓരോ പ്രത്യേക വശത്തിന് ഊന്നൽ നല്കുന്ന മാതൃകകളാണ്. അവർ ഓരോരുത്തർക്കും ഇന്നത്തെ സമൂഹത്തോടും സഭയോടും പ്രഘോഷിക്കാനുള്ള ചില പ്രത്യേക സന്ദേശങ്ങളുണ്ട്. അതിനു കാതോർക്കാൻ ഈ വിശകലനങ്ങൾ സഹായകരമാകുമെന്നു പ്രതീക്ഷിക്കുന്നു.

“ഹവ്വായുടെ പുത്രിമാർ” എന്ന പേരിൽ തിയോഗ്യാലറി പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ തുടർച്ചയാണ് ഈ ഗ്രന്ഥം. ആദ്യത്തേതിൽ പഴയനിയമത്തിലെ സ്ത്രീകളാണ് മുഖ്യമായും ചർച്ചാവിഷയം. ഇവിടെ പുതിയ നിയമത്തിലെ സുപ്രധാന സ്ത്രീകഥാപാത്രങ്ങളെ വിശകലനം ചെയ്യുന്നു. യേശുവിന്റെ അമ്മയായ മറിയം എന്ന സ്ത്രീ തനതായ ഒരു പുസ്തകത്തിനു വിഷയമാണ്. ഏറെ താമസിയാതെ അതും പൂർത്തിയാക്കാൻ കഴിയും എന്ന് ആശിക്കുന്നു.



# താളുകളിൽ

1. **ആത്മാവിനാൽ പൂരിത**
എലിസബത്ത് ........................................ 13

2. **വൃദ്ധയായ സാക്ഷി**
അന്നാ ........................................ 21

3. **സൗഖ്യം ശുശ്രൂഷയ്ക്ക്**
പത്രോസിന്റെ അമ്മായിയമ്മ ........................................ 26

4. **യേശുവിന്റെ ആദ്യപ്രേഷിത**
സമറിയാക്കാരി ........................................ 30

5. **പ്രവാചകഘാതകി**
ഹേറോദിയാ ........................................ 41

6. **രാജ നർത്തകി**
സലോമി ........................................ 47

7. **സെബദീപുത്രന്മാരുടെ മാതാവ്**
സലോമി ........................................ 52

8. **ദുഃഖപുത്രി**
നായീനിലെ വിധവ ........ 57

9. **അനുതാപത്തിന്റെ മാതൃക**
ഏറെ സ്നേഹിച്ച പാപിനി ........ 61

10. **തളരാത്ത വിശ്വാസം**
കാനാൻകാരി ........ 69

11. **സൗഖ്യം നല്കിയ സ്പർശം**
രക്തസ്രാവക്കാരി ........ 75

12. **സാത്താൻ ബന്ധിച്ചവൾ**
സിനഗോഗിലെ കൂനി ........ 82

13. **ഒരവസരം കൂടി**
പിടിക്കപ്പെട്ട പാപിനി ........ 89

14. **കർമ്മജ്ഞാനി**
മാർത്താ ........ 96

15. **അഭിഷിക്തനെ അഭിഷേചിച്ച ഭക്ത**
ബഥാനിയായിലെ മറിയം ........ 108

16. **അപ്പസ്തോലന്മാരെ സുവിശേഷം അറിയിച്ച പ്രേഷിത**
മറിയം മഗ്ദലേന ........ 117

17. **രാജസേവകന്റെ ഭാര്യ**
യൊവാന്ന ........ 126

18. **ഉത്ഥിതന്റെ സാക്ഷി**
മറ്റേ മറിയം ........ 130

19. **യൂറോപ്പിലെ ആദ്യക്രിസ്ത്യാനി**
ലീദിയാ ........ 134

20. **ഗാർഹികസഭയുടെ മാതൃക**
പ്രിസ്കാ - പ്രിസില്ലാ ........ 140



# 1 ആത്മാവിനാൽ പൂരിത

## എലിസബത്ത്

പുതിയ നിയമത്തിൽ പ്രത്യക്ഷപ്പെടുന്ന ആദ്യ സ്ത്രീ കഥാപാത്രമാണ് എലിസബത്ത്. *ഏലിഷേബാ* എന്ന പേര് ഹീബ്രുവിൽ നിന്ന് ഗ്രീക്കിലേക്ക് വിവർത്തനം ചെയ്തപ്പോൾ എലിസബത്ത് എന്നായി. ആ ഗ്രീക്ക് രൂപമാണ് ഇംഗ്ലീഷിലേക്കും തുടർന്ന് മലയാളത്തിലേക്കും കടന്നുവന്നത്. എന്നാലും ഹീബ്രുമൂലത്തെ സൂചിപ്പിക്കുന്ന ഏലീശ്വാ, ഏലിശ്ബാ എന്നീ രൂപങ്ങളും നിലവിലുണ്ട്. "ദൈവികനിറവ്," "ദൈവം എന്റെ ഭാഗ്യം," "എന്റെ ദൈവത്തിന്റെ ശപഥം'' എന്നൊക്കെ പേരു വിവർത്തനം ചെയ്യാം. ലൂക്കാ എഴുതിയ ബാല്യകാല സുവിശേഷത്തിന്റെ ആദ്യഭാഗത്ത് (ലൂക്കാ 1,5-66) നിറഞ്ഞുനില്ക്കുന്ന മികവുറ്റ ഒരു കഥാപാത്രമാണ് എലിസബത്ത്.

പുരോഹിതനായ സഖറിയായുടെ ഭാര്യ, അഹറോന്റെ പുത്രിമാരിൽ ഒരുവൾ എന്നിങ്ങനെയാണ് ലൂക്കാ സുവിശേഷകൻ എലിസബത്തിനെ പരിചയപ്പെടുത്തുന്നത്. പുരോഹിതഗോത്ര ത്തിൽ പിറന്ന അവൾ ലേവി പുരോഹിതനായ സഖറിയായ്ക്ക് അനുയോജ്യയായ ഭാര്യയായിരുന്നു. ഇരുവരും "ദൈവത്തിന്റെ മുമ്പിൽ നീതി നിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണ ങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു" (ലൂക്കാ 1,6) എന്ന വിശേഷണങ്ങളിലൂടെ ആ വയോധികരുടെ സ്വഭാവ വൈശിഷ്ഠ്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അതേസമയം ഗർഭ ധാരണ പ്രായം കഴിഞ്ഞ എലിസബത്ത് വന്ധ്യയായിരുന്നു എന്ന് എടുത്തുപറയുകയും ചെയ്യുന്നു. വന്ധ്യത്വവും പ്രായാധിക്യവും തുടർന്നു വിവരിക്കാൻ പോകുന്ന സന്താന ഭാഗ്യത്തെ ദൈവ ത്തിന്റെ അത്ഭുതകരമായ പ്രത്യേക ദാനമായി അവതരിപ്പിക്കുന്ന തോടൊപ്പം എലിസബത്തിനെ സാറാ, റബേക്ക, ഹന്നാ തുടങ്ങിയ പൂർവ്വമാതാക്കളുടെ നിരയിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

ദേവാലയത്തിൽ, ബലിയർപ്പണസമയത്തുണ്ടായ ദൈവദൂ തദർശനത്തിലൂടെ ലഭിച്ച സദ്വാർത്ത വിശ്വസിക്കാൻ പുരോഹിത നായ സഖറിയായ്ക്കു കഴിഞ്ഞില്ല. "ഞാൻ ഇത് എങ്ങിനെ അറിയും? ഞാൻ വൃദ്ധനാണ്, എന്റെ ഭാര്യ പ്രായം കവിഞ്ഞവളുമാണ്" (ലൂക്കാ 1,18) എന്ന ചോദ്യത്തിലൂടെ സഖറിയാ തന്റെ വിശ്വാസരാഹിത്യം പ്രകടമാക്കി; മാത്രമല്ല, പരോക്ഷമായി ഒരടയാളം ആവശ്യപ്പെടുകയും ചെയ്തു. ഒരു ശിശുവിനുവേണ്ടി അയാൾ നിരന്തരം പ്രാർത്ഥിച്ചു വെങ്കിലും ("സഖറിയാ ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥന കേട്ടിരി ക്കുന്നു" ലൂക്കാ 1,13) പ്രാർത്ഥന ദൈവം കേട്ടു എന്ന് വിശ്വസി ക്കാൻ കഴിയാതെ പോയ പുരോഹിതൻ വെറും യാന്ത്രികവും വിശ്വാ സരഹിതവുമായ പ്രാർത്ഥനയുടെ മാതൃകയായിത്തീരുന്നു.

എന്നാൽ എലിസബത്തിന്റെ കാര്യം വ്യത്യസ്തമാണ്. അവൾക്കു ദൈവദൂതദർശനമുണ്ടായില്ല; അരുളപ്പാടുകൾ ലഭിച്ച തുമില്ല. പക്ഷേ ദൈവത്തിന്റെ ഇടപെടലുകൾ തിരിച്ചറിയാനും വിശ്വ സിക്കാനും അവൾ സന്നദ്ധയായിരുന്നു. വന്ധ്യയായ തനിക്കു വാർദ്ധക്യത്തിൽ ലഭിച്ച സന്താനഭാഗ്യത്തെ ദൈവത്തിന്റെ കരു ണാർദ്ര ദാനമായി അവൾ ഏറ്റുപറഞ്ഞു. തന്നെ സന്ദർശിക്കാൻ എത്തിയ ബന്ധുവായ മറിയത്തിൽ കർത്താവിന്റെ അമ്മയെ കണ്ടെ ത്താനും ദൈവാത്മാവിനാൽ നിറഞ്ഞ്, രക്ഷകനെ തിരച്ചറിഞ്ഞ് ഏറ്റുപറയാനും അവൾക്കു കഴിഞ്ഞു.

മക്കളിലൂടെയാണ് വ്യക്തികളുടെ ജീവിതം തുടരുന്നതും പേരു നിലനില്ക്കുന്നതും എന്നു വിശ്വസിച്ചിരുന്ന യഹൂദർക്കിടയിൽ വന്ധ്യത്വം വലിയൊരു ശാപമായി പരിഗണിക്കപ്പെട്ടിരുന്നു. മക്കളുണ്ടാവാത്തതിനു കാരണം സ്ത്രീയുടെ മാത്രം കഴിവുകേടാണെന്നു കരുതിയിരുന്ന സമൂഹത്തിൽ വന്ധ്യകൾ വലിയ പരിഹാസത്തിനും അവഗണനയ്ക്കും അവഹേളനത്തിനും ഇരയായിത്തീർന്നിരുന്നു. ഇതെല്ലാം ഏറ്റുവാങ്ങി, തകർന്ന ഹൃദയത്തിൽ ദുഃഖമെല്ലാമൊതുക്കി, നിശബ്ദയായി കഴിഞ്ഞിരുന്ന എലിസബത്തിന് താൻ ഗർഭിണിയായിരിക്കുന്നു എന്ന അറിവ് നല്കിയ ആനന്ദത്തിനതിരില്ല. ആഹ്ലാദം അണപൊട്ടിയൊഴുകിയത് ദൈവസ്തുതിയായിട്ടാണ്: "മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച്, എനിക്കിതു ചെയ്തുതന്നിരിക്കുന്നു" (ലൂക്കാ 1,25). ആഴമേറിയ വിശ്വാസവും അതിരില്ലാത്ത നന്ദിയും പ്രകടമാക്കുന്ന ഈ കൊച്ചുഗാനമാണ് സുവിശേഷത്തിലെ ആദ്യത്തെ സ്തോത്രഗീതം.

മിശിഹായെ ഉദരത്തിൽ വഹിക്കുന്ന മറിയത്തിന്റെ സന്ദർശനമാണ് എലിസബത്തിന്റെ വ്യക്തിമാഹാത്മ്യം പ്രകടമാക്കുന്ന അടുത്ത രംഗം. എലിസബത്തും മറിയവും ചാർച്ചക്കാരായിരുന്നു എന്നല്ലാതെ ആ ബന്ധം എന്തായിരുന്നുവെന്ന് സുവിശേഷകൻ വ്യക്തമാക്കുന്നില്ല. എലിസബത്ത് മറിയത്തിന്റെ ഇളയമ്മയായിരുന്നു എന്നത് പില്കാലത്തെ സഭാപാരമ്പര്യമാണ്. "തന്റെ ഇളയമ്മയായ ഏലീശ്വായെ സന്ദർശിച്ച് മൂന്നുമാസം അവർക്കു ശുശ്രൂഷ ചെയ്തു" എന്ന് ജപമാലയുടെ സന്തോഷകരമായ രണ്ടാം രഹസ്യത്തിൽ നാം ധ്യാനിക്കാറുണ്ട്. എന്നാൽ "സുൻഗെനിസ്" (sungenis) എന്ന ഗ്രീക്കു വാക്കിന് ബന്ധു, ചാർച്ചക്കാരി - relative, kinswoman എന്നൊക്കെയേ അർത്ഥമുള്ളൂ.

ശുശ്രൂഷചെയ്യാൻ വേണ്ടിയാണ് മറിയം പോയത് എന്നത് ഒരു വ്യാഖ്യാനമാണ്. എന്നാൽ എന്തായിരുന്നു ആ ശുശ്രൂഷ? നസ്രത്തിൽനിന്ന് ഏകദേശം 130 കിലോമീറ്റർ തെക്കാണ് എലിസബത്തിന്റെ ഗ്രാമമായ അയിൻകരിം. ഇത്രദൂരം യാത്ര ചെയ്തുവന്നത് ഗർഭിണിയായ ബന്ധുവിന് ഏതെങ്കിലും തരത്തിലുള്ള ശാരീരിക ശുശ്രൂഷ ചെയ്യാൻ വേണ്ടിയായിരുന്നു എന്നു കരുതാൻ ന്യായം പോരാ. ആവശ്യത്തിനു വേലക്കാരും ബന്ധുക്കളുമുള്ള അവൾക്ക് ഇപ്രകാരമൊരു ശുശ്രൂഷയുടെ ആവശ്യവും കുറവാണ്, അതിനെക്കുറിച്ച് സുവിശേഷകൻ ഒന്നും പറയുന്നുമില്ല.

"മറിയം അവളോടുകൂടെ മൂന്നുമാസം താമസിച്ചു. പിന്നെ വീട്ടിലേക്കു മടങ്ങി" (ലൂക്കാ 1,56) എന്നു പറഞ്ഞു നിർത്തിയതിനുശേഷമാണ് എലിസബത്തിന്റെ പ്രസവത്തെയും ശിശുവിന്റെ നാമകരണത്തെയും കുറിച്ച് പ്രതിപാദിക്കുന്നത്. ഒരാളെക്കുറിച്ച് പറയാനുള്ളതെല്ലാം ഒരുമിച്ചു പറയുക എന്ന ലൂക്കായുടെ തനതായ പ്രതിപാദനരീതിയാവാം ഈ വിവരണത്തിനു കാരണം; ശിശുവിന്റെ ജനനത്തിനു മുമ്പേ മറിയം തിരിച്ചുപോയി എന്നു കരുതണമെന്നില്ല; യേശുവിന്റെ സ്നാനത്തിനുമുമ്പേ സ്നാപകനെ ബന്ധനസ്ഥനാക്കിയതിന്റെ വിവരണം നല്കുന്നതുപോലെ (ലൂക്കാ 3, 19-20) ഇതിനെയും കാണാനാവും. എന്നാലും മറിയത്തിന്റെ സന്ദർശനത്തിന്റെ ലക്ഷ്യം മറ്റെന്തോ ആയിരുന്നു എന്ന അനുമാനത്തിലേക്കാണ് ഈ പ്രതിപാദനരീതി നയിക്കുന്നത്.

ദൈവപുത്രന്റെ അമ്മയാകാൻ ദൂതനിലൂടെ ലഭിച്ച ക്ഷണത്തിനു സമ്മതം നല്കിയ മറിയം ദീർഘദൂര യാത്രചെയ്ത് ബന്ധുവീട്ടിലെത്തിയത് ഒരു പക്ഷേ അല്പം ഏകാന്തതയും സംരക്ഷണവും പ്രതീക്ഷിച്ചാകാം. തികച്ചും അസാധാരണവും അസംഭവ്യവുമായ ഒരു കാര്യമാണ് ഗബ്രിയേൽ ദൂതൻ മറിയത്തെ അറിയിച്ചത്. കന്യാജനനം എന്നൊരു പ്രവചനം (ഏശ 7, 14) പരിചിതമാണെങ്കിലും വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന താൻ വരനറിയാതെ ഗർഭിണിയായാൽ സംഭവിക്കാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അജ്ഞയല്ല ആ യഹൂദ കന്യക. തനിക്കു സംഭവിച്ചിരിക്കുന്ന കാര്യങ്ങൾ ഈ ലോകത്തിൽ ആർക്കെങ്കിലും മനസ്സിലാക്കാൻ കഴിയുമെങ്കിൽ അത് ദൂതൻ തന്നെ അടയാളമായി നല്കിയ എലിസബത്തിനായിരിക്കും എന്ന് അവൾ ന്യായമായും അനുമാനിച്ചു കാണും. അടയാളം കണ്ട് വിശ്വാസം സ്ഥിരപ്പെടുത്തുക എന്നതിനേക്കാൾ, തന്നെ മനസ്സിലാക്കാനും വേണ്ട നിർദ്ദേശങ്ങളും സംരക്ഷണവും നല്കാനും കഴിവുള്ള ഏകവ്യക്തിയായ എലിസബത്തിന്റെ കൂടെ ഗർഭധാരണത്തിന്റെ ആദ്യഘട്ടമെങ്കിലും ചിലവഴിക്കാനാണ് മറിയം തീരുമാനിച്ചത്. അത് എലിസബത്തിനുവേണ്ടി എന്നതിനേക്കാൾ തനിക്കുതന്നെ വേണ്ടി ആയിരിക്കാനും സാധ്യതയുണ്ട്. എന്നാൽ സംഭവിച്ചത് അതിനേക്കാൾ ഏറെ വലിയ കാര്യങ്ങളാണ്. മറിയത്തിന്റെ ശുശ്രൂഷ യഥാർത്ഥത്തിൽ വചന ശുശ്രൂഷയായിരുന്നുവെന്ന് സുവിശേഷകൻ വിശദീകരിക്കുന്നു.

രണ്ടുകാര്യങ്ങളാണ് മറിയത്തിന്റെ സന്ദർശനം വഴി ആദ്യമേ

സംഭവിക്കുന്നത്. "മറിയത്തിന്റെ അഭിവാദനം കേട്ടപ്പോൾ എലിസബത്തിന്റെ ഉദരത്തിൽ ശിശു കുതിച്ചുചാടി. എലിസബത്ത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞവളായി" (ലൂക്കാ 1,41). നസ്രത്തെന്ന അജ്ഞാത ഗ്രാമത്തിൽനിന്ന് തന്നെ കാണാനെത്തിയ ബന്ധുവായ ആ യുവകന്യകയിൽ ദൈവത്തിന്റെ പ്രത്യേക സാന്നിധ്യം തിരിച്ചറിയാൻ എലിസബത്തിനു കഴിഞ്ഞു. മറിയത്തിന്റെ മകനിൽ ലോകരക്ഷകനായ കർത്താവിനെ തിരിച്ചറിയാനും ഏറ്റുപറയാനും വരം ലഭിച്ച ആദ്യവ്യക്തിയാണ് എലിസബത്ത്.

മാതാവിന്റെ ഉദരത്തിലായിരിക്കുമ്പോൾതന്നെ ശിശു പരിശുദ്ധാത്മാവിനാൽ നിറയും (ലൂക്കാ 1,15) എന്ന ദൂതന്റെ പ്രവചനം ഇവിടെ പൂർത്തിയായി. ആത്മാഭിഷേകം സ്വീകരിച്ചതിലുള്ള ആഹ്ലാദത്തിന്റെ അടയാളമായി ശിശുവിന്റെ കുതിച്ചുചാട്ടത്തെ മനസ്സിലാക്കാനാവും. അജാതശിശു മാത്രമല്ല, അമ്മയും ആത്മാവിനാൽ നിറഞ്ഞു. തന്റെ പിന്നാലെ വരുന്നവൻ ആത്മാഭിഷേകം നല്കും എന്ന് പിന്നീട് പ്രഘോഷിച്ച സ്നാപകന്റെ വചനങ്ങൾ (ലൂക്കാ 3,16) ഇവിടെ മുൻകൂറായി നിറവേറുന്നു. മറിയത്തിന്റെ ഗർഭസ്ഥശിശുവായ യേശുവിന്റെ സാന്നിധ്യമാണ് എലിസബത്തും ശിശുവും ആത്മാവിനാൽ നിറയാൻ കാരണമായത്. മറിയത്തിന്റെ വചനങ്ങൾ അതിനു വഴിയൊരുക്കി. കല്പലകകളിലെഴുതിയ പഴയ ഉടമ്പടിയിൽനിന്ന് ഹൃദയഫലകങ്ങളിൽ രേഖപ്പെടുത്തിയ പുതിയ ഉടമ്പടിയിലേക്കു നയിക്കുന്ന പാലമായി, ആത്മാഭിഷേകം സ്വീകരിച്ച എലിസബത്തും ശിശുവും നിലകൊള്ളുന്നു.

ആത്മാവിനാൽ നിറഞ്ഞ എലിസബത്ത് പ്രവാചികയായി, ഉച്ചസ്വരത്തിൽ വിളിച്ചു പറഞ്ഞു: "നീ സ്ത്രീകളിൽ അനുഗൃഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം" (ലൂക്കാ 1,42). പരിശുദ്ധകന്യകാമറിയത്തെ പുകഴ്ത്തിക്കൊണ്ട് ദൈവത്തെ സ്തുതിക്കാനായി ക്രിസ്തുവിശ്വാസികൾ നിരന്തരം ഉരുവിടാറുള്ള "നന്മനിറഞ്ഞ മറിയമേ" എന്ന പ്രാർത്ഥനയുടെ രണ്ടാം പകുതിയാണിത്. ദൈവാത്മാവിനാൽ പ്രചോദിതയായ എലിസബത്താണ് ഈ പ്രാർത്ഥനയുടെ പ്രണേതാക്കളിൽ ഒരാൾ. പ്രാർത്ഥനയുടെ ആദ്യഭാഗം ദൈവദൂതന്റെ തന്നെ വാക്കുകളാണ്. സ്ത്രീകളിൽ അനുഗൃഹീത – ദൈവത്തിന്റെ പ്രത്യേകമായ കൃപാകടാക്ഷത്താൽ മറ്റെല്ലാ സ്ത്രീകളെയുംകാൾ ഔന്നിത്യത്തിലേക്കു ഉയർത്തപ്പെട്ടവളാണ് തന്റെ മുമ്പിൽ യൗവനത്തിലേക്കു കാലൂന്നി നില്ക്കുന്ന ഈ

ഗ്രാമീണ കന്യക എന്ന് എലിസബത്ത് ഏറ്റുപറഞ്ഞു. അവളുടെ ഉദരഫലം എന്ന മനോഹരമായ ആലങ്കാരിക പ്രയോഗത്തിലൂടെ വിശേഷിപ്പിക്കുന്നത് സഹസ്രാബ്ദങ്ങളായി ലോകജനതകൾ മുഴുവൻ പ്രതീക്ഷിച്ചിരുന്ന രക്ഷകനും കർത്താവുമാണ് എന്ന് അവൾ തുടർന്ന് വ്യക്തമാക്കി.

"എന്റെ കർത്താവിന്റെ അമ്മ" എന്ന പദപ്രയോഗത്തിലൂടെ ക്രൈസ്തവവിശ്വാസത്തിന്റെ മറ്റൊരു സത്യം എലിസബത്ത് എടുത്തു പറയുന്നു. ഗർഭധാരണത്തിന്റെ ആദ്യദിവസങ്ങളിലാണ് മറിയം എലിസബത്തിനെ സന്ദർശിക്കുന്നത്. അവളുടെ ഉദരത്തിൽ ഭ്രൂണാവസ്ഥയിൽ വളർന്നുവികസിച്ചുകൊണ്ടിരിക്കുന്ന ശിശുവിന്റെ സാന്നിധ്യം തിരിച്ചറിയുക മാത്രമല്ല, ആ ശിശു രക്ഷകനും കർത്താവുമായ ദൈവപുത്രനാണെന്ന് അവൾ ഏറ്റു പറയുകയും ചെയ്യുന്നു. പിന്നീട് ഏറെ വിവാദങ്ങൾക്കുശേഷം 431 ൽ എഫേസൂസ് സൂനഹദോസ് മറിയത്തെ ദൈവമാതാവായി (theothokos) പ്രഖ്യാപിച്ചപ്പോൾ എലിസബത്തിന്റെ ഈ വിശ്വാസപ്രഖ്യാപനത്തെ സ്ഥിരീകരിക്കുക മാത്രമാണ് ചെയ്തത്.

മറിയത്തെ സംബന്ധിച്ച സുപ്രധാനമായ രണ്ടു സത്യങ്ങളാണ് എലിസബത്തിന്റെ കീർത്തനത്തിൽ തെളിഞ്ഞു നില്ക്കുന്നത്. **1.** മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ അമ്മ എന്ന നിലയിൽ അവൾ ദൈവമാതാവാണ്; കർത്താവിന്റെ അമ്മയാണ്. **2.** അവൾ വിശ്വാസത്തിന്റെ മകുടവും വിശ്വാസികൾക്കു മാതൃകയുമാണ്. "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1,45). മറിയം ദൈവത്തിനു നല്കിയ മറുപടിയുടെ രത്നചുരുക്കമാണിത്. അവളുടെ വ്യക്തിത്വത്തിന്റെ തനിമയും ഭാഗ്യത്തിന്റെ യഥാർത്ഥ നിദാനവും ഇവിടെ വ്യക്തമാക്കപ്പെടുന്നു. മിശിഹായുടെ അമ്മയാവുക എന്നത് ദൈവം നല്കിയ ഏറ്റം വലിയ ദാനമാണ്. അതിനു മറിയം നല്കിയ മറുപടിയാകട്ടെ സകലർക്കും അനുകരണാർഹമായ മാതൃകയും. ആരാണ് തന്റെ അമ്മ, എന്താണ് അവളുടെ മഹത്വം എന്ന് പിന്നീട് യേശു തന്നെ വ്യക്തമാക്കുമ്പോൾ (ലൂക്കാ 8,21; 11,28) എലിസബത്തിന്റെ ഈ വാക്കുകൾ കടം വാങ്ങുന്നതായി തോന്നും.

മറിയത്തിന്റെ സ്തോത്രഗീതം എന്ന പേരിൽ അറിയപ്പെടുന്ന കീർത്തനം ചില പുരാതന കയ്യെഴുത്തു പ്രതികളിൽ എലിസബത്ത് ആലപിച്ച സ്തുതിഗീതമായി അവതരിപ്പിച്ചിട്ടുണ്ട്. സാഹച

ര്യങ്ങൾ കണക്കിലെടുക്കുമ്പോൾ അതിന് കൂടുതൽ സാധ്യതയുള്ളതായി കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. ലൂക്കാ 1,46ൽ മറ്റു യാതൊരു മുഖവുരയുമില്ലാതെ "മറിയം പറഞ്ഞു" എന്ന രണ്ടു വാക്കുകൾ മാത്രം ഇടയിൽ തിരുകിയ രീതിയിലാണ് ഇന്നു കീർത്തനം അവതരിപ്പിച്ചിരിക്കുന്നത്. ആരംഭം മുതലേ മറിയത്തിന്റെ കീർത്തനമായിരുന്നുവെങ്കിൽ എന്തുകൊണ്ട് ചില പുരാതന കയ്യെഴുത്തു പ്രതികൾ അതിനെ എലിസബത്തിന്റെ കീർത്തനമായി ചിത്രീകരിച്ചു എന്ന് വിശദീകരിക്കുക എളുപ്പമല്ല. വന്ധ്യയും വൃദ്ധയുമായ എലിസബത്തിന്റെ അധരങ്ങളിൽ ഹന്നായുടേതിനു സമാനമായ (1 സാമു 2,1-10) ഈ കീർത്തനം കൂടുതൽ അർത്ഥവത്തായി കരുതപ്പെടാം. ലൂക്കാ 1,55 ൽ മറിയം എന്ന പേര് വീണ്ടും എടുത്തു പറയുന്നതും കീർത്തനം എലിസബത്തിന്റേതായിരുന്നു എന്നതിനു തെളിവായി എടുത്തു കാട്ടാറുണ്ട്. എന്നാലും ഇത് ചില വ്യാഖ്യാതാക്കളുടെ അടിസ്ഥാന രഹിതമായ അഭ്യൂഹമായിട്ടാണ് ഭൂരിഭാഗം പണ്ഡിതരും വിലയിരുത്തുന്നത്. തന്നെയുമല്ല, ഈ കീർത്തനം പഴയനിയമത്തിലെ പല കീർത്തനങ്ങളുടെയും ആശയങ്ങളും വാക്കുകളും സംഗ്രഹിച്ച് ആദിമ ക്രൈസ്തവ സമൂഹം നിർമ്മിച്ച ഒരു ആരാധനാ കീർത്തനമാണെന്ന അഭിപ്രായവും നിലവിലുണ്ട്. അന്തിമതീരുമാനം എന്തായാലും എലിസബത്തിന്റെ മനോഭാവവും വിശ്വാസാനുഭവവും പ്രകടമാക്കാൻ പര്യാപ്തമാണ് "*മാഗ്നിഫിക്കാത്ത്*" എന്ന പേരിൽ അറിയപ്പെടുന്ന സ്തോത്രഗീതം (ലൂക്കാ 1,46-55).

മകന്റെ നാമകരണവുമായി ബന്ധപ്പെട്ടാണ് എലിസബത്ത് സുവിശേഷത്തിൽ അവസാനമായി പ്രത്യക്ഷപ്പെടുന്നത് (ലൂക്കാ 1,57-66). ദൈവിക പരിപാലനയുടെ പ്രത്യക്ഷ അടയാളമായി ജനിച്ച ശിശുവിന് പിതാവിന്റെ പേരു തന്നെ നല്കാൻ ബന്ധുക്കൾ ഒരുങ്ങിയപ്പോൾ, പതിവിനു വിരുദ്ധമായി "യോഹന്നാൻ" എന്ന പേരു നല്കണമെന്ന് അമ്മയാണ് പറഞ്ഞത്. പിതാവാണ് സാധാരണ ശിശുവിനു പേരിടുക. എന്നാൽ ഇവിടെ സഖറിയാ തന്റെ അവിശ്വാസം മൂലം മൂകനായി നില്ക്കുന്നു. പിതാവിന്റെ അവകാശം മാതാവിലേക്കു മാറ്റപ്പെട്ടതുപോലെ തോന്നും. ദൈവദൂതദർശനവും സന്ദേശവും ഭർത്താവിൽ നിന്നു ഗ്രഹിച്ചതിനാലാവാം എലിസബത്ത് ഇപ്രകാരം ഒരു തീരുമാനമെടുത്തത്. എന്നാൽ സുവിശേഷകൻ അതു പറയുന്നില്ല. വിവരണത്തിലുടനീളം അവിശ്വാസിയായ പുരോഹിത ഭർത്താവിനെക്കാൾ വിശ്വാസവും വിനയവും

നിറഞ്ഞു നില്ക്കുന്ന ഭാര്യയ്ക്കാണ് സുവിശേഷകൻ കൂടുതൽ പ്രാധന്യം നല്കുന്നത്. ഭാര്യയുടെ വാക്കുകളെ സ്ഥിരീകരിക്കുക മാത്രമേ സഖറിയാ ചെയ്യുന്നുള്ളൂ. അതോടെ അയാളുടെ നാവിന്റെ കെട്ടുകൾ അഴിഞ്ഞു; അധരങ്ങളിൽ നിന്ന് ദൈവസ്തുതികൾ ഉതിർന്നു.

ഭർത്താവിന്റെ ബലഹീനതകളിലും സംശയങ്ങളിലും കൂടെ നിന്ന് ശക്തിയും ധൈര്യവും പകരുന്ന ഉത്തമയായ ഭാര്യയാണ് എലിസബത്ത്. ഗർഭസ്ഥശിശുവിന്റെ ചലനങ്ങളിൽ ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾ ശ്രവിക്കാൻ ഹൃദയമൊരുക്കി കാത്തിരിക്കുന്ന മാതാവാണവൾ. തന്നെ സന്ദർശിക്കാൻ വന്ന ബന്ധുവിന്റെ ഉൽക്കണ്ഠകളും ഭയങ്ങളും അകറ്റി സംരക്ഷണം നല്കുന്ന ഉത്തമ സുഹൃത്തും ഇളയമ്മയുമാണ് എലിസബത്ത്. മറിയം എലിസബത്തിനു ശുശ്രൂഷ ചെയ്തു എന്നതിനേക്കാൾ തന്റെ ഇളയമ്മയിൽ സുരക്ഷിതത്വവും ഗർഭത്തിന്റെ ആദ്യമാസങ്ങളിൽ ശരീരത്തിനും മനസ്സിനും ആവശ്യമായ സംരക്ഷണവും കണ്ടെത്തി എന്നു പറയുന്നതല്ലേ കൂടുതൽ ശരി?

രക്ഷകന്റെ മുന്നോടിയാകാൻ വിളിക്കപ്പെട്ട സ്നാപകൻ വളർന്നത് എലിസബത്തിന്റെ സംരക്ഷണയിലാണ്; അഭ്യസിച്ചത് അവളുടെ പാഠശാലയിലാണ്. അവളുടെ ഉദരത്തിൽ വച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി. മുലപ്പാലിനോടൊപ്പം അടിപതറാത്ത വിശ്വാസവും ഒരിക്കലും അസ്തമിക്കാത്ത പ്രത്യാശയും ദൈവപരിപാലനയിലുള്ള ആശ്രയബോധവും അവൻ അമ്മയിൽനിന്ന് സ്വാംശീകരിച്ചു. "ശിശു വളർന്നു, ആത്മാവിൽ ശക്തിപ്പെട്ടു. ഇസ്രായേലിനു വെളിപ്പെടുന്നതുവരെ അവൻ മരുഭൂമിയിലായിരുന്നു" (ലൂക്കാ 1,80). ലോകം കണ്ട ഏറ്റം വലിയ പ്രവാചകൻ എന്ന് യേശു തന്നെ വിശേഷിപ്പിച്ച (ലൂക്കാ 7,26; 28) തന്റെ മകൻ താപസജീവിതത്തിനായി മരുഭൂമിയിലേക്കു പോകുന്നതിന് അമ്മ തടസ്സം നിന്നില്ല. യോഹന്നാന്റെ ജനനത്തോടെ എലിസബത്ത് രംഗത്തുനിന്ന് അപ്രത്യക്ഷമാകുന്നു, യേശുവിനെ ജനമധ്യത്തിൽ അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ സ്നാപകൻ നിഷ്ക്രമിച്ചതുപോലെ. ഏല്പിക്കപ്പെട്ട ദൗത്യം പൂർണ്ണ വിശ്വസ്തതയോടെ നിർവ്വഹിച്ചതിനുശേഷം അരങ്ങുവിടുന്ന എലിസബത്ത് എന്നും ഒരു വലിയ മാതൃകയാണ്.



2

# വൃദ്ധയായ സാക്ഷി

## അന്നാ

കൊള്ളിയാൻപോലെ മിന്നിമറയുന്ന ഒരു കഥാപാത്രമാണ് അന്നാ. ബാല്യകാലസുവിശേഷത്തിൽ മൂന്നു വാക്യങ്ങൾ അവളെക്കുറിച്ച് പ്രതിപാദിക്കാനായി ലൂക്കാ മാറ്റിവച്ചിരിക്കുന്നു (ലൂക്കാ 2,36-38). ശിമയോന്റെ സുദീർഘമായ സ്തുതിയുടെയും പ്രവചനത്തിന്റെയും ഒരനുബന്ധംപോലെയാണ് അന്നായെ അവതരിപ്പിച്ചിരിക്കുന്നത്. "ശിശുവിനെക്കുറിച്ച് സംസാരിച്ചു" എന്നല്ലാതെ അന്നാ എന്തു പറഞ്ഞു എന്ന് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല. അന്നായുടെതായ ഒറ്റവാക്കുപോലും കേൾക്കുന്നില്ലെങ്കിലും ഒളിമങ്ങാതെ അനുവാചകമനസ്സിൽ എന്നും തെളിഞ്ഞു നില്ക്കുന്ന ഒരു തൂലികാ ചിത്രമാണ് ലൂക്കാ വരച്ചു വച്ചിരിക്കുന്നത്.

അന്നായെക്കുറിച്ച് പലകാര്യങ്ങൾ സുവിശേഷകൻ രേഖ പ്പെടുത്തിയിട്ടുണ്ട്. അവളുടേതടക്കം മൂന്നുപേരുകൾ ആദ്യമേ ശ്രദ്ധ യിൽപ്പെടുന്നു. "കൃപ" എന്നർത്ഥമുള്ള "ഹന്നാ" എന്ന ഹീബ്രു നാമമാണ് അന്നാ എന്നു ഗ്രീക്കിലേക്ക് പകർത്തിയിരിക്കുന്നത്. ദൈവകൃപയുടെ അടയാളവും വക്താവുമാണവൾ. ഫനുവേലിന്റെ പുത്രി എന്നതാണ് അവളുടെ ആദ്യത്തെ വിശേഷണം. "ദൈവ ത്തിന്റെ മുഖം" എന്നർത്ഥമുള്ള "പെനുവേൽ", എന്നും "പെനി യേൽ" എന്നും പറയുന്ന പേരിൽ നിന്നാണ് ഫനുവേലിന്റെ ഉത്ഭ വം. യാബോക്ക് നദീതീരത്തുവച്ച് രാത്രിയിൽ മല്ലടിക്കുകയും പ്രഭാ തമായപ്പോൾ അനുഗ്രഹിച്ചു പിരിയുകയും ചെയ്ത ദൈവത്തെ മുഖാഭിമുഖം കണ്ടതിന്റെ ഓർമ്മ (ഉൽപ്പ 32,22-32) നിലനിർത്തു ന്നതാണ് ഈ പേര്. ദൈവം അയച്ചിരിക്കുന്ന രക്ഷകനെ കാണാനും തിരിച്ചറിയാനും കഴിഞ്ഞവൾക്ക് ഈ പേരുമായുള്ള ബന്ധം ആക സ്മികമായിരിക്കുകയില്ല.

ആഷേർ ഗോത്രജയാണ് അന്നാ. യാക്കോബിന്റെ എട്ടാ മത്തെ പുത്രന് ലെയാ നല്കിയ പേരാണ് "ആഷേർ." "സ്ത്രീകൾ എന്നെ ഭാഗ്യവതി എന്നു വിളിക്കും. അതുകൊണ്ട് അവൾ അവന് ആഷേർ എന്നു പേരിട്ടു" (ഉൽപ്പ 30,13). എലിസബത്തിന്റെയും മറിയത്തിന്റെയും സ്തോത്രഗീതത്തിൽ ഈ ഗാനശകലം ഉൾക്കൊ ള്ളിച്ചിരിക്കുന്നതും ശ്രദ്ധേയമത്രേ (ലൂക്ക 1,42-48). "സന്തോഷം" എന്നും ''രക്ഷകനെ വഹിക്കുന്നവൻ'' എന്നും ഈ പേര് വിവർത്തനം ചെയ്യാം. അങ്ങനെ അന്നാ, ഫനുവേൽ, ആഷേർ എന്നീ മൂന്നുപേരുകളും സന്ദേശപ്രധാനമാണ്. അന്നായുടെ വ്യക്തി ത്വവും ഇവിടെ വിവരിക്കുന്ന സംഭവത്തിലൂടെ നല്കാൻ ഉദ്ദേശി ക്കുന്ന സന്ദേശവും പേരുകൾ തന്നെ സൂചിപ്പിക്കുന്നു.

അന്നാ പ്രവാചികയായിരുന്നു എന്നതാണ് അടുത്ത വിശേ ഷണം. ദൈവവചനം വിശ്വസ്തതയോടെ പ്രഘോഷിക്കുന്നവരാണ് പ്രവാചകർ. ബൈബിളിൽ ധാരാളം പ്രവാചകന്മാരെക്കുറിച്ച് പ്രതി പാദിക്കുന്നുണ്ടെങ്കിലും പ്രവാചികമാർ അധികമില്ല. മിരിയാം, ദെബോറാ, ഹൂൽദാ (2 രാജാ 22,14) തുടങ്ങിയ പ്രവാചികമാരുടെ ഗണത്തിലാണ് അന്നായുടെ സ്ഥാനം. സാധാരണക്കാർക്കു കാണാനും കേൾക്കാനും കഴിയാത്തവിധം നിഗൂഢമായിരിക്കുന്ന ദൈവികസാന്നിധ്യവും ദൈവിക പദ്ധതിയും തിരിച്ചറിയുകയും പ്രഘോഷിക്കുകയും ചെയ്യുന്നവരാണ് പ്രവാചകർ. അന്നാ ഇപ്ര

കാരം ഒരു പ്രവാചികയായിരുന്നു. ദരിദ്ര ദമ്പതികൾ കാഴ്ചവയ്ക്കാൻ കൊണ്ടുവന്ന ശിശുവിൽ ദൈവം അയച്ച രക്ഷകനെ കാണാൻ അവൾക്കു കഴിഞ്ഞു.

വൃദ്ധയും വിധവയുമായിരുന്നു അന്നാ. അവളുടെ പ്രായത്തെക്കുറിച്ച് തർക്കമുണ്ട്. വിവാഹിതയായി ഏഴുവർഷം അവൾ ഭർത്താവിനോടൊത്തു ജീവിച്ചു. പിന്നീട് വിധവയായി. 84 വർഷം എന്നത് അവളുടെ പ്രായമോ അതോ വൈധവ്യത്തിന്റെ കാലമോ എന്ന് തീരുമാനിക്കുക എളുപ്പമല്ല. ഗ്രീക്കു മൂലത്തിന് രണ്ടു സാധ്യതകളുണ്ട്. സാധാരണ 14-ാം വയസ്സിലായിരുന്നു പെൺകുട്ടികൾ വിവാഹിതരാവുക. ഏഴുവർഷത്തെ വിവാഹജീവിതവും 84 വർഷത്തെ വൈധവ്യവും കൂടെ കണക്കിലെടുത്താൽ അവൾക്ക് 105 വയസ്സ് പ്രായമായിരുന്നു എന്നു കാണാം. വൈവാഹികജീവിതത്തിന്റെ പന്ത്രണ്ടിരട്ടി വൈധവ്യം എന്ന ഒരു കണക്കുമുണ്ടിവിടെ. അതിനും പുറമെ 105 വയസ്സ് യൂദിത്തിന്റെ പ്രായമാണ് (യൂദി 16,23). യൂദിത്തുമായി വേറെയുമുണ്ട് അന്നായ്ക്കു സാമ്യം. ഏഴിന്റെയും പന്ത്രണ്ടിന്റെയും ഗുണിതങ്ങൾ പ്രായത്തെ സംബന്ധിച്ച പ്രതീകാത്മകമായ അർത്ഥസൂചനയും ഉൾക്കൊള്ളുന്നു. ഏതായാലും ദീർഘകാലം ജീവിച്ച ഒരു വ്യക്തിയാണ് കഥാപാത്രം. ആ ജീവിതത്തിലധികം പങ്കും വിധവയുടേതായിരുന്നു.

മാതൃകാപരമായ ഒരു ജീവിതമായിരുന്നു അന്നായുടേത്. നാലുകാര്യങ്ങളാണ് സുവിശേഷകൻ അവളുടെ ജീവിതത്തിൽനിന്ന് എടുത്തുകാട്ടുന്നത്. ഉപവാസമാണ് ആദ്യത്തേത്. ഭക്ഷണക്രമീകരണം മാത്രമല്ല, ഉപവാസം കൊണ്ട് അർത്ഥമാക്കുന്നത്. ദൈവത്തിന്റെ അടുത്തിരിക്കുന്നതാണ് ഉപവാസം. അതിന്റെ ഭാഗമാണ് ഭക്ഷണം ത്യജിക്കൽ. ആഴ്ചയിൽ രണ്ടു ദിവസം ഉപവസിക്കുന്നത് തന്റെ മേന്മയായി ഫരിസേയൻ എടുത്തുകാട്ടുന്നു. പാപപരിഹാരത്തിനും ദൈവകൃപ ലഭിക്കുന്നതിനും ആവശ്യമായ ഒരു മാർഗ്ഗമാണ് ഉപവാസം (ഏശ 58,3-6; ജോയൽ 1,14; 2,15; യോനാ 3,5).

ഉപവാസം മാത്രമല്ല, പ്രാർത്ഥനയും അന്നായുടെ ജീവിതത്തിന്റെ സവിശേഷതയായിരുന്നു. വ്യക്തിപരമായ പ്രാർത്ഥനയാണ് ഇവിടെ വിവക്ഷിക്കുന്നത്. ദൈവത്തിന്റെ മുമ്പിൽ ഹൃദയം തുറന്നു വയ്ക്കുന്നതാണ് പ്രാർത്ഥന. അതു സ്തുതിപ്പോ, കൃതജ്ഞതയോ യാചനയോ ഒക്കെയാകാം. നിശ്ശബ്ദം ദൈവഹിതത്തിനു കാതോർത്തിരിക്കുന്നതുമാകാം.

“ദൈവത്തെ സ്തുതിച്ചുകൊണ്ട്” എന്നു പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്യുന്ന “*ലാത്രെവുഓ*” (latreuo) എന്ന ഗ്രീക്കു ക്രിയാപദത്തിന് “ശുശ്രൂഷിക്കുക” എന്നാണർത്ഥം. ദൈവ ശുശ്രൂഷ എന്നു വ്യംഗ്യം. പരസ്യവും ഔദ്യോഗികവുമായ ആരാധനയെ സൂചിപ്പിക്കാനാണ് ഈ പദം സാധാരണ ഉപയോഗിക്കുക. സമൂഹം ഒരുമിച്ച് ദൈവത്തെ സ്തുതിക്കുന്നതും ദൈവത്തിന് ആരാധനയർപ്പിക്കുന്നതുമാണ് വിവക്ഷ. വ്യക്തിപരമായ പ്രാർത്ഥന മാത്രമല്ല, സമൂഹത്തോടു ചേർന്നുള്ള പ്രാർത്ഥനയിലും അന്നാ പങ്കെടുത്തിരുന്നു.

ദേവാലയത്തിൽ സമയം ചിലവഴിച്ചിരുന്നതാണ് നാലാമത്തെ സവിശേഷത. “ദേവാലയം വിട്ടുപോകാതെ” “രാപകൽ” എന്നീ പ്രയോഗങ്ങൾക്ക് പ്രതീകാത്മകമായ അർത്ഥമുണ്ട്. അവൾ എല്ലാദിവസവും ദേവാലയത്തിൽ വന്നിരുന്നെന്നും ഔദ്യോഗികമായ എല്ലാ പ്രാർത്ഥനകളിലും പങ്കെടുത്തിരുന്നു എന്നുമാണ് ഇതുകൊണ്ട് സുവിശേഷകൻ ഉദ്ദേശിക്കുന്നത്. ചുരുക്കത്തിൽ, ദൈവത്തിനുവേണ്ടി പൂർണ്ണമായി മാറ്റി വയ്ക്കപ്പെട്ട ഒരു ജീവിതമായിരുന്നു അന്നായുടേത്. ചെറുപ്പത്തിലേ ഭർത്താവു നഷ്ടപ്പെട്ടതിൽ അവൾക്കു ദുഃഖമോ പരാതിയോ ഇല്ല, ദൈവഹിതത്തിനു പൂർണ്ണമായി വഴങ്ങി, ശിഷ്ടജീവിതം മുഴുവൻ ദൈവിക കാര്യങ്ങളിൽ വ്യാപൃതയായി, വാർദ്ധക്യത്തിലെത്തിയ ഒരു മാതൃകാവ്യക്തിയാണ് അന്നാ. മാത്രമല്ല, അവളുടെ ജീവിതം മുഴുവൻ ദൈവികസാന്നിധ്യത്തിലാണ് ചിലവഴിച്ചിരുന്നത്. ദേവാലയം എന്നത് കെട്ടിടങ്ങളുടെ സമുച്ചയം മാത്രമല്ല; ദൈവിക സാന്നിദ്ധ്യമാണ് പ്രധാനം.

വൃദ്ധനായ ശിമയോനു പിന്നാലെ വൃദ്ധയായ അന്നായും വന്ന് ശിശുവിനെക്കുറിച്ചു സംസാരിക്കുന്നത് വിശ്വസനീയത വർദ്ധിപ്പിക്കുന്നു. ഏതുകാര്യവും ചുരുങ്ങിയത് രണ്ടുപേരുടെയെങ്കിലും സാക്ഷ്യത്താൽ സ്ഥിരീകരിക്കപ്പെടണം എന്നൊരു നിയമമുണ്ട് (നിയ 19,15; മത്താ 18,16; 1 തിമോ 5,19). പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കു തുല്യത നല്കുക എന്നത് ലൂക്കായുടെ ഒരു സവിശേഷതയാണ്. ദൈവസ്തുതിയുടെ അകമ്പടിയോടെ അവൾ എന്താണ് സംസാരിച്ചത് എന്നു സുവിശേഷകൻ പറയുന്നില്ല. സംസാരിച്ചു എന്നതാണ് പ്രധാനം. പ്രവാചകത്വം ഉൾക്കൊള്ളുന്ന ഒരു സാക്ഷ്യമായിരുന്നു അത്.

ആരോടാണ് അന്നാ സംസാരിച്ചത് എന്ന കാര്യത്തിലും അവ്യക്തത നിലനില്ക്കുന്നു. "ജറുസലേമിൽ രക്ഷ പ്രതീക്ഷിച്ചുകൊണ്ടിരുന്ന എല്ലാവരോടും" എന്നാണ് പി.ഒ.സി. വിവർത്തനം. ഇതൊരു സാധ്യതയാണ്. അപ്പോൾ ജറുസലെം നിവാസികളിൽ ഒതുങ്ങുന്നു കേൾവിക്കാർ. എന്നാൽ ഗ്രീക്കുമൂലത്തിന്റെ ആധികാരികമായ പുരാതന കയ്യെഴുത്തു പ്രതികളിൽ അധികവും "ജറുസലെമിന്റെ രക്ഷ പ്രതീക്ഷിച്ചുകൊണ്ടിരുന്ന സകലരോടും" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന് കൂടുതൽ വിശാലമായ അർത്ഥമുണ്ട്.

ജറുസലേമിന്റെ രക്ഷ എന്നത് പ്രതീകാത്മകമായ ഒരു പ്രയോഗമാണ്. ജറുസലെം ഇസ്രായേൽ ജനത്തിന്റെ പ്രതീകമായി നില്ക്കുന്നതിനാൽ ദൈവം ഇസ്രായേൽ ജനത്തിനു വാഗ്ദാനം നല്കിയ രക്ഷ, അഥവാ രക്ഷകൻ എന്ന അർത്ഥമാണ് ഈ പ്രയോഗത്തിലുള്ളത് (ഏശ 40,2; 50,9; 52,12; സഖ 8,1-8; 9,9). മിശിഹായിലൂടെ ലഭിക്കുന്ന രക്ഷയെക്കുറിച്ച് പ്രതീക്ഷ വച്ചു പുലർത്തിയിരുന്നവരോടെല്ലാം അന്നാ പറയുന്നത് ഒരേ ഒരു കാര്യമാണ്: ഈ ശിശുവിൽ അവരുടെ പ്രതീക്ഷകൾ പൂർത്തിയായിരിക്കുന്നു.

തികച്ചും അപ്രതീക്ഷിതമായ സാഹചര്യത്തിൽ പ്രത്യക്ഷപ്പെട്ട രക്ഷകനെ തിരിച്ചറിയാനും അവനു സാക്ഷിയാകാനും അന്നായ്ക്കു കഴിഞ്ഞു. ജീവിതത്തിലുണ്ടാകുന്ന നഷ്ടങ്ങളിൽ കണ്ണുനട്ട്, നിരാശയും പരാതികളുമായി ആയുസ് പാഴാക്കാതെ, ഉപവാസവും പ്രാർത്ഥനയും വഴി ദൈവികസാന്നിധ്യം തേടുന്നവരുടെ കണ്ണുതെളിയും, അവർ രക്ഷകനെ കാണും; തങ്ങൾക്കു സംഭവിക്കുന്നതൊന്നും ശിക്ഷയോ നഷ്ടമോ അല്ല, ദൈവദർശനത്തിനുള്ള ഒരുക്കലാണെന്നു ഗ്രഹിക്കുകയും ചെയ്യും.

ചെറുപ്പത്തിലേ ഭർത്താവു നഷ്ടപ്പെട്ട അന്നാ വീണ്ടും ഒരു വിവാഹത്തിനു മുതിർന്നില്ല. ആയുഷ്ക്കാലം മുഴുവൻ ദൈവശുശ്രൂഷയ്ക്കായി മാറ്റിവച്ചു, ഹോളോഫർണസിന്റെ സൈന്യത്തിൽനിന്ന് ഇസ്രായേലിനെ രക്ഷിച്ച യൂദിത്തിനെപ്പോലെ. യൂദിത്തിന്റെ ജീവതശൈലിയായിരുന്നു അന്നായുടേതും. കർത്തൃശുശ്രൂഷയ്ക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച അവൾ എല്ലാ വിധവകൾക്കും സുവിശേഷപ്രഘോഷകർക്കും അനുകരണീയമായൊരു മാതൃകയായി നിലകൊള്ളുന്നു.



3

# സൗഖ്യം ശുശ്രൂഷയ്ക്ക്

## പത്രോസിന്റെ അമ്മായിയമ്മ

കർത്താവിന്റെ കരസ്പർശം വഴി രോഗശാന്തിയും സൗഖ്യവും കിട്ടാൻ ഭാഗ്യം ലഭിച്ച ആദ്യവ്യക്തിയാണ് ശിമയോൻ പത്രോസിന്റെ അമ്മായിയമ്മ. സമാന്തരസുവിശേഷങ്ങൾ മൂന്നും അവളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട് (മത്താ 8,14-15; മർക്കോ 1,29 -31; ലൂക്കാ 4,38-39). അവൾക്കു പേരില്ല, പ്രായം എത്രയായി എന്നറിയില്ല, അവളുടേതായ ഒരു വാക്കുപോലും സുവിശേഷക ന്മാർ രേഖപ്പെടുത്തിയിട്ടുമില്ല. എങ്കിലും സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ നല്കുന്നതാണ് അവളെക്കുറിച്ചുള്ള വിവരണം.

ഒരു സാബത്തുദിവസമാണ് അവൾക്കു രോഗശാന്തി ലഭി ക്കുന്നത്. കഫർണാമിലെ സിനഗോഗിൽവച്ച് പിശാചു ബാധിതനെ

സുഖപ്പെടുത്തുകയും യേശുവിന്റെ വചനത്തിലൂടെ പ്രകടമായ ദൈവിക ശക്തിയെക്കുറിച്ച് ജനമെല്ലാം അത്ഭുതസ്തബ്ധരാകുകയും ചെയ്തതിന്റെ തൊട്ടു പിന്നാലെയാണ് ശിമയോന്റെ വീട്ടിൽവച്ച് നടക്കുന്ന ഈ രോഗശാന്തി. സാബത്തു ദിവസം രാവിലെ എല്ലാ യഹൂദരും സിനഗോഗിലെ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കും. അതിനുശേഷം ഉച്ചഭക്ഷണം ഒരു വിരുന്നായി ആഘോഷിക്കും. സാബത്തിലെ വിരുന്ന് ദൈവരാജ്യത്തിൽ പങ്കുചേരുന്നതിന്റെ ഒരു മുന്നാസ്വാദനമായി പരിഗണിക്കപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം സിനഗോഗിലെ ശുശ്രൂഷകൾക്കു ശേഷം ശിമയോന്റെ വീട്ടിലേക്ക് യേശു വരുന്നതിനെ മനസ്സിലാക്കാൻ.

ശിമയോന്റെയും അന്ത്രയോസിന്റെയും ഭവനം എന്നാണ് മർക്കോസ് വീടിനെ വിശേഷിപ്പിക്കുന്നത്. സഹപ്രവർത്തകരായ യാക്കോബും യോഹന്നാനും കൂടെ ഉണ്ടായിരുന്നു എന്ന് സുവിശേഷകൻ എടുത്തു പറയുന്നു. പിന്നീടുള്ള ഗലീലിയിലെ പ്രവർത്തനങ്ങൾക്ക് ഒരു താവളമായി യേശു തിരഞ്ഞെടുത്തത് ഈ വീടായിരുന്നു. നസ്രത്തുവിട്ട് കഫർണാമിൽ പ്രവർത്തനം കേന്ദ്രീകരിച്ചപ്പോൾ ഈ വീട് സുപ്രധാനമായ ഒരു കേന്ദ്രമായി മാറി. ശിമയോന്റെ അമ്മായിയമ്മ ഈ വീട്ടിലാണ് വസിച്ചിരുന്നത്.


"ശിമയോന്റെ അമ്മായിയമ്മ പനിപിടിച്ചു കിടപ്പായിരുന്നു" (മർക്കോ 1,30). ഇങ്ങനെയാണ് സുവിശേഷകൻ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. അവളെ ബാധിച്ചിരുന്ന പനിയെക്കുറിച്ച് അനേകം അഭിപ്രായങ്ങൾ നിലവിലുണ്ട്. അറിയപ്പെടുന്ന എല്ലാ പനികളും ആരോപിക്കാറുമുണ്ട്. മലേറിയ ആയിരുന്നു എന്ന അഭിപ്രായത്തിനാണ് മുൻതൂക്കം. ഗലീലിതടാകതീരത്തുള്ള ചതുപ്പുനിലങ്ങളിൽ കൊതുക് പെരുകുകയും അവ മലേറിയ പരത്തുകയും ചെയ്തിരുന്നതായി കരുതപ്പെടുന്നു. മാരകമായ രോഗമായിരുന്നു ഈ പനി. ഇതേ രോഗം ബാധിച്ച് ആസന്നമരണനായ ഒരു വ്യക്തിയെ യേശു അകലെനിന്ന് വാക്കുകൊണ്ടു സുഖപ്പെടുത്തിയതായി സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 4,47-53; ലൂക്കാ 7,1-10). അതും കഫർണാമിൽത്തന്നെ ആയിരുന്നു.

ആസന്നമരണയായ സ്ത്രീയെക്കുറിച്ച് വീട്ടുകാരും നാട്ടുകാരും യേശുവിനോടു പറഞ്ഞു. മധ്യസ്ഥപ്രാർത്ഥനയുടെ

പ്രാധാന്യം എടുത്തുകാട്ടുന്നതാണ് ഈ പരാമർശം. ദൈവം എല്ലാവരുടെയും പിതാവാണ്; എല്ലാവരുടെ കാര്യത്തിലും വ്യക്തിപരമായ താല്പര്യമുണ്ട്. എന്നാലും ആവശ്യം അനുഭവിക്കുന്നവർക്കു വേണ്ടി ദൈവതിരുമുമ്പിൽ മാധ്യസ്ഥ്യം വഹിക്കുക നല്ലതെന്നു മാത്രമല്ല, ആവശ്യവുമാണ്. പ്രാർത്ഥിക്കുന്നവർ ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസവും ദൈവം തങ്ങളുടെ പ്രാർത്ഥന കേൾക്കും എന്നുള്ള ഉറപ്പും ഏറ്റു പറയുന്നു. യേശു നല്കിയ പല രോഗശാന്തികൾക്കും പിന്നിൽ ഇപ്രകാരമുള്ള വിശ്വാസം പ്രേരകശക്തിയായിരുന്നു.

സൗഖ്യം നല്കിയതിനെക്കുറിച്ചുള്ള വിവരണത്തിൽ സുവിശേഷങ്ങൾ തമ്മിൽ ചെറിയ വ്യത്യാസങ്ങൾ കാണാം. "അവളുടെ അടുത്തുചെന്ന് അവളെ കൈയ്ക്കുപിടിച്ച് എഴുന്നേല്പിച്ചു" എന്നാണ് മർക്കോസ് എഴുതുന്നത്. "അവളുടെ കൈയിൽ സ്പർശിച്ചു" എന്ന് മത്തായിയും "പനിയെ ശാസിച്ചു" എന്ന് ലൂക്കായും രേഖപ്പെടുത്തുന്നു. ഒറ്റവാക്കാൽ പിശാചിനെ ബഹിഷ്കരിച്ചവന്റെ കരസ്പർശം മാരകമായ രോഗത്തിൽ നിന്ന് മുക്തി നല്കുന്നു. യേശുവിലുള്ള ദൈവിക സാന്നിധ്യത്തിന്റെ വ്യക്തമായ തെളിവാണ് നിമിഷംകൊണ്ട് സംഭവിക്കുന്ന ഈ രോഗശാന്തി. യേശുവിൽനിന്ന് ശക്തിപ്രവഹിച്ച് രോഗിക്കു സൗഖ്യം നല്കുന്നതിന്റെ ആദ്യത്തെ ഉദാഹരണമാണിത്.

മനുഷ്യനെ ദുർബ്ബലനാക്കുകയും മരണത്തിലേക്കു നയിക്കുകയും ചെയ്യുന്ന രോഗങ്ങളെല്ലാം തിന്മയുടെ ശക്തിയായിട്ടാണ്



സുവിശേഷങ്ങൾ കാണുന്നത്. അതിനാലായിരിക്കും ലൂക്കാ ഈ രോഗശാന്തിയെ ഒരു പിശാചുബഹിഷ്കരണംപോലെ ചിത്രീകരിച്ചിരിക്കുന്നത്. മനുഷ്യന് സമഗ്രമായ മോചനം നല്കാൻവേണ്ടിയാണ് യേശു വന്നത്. ആ മോചനത്തിന്റെ മുൻപന്തിയിൽ നില്ക്കുന്നു രോഗശാന്തി. യേശു അവളെ എഴുന്നേല്പിച്ചു. പനി വിട്ടുമാറി. അത് ഒരു ഉയിർത്തെഴുന്നേല്പുപോലെ ആയിരുന്നു. "ഉടനെ അവൾ എഴുന്നേറ്റു" എന്നാണ് മത്തായിയും ലൂക്കായും രേഖപ്പെടുത്തിയിരിക്കുന്നത്.

എഴുന്നേറ്റത് സ്വന്തം കാര്യങ്ങൾ നോക്കാനല്ല, ശുശ്രൂഷിക്കാനാണ്. അവൾ അവരെ (അവനെ) ശുശ്രൂഷിച്ചു. വീട്ടിലേക്ക് വന്നിരിക്കുന്ന വിരുന്നകാരെയെല്ലാം ഉചിതമായ രീതിയിൽ സ്വീകരിച്ചു സല്ക്കരിക്കുന്നതിലായി അവളുടെ ശ്രദ്ധ. ദൈവത്തിൽ നിന്നു ലഭിക്കുന്ന ദാനങ്ങളെല്ലാം ശുശ്രൂഷയ്ക്കുവേണ്ടിയാണ്. അത് കർത്തൃശുശ്രൂഷയും സഹോദരശുശ്രൂഷയും ഉൾക്കൊള്ളുന്നു. സഹോദരങ്ങൾക്കു ചെയ്യുന്ന സേവനം കർത്താവിനു നല്കുന്ന ശുശ്രൂഷതന്നെ ആയതിനാലാവാം "അവരെ ശുശ്രൂഷിച്ചു" എന്ന് മർക്കോസും ലൂക്കായും എഴുതുമ്പോൾ "അവനെ ശുശ്രൂഷിച്ചു" എന്ന് മത്തായി രേഖപ്പെടുത്തുന്നത്. ദൈവം നല്കുന്ന ജീവന്റെയും സൗഖ്യത്തിന്റെയും ലക്ഷ്യം വ്യക്തമാക്കുന്നതാണ് ഈ വിവരണം.

കുടുംബങ്ങളും കുടുംബാംഗങ്ങളും തമ്മിൽ നിലനില്ക്കേണ്ട കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും ഉത്തമമാതൃകയാണ് രണ്ടേരണ്ടു വാക്യങ്ങളിൽ ഒതുക്കിയിരിക്കുന്ന ഈ രോഗശാന്തി വിവരണം. സായാഹ്നമായപ്പോൾ, അതായത് സാബത്തു കഴിഞ്ഞപ്പോൾ, പട്ടണം മുഴുവൻ പത്രോസിന്റെ വീട്ടുപടിയ്ക്കലെത്തി. സകലവിധ രോഗികളെയുംകൊണ്ട് വീടും പരിസരവും നിറഞ്ഞു. ഒരാൾക്കു ലഭിച്ച രോഗശാന്തിയും അയാളുടെ സേവനവും അനേകരെ യേശുവിലേക്ക് അടുപ്പിക്കാനും അനേകർക്കു രക്ഷ ലഭ്യമാക്കാനും കാരണമായി. അങ്ങനെ യേശു നല്കുന്ന സൗഖ്യത്തിന്റെയും രക്ഷയുടെയും വലിയൊരു സാക്ഷിയായി ശിമയോന്റെ അമ്മായിയമ്മ; അതോടൊപ്പം സൗഖ്യം ലഭിച്ചവർ അർപ്പിക്കേണ്ട ശുശ്രൂഷയുടെയും. രോഗിയായ അമ്മായിയമ്മയെ വീട്ടിൽത്തന്നെ ശുശ്രൂഷിക്കുകയും അവൾക്കുവേണ്ടി യേശുവിന്റെയടുക്കൽ മാധ്യസ്ഥ്യം വഹിക്കുകയും ചെയ്തവർ കുടുംബ ബന്ധങ്ങളുടെ ഉത്തമമാതൃകയായി നിലകൊള്ളുന്നു.



4

# യേശുവിന്റെ ആദ്യപ്രേഷിത

## സമറിയാക്കാരി

യോഹന്നാന്റെ സുവിശേഷം നാലാം അധ്യായത്തിൽ നിറഞ്ഞു നില്ക്കുന്ന വ്യക്തിയാണ് യാക്കോബിന്റെ കിണറ്റിൻകരയിൽവച്ച് യേശു കണ്ടുമുട്ടിയ സമറിയാക്കാരി. അവൾക്കു പേരില്ല. ജാതിപ്പേരിലറിയപ്പെടുന്ന അവളുടെ ഗതകാലചരിത്രവും വർത്തമാന കാലാവസ്ഥയും ഒട്ടും മാതൃകാപരമോ പ്രശംസാർഹമോ അല്ല. എന്നിട്ടും 42 വാക്യങ്ങൾ അവളുമായി ബന്ധപ്പെട്ടുള്ള വിവരണത്തിനായി യോഹന്നാൻ മാറ്റി വച്ചിരിക്കുന്നു! വ്യക്തികളെയും സംഭവങ്ങളെയും സംഭാഷണങ്ങളെയുമെല്ലാം വളരെ കണിശമായി അളന്നു തൂക്കിയവതരിപ്പിക്കുന്ന നാലാം സുവിശേഷകൻ ഇത്രയേറെ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്ന കഥാപാത്രത്തിന്

പ്രത്യേകതകളുണ്ടായിരിക്കും എന്ന് ന്യായമായും അനുമാനിക്കാം.

ഇവിടെ ഒരത്ഭുതവും രേഖപ്പെടുത്തിയിട്ടില്ല; ഒരടയാളവും നല്കുന്നതുമില്ല. ശ്രദ്ധമുഴുവൻ സംഭാഷണത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. സംഭാഷണത്തിലൂടെ ഇതൾ വിടർത്തുന്ന രണ്ടു വ്യക്തിത്വങ്ങൾ, യേശുവും സമറിയാക്കാരിയും തന്നെ ശ്രദ്ധാകേന്ദ്രം. നട്ടുച്ചയ്ക്ക്, വിശന്നും ദാഹിച്ചും ക്ഷീണിച്ച് കിണറ്റിൻ കരയിൽ ഇരിക്കുന്ന യേശു. ആഴമുള്ള കിണറ്റിൽ വെള്ളമുണ്ടെങ്കിലും അതു കോരിയെടുക്കാൻ കയറോ പാളയോ കൈവശമില്ലാത്ത, യഹൂദനായ ഒരു യാത്രക്കാരനാണ് യേശു. അതേസമയം വെള്ളം കോരി വീട്ടിലേക്കുകൊണ്ടുപോകാൻ ആവശ്യമായ കയർ, തോൽക്കുടം മൺകുടം മുതലായ സകല സജ്ജീകരണങ്ങളുമായി വരുന്ന സമറിയാക്കാരി. അവരുടെ കണ്ടുമുട്ടലും സംഭാഷണവും ഒരാത്മീയ യാത്രയായി മാറുന്നു. വഴിയാത്രക്കാരനായ യഹൂദൻ മിശിഹായായി സ്വയം വെളിപ്പെടുത്തുന്നു. വെള്ളം കോരാൻ കുടവുമായി വന്നവൾ കുടം ഉപേക്ഷിച്ച് പട്ടണത്തിലേക്കു മടങ്ങി, പട്ടണവാസികൾക്കിടയിൽ യേശുവിനെക്കുറിച്ച് സാക്ഷ്യം വഹിക്കുന്ന പ്രേഷിതയായി രൂപാന്തരപ്പെടുന്നു.

"അവന് സമറിയായിലൂടെ കടന്നുപോകേണ്ടിയിരുന്നു" എന്ന ആമുഖത്തോടെയാണ് സമറിയാക്കാരിയെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത്. യൂദയായിൽ നിന്ന് ഗലീലിയിലേക്കു പോകാൻ രണ്ടു വഴികളുണ്ടായിരുന്നു. ജോർദ്ദാൻ നദീതടത്തിലൂടെയുള്ള വഴിയാണ്, കൂടുതൽ ദീർഘമെങ്കിലും, യഹൂദർ അധികമായും ഉപയോഗിച്ചിരുന്നത്. എന്നാൽ സമറിയായിലൂടെയുള്ള വഴിയായിരുന്നു ദൂരം കുറഞ്ഞത്. പക്ഷേ സമറിയാക്കാരും യഹൂദരും തമ്മിൽ ശത്രുത നിലനിന്നതിനാൽ യഹൂദർ ഈ വഴി പോവുക സാധാരണമായിരുന്നില്ല.

"പോകേണ്ടിയിരുന്നു" എന്ന പ്രയോഗത്തിൽ അനിവാര്യതയുടെ സൂചനയുണ്ട്. വേറെ വഴിയില്ലാത്തതിനാലല്ല, അതിവേഗം ഗലീലിയിൽ എത്താൻ വേണ്ടി ഈ കുറുക്കുവഴിയെടുക്കേണ്ട എന്തെങ്കിലും ആവശ്യമുണ്ടെന്ന് സുവിശേഷകൻ പറയുന്നതുമില്ല. അപ്പോൾ ഈ അനിവാര്യതയുടെ പിന്നിൽ നില്ക്കുന്നത് ദൈവ നിശ്ചിതമായ ഒരു പദ്ധതിയാണ്. ദൈവിക നിർബന്ധം (divine imperative) എന്ന് ഇതിനെ വിശേഷിപ്പിക്കാം. "ഇന്ന് എനിക്കു

നിന്റെ വീട്ടിൽ താമസിക്കേണ്ടിയിരിക്കുന്നു" (ലൂക്കാ 19,5) എന്ന് സക്കേവൂസിനോടു പറഞ്ഞതുപോലെ.

വളരെ ശ്രദ്ധാപൂർവ്വമാണ് യോഹന്നാൻ വാക്കുകൾ തിരഞ്ഞെടുക്കുന്നത്. രംഗസജ്ജീകരണത്തിലും കഥാപാത്രങ്ങളുടെ അവതരണത്തിലും സംഭാഷണങ്ങളിലുമെല്ലാം ഈ ശ്രദ്ധ ദൃശ്യമാണ്. യേശുവിന്റെ കാലത്തെ പാലസ്തീനായുടെ മൂന്നു പ്രധാന പ്രവിശ്യകളാണ് യൂദയാ, സമറിയാ, ഗലീലി എന്നിവ. യൂദയായും സമറിയായും റോമൻ ഗവർണ്ണറുടെ ഭരണത്തിൻ കീഴിലും ഗലീലി ഹെറോദോസ് അന്തിപ്പാസിന്റെ ആധിപത്യത്തിലുമായിരുന്നു. സോളമന്റെ മരണത്തിനുശേഷം രാജ്യം രണ്ടായി വിഭജിക്കപ്പെട്ടപ്പോൾ വടക്കൻ രാജ്യമായി ഇസ്രായേലും തെക്കൻ രാജ്യമായി യൂദായും നിലവിൽ വന്നു. ഇസ്രായേലിന്റെ തലസ്ഥാനമായിരുന്നു സമറിയാ. ബി.സി. 721 ൽ അസ്സീറിയാക്കാർ വടക്കൻ രാജ്യം കീഴടക്കി, ഇസ്രായേൽക്കാരെ നാടുകടത്തി, മറ്റു ജനതകളെ അവിടെ കുടിയിരുത്തി. ഇസ്രായേൽക്കാരും വിജാതീയരും തമ്മിലുണ്ടായ മിശ്രവിവാഹത്തിൽ നിന്ന് ഒരു സങ്കരവർഗ്ഗം ഉടലെടുത്തു. അവർ സമറിയാക്കാർ എന്നറിയപ്പെട്ടു.

അബ്രാഹത്തിന്റെയും സാറായുടെയും രക്തം കലർപ്പില്ലാതെ തങ്ങളുടെ സിരകളിൽ ഒഴുകുന്നു എന്നവകാശപ്പെട്ട ശുദ്ധയഹൂദർക്ക് സമറിയാക്കാരോട് പുച്ഛമായിരുന്നു. ഇത് അവർ പല തരത്തിലും പ്രകടമാക്കിയിരുന്നു. ബാബിലോൺ പ്രവാസത്തിൽനിന്ന് മടങ്ങി വന്ന യഹൂദർ, നബുക്കദ്നേസർ ബി.സി. 587ൽ നശിപ്പിച്ച ജറുസലെം ദേവാലയം പുനർ നിർമ്മിക്കാൻ ശ്രമിച്ചപ്പോൾ സമറിയാക്കാരും അതിൽ പങ്കുചേരാൻ ആഗ്രഹിച്ചു. പക്ഷേ യഹൂദർ സമ്മതിച്ചില്ല. പിന്നീട് ഗരിസിം മലയിൽ സമറിയാക്കാർ നിർമ്മിച്ച ദേവാലയം മക്കബായ ഭരണകാലത്ത് ബി.സി. 129 ൽ ജോൺ ഹിർക്കാനൂസ് ആക്രമിച്ചു നശിപ്പിച്ചു. ഇങ്ങനെ ചരിത്രപരമായ പല കാരണങ്ങളാൽ യഹൂദരും സമറിയാക്കാരും തമ്മിൽ ശത്രുത വർദ്ധിച്ചുവന്നു.

ആളും ആയുധവും കുറവായിരുന്ന സമറിയാക്കാർ തങ്ങൾക്കുപറ്റുന്ന വിധത്തിൽ പ്രതികരിച്ചു. ഒരിക്കൽ പെസഹാ തിരുന്നാളിന്റെ അവസരത്തിൽ ചില സമറിയാക്കാർ ജറുസലെം ദേവാലയാങ്കണത്തിൽ മരിച്ചവരുടെ അസ്ഥിക്കഷണങ്ങൾ വിതറി

യത് വലിയ പ്രതിഷേധത്തിനും ശത്രുതയ്ക്കും വഴിയൊരുക്കി. ഇപ്രകാരമൊരു സാഹചര്യത്തിലാണ് യേശുവിന് സമറിയായിലൂടെ കടന്നുപോകാൻ പിതാവിന്റെ നിർദ്ദേശം ലഭിച്ചത്.

സിക്കാർ എന്ന പട്ടണം പഴയനിയമത്തിലെ ഷെക്കം ആണെന്ന് കരുതപ്പെടുന്നു. ആസക്തിയുടെയും വഞ്ചനയുടെയും പ്രതികാരത്തിന്റെയും കനലുകൾ ചാരം മൂടി കിടക്കുന്ന പട്ടണമാണ് ഷെക്കെം (ഉൽപ്പ 34). യാക്കോബിന്റെ വയലും കിണറും ദീനായുടെ മാനഹാനിയെയും ഷെക്കെമിനെതിരേ യാക്കോബിന്റെ മക്കൾ നടത്തിയ നരവേട്ടയെയും അനുസ്മരിപ്പിക്കുന്നതാണ്. യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരുടെ ഏകസഹോദരി മാനഭംഗത്തിനിരയായ സ്ഥലത്ത് ഇപ്പോൾ യാക്കോബിന്റെ മറ്റൊരു പുത്രൻ ഷെക്കെമിലെ ഒരു സ്ത്രീയെ കണ്ടുമുട്ടുന്നത് ചരിത്രം തിരുത്തിക്കുറിക്കുന്നതിന്റെ തുടക്കമാകുന്നു. യാക്കോബിന്റെ കിണർ പട്ടണത്തിനു വെളിയിൽ ഒരു നാല്ക്കവലയിലാണ്. ജറുസലേമിൽനിന്ന് വടക്കോട്ടും ജോർദ്ദാൻ താഴ്വരയിൽനിന്ന് പടിഞ്ഞാറോട്ടും പോകുന്നവഴികൾ അവിടെ സന്ധിക്കുന്നു. ഇന്ന് നാബ്ളൂസ് എന്ന പേരിൽ അറിയപ്പെടുന്ന പട്ടണത്തിൽനിന്ന് ഏകദേശം രണ്ടു കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഈ കിണർ അന്നത്തെ ഷെക്കെം പട്ടണത്തിൽ നിന്ന് ഏകദേശം 800 മീറ്റർ അകലെയായിരുന്നു. 75 അടി ആഴവും 8 അടി വ്യാസവുമുള്ള ഈ കിണറ്റിൽ ഇന്നും നല്ല തണുപ്പുള്ള വെള്ളമുണ്ട്. അത് കോരിക്കുടിക്കുകയും മുഖം കഴുകുകയും ചെയ്യുക തീർത്ഥാടകർക്കു പതിവാണ്.

ചരിത്രമുറങ്ങുന്ന കിണറ്റിന്റെ കരയിൽ തളർന്നിരിക്കുന്ന യേശുവിനെ അവതരിപ്പിച്ചതിനുശേഷം സുവിശേഷകൻ വെള്ളം കോരാൻ വരുന്ന സ്ത്രീയിലേക്കു ശ്രദ്ധ തിരിക്കുന്നു. "ആ സമയം" എന്നത് പി.ഒ.സി. വിവർത്തനത്തിന്റെ ഒരു വ്യാഖ്യാനമാണ്. "അപ്പോൾ ഏകദേശം ആറാം മണിക്കൂറായിരുന്നു" (യോഹ 4,6) എന്ന സമയസൂചനയ്ക്കു ശേഷമാണ് കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. പ്രത്യക്ഷത്തിൽ നട്ടുച്ച എന്നു മാത്രമേ ഈ സമയസൂചനയ്ക്ക് അർത്ഥമുള്ളൂ. ഏറ്റം കൂടുതൽ ചുടനുഭവപ്പെടുന്ന സമയമാണല്ലോ ഉച്ച. ക്ഷീണവും ദാഹവും സൂചിപ്പിക്കാനും ഇതു സഹായിക്കും. അധികമാരും വെയിലത്തിറങ്ങി നടക്കാത്ത ഉച്ചസമയത്ത് ഒരുവൾ വെള്ളം കോരാൻ വരുന്നതിന്റെ അസാധാരണത്വവും ഇവിടെ സൂചിപ്പിക്കുന്നുണ്ടാവാം.

അതോടൊപ്പം ആറാംമണിക്കൂറിനെക്കുറിച്ചുള്ള യോഹന്നാന്റെ തന്നെ മറ്റൊരു പരാമർശം ഇവിടെ ശ്രദ്ധേയമാകുന്നു. പീലാത്തോസ് യേശുവിനെ യഹൂദരുടെ രാജാവായി അവതരിപ്പിച്ചതും ജനം അവനെ തിരസ്ക്കരിച്ചതും ആറാം മണിക്കൂറിലായിരുന്നു (യോഹ 19,14). വെളിപാടിന്റെ സമയമാണ് ആറാം മണിക്കൂർ. അത് സ്വീകരണത്തിന്റേയോ തിരസ്ക്കരണത്തിന്റേയോ സമയമാകാം. ഗതിമാറ്റത്തിന്റെയും സമയമാണ് ആറാംമണിക്കൂർ. സൂര്യൻ ആകാശത്തിന്റെ ഉച്ചകോടിയിലേക്കുയർന്നതിനുശേഷം താഴേക്ക് ഇറക്കം ആരംഭിക്കുന്നു. ജീവിതത്തിലും ഒരു ഗതിമാറ്റത്തിനു തുടക്കം കുറിക്കുന്ന സമയമാണ് ആറാം മണിക്കൂർ, ഇവിടെ അവതരിപ്പിക്കുന്ന സമരിയാക്കാരിക്കെങ്കിലും.

പട്ടണത്തിൽനിന്ന് ഏകദേശം 800 മീറ്റർ അകലെയുള്ള കിണറ്റിൽനിന്ന് വെള്ളം കോരാൻ വരുന്നതുതന്നെ അസാധാരണമായി തോന്നാം. പട്ടണത്തിലുള്ള പൊതുകിണറ്റിൽനിന്ന് വെള്ളം കോരാൻ അവൾക്ക് അനുവാദം നിഷേധിക്കപ്പെട്ടിരുന്നു എന്നു കരുതുന്നവരുണ്ട്. ആരും കാണാതെ, ആരുമായും ബന്ധപ്പെടാതെ, വെള്ളം കോരി തന്റെ വസതിയിലേക്കു മടങ്ങാൻ വന്ന ഒരു ഏകാകിനിയാണവൾ. സമൂഹം ഭ്രഷ്ടുകല്പിച്ചവൾ. അവളുടെ ജാതിയും ജീവിതവും അതിനു കാരണമായിട്ടുണ്ട്. ഒളിച്ചുവയ്ക്കാനും മറക്കാനും ഏറെ കാര്യങ്ങൾ ഉണ്ടവൾക്ക്. അവളുടെ ഏകാന്തതയിലേക്ക് യേശു കടന്നുവന്നു. അത് ഒരു യാചനയോടെയാണ്. “എനിക്ക് കുടിക്കാൻ തരൂ!”

ഈ സംഭാഷണത്തിൽ ഏഴുതവണ യേശു സംസാരിക്കും. ആറുതവണ അവൾ മറുപടി പറയും. എനിക്കു കുടിക്കാൻ തരൂ എന്ന യാചനയോടെ ആരംഭിക്കുന്ന യേശുവിന്റെ സംഭാഷണം അവസാനിക്കുന്നത് “ഞാൻ ആകുന്നു” എന്ന വെളിപാടിലാണ്. സമറിയാക്കാരിയുടെ ഏഴാമത്തെ മറുപടി യേശുവിനോടല്ല, യേശുവിനെക്കുറിച്ചുള്ള ഒരു സാക്ഷ്യമാണ്. നട്ടുച്ചയ്ക്കു വെള്ളം കോരാൻ വന്നവൾ തന്റെ പട്ടണത്തിൽ ചെന്ന് യേശുവിന് സാക്ഷ്യം വഹിക്കുകയും പട്ടണവാസികളെ യേശുവിലേക്ക് ആകർഷിക്കുകയും ചെയ്യുന്ന യേശുവിന്റെ ആദ്യത്തെ പ്രേഷിതയായി മാറുന്നു.

പട്ടണവാസികൾക്കുമുന്നിൽ യേശുവിനെക്കുറിച്ച് സാക്ഷ്യപ്പെടുത്തി; അവരെ യേശുവിന്റെയടുക്കൽ എത്തിക്കുന്നതോടെ അവ

ളുടെ ദൗത്യം അവസാനിക്കുന്നു. തന്റെ ഭാഗം അഭിനയിച്ചുതീർത്ത കഥാപാത്രത്തെപ്പോലെ, അവൾ രംഗം വിടുന്നു, മിശിഹായെ പരിചയപ്പെടുത്തിയ സ്നാപകനെപ്പോലെ. പുറത്തിറങ്ങാൻ മടിച്ചവൾ, ജനസമ്പർക്കത്തെ ഭയന്നവൾ, എങ്ങനെ ഒരു ധീരപ്രേഷിതയായി മാറിയെന്ന് സുവിശേഷകൻ ശ്രദ്ധാപൂർവ്വം വരച്ചുകാട്ടുന്നു, നാടകീയമായി അവതരിപ്പിക്കുന്ന ചടുലമായ സംഭാഷണത്തിലൂടെ.

തികച്ചും സ്വാഭാവികമായിരുന്നു യേശുവിന്റെ ചോദ്യം. അത് ഒരു യാചനയായിരുന്നു: "എനിക്ക് കുടിക്കാൻ തരുക!" (യോഹ 4,7). നട്ടുച്ചയ്ക്ക്, ദാഹിച്ചു തളർന്ന്, ആഴമുള്ള കിണറ്റിൻകരയിൽ നിസ്സഹായനായി നില്ക്കുന്ന യാത്രക്കാരൻ. വേണ്ടത്ര സജ്ജീകരണങ്ങളുമായി വെള്ളം കോരാൻ വന്നവളോട് യേശു ചോദിച്ചത് തന്റെ ദാഹം ശമിപ്പിക്കാനുള്ള വെള്ളമാണ്. എന്നാൽ ഈ ചോദ്യത്തിനു പിന്നിൽ കൂടുതൽ ആഴമുള്ള ധ്വനികൾ ഒളിഞ്ഞു കിടപ്പുണ്ട്. ആറാംമണിക്കുറിനെക്കുറിച്ചുള്ള പരാമർശത്തിനുശേഷമാണ് കുടിക്കാൻ തരുക എന്ന യാചന രേഖപ്പെടുത്തിയിരിക്കുന്നത്.

യേശു തനിക്കുവേണ്ടി എന്തെങ്കിലും ചോദിക്കുന്ന ഈ വാക്യത്തിനു സമാനമായി മറ്റൊന്നുകൂടെയേ സുവിശേഷങ്ങളിലുള്ളൂ: "എനിക്കു ദാഹിക്കുന്നു" (യോഹ 19,28). തിരുവെഴുത്തു പൂർത്തിയാകാൻ വേണ്ടിയാണതു പറഞ്ഞത്. ഈ തിരുവചനത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ യാക്കോബിന്റെ കിണറ്റിൻകരയിലെ യേശുവിന്റെ ദാഹം വെറും കുടിനീരിനു വേണ്ടിയുള്ളതല്ല എന്നു കാണാം. കുടിയ്ക്കാനല്ല, കൊടുക്കാനാണ് ഈ ദാഹം.

ചോദ്യം അക്ഷരാർത്ഥത്തിൽ മനസ്സിലാക്കിയ സമറിയാക്കാരിയുടെ മറുപടിയും സ്വാഭാവികമാണ്. രണ്ടു ജനതകൾ തമ്മിൽ നൂറ്റാണ്ടുകളായി നിലനില്ക്കുന്ന ശത്രുതയുടെയും വിദ്വേഷത്തിന്റെയും എല്ലാം പ്രതിധ്വനി ആ വാക്കുകളിൽ മുഴങ്ങുന്നുണ്ട്. തന്റെ മുമ്പിൽ ദാഹിച്ചു നില്ക്കുന്ന ഒരു യാത്രക്കാരനെയല്ല, ശത്രുവർഗ്ഗത്തിന്റെ പ്രതിനിധിയെയാണ് അവൾ കാണുന്നത്. നീ യഹൂദൻ, ഞാൻ സമറായ; നമ്മൾ തമ്മിൽ എന്തു ബന്ധം? ഒരു ജനത നിരന്തരം അനുഭവിക്കേണ്ടിവന്ന അവഗണനയുടെയും അവഹേളനത്തിന്റെയും ഓർമ്മകൾ ചിറപൊട്ടി ഒഴുകുകയാണിവിടെ. മാത്രമല്ല, തന്റെ വ്യക്തിപരമായ ജീവിതത്തിൽ ഉറഞ്ഞുകൂടിയ ദുഃഖങ്ങളും

ഇവിടെ കരകവിഞ്ഞൊഴുകുന്നു, ഒരു വിലാപഗാനം പോലെ. കഴിഞ്ഞ കാലത്തിന്റെ കയ്പുനിറഞ്ഞ ഓർമ്മകളിൽ ഉടക്കിക്കിടക്കുകയാണവൾ, മുൾച്ചെടികൾക്കിടയിൽപ്പെട്ട കുഞ്ഞാടിനെപ്പോലെ. ജാതിയുടെയും വർഗ്ഗത്തിന്റെയും ലിംഗത്തിന്റെയും പേരിൽ ക്രൂരമായ വിവേചനത്തിനിരയായ അവൾ തന്റെ ഉള്ളു തുറക്കാൻ മടിച്ചില്ല.

കഴിഞ്ഞ കാലത്തിന്റെ ഓർമ്മകളിലും മുറിവുകളിലും നിന്ന് അവൾ വിമുക്തയാകണം. ആ മോചനം നല്കുകയാണ് യേശുവിന്റെ ലക്ഷ്യം. കുടിക്കും തോറും ദാഹം വർദ്ധിപ്പിക്കുന്ന ദാഹജലത്തിനു പകരം ജീവൻ നല്കുന്ന ജലമാണ് യേശു വച്ചു നീട്ടുന്നത്. *ജീവജലം* എന്നാൽ ഒഴുകുന്ന വെള്ളം എന്നും വ്യാഖ്യാനിക്കാം. ഉറവയിൽനിന്ന് ഒഴുകി വരുന്നതിനാൽ അതിനു ജീവനുള്ളതായി തോന്നും. ഇവിടെയും സമറിയാക്കാരി സ്വാഭാവികതലത്തിൽത്തന്നെ നില്ക്കുന്നു, ഒരു ഏറ്റുമുട്ടലിനു തയ്യാറായി. ഈ കിണർ ഞങ്ങൾക്കുതന്ന യാക്കോബിനെക്കാൾ വലിയവനാണോ നീ എന്ന ചോദ്യത്തിന് പല മുനകളുണ്ട്.

യഹൂദർക്കും സമറിയാക്കാർക്കും പിതാവാണ് യാക്കോബ്. അടിസ്ഥാനപരമായ സാഹോദര്യവും ഇവിടെ പശ്ചാത്തലമായി നില്ക്കുന്നു. ഈ കിണർ ഞങ്ങളുടേതാണ്; പിതാവായ യാക്കോബ് തന്ന അവകാശം. ഈ കിണറ്റിലെ വറ്റാത്ത വെള്ളത്തേക്കാൾ ശ്രേഷ്ഠമായ എന്താണ് നിനക്കു തരാൻ സാധിക്കുക? നീ ആരെന്നാണ് നിന്റെ ഭാവം? അതെ, അതു തന്നെയാണ് പ്രശ്നം. നീ ആരാണ്? അറിയാതെ തന്നെ അവൾ അതു ചോദിച്ചു.

യേശു എപ്പോഴും ഒരു മുഴം മുന്നിലാണ്, ഉയരത്തിലാണ്. സമറിയാക്കാരിയുടെ യുക്തി ഭദ്രമായ ചോദ്യങ്ങൾക്കു നേരിട്ടു മറുപടി പറയുന്നില്ല. പടിപടിയായി അവളെ കൈപിടിച്ചുയർത്തുകയാണ്, ഭൗതികതയിൽനിന്ന് ആത്മീയതയിലേക്ക്; വിരസവും അർത്ഥശൂന്യവുമായ ആവർത്തനത്തിൽനിന്ന് പ്രത്യാശയുടെ പുത്തൻ പ്രകാശത്തിലേക്ക്. നിത്യ ജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയായിത്തീരുന്ന ജീവജലത്തെക്കുറിച്ചു പറഞ്ഞതും അവൾക്കു മുഴുവൻ മനസ്സിലായില്ല. തന്റെ വീട്ടിൽത്തന്നെ ഉറവയുണ്ടാകുമെന്നും അതിനാൽ വെള്ളം കോരാനായി ആരും കാണാതെ നട്ടുച്ചയ്ക്ക്, ഇനിയും വരേണ്ടതില്ല എന്നും മാത്രമേ അവൾക്കു

തോന്നിയുള്ളൂ. ഏതായാലും അവളിലെ ധാർഷ്ട്യം മറഞ്ഞു; താൻപോരിമ തകർന്നു. കുടിനീരു ചോദിച്ചവനെ ജാതിയുടെ പേരിൽ വിചാരണ ചെയ്തവൾ ഇപ്പോൾ അവനോടു യാചിക്കുക യായി: "ആ ജലം എനിക്കു തരൂ!"

"ദാഹാർത്തരേ ജലാശയത്തിലേക്കു വരുവിൻ," (ഏശ 55,1) എന്ന പ്രവാചകന്റെ ആഹ്വാനത്തെ അനുസ്മരിപ്പിക്കുന്നതാണ് അവ ളുടെ യാചന. അതിനേക്കാൾ കൂടുതൽ, യേശുവിന്റെതന്നെ ഒരു വചനത്തിന് അവൾ മുൻകൂറായി പ്രതികരിക്കുന്നതുപോലെ തോന്നും: "ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടു ക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയ ത്തിൽനിന്ന്......ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7,37 –38). തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരുന്ന പരിശുദ്ധാ ത്മാവിനെക്കുറിച്ചാണ് യേശു പറഞ്ഞത് എന്നറിഞ്ഞുകൊണ്ടല്ല അവൾ ജീവജലത്തിനുവേണ്ടി യാചിച്ചത്. യഥാർത്ഥ വിമോചന ത്തിലേക്കുള്ള പ്രയാണത്തിലെ നിർണ്ണായകമായൊരു വഴിത്തിരി വായി അവളുടെ ഈ യാചന.

പൊതുവായ ചർച്ചയിൽനിന്ന് തികച്ചും സ്വകാര്യമായ വ്യക്തി ജീവിതത്തിലേക്ക് യേശു അവളുടെ ശ്രദ്ധ തിരിച്ചു. കഴിഞ്ഞ കാലത്തിന്റെ വേദനിപ്പിക്കുന്ന, വീർപ്പുമുട്ടിക്കുന്ന ഓർമ്മകളിലേ ക്ക്, ഉള്ളിലിരുന്നു വിങ്ങുന്ന വ്രണങ്ങളിലേക്ക് യേശു അവളെ ബോധപൂർവ്വം നയിച്ചു. "നിന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവ രുക" എന്നത് ഒരു കല്പനയായിരുന്നു, കറപുരണ്ട ജീവിതയാ ഥാർത്ഥ്യങ്ങളിലേക്കു കണ്ണു തുറപ്പിക്കുന്ന പ്രവാചകശബ്ദം. അപ്ര തീക്ഷിതമായി പിടിക്കപ്പെട്ട കള്ളനെപ്പോലെ അവൾ പതറി. മറു പടി ഒറ്റവാക്കുത്തരത്തിൽ ഒതുക്കി; "എനിക്കു ഭർത്താവി ല്ല." നേരോ നുണയോ? അതോ ഹൃദയം കവിഞ്ഞൊഴുകുന്ന ദുഃഖ ത്തിന്റെ വിലാപമോ?

യേശു അവളെ ശാസിക്കുന്നില്ല; കുറ്റപ്പെടുത്തുന്നുമില്ല. സ്വന്തം മനഃസാക്ഷിയുടെ മുമ്പിൽ, ദൈവത്തിന്റെ മുമ്പിൽ, സ്വന്തം ജീവിതത്തെ വിശകലനം ചെയ്യാൻ സഹായിക്കുകയാണ് തുടർന്നു ചെയ്യുന്നത്. അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു. അവർക്കെന്തു സംഭവിച്ചു? മരിച്ചു പോയതാണെന്ന സൂചനയില്ല. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല. കുത്തഴിഞ്ഞ ഒരു ജീവിതം? അതോ നിരന്തര

മായ ചൂഷണത്തിനിരയായ ഒരു ഹതഭാഗ്യയാണോ അവൾ? അവൾ ഭർത്താക്കന്മാരെ ഉപേക്ഷിച്ചതാണോ? അതോ നേരെ മറിച്ചാണോ സംഭവിച്ചത്? വ്യക്തമായ ഒരാത്മശോധനയ്ക്ക് അവളെ ക്ഷണിക്കുന്ന യേശു അവൾ സത്യം പറഞ്ഞു എന്ന് അംഗീകരിച്ചുകൊണ്ട് മാനസാന്തരത്തിനും ജീവിത നവീകരണത്തിനും പ്രേരിപ്പിക്കുന്നു.

ഇത്തവണ സമരിയക്കാരിയാണ് മുൻകൈ എടുത്ത് സംഭാഷണം മതമേഖലയിലേക്കു തിരിച്ചു വിടുന്നത്. തന്റെ ജീവിത രഹസ്യങ്ങൾ മുഴുവൻ അറിയാവുന്ന ഇയാൾ പ്രവാചകനാണെന്ന് അംഗീകരിക്കാൻ അവൾക്കു മടിയില്ല. യഥാർത്ഥമായ ആരാധനയെയും മതാത്മകതയെയും സംബന്ധിച്ച ആധികാരികമായ പ്രബോധനം നല്കാൻ കഴിവുള്ള ഒരു പ്രവാചകൻ വരും എന്നത് സമറിയാക്കാരുടെയും ഒരു പ്രതീക്ഷയായിരുന്നു. ദൈവാരാധന ജറുസലെമിൽ മാത്രമേ പാടുള്ളൂ എന്ന കല്പന ഉണ്ടായത് ജോസിയാ രാജാവിന്റെ ഭരണകാലത്താണ്. ദാവീദ് പിടിച്ചടക്കിയതിനുശേഷമാണ് ജറുസലെം തലസ്ഥാനമായത്. സോളമൻ അവിടെ ദേവാലയം പണിതെങ്കിലും വേറെ ആരധനാലയങ്ങളും നിലനിന്നിരുന്നു. ജറുസലെമിനെക്കുറിച്ച് മോശ ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ ഗെരിസിം മലയിലെ ആരാധനയെക്കുറിച്ച് മോശ തന്നെ കല്പിച്ചിട്ടുണ്ട് (നിയ 27,12). വീണ്ടും യഹൂദരും സമറിയാക്കാരും തമ്മിലുള്ള തർക്കത്തിലേക്ക് അവൾ വഴുതി വീഴുന്നു.

വ്യക്തിയിലും സമൂഹത്തിലും വരുത്തേണ്ട മാറ്റത്തെക്കുറിച്ചു പഠിപ്പിച്ചുകൊണ്ട് യേശു വീണ്ടും വഴി നയിക്കുന്നു. സത്യത്തിലും ആത്മാവിലുമുള്ള ആരാധനയെ സംബന്ധിച്ച വെളിപ്പെടുത്തലിന്റെ മഹാവാക്യം കേൾക്കാൻ അധഃകൃതയെന്നു കരുതപ്പെട്ടിരുന്ന ആ സമറിയാക്കാരിക്കാണ് ഭാഗ്യം ലഭിക്കുക. യേശുവിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവമാണ് സത്യം. മനുഷ്യരെ ദൈവമക്കളാക്കി രൂപാന്തരീകരിക്കുന്ന ദൈവികശക്തിയാണ് ആത്മാവ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ദൈവമക്കൾ യേശുക്രിസ്തുവിലൂടെ പിതാവിന് അർപ്പിക്കുന്ന ആത്മസമർപ്പണമാണ് യഥാർത്ഥ ആരാധന. സ്ഥലകാല ബന്ധിയായ സകല ആചാരങ്ങളെയും ആപേക്ഷികമാക്കി മാറ്റുന്ന ഈ മഹാവാക്യത്തിന്റെ പൊരുൾ ആ പാവപ്പെട്ടവൾക്ക് തിരിഞ്ഞില്ല.

അവസാനം തന്റെ അജ്ഞതയും നിസ്സഹായതയും, അതേ

സമയം പ്രത്യാശയും അവൾ ഏറ്റുപറഞ്ഞു. "മിശിഹാ വരും എന്ന് എനിക്കറിയാം. അവൻ വരുമ്പോൾ എല്ലാ കാര്യങ്ങളും ഞങ്ങളെ അറിയിക്കും" (യോഹ 4,25). ദൈവത്തിന്റെ ഇടപെടലിനുവേണ്ടി അവൾ തന്റെ ഹൃദയം തുറന്നു. വർഗ്ഗവിദ്വേഷത്തിന്റെയും അപ കർഷതാബോധത്തിന്റെയും നിരാശയുടെയും പുറന്തോടുപൊളി ഞ്ഞു. ദൈവത്തിന് അവളുടെ ജീവിതത്തിൽ പ്രവർത്തിക്കാം; ജീവ ജലത്തിന് അവളുടെ ഹൃദയത്തിലേക്കൊഴുകാം; അല്ല വറ്റാത്ത ഉറ വയായി അവളുടെ ഉള്ളിൽ വർത്തിക്കാം.

പിന്നെ വൈകിയില്ല. വെളിപാടിന്റെ മഹാവാക്യം അവൾ കേട്ടു. "നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ" (യോഹ 4,26). യേശുവിന്റെ സ്വയം വെളിപ്പെടുത്തൽ ഏറ്റം വ്യക്ത മായി ലഭിക്കാനും സ്വീകരിക്കാനും ആദ്യമായി വരം ലഭിച്ച ഭാഗ്യ വതിയാണ് ആ സമറിയാക്കാരി. സംഭാഷണം അവിടെ അവസാ നിച്ചു. ഇനി അവൾക്കൊന്നും വേണ്ടാ; ഒന്നും കൂടുതലായി അറി യുകയും വേണ്ടാ. നിരന്തരമായി അന്വേഷിച്ചിരുന്നതു കണ്ടെത്തി. അടങ്ങാത്ത ദാഹവും ഒടുങ്ങാത്ത ആസക്തിയുമായി അലഞ്ഞി രുന്ന അവൾക്കിനി ദാഹമില്ല. ദാഹത്തിന്റെ അടയാളമായ കുടം അവൾ കിണറ്റിൻകരയിൽ ഉപേക്ഷിച്ചു.

ഇനി ഒന്നുമാത്രമേ ചെയ്യാനുള്ളൂ. താൻ കണ്ടെത്തിയ മഹാ സത്യം നാടുനീളെ പ്രഘോഷിക്കുക. തന്റെ ഉള്ളിൽ ജീവജല ത്തിന്റെ ഉറവു പൊട്ടാൻ കാരണമായവനെ എല്ലാവർക്കും പരിച യപ്പെടുത്തുക. അവൾ പട്ടണത്തിലേക്കോടി. എല്ലാവരോടും വിളിച്ചു പറഞ്ഞു. ഇതാണ് സമറിയാക്കാരിയുടെ ഏഴാമത്തെ പ്രതികരണം. "ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു പറഞ്ഞ ഒരു മനു ഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഒരു പക്ഷേ ഇവൻ തന്നെ ആയിരിക്കുമോ ക്രിസ്തു?" (യോഹ 4,29).

യേശുവിനെ കണ്ടുമുട്ടുകയും തിരിച്ചറിയുകയും ചെയ്തതോടെ അവൾ ഒരു പുതിയ വ്യക്തിയായി മാറി. ഭയവും അപകർഷതയും അകന്നു. വിദ്വേഷവും വെറുപ്പും അസ്തമിച്ചു. ഇനി അവൾക്ക് ആരെയും ഭയമില്ല; സമൂഹത്തിൽ പ്രത്യക്ഷപ്പെ ടാൻ ലജ്ജയില്ല. ആരോടും പകയുമില്ല. തന്റെതന്നെ തെറ്റായ ചെയ്തികളും മറ്റുള്ളവരുടെ ചൂഷണവും വിദ്വേഷവുംമൂലം ഉണ്ടാ യിരുന്ന മുറിവുകളെല്ലാം ഉണങ്ങി. സമ്പൂർണ്ണ സ്വതന്ത്രയായ അവൾ

അനേകർക്കു വഴികാട്ടിയായി – വിമോചകനായ യേശുവിന്റെ സവിധത്തിലേക്കുള്ള വഴികാട്ടി.

അതുതന്നെയാണ് സമറിയാക്കാരിയുടെ സവിശേഷത. അവൾ ഒരു വഴികാട്ടിയാണ്. ഏതവസ്ഥയിൽ കഴിയുന്നവർക്കും യേശുവിലൂടെ മോചനവും പുതുജീവനും ലഭിക്കും എന്നു വിളിച്ചറിയിക്കുന്ന വഴികാട്ടി. അവളുടെ വാക്കുകേട്ട് യേശുവിന്റെ അടുക്കലേക്കു വന്നവർക്ക് പിന്നീട് അവളെ ആവശ്യമില്ല. "ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നതു നിന്റെ വാക്കുമൂലമല്ല. കാരണം, ഞങ്ങൾ തന്നെ നേരിട്ടു ശ്രവിക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോകരക്ഷകൻ എന്നു മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" (യോഹ 4,42). ഒരു ദേശത്തെ മുഴുവൻ യേശുവിലേക്കാകർഷിക്കാൻ കഴിഞ്ഞ ആദ്യപ്രേഷിതയാണവൾ.

ചുറ്റുപാടുകളിൽ മാറ്റമുണ്ടാകാതെ തന്നെ അവളുടെ ഉള്ളിൽ മാറ്റമുണ്ടായി. ആ മാറ്റം ചുറ്റുപാടുകളെ മാറ്റി. യഥാർത്ഥമായ മാനസാന്തരത്തിന്റെയും അതിലൂടെയുണ്ടാകുന്ന സമൂഹപരിവർത്തനത്തിന്റെയും ഉത്തമോദാഹരണമാണ് യാക്കോബിന്റെ കിണറ്റിൻ കരയിലെ സ്ത്രീ. യേശു അവളെ തേടിവന്നു; സൗമ്യമായി, ശക്തമായി നയിച്ചു. അവൾ അവനെ അനുഗമിച്ചു, ആടുകൾ ഇടയനെയെന്നപോലെ. അതിനാൽത്തന്നെ ഇന്നും വലിയൊരു പ്രകാശഗോപുരമായി ജീവിതപാതയിൽ അവൾ അനേകർക്കു വെളിച്ചം വീശുന്നു.



5

# പ്രവാചകഘാതകി

## ഹേറോദിയാ

രക്തമൊലിക്കുന്ന സ്നാപകശിരസ്സ് വെള്ളിത്താലത്തിലേന്തി നില്ക്കുന്ന ഭീകരരൂപമാണ് ഹേറോദിയാ എന്ന പേര് മനസ്സിലുണർത്തുന്നത്. സമാന്തരസുവിശേഷങ്ങൾ മൂന്നും ഹേറോദിയായെക്കുറിച്ചു പരാമർശിക്കുന്നുണ്ട് (മത്താ 14,1-12; മർക്കോ 6,14-29; ലൂക്കാ 3,19-20). അതിൽ ഏറ്റവും ദീർഘവും ബീഭത്സവുമായ വിവരണം മർക്കോസിന്റെ സുവിശേഷത്തിൽ കാണാം. ചിത്രത്തിന്റെ ഭീകരത വർദ്ധിപ്പിക്കുന്ന അവളുടേതായ രണ്ടു വാക്കുകളും മർക്കോസ് രേഖപ്പെടുത്തിയിട്ടുണ്ട്: “സ്നാപകയോഹന്നാന്റെ ശിരസ്” (മർക്കോ 4,24). മിശിഹായ്ക്കു വഴിയൊരുക്കാൻ വന്ന യോഹന്നാന്റെ തല ആവശ്യപ്പെടാൻ അവൾക്കു മതിയായ കാര

ണമുണ്ടായിരുന്നു എന്ന് സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും.

ബേത്‌ലേഹെമിൽ ജനിച്ച മിശിഹായെ വധിക്കാൻവേണ്ടി ആ പട്ടണത്തിലും പരിസരത്തുമുള്ള ശിശുക്കളെയെല്ലാം കൊന്നൊടുക്കാൻ കല്പിച്ച മഹാനായ ഹേറോദോസിന്റെ പൗത്രിയാണ് കഥാനായിക. ഹസ്മോണേയ രാജവംശവുമായി ബന്ധം സ്ഥാപിച്ച് തന്റെ തന്നെ രാജത്വത്തിനു പിന്തുണ സമ്പാദിക്കാൻ വേണ്ടി അയാൾ വിവാഹം കഴിച്ച മരിയാംനേയിൽ ജനിച്ച പുത്രൻ അരിസ്റ്റോബുളുസിന്റെ നാലുമക്കളിൽ ഏറ്റവും ഇളയവളാണ് ഹേറോദിയാ. കാൽചിസിലെ ഹേറോദേസ്, ഇസ്രായേലിന്റെ മുഴുവൻ രാജാവായി പിന്നീട് അവരോധിക്കപ്പെട്ട ഹേറോദേസ് അഗ്രിപ്പാ ഒന്നാമൻ, ഒട്ടുംതന്നെ അറിയപ്പെടാത്ത അരിസ്റ്റോബുളുസ് എന്നിവരായിരുന്നു സഹോദരന്മാർ.

ഹേറോദേസ് മഹാരാജാവിന് മരിയാംനെ എന്ന പേരിൽത്തന്നെയുള്ള മറ്റൊരു ഭാര്യയിൽ (മരിയംനെ II) ജനിച്ച ഹേറോദോസ് ഫിലിപ്പിന്റെ ഭാര്യയായി റോമിൽ വസിക്കുകയായിരുന്നു ഹേറോദിയാ. ആ വിവാഹത്തിൽ ജനിച്ച മകളാണ് സലോമി. മൽത്താസ് എന്ന മറ്റൊരു ഭാര്യയിൽ ഹേറോദേസ് മഹാരാജാവിനു ജനിച്ച മക്കളാണ് അർക്കെലാവോസും അന്തിപ്പാസും. പിതാവിന്റെ മരണശേഷം അന്തിപ്പാസ് ഗലീലിയുടെ ഭരണാധിപനായി. നബത്തേയൻ രാജാവായ അരേത്താസിന്റെ മകളെ അയാൾ വിവാഹം ചെയ്തു. എ.ഡി. 28 ൽ റോമാ സന്ദർശിക്കാൻ പോയ അയാൾ തന്റെ അർദ്ധസഹോദരനായ ഹെറോദേസ് ഫിലിപ്പിന്റെ വീട്ടിൽ താമസിക്കവേ അയാളുടെ ഭാര്യ ഹേറോദിയായിൽ താല്പര്യമുണ്ടായി. അഭിലാഷം അനുരാഗമായി, ആസക്തിയായി വളർന്നു. ഹേറോദിയാ ഫിലിപ്പുമായുള്ള വിവാഹബന്ധം വിഛേദിച്ച്, അന്തിപ്പാസിനെ വിവാഹം ചെയ്തു. വിവരമറിഞ്ഞ നബത്തേയൻ രാജകുമാരി അന്തിപ്പാസിന്റെ അരമനയിൽനിന്ന് ഒളിച്ചോടി, തന്റെ പിതാവിന്റെയടുക്കൽ അഭയം പ്രാപിച്ചു.

സഹോദരപുത്രിയും അതേസമയം സഹോദരഭാര്യയുമായ ഹേറോദിയായെ ഭാര്യയായി സ്വീകരിച്ചു മടങ്ങിവന്ന ഹേറോദേസ് അന്തിപ്പാസിനെതിരേ ജനരോഷം ആളിക്കത്തി. ചാവുകടൽത്തീരത്തും യൂദാ മരുഭൂമിയിലും ജോർദ്ദാൻ നദീതടങ്ങളിലും കൊടുങ്കാറ്റുപോലെ ഉയർന്ന സ്നാപകയോഹന്നാന്റെ പ്രവാചക

ശബ്ദം ഈ അവിശുദ്ധബന്ധത്തിനെതിരേ ആഞ്ഞുവീശി. സഹോദരഭാര്യയെ ഭാര്യയായി സ്വീകരിക്കാൻ മോശയുടെ നിയമം അനുവദിക്കുന്നുണ്ട്. അത് മക്കളില്ലാതെ സഹോദരൻ മരിക്കുന്ന സാഹചര്യത്തിലാണ് (നിയ 25,5). എന്നാൽ സഹോദരൻ ഫിലിപ്പ് ജീവിച്ചിരിക്കെ അയാളുടെ ഭാര്യയെ ഭാര്യയായി സ്വീകരിച്ചത് ദൈവികനിയമത്തിന്റെ ലംഘനമാണ്. ആ ബന്ധം ഉപേക്ഷിച്ചേ മതിയാകൂ എന്ന് സ്നാപകൻ ആജ്ഞാപിച്ചു.

അന്തിപ്പാസ് വലിയൊരു പ്രതിസന്ധിയിലായി. മറ്റൊരുവളെ വിവാഹം കഴിക്കുകവഴി തന്റെ മകളെ അവഹേളിക്കുകയും ഉടമ്പടി ലംഘിക്കുകയും ചെയ്തതിന്റെ പേരിൽ ക്രുദ്ധനായ നബത്തേയൻ രാജാവ് അരേത്താസ് അന്തിപ്പാസിനെതിരേ പടയൊരുക്കി. ചെറുത്തുനില്ക്കാൻ ഗലീലിയുടെ ഭരണാധിപന് കരുത്തുണ്ടായിരുന്നില്ല. ശത്രുസൈന്യം അതിർത്തി കടന്നാക്രമിക്കാൻ തുടങ്ങുമ്പോൾ സ്വന്തം ജനം ദൈവികനിയമത്തിന്റെ പേരിൽ കലാപത്തിനൊരുങ്ങി. എരിതീയിൽ എണ്ണ പോലെയായി സ്നാപകന്റെ പ്രവാചകപ്രതിഷേധം. ഈ സാഹചര്യത്തിലാണ് സ്നാപകനെ കാരാഗൃഹത്തിലടച്ചത്. തടവറയിലാണെങ്കിലും സ്നാപകൻ നിശബ്ദനായിരുന്നില്ല. ഹേറോദേസ് തന്നെ അദ്ദേഹത്തെ താല്പര്യപൂർവ്വം ശ്രവിച്ചിരുന്നു. താൻ ചെയ്തതു തെറ്റാണെന്നും പാപത്തിലാണ് ജീവിക്കുന്നതെന്നും ബോധ്യമുണ്ടായിരുന്ന ഹേറോദേസിനെ സ്നാപകവചനങ്ങൾ ഏറെ അസ്വസ്ഥനാക്കി.

സാഹചര്യങ്ങൾ തനിക്ക് ഒട്ടും അനുകൂലമല്ല എന്ന് ഹേറോദിയാ മനസ്സിലാക്കി. വിവാഹമോചനത്തിനു നിർബന്ധിക്കുന്ന സ്നാപകൻ; തന്റെ രക്തത്തിനായി ദാഹിക്കുന്ന ജനം. തന്നെ ഉന്മൂലനം ചെയ്ത് അഭിമാനം കാക്കാൻ ശ്രമിക്കുന്ന അയൽരാജാവ്. തീരുമാനമെടുക്കാൻ കഴിയാതെ ഞാങ്ങണപോലെ വളഞ്ഞാടുന്ന ഭീരുവായ ഭർത്താവ്. ഇവർക്കു മധ്യേ നിന്ന ഹേറോദിയാ തന്റെ നിലനില്പിന് സ്നാപകൻ മരിച്ചേ മതിയാകൂ എന്നു തീരുമാനിച്ചു. അല്ലെങ്കിൽ തന്റെ വിവാഹബന്ധം മാത്രമല്ല, ജീവൻതന്നെ നഷ്ടപ്പെടും എന്ന് അവൾ ഭയന്നു.

തന്റെ പദ്ധതി നടപ്പിലാക്കാൻ തക്കം നോക്കിയിരുന്ന ഹേറോദിയാക്ക് ഭർത്താവിന്റെ പിറന്നാളാഘോഷം അനുകൂലമായ അവസരമൊരുക്കി. ദേശാധിപതികളും സൈന്യാധിപന്മാരും ദേശത്തെ പ്രമുഖ വ്യക്തികളെല്ലാവരുമടങ്ങുന്ന സദസ്സിൽ തന്റെ

മകൾ സലോമിയെ നൃത്തത്തിനായി അവൾ പറഞ്ഞയച്ചു. അവളുടെ വശ്യമായ നൃത്തത്തിൽ മതിമറന്ന ഹേറോദേസ് അവളെ വാനോളം പുകഴ്ത്തി. എന്തു ചോദിച്ചാലും കൊടുക്കാം എന്ന വാഗ്ദാനവും നല്കി. ഇതു തന്നെയാണ് ഹേറോദിയാ ആഗ്രഹിച്ചത്.




എന്തു സമ്മാനം ആവശ്യപ്പെടണം എന്ന് ചോദിച്ച മകൾക്കു കൊടുക്കാനുള്ള മറുപടി അവൾ ഒരുക്കിവച്ചിരുന്നു. "സ്നാപകയോഹന്നാന്റെ ശിരസ്." അത് തികച്ചും നാടകീയമായിത്തന്നെ മകൾ രാജസദസ്സിൽ അവതരിപ്പിച്ചു: "ഇപ്പോൾത്തന്നെ സ്നാപകയോഹന്നാന്റെ ശിരസ് ഒരു തളികയിൽവച്ച് എനിക്കു തരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു'' (മർക്കോ 16,25). പണ്ടേതന്നെ നട്ടെല്ലു നഷ്ടപ്പെട്ട രാജാവ്, പൊതുജനാഭിപ്രായത്തെ ഭയന്ന്, കല്പന നല്കി. പടയാളി തടവറയിൽചെന്ന് സ്നാപകന്റെ തല വെട്ടിയെടുത്ത് താലത്തിൽ വച്ച് സലോമിക്കു നല്കി. അവൾ അതു തന്റെ അമ്മയ്ക്ക് ഉപഹാരമായി അർപ്പിച്ചു. തികച്ചും പൈശാചികമെന്ന് വിശേഷിപ്പിക്കാവുന്ന ഈ കൃത്യത്തിനുശേഷം ഹേറോദിയായെക്കുറിച്ച് സുവിശേഷകന്മാർ ഒന്നും പറയുന്നില്ല. എന്നാൽ അവളുടെ ജീവിതം ഇതുകൊണ്ടവസാനിച്ചില്ല.

ഏതാണ്ട് പത്തു വർഷങ്ങൾക്കുശേഷം എ.ഡി. 37 ൽ ഹേറോദിയായുടെ സഹോദരൻ ഹേറോദോസ് അഗ്രിപ്പായെ റോമൻ ചക്രവർത്തി കലിഗുള രാജാവായി നിയമിച്ചു; ഫിലിപ്പിന്റെ ആധിപത്യത്തിൻ കീഴിലുണ്ടായിരുന്ന ഇത്തൂറിയാ, ത്രാക്കോണിത്തിസ് പ്രദേശങ്ങളുടെ ഭരണാധികാരവും നല്കി. സഹോദരനു ലഭിച്ച രാജപദവി തന്റെ ഭർത്താവിനും ലഭിക്കണം എന്നാഗ്രഹിച്ച ഹേറോദിയാ അതിനായി തന്ത്രങ്ങൾ മെനഞ്ഞു.

ഭാര്യയുടെ നിരന്തരമായ പ്രേരണയ്ക്കും സമ്മർദ്ദത്തിനും വഴങ്ങിയ ഹേറോദേസ് അന്തിപ്പാസ് കിരീടാഭ്യർത്ഥനയുമായി റോമിലെത്തി. എന്നാൽ ഗലീലിയിലെ അയാളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അനേകം പരാതികൾ ലഭിച്ചിരുന്നതിനാൽ റോമൻ സെനറ്റ് ഏ. ഡി. 39 ൽ അയാളെ നാടുകടത്തി, അയാളുടെ അധികാര സീമയിലുണ്ടായിരുന്ന ഗലീലിയും അഗ്രിപ്പയ്ക്കു നല്കി.

അഗ്രിപ്പായുടെ സഹോദരിയെന്ന നിലയിൽ ഹേറോദിയായെ കുറ്റ വിമുക്തയാക്കിയ ചക്രവർത്തി അവൾക്കു ഗലീലിയിലോ റോമിലോ താമസിക്കാൻ അനുവാദം നല്കി. എങ്കിലും ഭർത്താവിനോടൊപ്പം ഫ്രാൻസിലെ ലിയോണിലേക്കു പ്രവാസിയായി പോകാനാണ് അവൾ തീരുമാനിച്ചത്. അങ്ങനെ അവസാനം വരെ അവൾ ഭർത്താവിനോടു ചേർന്നു നിന്നു. അവൾക്കു മക്കളുണ്ടായിരുന്നില്ല. ആ ബന്ധം അവരുടെ മരണത്തോടെ അവസാനിച്ചു.

ഒരു രക്തരക്ഷസിനെപ്പോലെ ഭീകരിയാണ് ഹേറോദിയാ എന്നു തോന്നാം. സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന അവളുടെ ചെയ്തി അതിനു ന്യായീകരണം നല്കുന്നുമുണ്ട്. എന്നാലും പ്രവാചകഘാതകിയായ ഭീകരിയെന്നു വിധിയെഴുതി മാറ്റി നിർത്തുന്നതിനുമുമ്പേ അവളുടെ തന്നെ അവസ്ഥയിൽനിന്ന്, അവൾ കടന്നുപോന്ന വഴികളിലും നേരിട്ട പ്രതിസന്ധികളിലും നിന്ന്, ഹേറോദിയായെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടതുണ്ട്.



രാജപുത്രിയായ മരിയാമ്നേയിൽ ഹേറോദേസിനു ജനിച്ച അരിസ്റ്റോബുളസിന്റെ മകളാണ് ഹേറോദിയാ എന്ന് ആരംഭത്തിൽ നാം കണ്ടു. തന്റെ അധികാരത്തിനു ഭീഷണിയാകും എന്നു കരുതിയവരെയെല്ലാം നിഷ്കരുണം കൊന്നൊടുക്കുക ഹേറോദേസ് മഹാരാജാവിന്റെ ഭരണനയമായിരുന്നു. മരിയാംനേയുടെ സഹോദരൻ അരിസ്റ്റോബുളസിനെ പ്രധാനപുരോഹിതനായി നിശ്ച

യിച്ച ഹേറോദേസ് തന്നെ അധികം താമസിയാതെ ജെറീക്കോയിലെ നീന്തൽ കുളത്തിൽവച്ച് അയാളെ മുക്കിക്കൊല്ലാൻ പടയാളികളെ നിയോഗിച്ചു. ബി.സി. 29-ൽ മരിയാംനേയെ വധിച്ചു. എ.ഡി. 12 ൽ ഹേറോദിയായുടെ പിതാവായ അരിസ്റ്റോബുളസിനെയും അയാളുടെ സഹോദരൻ അലക്സാണ്ടറിനെയും പിതാവായ ഹേറോദേസ് തന്നെ വധിച്ചു. ഭയവും ക്രൂരതയും നിറഞ്ഞ പിതാമഹന്റെ രക്തം അവളുടെ സിരകളിലൂടെ ഒഴുകുന്നുണ്ടായിരുന്നു. സ്വന്തം പിതാവിന്റെയും മാതുലന്റെയും വലിയമ്മയുടെയും എല്ലാം മരണം കണ്ടു ഭയന്ന് അവളുടെ ഹൃദയം കടുത്തു പോയെങ്കിൽ അത്ഭുതത്തിന് വകയില്ല.

ഭയം മാത്രമല്ല, അധികാരമോഹവും അവൾക്കുണ്ടായിരുന്നു. റോമിലെ സാധാരണജീവിതം അവൾക്കു മടുത്തു. ഗലീലിയുടെ ഭരണസാരഥ്യം അന്തിപ്പാസിലേക്ക് അവളെ ആകർഷിച്ചു. റോമാനഗരത്തിൽ വളർന്ന അവൾ ആ നഗരത്തിന്റെ സംസ്കാരമെല്ലാം സ്വന്തമാക്കിയിരുന്നു. വിവാഹമോചനവും, ബഹുഭാര്യ-ഭർതൃത്വവും റോമിൽ സർവ്വസാധാരണമായിരുന്നു. അധികാരത്തിനുവേണ്ടിയുള്ള ഉപജാപങ്ങളും കൊലപാതകങ്ങളും ഒട്ടും അസാധാരണമായിരുന്നില്ല. അതിനാൽ അന്തിപ്പാസിന്റെ ഭാര്യയാകാൻ വേണ്ടി ആദ്യ ഭർത്താവിനെ ഉപേക്ഷിക്കുന്നതിൽ ഒരു തെറ്റും അവൾ കണ്ടില്ല. അതിജീവനകലയും അധികാരമോഹവും അവളെ മുന്നോട്ടു നയിച്ചു. തന്റെ പദ്ധതികൾക്കു പ്രതിബന്ധമായി നില്ക്കുന്നവരെ ഉരുക്കുമുഷ്ടി കൊണ്ടു നേരിടാൻ അവൾ തയ്യാറായി. അവസാനം എല്ലാം നഷ്ടപ്പെട്ടപ്പോൾ ഭർത്താവിനോടൊപ്പം പ്രവാസത്തിലേക്കു പോകാനും അവൾ മടിച്ചില്ല.

എണ്ണൂറു വർഷങ്ങൾക്കുമുമ്പ് ഏലിയായെ വധിക്കാൻ ശ്രമിച്ച ജെസബെൽ രാജ്ഞിയോട് ഹേറോദിയായ്ക്ക് വലിയ സാമ്യമുണ്ട്, പ്രത്യേകിച്ചും സുവിശേഷങ്ങൾ വരച്ചുകാട്ടുന്ന അവളുടെ ചിത്രത്തിന്. മടങ്ങിവന്ന ഏലിയാ ആയിട്ടാണ് ജനം സ്നാപകനെ കണ്ടത്. അതിനാൽത്തന്നെ സ്നാപകവധത്തിനു പ്രേരിപ്പിച്ച ഹേറോദിയായെ ജെസബെലിനോടു താരതമ്യം ചെയ്യുക സ്വാഭാവികമായിരുന്നു. രണ്ടുപേരും സ്ത്രീത്വത്തിന്റെ ഭീകരമായൊരു മുഖഭാവം ചരിത്രത്തിൽ അനാവരണം ചെയ്യുന്നു. അതോടൊപ്പം സാഹചര്യങ്ങൾ ഒരു വ്യക്തിയെ എത്രമാത്രം സ്വാധീനിക്കുന്നു എന്നതിന്റെയും ഉദാഹരണങ്ങളാണ് ഇരുവരും.



6

# രാജ നർത്തകി

## സലോമി

സലോമി എന്ന പേരിൽ അറിയപ്പെടുന്ന രണ്ടു സ്ത്രീക ളെക്കുറിച്ച് പുതിയ നിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. സെബദി യുടെ ഭാര്യയും യാക്കോബ് - യോഹന്നാൻ സഹോദരന്മാരുടെ മാതാവുമാണ് അതിൽ ഒരാൾ. സ്നാപകയോഹന്നാന്റെ ശിരസ് തളികയിൽ വച്ചുതരണം എന്നാവശ്യപ്പെട്ട രാജകുമാരിയാണ് രണ്ടാ മത്തേത്. സുവിശേഷങ്ങളിൽ അവൾക്കു പേരില്ല, ഹേറോദിയാ യുടെ മകൾ എന്നുമാത്രം വിശേഷിപ്പിച്ചിരിക്കുന്നു. സമകാലിക ചരിത്രരേഖകളിൽ നിന്നാണ് സലോമി എന്ന അവളുടെ പേര് നമുക്കു ലഭിക്കുന്നത്.

സ്നാപകവധവുമായി ബന്ധപ്പെട്ട് സലോമിയെക്കുറിച്ച്

ആദ്യത്തെ രണ്ടു സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്നുണ്ട് (മത്താ 14,1-2; മർക്കോ 6,1429). മറ്റു ചരിത്രരേഖകളിലൊന്നും പരാമർശിക്കപ്പെടാത്തതിനാൽ ഈ സംഭവത്തിന്റെ ചരിത്രപരത ചോദ്യം ചെയ്യപ്പെടാറുണ്ട്, പക്ഷേ നിഷേധിക്കാൻതക്ക ന്യായമില്ല. ഹേറോദേസ് അന്തിപ്പാസിന്റെ ജന്മദിനാഘോഷവേളയിൽ രാജസദസ്സിൽ സലോമി നൃത്തം ചെയ്തത് രാജാവിനെ ഏറെ സന്തോഷിപ്പിച്ചു. എന്തുചോദിച്ചാലും കൊടുക്കാം എന്ന് ആലോചനകൂടാതെ നല്കിയ വാഗ്ദാനം മുഖവിലയ്ക്കെടുത്ത രാജകുമാരി മാതാവിന്റെ ഉപദേശമനുസരിച്ച് സ്നാപകന്റെ ശിരസ് ആവശ്യപ്പെട്ടു. വാക്കു പാലിക്കാൻ നിർബന്ധിതൻ എന്നു കരുതിയ രാജാവ് അവൾ ആവശ്യപ്പെട്ടതു കൊടുത്തു. തളികയിൽ കിട്ടിയ തല മകൾ അമ്മയ്ക്കു കാഴ്ചവച്ചു. അതോടെ രാജനർത്തകി സുവിശേഷങ്ങളിൽ നിന്ന് അപ്രത്യക്ഷയാകുന്നു.



യഹൂദചരിത്രകാരനായ ജോസേഫൂസ് ഫ്ളാവിയൂസ്, ഹേറോദേസ് മഹാരാജാവിന്റെ സന്തതിപരമ്പര വിവരിക്കുമ്പോൾ സലോമിയെക്കുറിച്ച് മറ്റുചില വിവരങ്ങൾ നല്കുന്നുണ്ട്. ഹേറോദേസിന്റെ മകനും ഹേറോദിയായുടെ പിതൃസഹോദരനും ആദ്യഭർത്താവുമായ ഹേറോദേസ് ഫിലിപ്പാണ് അവളുടെ പിതാവ്. റോമിലായിരുന്നു അവരുടെ വാസം. ഹേറോദേസിന്റെ തന്നെ മറ്റൊരു മകനും ഇത്തൂറിയാ, ത്രാക്കോണിത്തിസ് പ്രദേശങ്ങളുടെ ഭരണാധികാരിയുമായ ഫിലിപ്പ് അവളെ വിവാഹം ചെയ്തു. മക്കളില്ലാതെ ഫിലിപ്പ് മരിച്ചപ്പോൾ സലോമി തന്റെ മാതൃസഹോദരനായ അരിസ്റ്റോബുളുസിന്റെ ഭാര്യയായി. ആ വിവാഹ

ത്തിൽനിന്ന് ഹേറോദേസ്, അഗ്രിപ്പാ, അരിസ്റ്റോബുലുസ് എന്നീ മൂന്നു പുത്രന്മാർ ജനിച്ചു. ഹേറോദേസിന്റെ സന്തതിപരമ്പരയിൽ പലർക്കും ഒരേ പേരുള്ളതിനാൽ വ്യക്തികളെ വേർതിരിച്ചറിയുക ദുഷ്കരമാകുന്നു.

എ.ഡി. 10 ലാണ് സലോമിയുടെ ജനനം എന്നു കരുതപ്പെടുന്നു. അമ്മ ഹേറോദിയാ ആദ്യ ഭർത്താവിനെ ഉപേക്ഷിച്ച്, അന്തിപ്പാസിന്റെ ഭാര്യയായി ഗലീലിയിലേക്കു വന്നത് എ.ഡി. 28 ലാണ്. അപ്പോൾ സലോമിയും കൂടെ പോന്നു. ഏറെ താമസിയാതെ സ്നാപകവധം സംഭവിച്ചു. അധികം വൈകാതെ അവൾ തന്റെ മാതാവിന്റെ പിതൃസഹോദരനായ ഫിലിപ്പിന്റെ ഭാര്യയായി. അവർ തമ്മിൽ മുപ്പതിലേറെ വയസ്സിന്റെ വ്യത്യാസമുണ്ടായിരുന്നു. എ.ഡി. 34 ൽ ഫിലിപ്പ് മരിച്ചു. തുടർന്നാണ് അവൾ മാതൃസഹോദരന്റെ ഭാര്യയായത്.

സമാധാനം എന്നർത്ഥമുള്ള ശാലോം എന്ന പദവുമായി ബന്ധപ്പെട്ടതാണ് സലോമി എന്ന പേര്. എന്നാൽ അവളുടെ ജീവിതത്തിൽ, പ്രത്യകിച്ചും ആദ്യഘട്ടത്തിൽ, അവൾക്കോ അവളുമായി ബന്ധപ്പെട്ടവർക്കോ സമാധാനമുണ്ടായില്ല. പ്രവാചകന്റെ ശിരസ്സറുത്ത് നൃത്തം ചെയ്ത രക്തരക്ഷസും പിശാചുമൊക്കെ ആയി അവൾ ചിത്രീകരിക്കപ്പെടുന്നു. കലാകാരന്മാരുടെ ഭാവന ചിറകു വിരിക്കാൻ ഏറെ അവസരം നല്കുന്നതാണ് അവളുടെ ജീവിതം. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ ഹതഭാഗ്യയായ ഒരു ദുരന്തകഥാപാത്രമായിരുന്നു സലോമി എന്നു കാണാൻ കഴിയും, ഒപ്പം എന്നും പ്രസക്തമായ ഒരു പ്രതീകവും.

തിക്തവും ദുഃഖപൂർണ്ണവുമായിരുന്നു അവളുടെ ബാല്യവും യൗവ്വനവും. അവിശ്വസ്തയും അധികാരമോഹിയുമായ അമ്മയുടെ വഴിവിട്ടുള്ള ജീവിതവും ഇടർച്ചകളും, വിവാഹമോചനത്തിലും പുനർവിവാഹത്തിലുമെത്തിയ പ്രേമബന്ധവും അവളുടെ ജീവിതത്തിനുമേൽ കരിനിഴൽ വീഴ്ത്തി. റോമിലെ പിതൃഭവനം വിട്ട് ഗലീലിയിലെ കൊട്ടാരത്തിലേക്കും പേരെയായിലെ കോട്ടയിലേക്കും മാറിത്താമസിക്കാൻ നിർബന്ധിതയായ അവൾ അമ്മയുടെ പ്രതികാരാഗ്നി ആവാഹിച്ചെടുക്കേണ്ടിവന്നു; അധികാരം നിലനിർത്താനുള്ള അമ്മയുടെ ശ്രമങ്ങളിൽ ഉപകരണമാക്കപ്പെട്ടു. സംഹാരരുദ്രയായിത്തീർന്ന ഒരു മാതാവിന്റെ തണലിൽ വളർന്ന അവളി

ലേക്കും മാതാവിന്റെ വിദ്വേഷ വിഷം കിനിഞ്ഞിറങ്ങി.

രാജസദസ്സിൽ നൃത്തം ചെയ്യുക രാജകുമാരിമാർക്കു പതിവല്ല. എന്നാൽ വിരുന്നു ശാലയിൽ സൗന്ദര്യപ്രകടനത്തിനു ക്ഷണം കിട്ടിയപ്പോൾ "മനസ്സില്ല" എന്നു ചക്രവർത്തിയോടു പറയാൻ ധൈര്യം കാട്ടിയ വാഷ്തി രാജ്ഞിയുടെ നട്ടെല്ലും കരളുറപ്പും അവൾക്കുണ്ടായിരുന്നില്ല. അതോ, അമ്മയോടുള്ള സ്നേഹാദരവുകളും അമ്മയെ അവഹേളിച്ചതിലുള്ള അമർഷവും സ്നാപകനെതിരെ ഉപജാപമൊരുക്കാൻ അവളെയും പ്രേരിപ്പിച്ചുവോ?

രണ്ടു സംസ്കാരങ്ങൾ, രണ്ടു വിശ്വാസങ്ങൾ, രണ്ടു ജീവിതശൈലികൾ തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു മക്കേരൂസ് കോട്ടയിൽ സംഭവിച്ചത്. വിവാഹമോചനവും ബഹുഭാര്യാ-ഭർതൃത്വവും നാട്ടു നടപ്പായിരുന്ന റോമിൽ വളർന്ന ഹേറോദിയായ്ക്കും സലോമിക്കും യഹൂദരുടെ ഏകഭാര്യാവ്രതവും വിവാഹമോചന നിരോധനവും മനസ്സിലാക്കാൻ കഴിഞ്ഞില്ല. റോമിലെ പ്രൗഢിയിലും ഹേറോദേസിന്റെ കൊട്ടാരത്തിലെ ആഡംബരങ്ങളിലും തഴങ്ങിയവർക്ക് വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിച്ച്, അർദ്ധനഗ്നനായി മരുഭൂമിയിൽ വസിച്ച താപസനും അദ്ദേഹത്തിന്റെ ജീവിതവീക്ഷണവും വെറും മൗഢ്യവും ഭ്രാന്തുമായേ കാണാൻ കഴിഞ്ഞുള്ളൂ. ആ ഭ്രാന്ത് ജനങ്ങളെയും ബാധിക്കുകയും തങ്ങളുടെ ജീവനുതന്നെ ഭീഷണിയാവുകയും ചെയ്തപ്പോൾ അമ്മയും മകളും ഒറ്റക്കെട്ടായി നീങ്ങി. സ്നാപകൻ മരിക്കുക തങ്ങളുടെ നിലനില്പിന് ആവശ്യമായി അവർ കണ്ടു.

വ്യക്തമായ ലക്ഷ്യബോധത്തോടെ, നിശ്ചയദാർഢ്യത്തോടെ, തന്ത്രപൂർവ്വം കരുക്കൾ നീക്കിയ രണ്ടു സ്ത്രീകൾക്കു നടുവിൽ ദുർബലനായ ഹേറോദേസ് പതറി; അരുതാത്തതു ചെയ്യാൻ നിർബ്ബന്ധിതനായി. രാജ്യത്തിന്റെ പകുതി കൊടുക്കാൻ രാജാവിന് അധികാരമുണ്ടായിരിക്കാം. എന്നാൽ ഒരു നിരപരാധനെ കൊല ചെയ്യാൻ തനിക്കധികാരമില്ല എന്ന കാര്യം രാജാവു മറന്നു. സത്യത്തെയും നീതിയെയുംകാൾ പൊതുജനാഭിപ്രായത്തെ മാനിച്ച രാജാവ് തന്റെ അധികാരപരിധികളെ മറികടന്നു. ഇവിടെ ആരാണ് കുറ്റവാളി? മൂവർക്കും തങ്ങളുടെ പ്രവൃത്തിക്കു ന്യായീകരണമുണ്ടാകാം. പക്ഷേ, ദൈവികനിയമത്തിനുമുമ്പിൽ ആരും കുറ്റവിമുക്തരാകുന്നില്ല.

തെറ്റായ മാർഗ്ഗങ്ങൾ ഉപേക്ഷിക്കാൻ മടിക്കുന്നവർ തങ്ങളെ തിരുത്തുന്നവരെ ശത്രുക്കളായി കണ്ട്, ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നതിന്റെ ഉദാഹരണങ്ങളാണ് ഹേറോദിയായും സലോമിയും. അതിജീവനത്തിനും അധികാരസംരക്ഷണത്തിനുംവേണ്ടി ഏതറ്റം വരെയും പോകാൻ അവർ മടിച്ചില്ല. ഹേറോദേസ് മഹാരാജാവ് ചാവുകടലിന്റെ കിഴക്കെ കരയിൽ, പേരെയായിൽ പണികഴിപ്പിച്ച മക്കേരൂസ് കോട്ടയുടെ നിലവറയിൽ അടയ്ക്കപ്പെട്ട സ്നാപകൻ തടവറയിലും ഒരു ഭീഷണിയായി തുടരുന്നു എന്നു മനസ്സിലാക്കിയപ്പോൾ അവന്റെ നാവടക്കാൻ കഴുത്തറക്കുക മാത്രമാണ് മാർഗ്ഗം എന്നവർ തീരുമാനിച്ചു. അപ്രിയ സത്യം പറയുന്നവരെ നിശ്ശബ്ദരാക്കാനുള്ള ശ്രമം അധർമ്മത്തിനു മുകളിൽ അടയിരിക്കുന്ന അധികാരികളുടെ പൊതു ശൈലിയാണല്ലോ?



അങ്ങനെ സലോമിയും അമ്മ ഹേറോദിയായും എന്നും പ്രസക്തമായ ഒരു പ്രതീകമായിത്തീരുന്നു. പ്രവാചകശബ്ദത്തെ ഭയക്കുന്ന, ചെറുക്കുന്ന, അടിച്ചൊതുക്കാൻ ശ്രമിക്കുന്ന സ്ഥാപനവൽകൃത അധികാരത്തിന്റെ പ്രതീകം. പക്ഷേ, തളികയിലിരുന്നു രക്തമൊലിക്കുന്ന പ്രവാചകശിരസ് അതു കയ്യിലേന്തി നില്ക്കുന്ന രാജാധികാരത്തേക്കാൾ ശക്തമാണ്, വാചാലമാണ്. പ്രവാചകനെ വധിച്ച് സത്യത്തെ കുഴിച്ചുമൂടാൻ കുഴിയില്ല എന്നും ഈ രണ്ടു സ്ത്രീകളുടെ കഥ വ്യക്തമാക്കുന്നു. ആ ശബ്ദം യുഗയുഗാന്തരങ്ങളിലൂടെ, ദിഗന്തങ്ങളിൽ എന്നും മുഴങ്ങിക്കൊണ്ടേയിരിക്കും.




# 7 സെബദീപുത്രന്മാരുടെ മാതാവ്

## സലോമി

സലോമി എന്ന പേര് ബൈബിളിൽ ആകെ രണ്ടു തവണയേ പ്രത്യക്ഷപ്പെടുന്നുള്ളൂ. രണ്ടും മർക്കോസിന്റെ സുവിശേഷത്തിൽ. യേശുവിന്റെ കുരിശിൻ ചുവട്ടിൽനിന്ന സ്ത്രീകളിൽ ഒരുവളായിട്ടാണ് മർക്കോസ് സലോമിയെ അവതരിപ്പിക്കുന്നത് (മർക്കോ 15,40). സാബത്തു കഴിഞ്ഞപ്പോൾ യേശുവിന്റെ മൃതശരീരം പൂശാൻ തൈലവുമായി ശവകുടീരത്തിലേക്കു പോയവരുടെ കൂട്ടത്തിലും സലോമിയുണ്ട് (മർക്കോ 16,1). മറ്റൊരു സുവിശേഷവും എന്നല്ല, ബൈബിളിലെ ഒരു ഗ്രന്ഥവും സലോമി എന്ന പേരുപയോഗിച്ചിട്ടില്ല. ആരാണിവൾ? യേശുവിനെ അനുഗമിച്ചിരുന്ന സ്ത്രീകളുടെ പട്ടികയിൽ (ലൂക്കാ 8,1-3) ഈ പേര് ഉൾപ്പെടുത്തി

യിട്ടില്ല. എന്നാൽ മറ്റുചില സുവിശേഷഭാഗങ്ങളുമായി താരതമ്യം ചെയ്താൽ സലോമിയെക്കുറിച്ച് കൂടുതൽ വ്യക്തത ലഭിക്കും.

കുരിശിൻ ചുവട്ടിൽനിന്ന സ്ത്രീകളെക്കുറിച്ച് നാലു സുവിശേഷകരും പ്രതിപാദിക്കുന്നുണ്ട്. ലൂക്കാ ആരുടെയും പേരു രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ മറ്റുമൂന്നു സുവിശേഷകരും ചില പേരുകളും വിശദീകരണങ്ങളും നല്കുന്നുണ്ട്. അവയുടെ താരതമ്യപഠനം സലോമിയുടെ വ്യക്തിത്വത്തിലേക്ക് കൂടുതൽ വെളിച്ചം വീശും. കുരിശിൻ ചുവട്ടിൽനിന്ന, ഗലീലിയിൽനിന്ന് യേശുവിനെ അനുഗമിച്ച സ്ത്രീകളെക്കുറിച്ച് ഇപ്രകാരമാണ് സുവിശേഷകർ പ്രതിപാദിക്കുന്നത്: മത്താ 27,56: "അക്കൂട്ടത്തിൽ മഗ്ദലേനാമറിയവും യാക്കോബിന്റെയും ജോസഫിന്റെയും അമ്മയായ മറിയവും സെബദീപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു." മർക്കോ 15,40: "മഗ്ദലേനാമറിയവും യോസെയുടെയും ചെറിയ യാക്കോബിന്റെയും അമ്മയായ മറിയവും സലോമിയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു." യോഹ 19,25: "യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യ മറിയവും മഗ്ദലേനാമറിയവും നില്ക്കുന്നുണ്ടായിരുന്നു."

മത്തായി - മർക്കോസ് നല്കുന്ന പട്ടികയിൽ മൂന്നുപേരും യോഹന്നാന്റെ പട്ടികയിൽ നാലുപേരുമുണ്ട്. മൂന്നിലും മാറാതെ, ഒരുപോലെ നില്ക്കുന്നത് മഗ്ദലനാമറിയം മാത്രം. യോഹന്നാൻ യേശുവിന്റെ അമ്മയെക്കുറിച്ച് പറയുന്നത് മറ്റു സുവിശേഷങ്ങളിലില്ല. അവശേഷിക്കുന്നത് രണ്ടുപേർ. അവരിൽ ഒരാളുടെ പേര് മറിയം എന്ന് മൂന്നു സുവിശേഷങ്ങളും രേഖപ്പെടുത്തുന്നു; എന്നാൽ മറിയത്തിന്റെ വിശേഷണത്തിൽ വ്യത്യാസങ്ങളുണ്ട്. മത്തായിയും മർക്കോസും ഏതാണ്ട് ഒരേ വിധത്തിൽത്തന്നെയാണ് അവളെ വിശേഷിപ്പിക്കുന്നത്. മത്തായിയിലെ ജോസഫും യാക്കോബും തന്നെയാണ് മർക്കോസിലെ യോസേയും ചെറിയ യാക്കോബും എന്ന് അനുമാനിക്കാം. യോഹന്നാൻ പ്രതിപാദിക്കുന്ന ക്ലോപ്പാസിന്റെ ഭാര്യ മറിയവും ഇവൾ തന്നെയെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ഇനി അവശേഷിക്കുന്ന ഒരാളാണ് പ്രധാന ചർച്ചാവിഷയം.

മൂന്നു സുവിശേഷങ്ങൾ മൂന്നു തരത്തിലാണ് ആ വ്യക്തിയെ അവതരിപ്പിക്കുന്നത്. സെബദീപുത്രന്മാരുടെ അമ്മ എന്ന് മത്തായി; സലോമി എന്നു മർക്കോസ്; യേശുവിന്റെ അമ്മയുടെ സഹോദരി

എന്ന് യോഹന്നാൻ. ഇതു മൂന്നും ഒരാൾതന്നെയോ അതോ മൂന്നു പേരോ? മത്തായിയും മർക്കോസും ഒരാളിനെത്തന്നെയാണ് ഉദ്ദേശിക്കുന്നത് എന്ന് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ സെബദിയുടെ ഭാര്യയും യാക്കോബ്, യോഹന്നാൻ അപ്പസ്തോലന്മാരുടെ മാതാവും ആണ് സലോമി. യോഹന്നാനും ഈ വ്യക്തിയെത്തന്നെയാണ് അവതരിപ്പിക്കുന്നതെങ്കിൽ വളരെ പ്രധാനപ്പെട്ട മറ്റൊരു തിരിച്ചറിവുകൂടി നമുക്കു ലഭിക്കുന്നു. കുരിശിൻ ചുവട്ടിൽ നിന്ന സലോമി യേശുവിന്റെ മാതൃസഹോദരിയാണ്. അപ്പോൾ യാക്കോബും യോഹന്നാനും യേശുവിന്റെ ഉറ്റബന്ധുക്കളായിരുന്നു, മാതൃസഹോദരീപുത്രന്മാർ.

ഇത് വെറും ഒരു അനുമാനം മാത്രമാണെന്നും ഇതിന് വേണ്ടത്ര തെളിവുകളില്ലായെന്നും ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. കുരിശിൻ ചുവട്ടിൽ നിന്ന പല സ്ത്രീകളിൽ ചിലരെ മാത്രമേ സുവിശേഷകൻ എടുത്തു കാട്ടുന്നുള്ളൂ; അവർ പരാമർശിക്കുന്നത് ഒരേ വ്യക്തികളെക്കുറിച്ചു തന്നെ ആയിരിക്കണം എന്നില്ല എന്നും വാദിക്കുന്നവരുണ്ട്. എന്നാലും ലഭ്യമായ തെളിവുകളുടെ വെളിച്ചത്തിൽ തള്ളിക്കളയാനാവാത്ത ഒരു നിഗമനമാണ് സലോമി യേശുവിന്റെ മാതൃസഹോദരിയായിരുന്നു എന്നത്.

സലോമിയെക്കുറിച്ച് അധികമൊന്നും സുവിശേഷങ്ങൾ പറയുന്നില്ല. എന്നാലും സുപ്രധാനമായ ചില അറിവുകൾ നമുക്ക് ലഭ്യമാണ്. യേശുവിനുവേണ്ടി സ്വന്തം വീട് തുറന്നുകൊടുത്ത ഒരു വീട്ടമ്മയാണ് സലോമി. പരസ്യജീവിതത്തിന്റെ തുടക്കത്തിൽ യേശു നസ്രത്തുവിട്ട് കഫർണാമിൽ താമസമാക്കിയതോടെ സലോമിയുടെ ജീവിതത്തിലും കുടുംബത്തിലും കാതലായ മാറ്റങ്ങൾ സംഭവിച്ചു.

മക്കൾ രണ്ടുപേരും യേശു പ്രഘോഷിച്ച ദൈവരാജ്യമെന്ന സ്വപ്നത്തിൽ ആകൃഷ്ടരായി; വള്ളവും വലയും കുലത്തൊഴിലും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. അമ്മ അതിനെ തടഞ്ഞില്ല; നിരുത്സാഹപ്പെടുത്തിയതുമില്ല. നേരേമറിച്ച്, അവളും ഈ പുതിയ മുന്നേറ്റത്തിൽ പങ്കാളിയായി. നാടും വീടും വിട്ട്, ദേശാടകരായി ഇറങ്ങിത്തിരിച്ച യുവപ്രവാചകന്റെയും ശിഷ്യഗണത്തിന്റെയും കൂടെ സലോമിയും ചേർന്നു, ദൈവരാജ്യത്തിന്റെ മുന്നണിപ്പോരാളികൾക്ക് പിന്തുണയായി. "തങ്ങളുടെ സമ്പത്തുകൊണ്ട് അവരെ ശുശ്രൂഷി

ച്ചിരുന്ന മറ്റു പല സ്ത്രീകളും" (ലൂക്കാ 8,3) എന്ന വിശേഷണത്തിൽ അവളും ഉൾപ്പെടുന്നു.

ദൈവരാജ്യത്തെക്കുറിച്ച് ശിഷ്യസമൂഹത്തിന്റെ ഭാവനയിൽ വിരിഞ്ഞ ചിത്രം അധികാരത്തിന്റേതും മഹത്വത്തിന്റേതുമായിരുന്നു. ദാവീദിന്റെ സാമ്രാജ്യം പുനഃസ്ഥാപിക്കാൻ വന്ന മിശിഹാരാജാവാണ് യേശു എന്ന് അവർ കരുതി. ഈ വിശ്വാസം ശിഷ്യർ ഏറ്റു പറയുകയും ചെയ്തു. ജെറുസലേമിലേക്കുള്ള യാത്ര രാജത്വം സ്വീകരിക്കാനുള്ള ഘോഷയാത്രയാണെന്ന് അവർ കരുതിയെങ്കിൽ കുറ്റപ്പെടുത്താനാവില്ല. ഇസ്രായേൽ ജനത്തിന്റെ ചിരകാല പ്രതീക്ഷയായിരുന്നു അത്. അതിനാൽത്തന്നെയാവണം, യാത്ര അതിന്റെ അന്ത്യഘട്ടത്തോടടുത്തപ്പോൾ യാക്കോബും യോഹന്നാനും പ്രത്യേകമൊരു അഭ്യർത്ഥനയുമായി യേശുവിനെ സമീപിച്ചത്. "അങ്ങയുടെ മഹത്വത്തിൽ ഞങ്ങളിൽ ഒരാൾ അങ്ങയുടെ വലത്തുവശത്തും മറ്റേയാൾ ഇടത്തുവശത്തും ഉപവിഷ്ടരാകാൻ അനുവദിക്കണമേ!" (മർക്കോ 10,37). രാജാവിന്റെ ഇടത്തും വലത്തും ഇരിക്കുന്നത് രാജ്യത്തിലെ ഏറ്റം ഉയർന്ന ഉദ്യോഗസ്ഥരാണ്. ആ സ്ഥാനം അവകാശപ്പെടാൻ ഗുരുവിന്റെ മാതൃ സഹോദരീ പുത്രന്മാർ എന്ന നിലയിൽ അവർ തുനിഞ്ഞെങ്കിൽ അത്ഭുതത്തിനവകാശമില്ല.

എന്നാലും യേശുവിന്റെ ശിഷ്യസമൂഹത്തിലെ ഏറ്റം പ്രധാനപ്പെട്ട മൂവരിൽ രണ്ടുപേർ ഇപ്രകാരമൊരഭ്യർത്ഥനയുമായി വന്നത് പില്ക്കാലത്ത് അരോചകമായി അനുഭവപ്പെട്ടിരിക്കാം; പ്രത്യേകിച്ചും യേശു നല്കിയ മറുപടിയുടെയും മറ്റു ശിഷ്യരുടെ നിഷേധാത്മകമായ പ്രതികരണത്തിന്റെയും വെളിച്ചത്തിൽ. അതിനാലാവാം മത്തായി സുവിശേഷകൻ അഭ്യർത്ഥന മാതാവിന്റേതായി അവതരിപ്പിച്ചിരിക്കുന്നത് (മത്താ 20,21). മക്കൾക്കു മന്ത്രിസ്ഥാനം തരപ്പെടുത്തിയെടുക്കാൻവേണ്ടി മാതൃസഹോദരിയെന്ന സ്ഥാനം ദുരുപയോഗിച്ചതായി തോന്നാം. എന്നാൽ ആഗ്രഹവും യാചനയും അമ്മയുടേതല്ല, മക്കളുടേതുതന്നെ ആയിരുന്നെന്ന് സുവിശേഷഭാഗം സൂക്ഷ്മമായി അപഗ്രഥിച്ചാൽ മനസ്സിലാകും.

സ്വപ്നങ്ങളെല്ലാം തകർന്ന് ശിഷ്യർ ഒളിച്ചോടിയപ്പോൾ കുരിശിൻ ചുവട്ടിൽ പതറാതെ നിന്നവരുടെ കൂടെ സലോമിയും ഉണ്ടായിരുന്നു; അവൾ ഭയന്നോടിയില്ല. കലാപകാരിയുടെ അനു

യായിയും ഉറ്റ ബന്ധുവുമായി അറിയപ്പെടുന്നതിൽ ലജ്ജിച്ചില്ല. മരണശേഷം മൃതശരീരം ഏറ്റുവാങ്ങി യഥാവിധി സംസ്കരിക്കാൻ ധൈര്യപ്പെട്ടവരുടെ കൂടെ അവളുമുണ്ടായിരുന്നു. മരണംകൊണ്ടും ആ ബന്ധം അവസാനിച്ചില്ല. സാബത്തു കഴിഞ്ഞപ്പോൾ മൃതശ രീരം പൂശാൻ സുഗന്ധദ്രവ്യങ്ങളുമായി കല്ലറയിങ്കലേക്കു പോയ വരുടെ കൂട്ടത്തിലും സലോമിയുണ്ടായിരുന്നു. അങ്ങനെ പൂർണ്ണ മായ അർത്ഥത്തിൽ സലോമി യേശുവിന്റെ ശിഷ്യയായിരുന്നു.

സലോമിയെക്കുറിച്ചുള്ള ചുരുക്കം പ്രതിപാദനങ്ങൾ യേശു വിന്റെ ശിഷ്യസമൂഹത്തെയും സഭയുടെ തുടക്കത്തെയും കുറിച്ച് വളരെ വിലപ്പെട്ട ചില ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്. യേശുവിന്റെ സാന്നിധ്യത്തിൽ ആത്മാവിനു തീ പിടിച്ച ചില വ്യക്തികളാണ് സഭയുടെ ആദ്യഅംഗങ്ങൾ. യേശുവിന്റെ അമ്മ, അമ്മയുടെ സഹോ ദരി, അവളുടെ രണ്ടു പുത്രന്മാർ, യോസേ-യാക്കോബ് സഹോദര ന്മാർ, അവരുടെ അമ്മ - ഇവരെല്ലാം തന്നെ കുടുംബാംഗങ്ങ ളായിരുന്നു. ക്ലോപ്പാസ് എന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്ന മറി യത്തിന്റെ ഭർത്താവ്, അപ്പസ്തോലൻ യാക്കോബിന്റെ പിതാവായ ഹൽപൈ (മർക്കോ 3,18; ലൂക്ക 6,15) ആയിരുന്നു. അദ്ദേഹം യേശു വിന്റെ വളർത്തു പിതാവായ ജോസഫിന്റെ സഹോദരനായിരുന്നു എന്ന് സഭാപാരമ്പര്യം സാക്ഷിക്കുന്നു. യേശുവിന്റെ പല ബന്ധു ക്കളും ദൈവരാജ്യം എന്ന സ്വപ്നത്തിൽ പങ്കുചേർന്നു; യേശു വിനെ അനുഗമിക്കുകയും ചെയ്തു.

ഭൗതികസ്വപ്നങ്ങൾ എല്ലാം പൊലിഞ്ഞപ്പോഴും സലോമി ശിഷ്യത്വത്തിൽ നിന്നു പിൻവാങ്ങിയില്ല; മക്കളെ തിരിച്ചു വിളി ച്ചതുമില്ല. തന്റെ സ്വത്തും സമയവും കഴിവുകളും യേശുവിനും ശിഷ്യസമൂഹത്തിനും സംരക്ഷണവും പിന്തുണയും നല്കാൻ വേണ്ടി സമർപ്പിച്ച സലോമി എന്നും ഒരു മാതൃകയാണ്, യഥാർത്ഥ ശിഷ്യത്വത്തിന്റെ, ഉദാത്തമായ പ്രേഷിതത്വത്തിന്റെ ദീപ്തമായ മാതൃ ക. രക്തബന്ധം ശിഷ്യത്വത്തിനു വിലങ്ങു തടിയായില്ല. അവകാ ശവാദങ്ങൾക്കപ്പുറം വചന ശ്രവണവും കുരിശിലുള്ള പങ്കാളി ത്തവും വഴി പുതിയ കുടുംബത്തിന്റെ കൂട്ടായ്മയുടെ മുൻനിരയി ലേക്ക് അവളും കടന്നുവന്നു. അങ്ങനെ ആത്മീയാർത്ഥത്തിലും അവൾ യേശുവിന്റെ കുടുംബാംഗമായി (ലൂക്കാ 8,21).



4

# ദുഃഖപുത്രി

## നായീനിലെ വിധവ

ലൂക്കാ എഴുതിയ സുവിശേഷത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രമാണ് പഠനവിഷയം. അവൾക്കു പേരില്ല; അവളുടേതായി ഒരു വാക്കുപോലും സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുമില്ല. ഏഴു വാക്യങ്ങളിൽ അവതരിപ്പിക്കുന്ന വിവരണത്തിലെ മൂന്നു വാക്യങ്ങൾ അവൾക്കായി മാറ്റി വച്ചിരിക്കുന്നു. ഏതാനും വാക്കുകളിൽ ഒതുങ്ങിനില്ക്കുന്ന അവളുടെ ചിത്രം വലിയൊരു പ്രതീകമാണ്: ഘനീഭവിച്ച, കണ്ണീരിൽ കുതിർന്ന, ദുഃഖത്തിന്റെ മൂർത്തരൂപം. പേരില്ലാത്ത, വാക്കില്ലാത്ത, ചരിത്രത്തിൽ സ്ഥാനമില്ലാത്ത, ഒരു സ്ത്രീരൂപം.

സുവിശേഷകൻ ചുരുക്കം വാക്കുകളിൽ വരച്ചുകാട്ടുന്ന അവ

ളുടെ ചിത്രം ആരുടെയും കരളലിയിക്കും. വിധവയാണവൾ. ഏക സമ്പത്തും ആശ്രയവുമായിരുന്ന മകനും മരിച്ചു. മകന്റെ മൃതശരീരം സംസ്കരിക്കാനായി ശവകുടീരത്തിലേക്കു പോകുന്ന അവൾക്ക് ഒന്നേ ഇനി ബാക്കിയുള്ളൂ - കണ്ണീർ. ഹൃദയത്തിൽ പതഞ്ഞുപൊങ്ങിയ ദുഃഖം ചിറപൊട്ടി ഒഴുകുന്ന പുഴപോലെ കണ്ണുകളിൽ നിന്നു പ്രവഹിച്ചു. പട്ടണത്തിൽ നിന്നുള്ള ജനക്കൂട്ടം അവളെ അനുഗമിച്ചു; തപ്പും കുഴലും വിലാപഗാനങ്ങളും നിലവിളിയും നെടുവീർപ്പുകളുമായി. എല്ലാം അവസാനിച്ചു. ഇനി പ്രതീക്ഷിക്കാൻ ഒന്നുമില്ല. മകന്റെ കൂടെ താനും സംസ്കരിക്കപ്പെട്ടിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചുകാണും.

ഭർത്താവിന്റെ അകാലമൃത്യു ഭാര്യയുടെ പാപം മൂലമാണെന്ന വിശ്വാസം നിലനിന്ന ഒരു സമൂഹമായിരുന്നു അവളുടേത്. അതിനാൽത്തന്നെ വിധവകൾ അവഗണന മാത്രമല്ല അവജ്ഞയും പരിഹാസവും ശത്രുതയും നേരിടേണ്ടിവന്നിരുന്നു. അവൾക്ക് ഏക തുണയും ആശ്രയവും ആയിരുന്ന ഏകമകനും മരിച്ചുകഴിഞ്ഞപ്പോൾ ദുഃഖം പൂർത്തിയായി. ഇനി ജീവിക്കുന്നതു തന്നെ അർത്ഥശൂന്യമായി അനുഭവപ്പെട്ടു.

നായീൻ എന്നാണ് അവളുടെ പട്ടണം അറിയപ്പെടുന്നത്. സന്തുഷ്ട, പ്രസന്ന എന്നൊക്കെ അർത്ഥമുള്ളതാണ് ഹീബ്രുഭാഷയിലെ ആ പേര്. "നവോമി" എന്ന പേരും ഇതേ മൂലത്തിൽ നിന്നു വരുന്നു. ഗലീലിയുടെ തെക്കുഭാഗത്തുള്ള ഫലപുഷ്ടമായ എസ്ദ്രലോൺ താഴ്‌വരയുടെ വടക്കേ അതിർത്തിയിൽ, നബിദാഹി എന്നറിയപ്പെടുന്ന കുന്നിൻ ചരുവിൽ, നായീൻ എന്ന പേരിൽ ഇന്നും ഒരു ചെറു ഗ്രാമമുണ്ട്. ഏലീഷാ പ്രവാചകൻ ഒരു വിധവയുടെ മകനെ ഉയിർപ്പിച്ച ഷൂനേം പട്ടണം ഇതിനടുത്താണ്. മരണത്തിനുമുമ്പ് സാവൂൾ രാജാവ് ഉപദേശം തേടിയ മന്ത്രവാദിനി വസിച്ചിരുന്ന ഏൻദോറിലേക്ക് ഇവിടെനിന്ന് മൂന്നു കിലോമീറ്റർ ദൂരമേയുള്ളൂ. നസ്രത്തിൽനിന്ന് എട്ടും കഫർണാമിൽനിന്ന് നാല്പതും കിലോമീറ്റർ തെക്കാണ് നായീൻ. ഈ പുരാതന ഗ്രാമത്തിന്റെ സമീപത്ത് മലഞ്ചെരുവിൽ, പാറയിൽ കൊത്തിയൊരുക്കിയ ശവകുടീരങ്ങൾ ഇന്നും കാണാം. ഈ ശവപ്പറമ്പിലേക്കാണ് നിറഞ്ഞൊഴുകുന്ന കണ്ണുകളോടെ ആ വിധവ മകന്റെ മൃതശരീരത്തെ അനുഗമിച്ചത്.

എല്ലാം അവസാനിച്ചു എന്നു കരുതിയിടത്ത് അപ്രതീക്ഷി

തമായതു സംഭവിച്ചു. ശവമഞ്ചത്തിന്റെ പിറകെ പട്ടണത്തിനു പുറത്തേക്കു വന്ന ജനക്കൂട്ടത്തിനുമുമ്പിൽ മറ്റൊരു ജനക്കൂട്ടം പ്രത്യക്ഷപ്പെട്ടു. അവരും ഒരു യുവാവിനെ അനുഗമിച്ചാണ് വന്നത് - നസ്രത്തിൽ നിന്നുള്ള യേശുവിനെ. പുനരുത്ഥാനവും ജീവനും ഞാനാണ് (യോഹ 11,25) എന്നു പറഞ്ഞവൻ ഇപ്പോൾ മരിച്ച യുവാവിന്റെ മുമ്പിൽ. ജീവനും മരണവും മുഖാഭിമുഖം നിന്നു. അഥവാ ജീവന്റെ നാഥൻ മരണത്തിന്റെ മേഖലയിലേക്കു കടന്നുവന്നു. ആസന്ന മരണനായ ഭൃത്യനെ സുഖപ്പെടുത്തിയതിനുശേഷം കഫർണാമിൽ നിന്ന് നാല്പതു കിലോമീറ്റർ നടന്നുവന്നത് ഈ കണ്ടുമുട്ടലിനു വേണ്ടി മാത്രമായിരുന്നു.

കേട്ടുമടുത്ത ഒരു പല്ലവിപോലെയേ അവൾക്ക് അത് ആദ്യം അനുഭവപ്പെട്ടുള്ളൂ. കരയേണ്ടാ! എത്രയോ പേർ അവളോട് അത് ആവർത്തിച്ചു. ഭർത്താവ് മരിച്ചപ്പോഴും ഇപ്പോൾ ഏകമകൻ വിടവാങ്ങിയപ്പോഴും ബന്ധുക്കളും സുഹൃത്തുക്കളും എന്നല്ല, കണ്ടവരെല്ലാം പറഞ്ഞു, കരയേണ്ടാ! കദനഭാരത്താൽ ഹൃദം പൊട്ടാതിരിക്കാൻ കണ്ണീരിന്റെ ഉറവ പൊട്ടുന്നതു സഹായിക്കും. ദുഃഖം പരിഹരിച്ചില്ലെങ്കിലും ദുഃഖഭാരം കുറയ്ക്കാൻ കണ്ണീരിനു കഴിയും. അതിനാൽ കരയേണ്ടാ എന്ന് ആരോടും പറയരുത്. കരയട്ടെ, കരയുന്നതു നല്ലതാണ്. സാധിക്കുമെങ്കിൽ കൂടെ കരയുക. എന്നാൽ ഇവിടെ സംഭവിച്ചത് അർത്ഥം ചോർന്നുപോയ ഒരു ഭംഗി വാക്കായിരുന്നില്ല. കരയേണ്ടാ എന്നു പറയുന്നതിന് അർത്ഥമുണ്ടാകണമെങ്കിൽ കണ്ണീരിന്റെ കാരണം കണ്ടു പിടിച്ച് പരിഹരിക്കാൻ കഴിയണം. അതിനു കഴിവുള്ളവനാണ് പറഞ്ഞത്, കരയേണ്ടാ. അടുത്തനിമിഷം അവൾക്കതു ബോധ്യമായി.

പെട്ടന്നാണ് എല്ലാം സംഭവിച്ചത്. കരയേണ്ടാ എന്നു പറഞ്ഞവൻ ശവമഞ്ചത്തിൽ തൊട്ടു. മരണത്തിന്റെ മേഖലയിലേക്ക് ജീവന്റെ കടന്നുകയറ്റം. പുറകെവന്നു, ജീവദായകമായ വചനം: "യുവാവേ, ഞാൻ നിന്നോടു പറയുന്നു: എഴുന്നേല്ക്കുക" (ലൂക്കാ 7,14). അതൊരു കല്പനയായിരുന്നു. യേശുവിന്റെ മുന്നിൽ മരണം മുട്ടുമടക്കി. മരിച്ച യുവാവ് ഞെട്ടിയെഴുന്നേറ്റു; പോരാ; അവൻ സംസാരിക്കാൻ തുടങ്ങി. ഇതുവെറും ഒരു തോന്നലല്ല, മനസ്സിന്റെ വിഭ്രാന്തിയോ സ്വപ്നമോ അല്ല. മരിച്ച യുവാവ് സത്യമായും ജീവനിലേക്കു മടങ്ങിവന്നു; അതു ബോധ്യമാക്കാൻ യേശു അവനെ അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തു. അതോടെ ദുഃഖം സന്തോഷത്തിനു

വഴിമാറി. ജനങ്ങൾ അത്ഭുതസ്തബ്ധരായി. ഒന്നേ അവർക്കു പറയാനുള്ളൂ. "ദൈവം ഞങ്ങളെ സന്ദർശിച്ചിരിക്കുന്നു."

അമ്മയുടെ പ്രതികരണം സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് അവൾക്ക് എന്തു സംഭവിച്ചു എന്നും അറിയില്ല. എന്നാൽ ഒന്നറിയാം. കണ്ണീരിന്റെ താഴ്വരയിലും മരണത്തിന്റെ മേഖലയിലും താഴ്ന്നിറങ്ങി വന്ന ദൈവത്തിന്റെ അനന്തകാരുണ്യം അനുഭവിച്ചറിയാൻ അവൾക്കു ഭാഗ്യം ലഭിച്ചു. മകനു ലഭിച്ച ജീവൻ വരാൻ പോകുന്ന ശരീരങ്ങളുടെ പുനരുത്ഥാനത്തിന്റെയും നിത്യജീവന്റെയും ഒരു മുന്നോടിയും പ്രതീകവുമായിരുന്നു.

പഴയനിയമത്തിലെ രണ്ടു സംഭവങ്ങളുമായി ഇതിനു സാമ്യമുണ്ട്. സറെഫ്ത്തായിലെ വിധവയുടെ മകനെ ഏലിയാ പ്രവാചകൻ മരണത്തിൽ നിന്നുയർപ്പിച്ച് അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തു (1 രാജാ 17, 24). മകനെ ജീവനോടെ തിരിച്ചുകിട്ടിയപ്പോൾ അമ്മ ഏലിയായെ യഥാർത്ഥ പ്രവാചകനായി അംഗീകരിച്ചു; ദൈവവചനത്തിൽ വിശ്വസിച്ചു. ഏലിയായുടെ ശിഷ്യൻ ഏലീഷായും ഒരു വിധവയുടെ മകനെ ഉയിർപ്പിച്ച് അമ്മയെ ഏല്പിച്ചു (1 രാജാ 4,32 -37). ഈ രണ്ടു വിവരണങ്ങളുടെ ചുവടുപിടിച്ചാണ് ലൂക്കായും തന്റെ വിവരണം അവതരിപ്പിച്ചിരിക്കുന്നത്. ഏലിയായും ഏലീഷായും ക്ലേശകരമായ പ്രക്രിയകൾവഴി കുട്ടിക്കു ജീവൻ തിരിച്ചു നല്കിയപ്പോൾ യേശു ഒരു വാക്കുച്ചരിച്ചതേയുള്ളൂ. ദൈവമാണ് ജീവൻ തിരിച്ചു നല്കിയത്. ഏലിയായും ഏലീഷായും ദൈവകാരുണ്യത്തിന്റെ പ്രവാചകന്മാരായിരുന്നു, യേശുവാകട്ടെ ദൈവത്തിന്റെ അവതാരവും.

നായീനിലെ വിധവയിലൂടെ ഒരു വലിയ പാഠം നമുക്കു ലഭിക്കുന്നുണ്ട്. ദൈവത്തിനു പരിഹരിക്കാനാവാത്ത ദുഃഖമില്ല; തുടച്ചുമാറ്റാനാവാത്ത കണ്ണീരില്ല. എത്രവലിയ അത്യാഹിതത്തിന്റെ നടുവിലും പ്രത്യാശ കൈവെടിയാതിരിക്കുക. നായീൻ പട്ടണത്തിന്റെ പടിവാതില്ക്കൽ വന്നുനിന്ന് കരയേണ്ടാ എന്നു പറഞ്ഞവൻ നമ്മോടും പറയും കരയേണ്ടാ. മരണം അവസാനമല്ല, തുടക്കമാണ് - പിതാവിനോടൊന്നിച്ചുള്ള നിത്യജീവന്റെ തുടക്കം. വിധവയുടെ മകനെ മരണത്തിൽനിന്ന് ഉയിർപ്പിച്ചവൻ നമ്മുടെ മർത്യശരീരങ്ങളെയും ഉയിർപ്പിച്ച് അമർത്യമാക്കും. ഈ വിശ്വാസവും പ്രത്യാശയുമാണ് നായീനിൽ നിന്ന് ലഭിക്കുന്നത്.



9

# അനുതാപത്തിന്റെ മാതൃക

## ഏറെ സ്നേഹിച്ച പാപിനി

ഫരിസേയാ പ്രമുഖന്റെ വിരുന്നുശാലയിലേക്ക് ക്ഷണിക്കപ്പെടാതെ കടന്നുവന്ന ആ സ്ത്രീ ഒരു വിവാദ കൊടുങ്കാറ്റഴിച്ചുവിട്ടു. ആ ചുഴലിക്കൊടുങ്കാറ്റിൽ കപടഭക്തിയുടെ മുഖം മൂടികൾ പറന്നുയർന്നു. പാപവും മോചനവും, അനുതാപവും സ്നേഹവും വിവാദവിഷയമായി. യേശുവിന്റെ തന്നെ സൽപേര് ചോദ്യം ചെയ്യപ്പെടാൻ അവളുടെ സാന്നിധ്യം കാരണമായി. പാപഭാരവും അടിച്ചേൽപ്പിക്കപ്പെട്ട അപകർഷതാബോധവും ആത്മനിന്ദയും കൊണ്ട് തകർന്ന ഹൃദയവും തളർന്ന മനസ്സുമായി കടന്നുവന്ന അവൾ വിവാദങ്ങൾക്കൊടുവിൽ, പെയ്തുതെളിഞ്ഞ മാനംപോലെ തിളങ്ങുന്ന മുഖവും നിവർന്ന നട്ടെല്ലുമായി നടന്നകന്നപ്പോൾ പശ്ചാ

ത്താപം ആവശ്യമില്ലാത്ത, തങ്ങളുടെ വിശുദ്ധിയിൽ ഊറ്റം കൊണ്ട ഫരിസേയ നേതാക്കന്മാർ ഒന്നും മനസ്സിലാകാതെ ഇരുട്ടിൽ തപ്പി ത്തടഞ്ഞു. ആരാണിവൾ?

ആസന്നമരണനു സൗഖ്യവും ശവമഞ്ചത്തിൽ കിടന്നവനു ജീവനും നല്കിയ ജീവന്റെ നാഥനായി യേശുവിനെ അവതരിപ്പി ച്ചതിനുശേഷം ആത്മാവിന്റെ മരണമായ പാപത്തിൽനിന്നും ദൈവി കജീവനിലേക്ക് ഉയിർപ്പിക്കാൻ കഴിവും അധികാരവുമുള്ള യേശു വിന്റെ ചിത്രം വരച്ചുകാട്ടാനാണ് ലൂക്കാ സുവിശേഷകൻ അവളെ ക്കുറിച്ച് പ്രതിപാദിക്കുന്നത്. പതിനഞ്ചു വാക്യങ്ങളിൽ (ലൂക്കാ 7,36 -50) നിറഞ്ഞുനില്ക്കുന്ന വിവരണത്തിലെ മുഖ്യകഥാപാത്രമായ അവൾക്ക് പേരില്ല. അവളുടേതായ ഒരു വാക്കുപോലും സുവിശേ ഷകൻ രേഖപ്പെടുത്തിയിട്ടുമില്ല. ഇത്രയേറെ തെറ്റിധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇരയായിട്ടുള്ള കഥാപാത്രങ്ങൾ ബൈബി ളിൽ വേറെ അധികമില്ല.

ഊരും പേരും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിശ്വാ സികളുടെയും ഭക്തരുടെയും ഭാവനയിൽ അവൾക്കു പല വിശദീ കരണങ്ങൾ നല്കപ്പെട്ടു. യേശുവിനെ തൈലാഭിഷേകം നടത്തിയ ഒരു സ്ത്രീയെക്കുറിച്ച് മറ്റു മൂന്നു സുവിശേഷങ്ങളും പ്രതിപാദി ക്കുന്നുണ്ട്. മത്തായി - മർക്കോസ് സുവിശേഷകന്മാർ അവൾ ആരെന്നു പറയുന്നില്ല. ബഥാനിയായിലെ കുഷ്ഠരോഗിയായ ശിമ യോന്റെ വീട്ടിൽ യേശു വിരുന്നിനിരിക്കുമ്പോൾ വിലയേറിയ സുഗ ന്ധതൈലവുമായി വന്ന അവൾ വെൺ കൽഭരണി തുറന്ന് യേശു വിന്റെ ശിരസ്സിൽ തൈലം ഒഴിച്ചു എന്നു രണ്ടുപേരും രേഖപ്പെടു ത്തിയിരിക്കുന്നു (മത്താ 26,6-8; മർക്കോ 14,3). ഇതേ സംഭവം യോഹന്നാനും വിവരിക്കുന്നുണ്ട്. അവിടെ തൈലം പൂശിയ സ്ത്രീക്കു പേരുണ്ട് - മറിയം. സാഹചര്യത്തിൽനിന്ന് അത് ലാസ റിന്റെ സഹോദരി മറിയമായിരുന്നു എന്നനുമാനിക്കാം. യേശുവിന്റെ പാദത്തിൽ തൈലം പൂശുകയും തലമുടികൊണ്ട് തുടയ്ക്കുകയും ചെയ്തു എന്നു യോഹന്നാൻ എടുത്തു പറയുന്നു (യോഹ 12,1 -3). ഈ മൂന്നു സുവിശേഷകന്മാരും വിവരിക്കുന്ന സംഭവം തന്നെ യാണ് ലൂക്കായും അവതരിപ്പിക്കുന്നത് എന്ന് പലരും കരുതി. വെൺകൽഭരണി, സുഗന്ധതൈലം, കാലിൽ തൈലം പൂശൽ, മുടി കൊണ്ട് തുടയ്ക്കൽ ഇത്രയും കാര്യങ്ങളാണ് തെളിവായി എടുത്തു കാട്ടുന്നത്.

ഈ വിശദീകരണം സ്വീകരിച്ചാൽ വ്യക്തിയെക്കുറിച്ച് വ്യക്തത കിട്ടും - അത് ബെഥനിയായിലെ ലാസറിന്റെ സഹോദരി മറിയമായിരുന്നു. അതുകൊണ്ടവസാനിച്ചില്ല. വ്യക്തതതേടിയുള്ള ഭാവനാസമ്പന്നമായ അന്വേഷണം. ലൂക്കായുടെ വിവരണത്തിൽ തൈലം പൂശുന്ന സ്ത്രീ ഒരു പരസ്യപാപിനിയാണ്. സുവിശേഷകനും, പിന്നീട് വിവരണത്തിൽ ഫരിസേയനും ഇക്കാര്യം എടുത്തു പറയുന്നുണ്ട്. ഇവിടെ നിന്നാണ് ആ സ്ത്രീയെക്കുറിച്ചുള്ള അടുത്ത നിഗമനം. അവൾ മറ്റാരുമല്ല, മഗ്ദലേനമറിയമായിരുന്നു. ലൂക്കായുടെ വിവരണത്തിൽ തൈലാഭിഷേകം നടക്കുന്നത് ഗലീലിയിൽ വച്ചാണെന്ന സൂചനയുണ്ട്. തിബേരിയാസ് പട്ടണത്തിൽനിന്ന് ഏകദേശം 5 കി.മീ. വടക്കു പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന ഒരു പ്രധാനപട്ടണമായിരുന്നു മാഗ്ദല. ആ പട്ടണത്തിൽ വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരുന്നവളാണ് ശിമയോന്റെ വിരുന്നു ശാലയിലേക്ക് തള്ളിക്കയറി വന്നത് എന്ന നിഗമനത്തിന് പുരാതന കാലം മുതൽ വലിയ അംഗീകാരമുണ്ട്. അങ്ങനെ മഗ്ദലേനാമറിയം വേശ്യയായിരുന്നുവെന്നും അവളാണ് യേശുവിന്റെ കാല്ക്കൽ വീണു കരഞ്ഞതെന്നുമുള്ള വിശ്വാസം ഇന്നും ശക്തമായി നിലനില്ക്കുന്നു. എന്നാൽ ഈ നിഗമനങ്ങളൊന്നും സുവിശേഷവിവരണത്തിൽ നിന്ന് തെളിയിക്കാനാവില്ല.

ബഥനിയായിലെ മറിയം എങ്ങനെ മഗ്ദലയിലെ വേശ്യയായി എന്നതിനു വിശ്വസനീയമായ വിശദീകരണമില്ല. രണ്ടു പട്ടണങ്ങളും തമ്മിൽ ഏകദേശം 150 കിലോമീറ്റർ അകലമുണ്ട്. മഗ്ദലേനമറിയം വേശ്യയായിരുന്നു എന്നതിനു തെളിവൊന്നുമില്ല. മത്തായി - മർക്കോസ് പരാമർശിക്കുന്ന ബഥനിയായിലെ കുഷ്ഠരോഗി ശിമയോനും ലൂക്കാ പറയുന്ന ശിമയോനും ഒരാളായിരുന്നെന്ന നിഗമനത്തിനും മതിയായ അടിത്തറയില്ല. തന്നെയുമല്ല, പാപിനിയുടെ തൈലാഭിഷേകം വിവരിച്ചതിനു തൊട്ടു പിന്നാലെയാണ് ലൂക്കാ മഗ്ദലേനാമറിയത്തക്കുറിച്ചു പരാമർശിക്കുന്നത്. "ഏഴു ദുഷ്ടാത്മാക്കൾ വിട്ടുപോയവളും മഗ്ദലേനാ എന്നു വിളിക്കപ്പെടുന്നവളുമായ മറിയം" (ലൂക്ക 8,2) എന്ന അവതരണം പുതിയ ഒരാളെ പരിചയപ്പെടുത്തുന്നു എന്ന പ്രതീതിയാണ് നല്കുന്നത്. വേശ്യാവൃത്തിയെ പിശാചു ബാധയായി പുതിയ നിയമത്തിൽ ഒരിടത്തും വിശേഷിപ്പിച്ചിട്ടുമില്ല. അതിനാൽ പഠനവിഷയമായ സ്ത്രീ മഗ്ദലേനാമറിയമല്ല; ബഥാനിയായിലെ മറിയവുമല്ല. സുവിശേഷ

കൻ പേരു വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു സ്ത്രീ ആയി മാത്രമേ കരുതാനാവൂ. പില്ക്കാലത്തു കണ്ടു പിടിച്ച പേരുകൾ ജിജ്ഞാസയെ തൃപ്തിപ്പെടുത്താൻ സഹായിക്കുമെങ്കിലും യഥാർത്ഥമായിരിക്കണമെന്നില്ല.

ആളിന്റെയും സ്ഥലത്തിന്റെയും പേരു പറയാതെ വ്യക്തിയുടെ സ്വഭാവത്തിലും പ്രവർത്തനങ്ങളിലുമാണ് സുവിശേഷകൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. "പട്ടണത്തിലെ പാപിനിയായ ഒരുവൾ" എന്ന സുവിശേഷകന്റെ വിശദീകരണം അവളുടെ തൊഴിലിനെക്കുറിച്ച് ഒരു സൂചന നല്കുന്നു. ഫരിസേയന്റെ വിരുന്നു ശാലയിലേക്ക് അങ്ങനെ ഒരാൾ കടന്നുവരുന്നതിന്റെ വൈരുധ്യം തികച്ചും നാടകീയവും അർത്ഥഗർഭവുമാകുന്നു. യേശുവിനെതിരെ 7,34 ൽ ഉന്നയിക്കപ്പെട്ട "ഭോജനപ്രിയനും മദ്യപനും ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതനും" എന്ന ആരോപണത്തെ സാധൂകരിക്കുന്നതായി തോന്നാം ഈ സംഭവം.

വിരുന്നുശാലയിലേക്കു കടന്നുവന്നവൾ യേശുവിന്റെ പിന്നിൽ, കാല്ക്കലായി നിലയുറപ്പിച്ചു. പാലസ്തീനായിലെ സമ്പന്നർ റോമാക്കാരെപ്പോലെ ദിവാനിൽ ചാരിക്കിടന്നാണ് വിരുന്നാഘോഷിച്ചിരുന്നത്. മുമ്പിൽ ചെറിയ മേശകളിലായി ഭക്ഷണസാധനങ്ങൾ നിരത്തിയിരിക്കും. കാലുകൾ നീട്ടിക്കിടക്കുന്നതിനാൽ കഴുകാനും തഴുകാനുമൊക്കെ എളുപ്പമായിരുന്നു. ഈ പശ്ചാത്തലത്തിൽ തുടർന്നുള്ള പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ എളുപ്പമാകും. ഭയന്നും പാപബോധത്താൽ മനസ്സുകലങ്ങിയും പിന്നിൽ നിന്ന സ്ത്രീയുടെ കണ്ണുകൾ കവിഞ്ഞൊഴുകി, യേശുവിന്റെ പാദത്തിൽ കണ്ണീർവീണു. അപ്രതീക്ഷിതമായി ഗുരുവിന്റെ പാദത്തിൽ വീഴ്ത്തിയ കണ്ണീർ അവൾ തുടച്ചുമാറ്റിയത് സ്വന്തം മുടികൊണ്ട്. ഒരു യഹൂദസ്ത്രീ ഒരിക്കലും ചെയ്യാൻ ധൈര്യപ്പെടാത്ത ഒരു പ്രവൃത്തിയാണിത്. തല മൂടിയേ സ്ത്രീകൾ നടക്കാറുള്ളൂ. അന്യപുരുഷന്റെ മുമ്പിൽ തലമുടി കാട്ടുന്നതുതന്നെ വിവാഹമോചനം ആവശ്യപ്പെടാവുന്ന കുറ്റമായി പരിഗണിച്ചിരുന്ന ഒരു സമൂഹത്തിൽ ഈ പ്രവൃത്തി തികച്ചും ഗർഹണീയമായിരുന്നു.

പക്ഷേ അത് തുടക്കം മാത്രമായിരുന്നു. മുടികൊണ്ട് തുടച്ച പാദത്തിൽ അവൾ നിർത്താതെ ചുംബിച്ചു. ഗാഢമായി, തുടർച്ചയായി ചുംബിച്ചുകൊണ്ടേയിരുന്നു എന്നാണ് ഗ്രീക്കുമൂലത്തിന്റെ വാച്യാർത്ഥം. തുടർന്ന് ഏറ്റം വിലയേറിയ സുഗന്ധതൈലം അവൾ

ഗുരുപാദത്തിൽ ഒഴിച്ചു. അവൾക്കിനി ഒന്നും ബാക്കി വയ്ക്കാനില്ല. തന്റെ ജീവിതം മുഴുവൻ അവൾ ഗുരുപാദത്തിൽ സമർപ്പിച്ചു. ആരെയും അവൾ ഭയക്കുന്നില്ല. നിയമജ്ഞർ നിശ്ചയിച്ച അതിർവരമ്പുകൾ പണ്ടേ മറി കടന്ന അവൾ ഇപ്പോൾ സകലമാമൂലുകളും കാറ്റിൽ പറത്തി. പരിസരം മറന്നു, സ്വയം മറന്നു. ഗുരുവിനു നേരിടേണ്ടി വരാവുന്ന ആരോപണങ്ങളും എതിർപ്പുകളും മറന്നു. അവളുടെ മുമ്പിൽ ഗുരുപാദം മാത്രം. എന്താണിതിനർത്ഥം? കാണികൾ പലതും ചിന്തിച്ചു.

"അവനെ ക്ഷണിച്ച ആ ഫരിസേയൻ ഇതു കണ്ട് സ്വഗതമായി പറഞ്ഞു: ഇവൻ പ്രവാചകൻ ആണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരിയെന്നും അറിയുമായിരുന്നു. ഇവൾ ഒരു പാപിനി ആണല്ലോ" (ലൂക്ക 7,39). അവളെ എല്ലാവർക്കും അറിയാം. പട്ടണത്തിൽ കുപ്രസിദ്ധയാണവൾ. അവളുടെ തൊഴിലും സ്വഭാവവും എല്ലാം കണിശമായി അറിയാവുന്ന അവർ അവളെ വെറുത്തു, വിധിച്ചു, ഭ്രഷ്ടുകല്പിച്ചു. തൊട്ടുകൂടാത്തവൾ എന്നു മുദ്രകുത്തി. തന്നെ സ്പർശിക്കാൻ അവളെ അനുവദിച്ച യേശുവിലേക്കു സംശയത്തിന്റെ, ആരോപണത്തിന്റെ ചൂണ്ടുവിരൽ നീണ്ടു. "ഇവൻ പ്രവാചകനാണെങ്കിൽ" എന്ന ചിന്ത അതാണല്ലോ വെളിപ്പെടുത്തുന്നത്. സ്വന്തം വിശുദ്ധിയിൽ ഊറ്റം കൊണ്ട ഫരിസേയ പ്രമാണി പുറം നോക്കി വിധിപറഞ്ഞപ്പോൾ ഉള്ളുകാണുന്ന ഗുരുവിന്റെ വീക്ഷണവും പ്രതികരണവും വ്യത്യസ്തമായിരുന്നു.

ഗുരുവിന് അറിയില്ല എന്നു കരുതിയ ആതിഥേയനു തെറ്റി. അറിയാം, തന്റെ കാല്ക്കൽ വീണു കണ്ണീരൊഴുക്കുന്ന പാവപ്പെട്ട സ്ത്രീ കടന്നുപോന്ന വഴികളിലെ ഇടർച്ചകൾ മാത്രമല്ല, അവളുടെ മേൽവിധി പ്രസ്താവിക്കുന്ന വിശുദ്ധരുടെ കാപട്യവും കണ്ണീരൊഴുക്കുന്ന പാപിനിയുടെ ഹൃദയനൈർമ്മല്യവും ഗുരുവിനറിയാം. രണ്ടു കടക്കാരുടെ കഥയിലൂടെ സത്യത്തിലേക്കു കണ്ണുതുറക്കാൻ സകലരെയും പ്രേരിപ്പിക്കുകയാണ് കഥയുടെ അവസാനം ഉന്നയിക്കുന്ന ചോദ്യംവഴി. കടം വീട്ടാൻ നിവൃത്തിയില്ലാതിരുന്ന രണ്ടു കടക്കാർ. രണ്ടുപേർക്കും കടം പൂർണ്ണമായി ഇളച്ചു കിട്ടുന്നു. ഒരാൾക്ക് അൻപത്. മറ്റെയാൾക്ക് അഞ്ഞൂറ്. "ആ രണ്ടുപേരിൽ ആരാണ് അവനെ കൂടുതൽ സ്നേഹിക്കുക?" മറുപടി പറയാൻ പ്രയാസമില്ല. തികച്ചും സ്വാഭാവികവും യുക്തിസഹജവുമായ മറു

പടി ശിമയോൻ പറഞ്ഞു: "ആർക്ക് അവൻ കൂടുതൽ ഇളവു ചെയ്തോ അവൻ എന്നു ഞാൻ കരുതുന്നു" (ലൂക്ക 7,43).

കഥ കേൾക്കാൻ രസമാണ്. പക്ഷേ ശ്രദ്ധാപൂർവ്വം മെന ഞ്ഞെടുത്ത കഥ കേൾക്കാൻ തുടങ്ങിയാൽ കേൾവിക്കാരൻ അറിയാതെ കഥ നിർമ്മിക്കുന്ന ചുറ്റൊഴുക്കിലേക്ക് വലിച്ചിഴയ്ക്കപ്പെടും, കഥയുടെ തന്നെ ഭാഗമായിത്തീരും. തന്നെക്കുറിച്ചു തന്നെയാണ് ഈ കഥയെന്ന് അറിഞ്ഞു കഴിയുമ്പോഴേക്കും കഥ കഴിഞ്ഞിരിക്കും. യേശു പറഞ്ഞ മിക്ക കഥകളിലും ഇതാണ് സംഭവിക്കുക. കണ്ണീരൊഴുക്കിയ പാപിനിയെ കുറ്റം വിധിച്ച ഫരിസേയൻ തന്റെ മേൽ തന്നെയാണ് വിധിപ്രസ്താവിച്ചതെന്ന് കഥയുടെ വിശദീകരണത്തിലൂടെ യേശു വെളിപ്പെടുത്തി.

ദൈവത്തിന്റെ മുമ്പിൽ മനുഷ്യരെല്ലാം പാപികളാണ്, കൊടുത്തുവീട്ടാൻ കഴിയാത്ത വിധത്തിൽ വലിയ കടക്കാർ. ചിലർ തങ്ങളുടെ കടത്തെക്കുറിച്ചു ബോധവാന്മാരാണ്. അവർക്ക് അനുതാപമുണ്ട്; മോചനം വേണമെന്ന് ആഗ്രഹവുമുണ്ട്. എന്നാൽ മറ്റുചിലരാകട്ടെ, തങ്ങൾ പാപികളാണെന്ന ചിന്തപോലുമില്ലാതെ, വിശുദ്ധരാണെന്നഭിമാനിച്ച്, മൂഢസ്വർഗ്ഗത്തിൽ കഴിയുന്നു. അവർക്കു മോചനം ആവശ്യമില്ല; കിട്ടുന്നുമില്ല. ഇതാണ് കഥയിലെ കുറച്ചു ക്ഷമിക്കപ്പെട്ടവൻ. സംശയം അവശേഷിക്കുന്നെങ്കിൽ അതുകൂടി തീർക്കുന്നതാണ് യേശുവിന്റെ അവസാനത്തെ പ്രഖ്യാപനം: "ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു" (ലൂക്ക 7,47).

പാപമോചനവും സ്നേഹവും തമ്മിലുള്ള ബന്ധം ഇവിടെ ചർച്ചാവിഷയമാകുന്നുണ്ട്. മനുഷ്യന്റെ സ്നേഹം പാപമോചനത്തിനു കാരണമോ അതോ പാപമോചനത്തിന്റെ ഫലമോ? അധികം സ്നേഹിച്ചതിനാൽ അധികം ക്ഷമിക്കപ്പെട്ടു എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് മേലുദ്ധരിച്ച ഗുരുമൊഴി. എന്നാൽ തുടർന്ന് ഗുരുനാഥൻ തന്നെ നല്കുന്ന വിശദീകരണം സംശയത്തിനു പഴുതടയ്ക്കുന്നു: "ആരോട് അല്പം ക്ഷമിക്കുന്നുവോ അവൻ അല്പം സ്നേഹിക്കുന്നു" (ലൂക്ക 7,47). മനുഷ്യൻ സ്നേഹിച്ചതുകൊണ്ടല്ല, ആ സ്നേഹത്തിന് ആനുപാതികമായിട്ടുമല്ല, ദൈവം ക്ഷമിക്കുന്നത്. നേരേമറിച്ച്, ദൈവത്തിന്റെ കരുണാർദ്രമായ ക്ഷമ അനുഭവിക്കുന്ന പാപിയായ മനുഷ്യന്റെ പ്രതികരണവും നന്ദിനിറഞ്ഞ മറുപടിയുമാണ് സ്നേഹം. ബൈബിളിൽ മുഴുവൻ നിറഞ്ഞു

നില്ക്കുന്നതാണ് ഈ പ്രബോധനം: "നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (റോമാ 5,8). "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16; 1 യോഹ 4,10). അവൾ പ്രകടിപ്പിച്ച വലിയ സ്നേഹം ലഭിച്ച വലിയ ക്ഷമയുടെ അടയാളമാകുന്നു.

ഈ കാഴ്ചപ്പാടിൽ പാപിനിയുടെ മഹത്വവും ഫരിസേയന്റെ കാപട്യവും തെളിയുന്നു. എല്ലാവരും പാപിനിയെന്നു വിധിച്ച് സമൂഹത്തിന്റെ പുറമ്പോക്കിലേക്ക് വലിച്ചെറിഞ്ഞവളാണ് യഥാർത്ഥത്തിൽ യേശുവിന് ആതിഥ്യം നല്കിയത്. ആതിഥേയൻ സകല മര്യാദകളും മറന്നപ്പോൾ ഉപചാരപൂർവ്വം പാദം കഴുകി, ചുംബിച്ച്, അഭിഷേകം ചെയ്ത് അവൾ ആതിഥ്യമര്യാദകൾ പാലിച്ചു. അതെല്ലാം നിയമത്തിന്റെയോ നിർബ്ബന്ധത്തിന്റെയോ പേരിൽ ചെയ്തതല്ല, ഹൃദയത്തിൽ നിറഞ്ഞു കവിഞ്ഞ സ്നേഹത്തിന്റെ ഒഴുക്കായിരുന്നു. ആ സ്നേഹത്തിനു നിദാനമാകട്ടെ, തന്റെ നിരവധിയായ പാപങ്ങൾ ദൈവം ക്ഷമിച്ചിരിക്കുന്നു എന്ന അവബോധവും.

പാപബോധമുള്ളവർക്കേ മോചനം ലഭിക്കൂ! മോചനം ലഭിക്കാത്തവർക്ക് ദൈവസ്നേഹവും ഉണ്ടാവില്ല. തങ്ങൾ സ്നേഹിക്കുന്നത് ദൈവത്തെയല്ല, തങ്ങളെത്തന്നെയും കാപട്യം നിറഞ്ഞ തങ്ങളുടെ വിശുദ്ധിയെയും ആണെന്ന അറിവ് ഫരിസേയനെ ആത്മീയാന്ധതയിലാഴ്ത്തുന്നു. അവർക്ക് യേശുവിനെ മനസ്സിലാ



ക്കാൻ കഴിയില്ല; യേശുവിലൂടെ കടന്നുവന്ന് പാപങ്ങൾ പൊറുക്കുന്ന ദൈവത്തെയും അറിയില്ല. "പാപങ്ങൾ ക്ഷമിക്കുകപോലും ചെയ്യുന്ന ഇവൻ ആര്?" ചോദ്യം അന്ധതയുടെയും ഹൃദയകാഠിന്യത്തിന്റെയും അടയാളമാണ്. അതേ സമയം തന്റെ പാപാവസ്ഥയേയും മോചനത്തിന്റെ ആവശ്യകതയെയും കുറിച്ച് ആഴമേറിയ അവബോധമുണ്ടായിരുന്ന അവൾ സമ്പൂർണ്ണ മോചനം നേടി, സന്തോഷത്തോടെ മടങ്ങിപ്പോയി - പുതിയൊരു ജീവിതത്തിലേക്ക്. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക" (ലൂക്ക 7,50).

എപ്പോഴാണ് അവളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടത് എന്ന ചോദ്യം ജിജ്ഞാസയിൽ നിന്നുയരുന്നതാണ്. ഇതിനുമുമ്പ് എപ്പോഴോ അവൾ യേശുവിനെ ആൾക്കൂട്ടത്തിനിടയിൽനിന്നു കാണുകയും അവന്റെ വാക്കും പ്രവൃത്തിയും അവളിൽ അനുതാപം ഉളവാക്കുകയും അങ്ങനെ പാപമോചനത്തിലേക്കു നയിക്കുകയും ചെയ്തു എന്നു കരുതുന്നവരുണ്ട്. അപ്രകാരം ലഭിച്ച മോചനത്തിനു നന്ദി പറയാൻ വേണ്ടിയാവും അവൾ വിരുന്നു ശാലയിലേക്ക് വന്നത്. എന്നാൽ ഇപ്രകാരമുള്ള വിശദാംശങ്ങളൊന്നും സുവിശേഷകൻ നല്കുന്നില്ല; സന്ദേശം ഗ്രഹിക്കാൻ ആവശ്യവുമില്ല.

തന്റെ പാപവസ്ഥയെക്കുറിച്ചും മോചനത്തിന്റെ ആവശ്യകതയെക്കുറിച്ചും അവൾക്കു ബോധ്യമുണ്ടായിരുന്നു. പാപം മോചിക്കാൻ കഴിവുള്ളവനാണ് യേശു എന്നും അവൻതന്നെ തിരസ്കരിക്കുകയില്ല എന്നും അവൾ വിശ്വസിച്ചു. ഈ വിശ്വാസത്തെ ആഴപ്പെടുത്തുന്നതായിരുന്നു വിരുന്നുശാലയിലെ അവളുടെ അനുഭവം. എല്ലാവരും വെറുക്കുകയും അറപ്പോടെ നോക്കുകയും ചെയ്തപ്പോൾ യേശു തന്നെ തള്ളിപ്പറഞ്ഞില്ല. തന്റെ സ്നേഹപ്രകടനത്തിൽ അതൃപ്തി പ്രകടിപ്പിച്ചില്ല. ഇത് പാപമോചനത്തിന്റെ അടയാളമായി അവൾ ഗ്രഹിച്ചു. അതോടെ അതിരില്ലാത്ത നന്ദിയും അവാച്യമായ സ്നേഹവും ചിറപൊട്ടിയൊഴുകി. ആദ്യമേ സ്നേഹിച്ച ദൈവത്തിന്റെ സ്നേഹത്തിനു മറുപടിയാണ് മനുഷ്യന്റെ സ്നേഹം. പാപമോചനവും സ്നേഹവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, ഒന്ന് മറ്റതിനെ പ്രോത്സാഹിപ്പിക്കുന്നു, വളർത്തുന്നു. പേരില്ലാത്ത ആ സ്ത്രീ യഥാർത്ഥ അനുതാപത്തിന്റെയും ലഭിച്ച പാപമോചനത്തിന്റെയും നന്ദി നിറഞ്ഞ സ്നേഹത്തിന്റെയും പ്രതീകമായി പ്രശോഭിക്കുന്നു.



10

# തളരാത്ത വിശ്വാസം

## കാനാൻകാരി

എന്നാലും ഇത് അല്പം കടന്ന പ്രയോഗമായിപ്പോയില്ലേ? വലിയ പ്രതീക്ഷയോടെ, നിലവിളിച്ചുകൊണ്ട് പിറകേവന്ന ആ പാവത്തിനെ സഹായിക്കാൻ മനസ്സില്ലെങ്കിൽ വേണ്ടാ; പട്ടി എന്നു വിളിച്ച് അവഹേളിക്കണമായിരുന്നോ? "മക്കളുടെ അപ്പം നായ്ക്കൾക്ക് കൊടുക്കുന്നത് ഉചിതമല്ല" (മത്താ 15,26). യേശു തന്നെയാണോ ഇതു പറഞ്ഞത്? ഇതെങ്ങനെ സുവിശേഷമാകും? യേശുവിനെയും സുവിശേഷത്തെയും പ്രതിക്കൂട്ടിലാക്കുന്ന ഒരു സ്ത്രീ - ആരാണവൾ? എന്താണ് തികഞ്ഞ അവഗണനയും കനത്ത പരിഹാസവും പ്രതിധ്വനിക്കുന്ന ഈ വാക്കുകളുടെ അർത്ഥം?

ആദ്യത്തെ രണ്ടു സുവിശേഷകന്മാരും (മത്താ 15,21-28;

മർക്കോ 7,24-30) അല്പസ്വല്പം വ്യത്യാസങ്ങളോടെ അവതരിപ്പിക്കുന്ന അസാധാരണമായൊരു സംഭവമാണിത്. വാഗ്ദത്തഭൂമിക്കു പുറത്ത്, ടയിർ - സീദോൻ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്ത യേശുവിനെ സഹായം തേടി സമീപിച്ച ഒരു മാതാവ്. സീറോ-ഫെനീഷ്യൻ വംശത്തിൽപ്പെട്ട ഒരു ഗ്രീക്കുകാരി എന്നാണ് മർക്കോസ് അവളെ പരിചയപ്പെടുത്തുന്നത്. ഗ്രീക്കുകാരി എന്ന വിശേഷണം അവളുടെ മതവിശ്വാസത്തിലേക്കു വിരൽ ചൂണ്ടുന്നു. ഇസ്രായേൽക്കാരിയല്ല, വിജാതിയാണവൾ. സീറോ-ഫെനീഷ്യൻ എന്നത് അവളുടെ ദേശത്തെയും പൗരത്വത്തെയും സൂചിപ്പിക്കുന്നു. ഫെനീഷ്യൻ വംശജർ രണ്ടു വിഭാഗമുണ്ടായിരുന്നു. വടക്കേ ആഫ്രിക്കയിൽ, കാർത്തേജ് തലസ്ഥാനമാക്കി ജീവിച്ചിരുന്നവരാണ് ഒരു വിഭാഗം. അവരെ ലീബിയോ - ഫെനീഷ്യർ എന്നു വിളിച്ചിരുന്നു. ടയിർ - സീദോൻ പ്രദേശങ്ങൾ ഉൾപ്പെടുന്ന സിറിയായിൽ ജീവിച്ചിരുന്ന മറ്റൊരു വിഭാഗത്തെ സീറോ-ഫെനീഷ്യർ എന്നും വിളിച്ചിരുന്നു. ഈ വ്യത്യാസങ്ങളെല്ലാം മാറ്റിവച്ച് "കാനാൻകാരി" എന്ന ഒറ്റവാക്കിൽ മത്തായി അവളെ അവതരിപ്പിക്കുന്നു. രണ്ടു വിശേഷങ്ങളുടെയും കാതൽ ഒന്നുതന്നെ. അവൾ ഒരു വിജാതിയാണ്. ദൈവജനമായി തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേലിന്റെ അതിർത്തിക്കു പുറത്തുള്ളവൾ. അതുതന്നെയാണ് മുഖ്യപ്രശ്നം.

അശുദ്ധാത്മാവു ബാധിച്ച തന്റെ കൊച്ചു മകൾക്കു സൗഖ്യം തേടിയാണവൾ വന്നത്. ഗലീലിയിൽ നിന്നുള്ള യുവപ്രവാചകൻ തന്റെ നാട്ടിൽ എത്തിയിരിക്കുന്നു എന്ന വാർത്ത അവളിൽ പ്രത്യാശയുണർത്തി. അവനു സുഖപ്പെടുത്താൻ കഴിയാത്ത രോഗമില്ല; അവനു കീഴടങ്ങാത്ത പിശാചുക്കളുമില്ല എന്ന് അവൾ കേട്ടിരുന്നു. ഗെരസേനരുടെ നാട്ടിൽ ലെഗിയോൻ ബാധിച്ചവനെപ്പോലും സുഖപ്പെടുത്തിയവൻ തന്റെ മകളെയും സുഖപ്പെടുത്തും എന്ന് അവൾ പ്രതീക്ഷിച്ചു. കരുണയുടെ നിറകുടവും കൃപയുടെ ഉറവിടവുമാണവൻ; ദൈവം തന്നെ മനുഷ്യരൂപം പൂണ്ട് ഭൂമിയിലേക്കു വന്നതാണ് അവൻ എന്ന് അവൾ വിശ്വസിച്ചു. ഇസ്രായേൽ ജനം പ്രതീക്ഷിച്ചിരുന്ന രക്ഷകനും രാജാവും ആണവൻ. ഈ വിശ്വാസമെല്ലാം ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടാണവൾ വന്നത്. "കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ! എന്റെ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു" (മത്താ 15,22).

തന്റെ മകളെ ബാധിച്ചിരിക്കുന്ന മാരകമായ വിപത്തിൽ

ഹൃദയം തകർന്ന ഒരമ്മയുടെ വിലാപവും കണ്ണീരും ഈ നിലവിളിയിൽ മുഴങ്ങുന്നുണ്ട്. ഉറച്ച വിശ്വാസത്തോടെ, വലിയ പ്രതീക്ഷയോടെ ആയിരുന്നു അവൾ യേശുവിന്റെ അടുത്തുവന്നത്. "കരഞ്ഞപേക്ഷിച്ചു" (മത്താ 15,21) എന്ന വിവരണം അവളുടെ ദയനീയാവസ്ഥ വ്യക്തമാക്കുന്നു. എന്നാൽ പ്രതീക്ഷിച്ചതിനു കടകവിരുദ്ധമായിരുന്നു യേശുവിന്റെ പ്രതികരണം. ഒരുവാക്കുപോലും ഉരിയാടിയില്ല. ഈ കണ്ണീരും നിലവിളിയും കണ്ടതായിപോലും നടിച്ചില്ല. അവഗണന! കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചു കടന്നുപോകുന്ന യേശു. എന്താണിങ്ങനെ? അവൾക്കു മനസ്സിലായില്ല. പക്ഷേ, പിന്മാറാൻ അവൾ തയ്യാറല്ല.

മാന്യതയുള്ള, സ്വന്തം സൽപേരും ആത്മാഭിമാനവും കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്ന ഒരു വ്യക്തിയും ചെയ്യാത്തത് അവൾ ചെയ്തു. നിലവിളിച്ചുകൊണ്ട് പുറകെ ഓടി. ഒരു വിജാതീയ സ്ത്രീ ഒരു യഹൂദപുരുഷന്റെ പിന്നാലെ നിലവിളിച്ചുകൊണ്ട് പാഞ്ഞുചെല്ലുന്നത് അപഹാസ്യമായിത്തോന്നാം. എന്നാൽ അവൾക്കു നഷ്ടപ്പെടാൻ ഒന്നുമില്ല. ആവശ്യക്കാരന് ഔചിത്യബോധമില്ല എന്നു പറയാറുണ്ട്. അവളുടെ ഏക സമ്പത്താണ് ആ കൊച്ചുമകൾ. പിശാചു ക്രൂരമായി പീഡിപ്പിക്കുന്ന പെൺകുട്ടി. അവൾക്കു സൗഖ്യം തേടി പോകാൻ വേറൊരിടമില്ല. യേശുവിന് തന്റെ മകളെ സുഖപ്പെടുത്താൻ കഴിയും. അതിനാൽ കേട്ടില്ലെന്നു നടിച്ചു പോകുന്നവനെ കേൾപ്പിച്ചേ മതിയാകൂ! ശബ്ദമുയർന്നു. കരച്ചിൽ വലിയ നിലവിളിയായി. മാന്യതയുള്ള ഒരു സ്ത്രീയും ചെയ്യാത്തതാണത്. വഴിയേ നടന്നു നിലവിളിക്കുക! പക്ഷേ മാന്യതയുടെ നിയമങ്ങൾ പരിഗണിക്കാനുള്ള അവസരമല്ലിത്. യേശുവിന്റെ ശ്രദ്ധ തന്നിലേക്കാകർഷിച്ചേ മതിയാകൂ!

ശിഷ്യന്മാർ ഇടപെട്ടു. അവളോടുള്ള താൽപര്യവും സഹതാപവും കൊണ്ടോ അതോ പിറകേ നടന്ന് ബഹളം വയ്ക്കുന്ന അവൾ തങ്ങൾക്ക് ഒരു ശല്യമായി തോന്നിയിട്ടോ, അവളെ പറഞ്ഞയയ്ക്കാൻ യേശുവിനോട് അവർ ആവശ്യപ്പെട്ടു. എന്നിട്ടും നിഷ്ക്രിയത്വം. പോരാ, അവൾ ചോദിക്കുന്നതു ചെയ്തു കൊടുക്കാൻ സാധ്യമല്ലത്രെ! "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേക്കു മാത്രമാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്" (മത്താ 15,24).

പ്രതീക്ഷയ്ക്ക് ഇനി ഒരു വകയുമില്ലെന്ന് വ്യക്തമായി. അവൻ യഹൂദൻ, താൻ വിജാതി. യഹൂദർക്കു മാത്രമേ അവൻ സൗഖ്യം നല്കൂ! എത്ര കഠിനം! എന്തൊരു ക്രൂരത. ഇല്ല, ഇത് സമ്മതിക്കാനാവില്ല. യാചനയും വിലാപവും ഉച്ചത്തിലുള്ള നില വിളിയും ഫലിച്ചില്ല. ഇനി ഒന്നേ അവശേഷിച്ചിട്ടുള്ളൂ. പുറകെ നടന്നു വിലപിച്ചവൾ സംഘത്തിനു മുന്നിൽ കടന്ന് വഴി തടഞ്ഞു: "അവൾ അവനെ പ്രണമിച്ച് അപേക്ഷിച്ചു: കർത്താവേ, എന്നെ സഹായിക്കണമേ!" (മത്താ 15,25). ഇതൊരു പ്രതിഷേധ പ്രകടന മല്ല, നിസ്സഹായതയുടെ ഏറ്റുപറച്ചിലാണ്. പൂർണ്ണമായി അടിയറ വച്ച് അപേക്ഷിക്കലാണ്. അതോടൊപ്പം മറ്റൊന്നുകൂടിയുണ്ട്. എന്നെ ചവിട്ടിയല്ലാതെ ഇനി ഒരടി മുന്നോട്ടുവയ്ക്കാൻ നിനക്കാവില്ല!

എന്നിട്ടും കനിയാത്ത യേശുവിന്റെ മനോഭാവം തികച്ചും ദുരൂഹം തന്നെ. കനിയുന്നില്ലെന്നു മാത്രമല്ല, തികഞ്ഞ പരിഹാസം ദ്യോതിപ്പിക്കുന്ന മറുപടി: "മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്കെറിഞ്ഞു കൊടുക്കുന്നത് ഉചിതമല്ല" (മത്താ 15,26). എന്തോരൗചിത്യബോധം! ആരാണ് മക്കൾ? ആരാണ് നായ്ക്കൾ? വിജാതീയരെ സൂചിപ്പിക്കാൻ യഹൂദർ പുച്ഛത്തോടെ ഉപയോഗി ച്ചിരുന്ന ഒരു പദമാണ് നായ. ഇവിടെ ഇസ്രായേൽക്കാർ മക്കളും വിജാതീയർ നായ്ക്കളുമാണെന്ന യഹൂദമേൽക്കോയ്മാ മനോഭാ വമാണോ യേശുവിനും? പ്രത്യക്ഷത്തിൽ അതെയെന്നു തോന്നാം. എന്നാൽ പദപ്രയോഗത്തിൽ ഒരു ചെറിയ വ്യത്യാസമുണ്ട്. അതാണ് കഥയുടെ മർമ്മം.

നായയെ സൂചിപ്പിക്കാൻ ഗ്രീക്കുഭാഷയിൽ രണ്ടു പദങ്ങളു ണ്ട്. "*കുവോൺ*" (Kuon) എന്നതാണ് സാധാരണ ഉപയോഗിക്കാ റുള്ള പദം. "വിശുദ്ധമായത് നായ്ക്കൾക്കു കൊടുക്കരുത്" (മത്താ 7,6) എന്നു പറയുമ്പോൾ ഈ പദമാണ് ഉപയോഗിക്കുക. സങ്കീ 22,21; സുഭാ 26,11; പ്രഭാ 13,17-18; ലൂക്കാ 16,21 മുതലായ ബൈബിൾ ഭാഗങ്ങളിലെല്ലാം ഈ പദമാണുപയോഗിക്കുന്നത്. തെരുവുനായ, കില്ലപ്പട്ടി എന്നൊക്കെ ഇതിനെ വിവർത്തനം ചെയ്യാം. എന്നാൽ ചർച്ചാവിഷയമായ തിരുവചനത്തിൽ ഉപയോഗിച്ചിരിക്കുന്നത് മറ്റൊരു പദമാണ്: "കുനാരിയോൺ" (Kunarion) . ഇത് വളർത്തുനാ യ, പട്ടിക്കുഞ്ഞ് എന്നൊക്കെ വിവർത്തനം ചെയ്യാവുന്ന ഒരു പദ മാണ്. ഈ പദപ്രയോഗം സഹായാർത്ഥിയായ മാതാവിന്റെ അടുത്ത മറുപടിക്കു വഴിയൊരുക്കുന്നു.

"അതേ, കർത്താവേ, നായ്ക്കളും യജമാന്മാരുടെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ" (മത്താ 15,27). ഇവിടെ അവകാശവാദമില്ല. തിരസ്കരണവും പരിഹാസവുമായി യേശുവിന്റെ പ്രവൃത്തിയും മറുപടിയും അവൾ കരുതുന്നില്ല. മക്കളായി പരിഗണിക്കണം എന്ന് വാദിക്കുന്നുമില്ല. മക്കളുടേത് എടുത്തു തരേണ്ടതില്ല. ബാക്കി, ഉച്ചിഷ്ടം, അതുമതി. അതിനെങ്കിലും തനിക്കും അർഹതയുണ്ട്. വളർത്തുനായെന്നല്ലേ വിളിച്ചത്? എങ്കിൽ വളർത്തുന്നവന്റെ ഉത്തരവാദിത്വമാണ് വീട്ടുനായ്ക്കു ഭക്ഷണം കൊടുക്കുക എന്നത്.

അടിപതറാത്ത വിശ്വാസവും അഗാധമായ വിനയവും പ്രകടമാക്കുന്ന മറുപടിയിൽ നിസ്സംഗതയുടെയും അവഗണനയുടെയും അവഹേളനത്തിന്റെയും മുഖംമൂടി അഴിഞ്ഞുവീണു. "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ" (മത്താ 15,26). അപ്പോൾ അതായിരുന്നു നിശ്ശബ്ദതയുടെയും നിസ്സംഗതയുടെയും ലക്ഷ്യം! അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ തിളക്കമേറിയതായിരുന്നു പരീക്ഷകളെ അതിജീവിച്ച അവളുടെ വിശ്വാസം (1 പത്രോ 1,7). തന്റെ വിശ്വാസം ഏറ്റു പറയാൻ, ആ വിശ്വാസത്തിൽ ആഴപ്പെടാൻ അവൾക്ക് അവസരമൊരുക്കുകയായിരുന്നു യേശു.


ആദ്യം ഇസ്രായേൽ ജനത്തോടും പിന്നീട് വിജാതീയരോടും സുവിശേഷം പ്രസംഗിക്കുക എന്നത് ദൈവികപദ്ധതിയുടെ ഭാഗമായി ബൈബിളിൽ അവതരിപ്പിക്കുന്നുണ്ട്. അബ്രാഹത്തിന്റെ വിളി മുതൽ (ഉൽപ 12,3; 22,18) വെളിപ്പെടുന്ന ഈ പദ്ധതി യേശുവിൽ പൂർത്തിയായി. യേശുവിന്റെ പരസ്യജീവിതകാലത്ത് മുഖ്യമായും യഹൂദരോടാണ് സുവിശേഷം പ്രസംഗിച്ചത്. ഇസ്രായേൽ ജനംവഴി വിജാതീയർക്കു രക്ഷ എന്ന പദ്ധതിയോട് ഇസ്രായേൽ സഹകരിച്ചില്ല (റോമാ 9-11). ഉത്ഥാനത്തിനുശേഷം സകല ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ ചുമതലപ്പെടുത്തുന്നതിലൂടെ (മത്താ 28,19) രക്ഷാചരിത്രത്തിന്റെ പുതിയ ഘട്ടം യേശു ഉദ്ഘാടനം ചെയ്യുന്നു. യഹൂദർ തിരസ്കരിക്കുകയും വിജാതീയർ സ്വീകരിക്കുകയും ചെയ്ത രക്ഷകനാണ് യേശു എന്ന് മത്തായി പ്രത്യേകം എടുത്തു കാട്ടുന്നുണ്ട്. അതിന്റെ ഭാഗമാണ് ഈ സംഭവം.

പരീക്ഷണങ്ങളിൽ അവൾ വിജയിച്ചു. അല്പവിശ്വാസികളായ ശിഷ്യന്മാർക്കും അല്പം പോലും വിശ്വസിക്കാത്ത യഹൂദ

നേതാക്കൾക്കും മുമ്പിൽ തളരാത്ത വിശ്വാസത്തിന്റെയും അസ്തമിക്കാത്ത പ്രത്യാശയുടെയും പ്രതീകമായി പ്രശോഭിക്കുന്നു, മകൾക്കുവേണ്ടി യാചിച്ച കാനാൻകാരി. ഇതുപോലെ എത്രയോ മാതാ(പിതാ)ക്കൾ തങ്ങളുടെ മക(ക്ക)ളെക്കുറിച്ച് ആകുലരാകുന്നു, ഏതു പിശാചാണ് അവരെ ബാധിച്ചിരിക്കുന്നതെന്നറിയാതെ! സ്വഭാവത്തിലും പെരുമാറ്റത്തിലും പൊടുന്നനവേ ഉണ്ടാകുന്ന വ്യതിയാനങ്ങൾ: പഠനത്തിൽ അശ്രദ്ധ, അലസത, വഴിവിട്ട ലൈംഗികബന്ധങ്ങൾ, ആസക്തികൾ, അവസാനം നിരാശ, ആത്മഹത്യാശ്രമങ്ങൾ – എന്തെന്തു മാറ്റങ്ങൾ, എത്രയെത്ര പിശാചുക്കൾ! ആരാണ് തങ്ങളുടെ മക്കളെ ഈ പിശാചുക്കളിൽനിന്നു മോചിപ്പിക്കുക?

ദൈവഭയമാണ് അറിവിന്റെ ഉറവിടം; വിദ്യാലയങ്ങൾ സരസ്വതീക്ഷേത്രങ്ങൾ; പള്ളിക്കുമുമ്പേ പള്ളിക്കൂടങ്ങൾ എന്നിങ്ങനെയുള്ള ധാരണകളും പരമ്പരാഗത വിശ്വാസവും അനുസരിച്ച് വിദ്യാലയങ്ങൾ പണിയുകയും കുട്ടികളെ വിദ്യാലയങ്ങളിലയയ്ക്കുകയും ചെയ്യുന്ന മാതാപിതാക്കൾക്ക് ഇന്ന് വിദ്യാലയങ്ങളും കലാലയങ്ങളും പേടിസ്വപ്നങ്ങളായിത്തീരുന്നു. അധാർമ്മികതയും നിരീശ്വരത്വവും നിർമ്മതത്വവും കുത്തിവച്ച് തങ്ങളുടെ മക്കളെ നാശത്തിലേക്കു നയിക്കുന്ന, കുരുന്നു മനസുകളിൽ വർഗ്ഗവിദ്വേഷവും പകയും ആസക്തികളും നിറയ്ക്കുന്ന ദുർഭൂതങ്ങളിൽനിന്ന് ആരാണ് മോചനം നല്കുക? കാനാൻകാരി മാതാവ് ഇവിടെയും വഴികാട്ടിയാകുന്നു. കർത്താവേ, കനിയണമേ, എന്റെ മകളെ പിശാചു പീഡിപ്പിക്കുന്നു! അവൾ യാചിച്ചു, നിലവിളിച്ചു; അവസാനം വഴിതടഞ്ഞു. പിശാചിനെ ഒഴിപ്പിച്ചല്ലാതെ നിന്നെ വിടില്ല എന്നു പറഞ്ഞ് മുമ്പിൽ വിലങ്ങടിച്ചു കിടന്നു.

യാചനയും നിലവിളിയും ഉടനെ ഫലം പുറപ്പെടുവിച്ചെന്നു വരില്ല. തുടരുക. കിട്ടുന്നതുവരെ ചോദിക്കുക. തുറക്കുന്നതുവരെ മുട്ടുക. മറ്റുള്ളവർ എന്തു വിചാരിക്കുമെന്നു നോക്കേണ്ടാ. രക്ഷിക്കാൻ കഴിവുള്ളവനാണ് കടന്നുപോകുന്നത്. തടഞ്ഞു നിർത്തുക! സോദോമിലേക്കു പോയ കർത്താവിനെ അബ്രാഹം തടഞ്ഞു നിർത്തിയതുപോലെ. മനസു മടുക്കാതെ പ്രാർത്ഥിക്കാൻ, അടിപതറാതെ വിശ്വസിക്കാൻ, തോൽവി സമ്മതിക്കാതെ കർത്താവിൽ ആശ്രയിക്കാൻ കാനാൻകാരി ഉദ്ബോധിപ്പിക്കുന്നു, തന്റെ വലിയ വിശ്വാസത്തിന്റെ മാതൃകയിലൂടെ.



# 11 സൗഖ്യം നല്കിയ സ്പർശം

## രക്തസ്രാവക്കാരി

അത്ര വലിയ ഒരപരാധമാണോ അവൾ ചെയ്തത്? മരണത്തോടു മല്ലടിക്കുന്ന ബാലികയെ സുഖപ്പെടുത്താൻ സിനഗോഗധികാരിയുടെ വീട്ടിലേക്കു തിരക്കിട്ടു പോകുന്ന ഗുരുവിന്റെ പിന്നിലൂടെ ചെന്ന് വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നുതൊട്ടതേയുള്ളൂ, അവൾ. എന്താണതിൽ തെറ്റ്? എന്തേ അവൾ തൊട്ടതു തിരിച്ചറിഞ്ഞ് അവളെ മാത്രം തെരയുന്നു, ചോദ്യം ചെയ്യുന്നു? “ആരാണ് എന്റെ വസ്ത്രത്തിൽ തൊട്ടത്?” ശിഷ്യന്മാർക്കുപോലും ഗുരുവിന്റെ ചോദ്യം മനസ്സിലായില്ല. “ജനം മുഴുവൻ നിനക്കുചുറ്റും തിക്കിക്കൂടുന്നതു കാണുന്നില്ലേ? എന്നിട്ടും ആരാണ് എന്നെ തൊട്ടത് എന്നു ചോദിക്കുന്നുവോ? ആരാണവൾ?

സമാന്തരസുവിശേഷകർ മൂന്നുപേരും വിവരിക്കുന്ന ഒരു സംഭവമാണ് ഇവിടെ പഠനവിഷയം. ജായിറോസിന്റെ മകളെ സുഖപ്പെടുത്താനായി പോകുമ്പോൾ വഴിക്കുവച്ച് യേശുവിനെ തൊട്ട ഒരു സ്ത്രീ. ബാലികയുടെ രോഗവും മരണവും യേശു അവൾക്കു നല്കിയ പുനരുജ്ജീവനവും വിവരിക്കുന്നതിന്റെ ഇടയിൽ തിരുകിയതു പോലെയാണ് അവളെക്കുറിച്ച് മൂന്നു സുവിശേഷകരും രേഖപ്പെടുത്തിയിരിക്കുന്നത് (മത്താ 9,18–28; മർക്കോ 5,21–43; ലൂക്കാ 8,40–56). പത്തു വാക്യങ്ങളിൽ സുദീർഘമായി മർക്കോസ് വിവരിക്കുന്ന സംഭവം ലൂക്കാ ആറും മത്തായി നാലും വാക്യങ്ങളിൽ ഒതുക്കിയിരിക്കുന്നു.

ഗെറസേനരുടെ നാട്ടിൽചെന്ന് ലെഗിയോൺ ബാധിച്ചവനെ സുഖപ്പെടുത്തി, സുബോധം നല്കി പ്രേഷിതനാക്കി അയച്ചതിനു ശേഷം മടങ്ങി എത്തിയ യേശുവിനെയാണ് യാത്രാമധ്യേ ഒരു സ്ത്രീ തടഞ്ഞു നിർത്തിയത്. അവൾക്കു പേരില്ല; സ്ഥലം പറയുന്നില്ലെങ്കിലും കഫർണാമാണെന്ന് സാഹചര്യത്തിൽ നിന്ന് ഊഹിക്കാം. അവളെക്കുറിച്ച് മൂന്നു സുവിശേഷകർക്കും എടുത്തുപറയാൻ ഒരു കാര്യമുണ്ട്. ദീർഘകാലമായി രക്തസ്രാവം ബാധിച്ച ഒരു രോഗിണിയാണവൾ. ചികിത്സിക്കാഞ്ഞിട്ടല്ല. പന്ത്രണ്ടുവർഷം അവൾ വൈദ്യന്മാരെ മാറിമാറി സമീപിച്ചു; അവർ പറഞ്ഞതെല്ലാം ചെയ്തു. കൈവശമുണ്ടായിരുന്നതു മുഴുവൻ ചിലവഴിച്ചു. എന്നാൽ ആരോഗ്യസ്ഥിതി കൂടുതൽ മോശമായതേ ഉള്ളൂ.

ശരീരത്തിൽനിന്നു ജീവശക്തി വാർന്നു പോകുന്നതിനാലുണ്ടാകുന്ന ബലക്ഷയവും ക്ഷീണവും ഒരു വശത്ത്. ചികിത്സകൾക്കുവേണ്ടി ഉള്ളതു മുഴുവൻ ചിലവാക്കിയതിനാൽ അനുഭവിക്കുന്ന നഷ്ടവും ദാരിദ്ര്യവും മറുവശത്ത്. എന്നാൽ ഇവ രണ്ടിനേക്കാളും ഗുരുതരമായിരുന്നു അവളുടെ രോഗത്തിന് സമൂഹം നല്കിയ വിശദീകരണവും അതിന്റെ പേരിൽ അടിച്ചേല്പിച്ച വിലക്കുകളും തദ്ഫലമായ അപകർഷതാബോധവും. കുഷ്ഠരോഗിയെപ്പോലെയാണ് സമൂഹം അവളെ കണ്ടത്.

സ്ത്രീകൾക്കുണ്ടാകുന്ന രക്തസ്രാവത്തെക്കുറിച്ച് ബൈബിളിൽ വ്യക്തമായ നിയമങ്ങളുണ്ട്. ഏതു സ്രാവവും മനുഷ്യനെ അശുദ്ധനാക്കും എന്ന അടിസ്ഥാനതത്ത്വത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തിയതായിരുന്നു ഈ നിയമങ്ങൾ. സ്ത്രീക്കു മാസമുറയനു

സരിച്ച് രക്തസ്രാവമുണ്ടായാൽ ഏഴു ദിവസത്തേക്ക് അവൾ അശുദ്ധയായിരിക്കും (ലേവ്യ 15,19). ആൺകുഞ്ഞിനെ പ്രസവിക്കുന്ന സ്ത്രീ നാല്പതു ദിവസത്തേക്കും പെൺകുഞ്ഞിനെ പ്രസവിക്കുന്നവൾ എൺപതു ദിവസത്തേക്കും അശുദ്ധയായിരിക്കും (ലേവ്യ 12,1–5). "സ്ത്രീക്ക് ഋതുകാലത്തല്ലാതെ വളരെ ദിവസത്തേക്ക് രക്തസ്രാവമുണ്ടാകുകയോ അശുദ്ധിയുടെ ദിവസങ്ങൾ കഴിഞ്ഞിട്ടും രക്തസ്രാവം നീണ്ടുനില്ക്കുകയോ ചെയ്താൽ ഋതുകാലത്തെന്നപോലെ ഈ ദിവസങ്ങളിലെല്ലാം അവൾ അശുദ്ധയായിരിക്കും" (ലേവ്യ 15,25). അവൾ കിടക്കുന്ന കിടക്കയും ഇരിക്കുന്ന ഇടവും നടക്കുന്ന വഴിയും എന്നല്ല, അവൾ തൊടുകയോ അവളെ തൊടുകയോ ചെയ്യുന്നതെല്ലാം അശുദ്ധമാകും. അതിനാൽ അവൾ മുറിക്കു പുറത്തിറങ്ങരുത്. ഇതു മതനിയമം.

അനേകം സ്ത്രീകളെ ബാധിച്ചിരുന്ന ഒരു രോഗമായിരുന്നു ഇത്. അതിനാൽത്തന്നെ പലവിധ ചികിത്സാവിധികളും നിർണ്ണയിച്ചിരുന്നു. പലതും ചിലവേറിയതും അന്ധവിശ്വാസങ്ങളിൽ ഊന്നിയതും മാന്ത്രികച്ചുവ ഉള്ളതുമായിരുന്നു. ഉദാഹരണത്തിന് ഇതാ ഒരു ചികിത്സാവിധി: ഒട്ടകപ്പക്ഷിയുടെ മുട്ടത്തോടു കത്തിച്ച് ചാരം വേനൽ ക്കാലത്താണെങ്കിൽ ചണത്തുണിയിലും ശീതകാലത്തെങ്കിൽ പരുത്തിത്തുണിയിലും പൊതിഞ്ഞ് കൂടെ കൊണ്ടു നടക്കണം. മറ്റൊരു ചികിത്സ: വെളുത്ത കഴുതയുടെ ചാണകത്തിൽ കണ്ട ഒരു ബാർലി ധാന്യമണി എപ്പോഴും കൂടെ കൊണ്ടു നടക്കുക. കൂടുതൽ ശ്രമകരമായ മറ്റൊരു ചികിത്സ: ഏഴു കുഴികൾ കുഴിച്ച് കുഴികളിൽ ഇളം മുന്തിരിത്തണ്ടുകൾ കത്തിക്കുക. രക്തസ്രാവമുള്ളവളെ കുഴിയിലെ ചാരത്തിൽ ഇരുത്തുക. കയ്യിൽ ഒരു ഗ്ലാസ് വീഞ്ഞും കൊടുക്കുക. തുടർന്ന് "നിന്റെ രക്തസ്രാവത്തിൽ നിന്നെഴുന്നേല്ക്കുക" എന്നു പറഞ്ഞുകൊണ്ട് അവളെ കുഴിയിൽനിന്നു കയറ്റി, അടുത്ത കുഴിയിലെ ചാരത്തിൽ ഇരുത്തുക. ഇങ്ങനെ ഏഴു കുഴികളിലും ഇരുത്തി കരകയറ്റുമ്പോൾ അസുഖം മാറിയിരിക്കും. ഇതൊക്കെ ഏതു വിധത്തിലാണ് രക്തസ്രാവത്തെ നിയന്ത്രിക്കുക എന്ന് ചോദിക്കാൻ പാടില്ല. വൈദ്യൻ പറയുന്നത് അനുസരിച്ചാൽ മതി. ഇതുകൊണ്ടൊക്കെ ആയിരിക്കാം തന്റെ സ്വത്തുമുഴുവൻ വൈദ്യന്മാർക്കായി ചിലവഴിച്ചിട്ടും ആരോഗ്യം കൂടുതൽ മോശമായതേ ഉള്ളൂ എന്ന് മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇപ്രകാരം ഒരു ഹതഭാഗ്യയാണ് പഠനവിഷയമായ കഥാപാത്രം. രോഗവും അതിലേറെ കുറ്റബോധവും സമൂഹത്തിന്റെ പരിഹാസവും അവളെ തളർത്തി; അപകർഷതാബോധത്തിലാഴ്ത്തി. എന്നാലും കീഴടങ്ങാൻ അവൾ തയ്യാറായിരുന്നില്ല. സമൂഹം നിശ്ചയിച്ച വേലിക്കെട്ടുകളെ മറികടക്കാൻ അവൾ തീരുമാനിച്ചു. തന്റെ സ്പർശനം മറ്റുള്ളവരെ അശുദ്ധരാക്കും എന്ന മതനിയമത്തിന്റെ വരുതികൾ തന്നെ തടയാൻ അവൾ സമ്മതിച്ചില്ല.

അവളുടെ പ്രവൃത്തിയിൽനിന്ന് നാലുകാര്യങ്ങൾ ശ്രദ്ധേയമാകുന്നു. **1.** താൻ രോഗിയാണെന്ന വ്യക്തമായ അവബോധം. പന്ത്രണ്ടു വർഷമായി അത് അവളെ അലട്ടുന്നു. **2.** സുഖം പ്രാപിക്കണം എന്ന അദമ്യമായ ആഗ്രഹം. അതുകൊണ്ടാണല്ലോ നിരന്തരമായി വൈദ്യന്മാരെ സമീപിച്ചതും കഴിയുന്നത്ര ചികിത്സിച്ചതും. **3.** യേശുവിലുള്ള വിശ്വാസം. യേശുവിന്റെ വസ്ത്രത്തിലെങ്കിലും തൊടാൻ കഴിഞ്ഞാൽ തനിക്കു സൗഖ്യം ലഭിക്കും എന്ന് അവൾ ഉറച്ചു വിശ്വസിച്ചു. **4.** സാഹസികത. സമൂഹം നിശ്ചയിച്ച വിലക്കുകളെ മറികടന്ന്, തനിക്കു സംഭവിച്ചേക്കാവുന്ന ഭവിഷ്യത്തുകളെ അവഗണിച്ച്, അവൾ ജനക്കൂട്ടത്തിലേക്കുവന്നു. തിക്കിത്തിരക്കി, തള്ളിക്കയറി, യേശുവിന്റെ വസ്ത്രത്തിൽ തൊട്ടു. തനിക്കാവുന്നതെല്ലാം അവൾ ചെയ്തു.

വസ്ത്രത്തിൽ തൊട്ടു എന്ന മർക്കോസിന്റെ വിവരണം വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടു എന്നു മത്തായിയും ലൂക്കായും വിശദീകരിക്കുന്നുണ്ട്. യഹൂദമത നിയമപ്രകാരമുള്ള വസ്ത്രത്തിന്റെ ഒരു ഭാഗമാണിത്. ഹീബ്രുവിൽ *സിസിത്ത്* എന്നും ഗ്രീക്കിൽ *ക്രസ്പെദോൺ* എന്നുമുള്ള വാക്കാണ് "വിളുമ്പ്" എന്നു ഇവിടെ വിവർത്തനം ചെയ്തിരിക്കുന്നത്. "തൊങ്ങൽ" എന്നാണ് സാധാരണ ഇതു വിവർത്തനം ചെയ്യുക. "വസ്ത്രത്തിന്റെ വിളുമ്പിൽ തൊങ്ങലുകൾ പിടിപ്പിക്കാനും തൊങ്ങലുകളിൽ നീലനാടകൾ കെട്ടാനും ഇസ്രായേല്യരോടു കല്പിക്കുക" (സംഖ്യ 15,38) എന്ന നിയമപ്രകാരം ഭക്തരായ യഹൂദർ അണിഞ്ഞിരുന്ന ഈ തൊങ്ങലുകൾക്കു പ്രത്യേക അർത്ഥവും ലക്ഷ്യവുമുണ്ടായിരുന്നു. ദൈവത്തിന്റെ പ്രമാണങ്ങൾ അനുസ്മരിപ്പിക്കുകയും ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ച് വിശുദ്ധജീവിതം നയിക്കാൻ പ്രേരിപ്പിക്കുകയുമായിരുന്നു ഇതിന്റെ ലക്ഷ്യം.

നീലയും വെള്ളയും നൂലുകൾ ഇടകലർത്തി നെയ്തെടുത്ത് പുറങ്കുപ്പായത്തിന്റെ നാലു കോണിലും തുന്നിപ്പിടിപ്പിച്ചിരുന്ന തൊങ്ങലുകൾക്കു പ്രത്യേക ശക്തിയുണ്ടെന്ന് സാധാരണ ജനങ്ങൾ വിശ്വസിച്ചിരുന്നു. അതുകൊണ്ടാവണം അവന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ (വിളുമ്പിൽ എന്നു പി.ഒ.സി. വിവർത്തനം) ഒന്നു തൊടാൻ ജനങ്ങൾ ആഗ്രഹിച്ചത് (മത്താ 14,36; മർക്കോ 6,50). തൊട്ടവരെല്ലാം സുഖം പ്രാപിക്കുകയും ചെയ്തിരുന്നു. ഈ തൊങ്ങലുകൾ ഭക്തിയുടെയും വിശുദ്ധിയുടെയും അടയാളമായി കരുതപ്പെട്ടു. അതിനാൽത്തന്നെ ഇവ ധരിച്ചിരുന്നവർ സമൂഹത്തിൽ പ്രത്യേക ആദരണീയരായിരുന്നു. ആന്തരികത നഷ്ടപ്പെട്ട ഒരു മതാനുഷ്ഠാനമായി ഇതിനെ യേശു ശക്തമായി വിമർശിച്ചതു മത്തായി സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 23,5). തൊങ്ങലും വിളുമ്പുമല്ല, യേശുവും അവനിലുള്ള വിശ്വാസവുമാണ് സൗഖ്യം നല്കുന്നത് എന്ന് പഠനവിഷയമായ സംഭവം വ്യക്തമാക്കുന്നു.



അവളുടെ വിശ്വാസം വ്യർത്ഥമായില്ല. സാഹസികത ഫലം കണ്ടു. തൊട്ടമാത്രയിൽ "അവളുടെ രക്തസ്രാവം നിലച്ചു. താൻ രോഗവിമുക്തയായിരിക്കുന്നുവെന്ന് അവൾക്ക് ശരീരത്തിൽ അനുഭവപ്പെട്ടു" (മർക്കോ 5,29). വിവരണം ഇവിടെ അവസാനിപ്പിക്കാമായിരുന്നു. അവൾ ആഗ്രഹിച്ചതു ലഭിച്ചു. ആരും അറിയാതെ വന്നവൾ ആരും അറിയാതെ തന്റെ ആശ്വാസവും സന്തോഷവും ഉള്ളിലൊതുക്കി പിൻവാങ്ങുമായിരുന്നു. എന്നാൽ അതല്ല സംഭവിച്ചത്. എല്ലാം ശുഭമായി പര്യവസാനിച്ചു എന്നു കരുതി സന്തോഷിക്കുമ്പോഴാണ് തികച്ചും അപ്രതീക്ഷിതമായ ഗുരുവിന്റെ പ്രതികരണം. പെട്ടെന്നു

നിന്ന യേശു ജനക്കൂട്ടത്തിനുനേരെ തിരിഞ്ഞ് ചോദിച്ചു, "ആരാണ് എന്റെ വസ്ത്രത്തിൽ തൊട്ടത്" (മർക്കോ 5,30). ജനം ചുറ്റിലും നിന്നു തിക്കി ഞെരുക്കുമ്പോൾ ചോദ്യം അപ്രസക്തമാണെന്ന മറുപടിയൊന്നും ഗുരുവിനു സ്വീകാര്യമല്ല. അവന്റെ കണ്ണുകൾ ചുറ്റും പരതി. "ആരോ എന്നെ തൊട്ടു. എന്നിൽനിന്ന് ശക്തി നിർഗ്ഗമിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു" (ലൂക്ക 8,46).

സമൂഹം അടിച്ചേല്പിച്ച അപകർഷതാബോധത്താൽ കുനിഞ്ഞ്, ആരും അറിയാതെ കടന്നുവന്ന ആ പാവത്തിനെ എന്തേ ഇങ്ങനെ സമൂഹമധ്യത്തിൽ ഒറ്റപ്പെടുത്തി ചോദ്യം ചെയ്യുന്നു? ഒഴിഞ്ഞുമാറാൻ കഴിയാത്ത വിധം പിടിക്കപ്പെട്ടു എന്നു കരുതിയ അവൾ പേടിച്ചുവിറച്ച് ഗുരുവിനു മുമ്പിൽ വീണു. ശരിയാണ്, താൻ ചെയ്തത് വലിയൊരപരാധമായിപ്പോയി. അശുദ്ധയായ താൻ മുറിയിൽ നിന്നു പുറത്തു കടക്കരുതായിരുന്നു. തന്റെ സ്പർശനത്താൽ എത്രപേരെ അശുദ്ധരാക്കിയെന്നറിയില്ല. വിശുദ്ധിയുടെ ഉറവിടമായ ഗുരുവിനെയും തന്റെ സ്പർശനത്താൽ അശുദ്ധനാക്കിയോ? ഇനി എന്താണ് പ്രതിവിധി? എന്തു ശിക്ഷയാണ് ഗുരു നല്കുക? ഈ ഭയമെല്ലാം ഉണ്ടെങ്കിലും ഒരു കാര്യം അവൾക്കു ബോധ്യപ്പെട്ടു. താൻ സുഖം പ്രാപിച്ചിരിക്കുന്നു. ഇനി എന്തും സംഭവിക്കട്ടെ. ഇതുവരെ ഒഴിഞ്ഞുമാറി, ഒതുങ്ങിക്കഴിഞ്ഞവൾ ഇനി ഒന്നും ഒളിച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നില്ല. തന്റെ അനുഭവങ്ങൾ മുഴുവൻ എല്ലാവരും കേൾക്കെ അവൾ വിളിച്ചു പറഞ്ഞു.

വലിയൊരു വിമോചനത്തിന്റെ അടയാളമായിരുന്നു ഈ വിശ്വാസപ്രഖ്യാപനം. തന്റെ രോഗവും സമൂഹത്തിന്റെ നിർദ്ദാക്ഷിണ്യമായ മാമൂലുകളും വൈദ്യന്മാരുടെ കരുണയില്ലാത്ത ചൂഷണവും താൻ ശരീരത്തിലും മനസ്സിലും ആത്മാവിലും അനുഭവിച്ച വ്യഥകളും എല്ലാം അവൾ എണ്ണിപ്പറഞ്ഞു. മാത്രമല്ല, യേശുവിന്റെ വസ്ത്രാഞ്ചലത്തിൽ തൊട്ടപ്പോൾ തനിക്കു ലഭിച്ച സൗഖ്യവും - അതാണ് അവളുടെ പ്രഘോഷണത്തിന്റെ കേന്ദ്രം. യേശുവിന്റെ ശക്തിയിലുള്ള തന്റെ വിശ്വാസാനുഭവത്തിന്റെ സാക്ഷിയായി അവൾ.

കേൾവിക്കാർക്കു പ്രതികരിക്കാൻ അവസരം നല്കാതെ യേശു ഉദ്ഘോഷിച്ചു: "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു, സമാധാനത്തോടെ പോവുക, നിന്റെ വ്യാധിയിൽനിന്ന് വിമുക്തയായിരിക്കുക!" (മർക്കോ 5,34). അപ്പോൾ അതായിരുന്നു ഈ നാടകത്തിന്റെ ലക്ഷ്യം! രോഗിയെ അശുദ്ധനും പാപിയുമായി

കാണുന്ന സമൂഹത്തിന്റെ വിലക്കുകൾ യേശു മാനിക്കുന്നില്ല. നിയമജ്ഞർ നല്കിയ വിശദീകരണങ്ങളുടെ പേരിൽ ആരെയും മുദ്രകുത്തി പുറത്താക്കാൻ യേശു അനുവദിക്കുന്നുമില്ല. "മകളേ" എന്ന അഭിസംബോധന – അതിൽ അലിവുണ്ട്, ആർദ്രത വഴിഞ്ഞൊഴുകുന്ന പിതൃവാത്സല്യമുണ്ട്. ശാസിക്കാനും ശിക്ഷിക്കാനുമല്ല യേശു അവളെ തിരിഞ്ഞുപിടിച്ച് മുൻപിൽ നിർത്തിയത്, അവൾക്കും സമൂഹത്തിനു മുഴുവനും വലിയൊരു പാഠം നല്കാൻ വേണ്ടിയാണ്.

"നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു!" വിശ്വാസത്തോടുകൂടിയ സ്പർശനമാണ് ദൈവത്തിന്റെ ശക്തിപ്രവഹിക്കാൻ കാരണമായത്. തന്നെ തിക്കിഞെരുക്കിയ ജനക്കൂട്ടത്തിൽ ആർക്കുമില്ലാതിരുന്ന ഒരു വിശ്വാസം. അത് അവൾക്കുണ്ടായിരുന്നു. യേശു തന്നെ ആ വിശ്വാസത്തിനു സാക്ഷ്യം നല്കുന്നു.

ശാരീരിക സൗഖ്യം മാത്രമാണ് അവൾ പ്രതീക്ഷിച്ചത്. എന്നാൽ ഒരു പൂവ് ചോദിച്ചവന് ഒരു വസന്തം തന്നെ സമ്മാനിക്കുന്ന ദൈവത്തിന്റെ ഔദാര്യം യേശുവിൽനിന്ന് ചിറപൊട്ടിയൊഴുകുന്നു. ശരീരസൗഖ്യത്തിനപ്പുറത്ത് രക്ഷ, ദൈവികജീവനിലുള്ള പങ്കുചേരൽ, ദൈവപുത്രീസ്ഥാനത്തേക്കുള്ള ഉയർത്തൽ – ഇതാണ് യേശു അവൾക്കു നല്കുന്നത്. "മകളേ" എന്നു വിളിച്ചത് വെറും ഒരു ഭംഗിവാക്കോ വാത്സല്യപ്രകടനമോ മാത്രം ആയിരുന്നില്ല, അവൾക്കു ലഭിച്ചിരിക്കുന്ന ദൈവപുത്രീസ്ഥാനത്തിന്റെ പരസ്യമായ അംഗീകാരം കൂടി ആയിരുന്നു.

ലജ്ജിച്ചും ഭയന്നും ഒളിവിൽ കഴിയേണ്ടവരല്ല രോഗികളും സ്ത്രീകളും. സമൂഹത്തിന്റെ വിലക്കുകളും താക്കീതുകളും ഒന്നും അവരെ അടിമകളാക്കരുത്. ഒരു രോഗവും ദൈവശാപമല്ല; രോഗം പാപത്തിന്റെ അടയാളവുമല്ല. വിശ്വാസപൂർവ്വം യേശുവിനെ സമീപിക്കുക, തന്റെ വിശ്വാസം പരസ്യമായി ഏറ്റുപറയുക. സൗഖ്യദായകമായ ദൈവികശക്തിയുടെ ഉറവുപൊട്ടും. ഒരു പുതിയ മനുഷ്യവ്യക്തി ആയിട്ടാണ് അവൾ മടങ്ങിപ്പോയത്, ആരെയും ഭയക്കാതെ. ഇതുതന്നെ അല്ലേ സമൂഹത്തിനുമുമ്പിൽ നിർത്തി തന്റെ അനുഭവം സാക്ഷ്യപ്പെടുത്താൻ അവളെ യേശു നിർബന്ധിച്ചതിന്റെ കാരണം? വിശ്വാസം വഴി യേശുവിൽ നിന്നു ലഭിക്കുന്ന സൗഖ്യത്തിന്റെയും വിമോചനത്തിന്റെയും ആത്യന്തികമായ രക്ഷയുടെയും മാതൃകയായി നില്ക്കുന്നു, പിന്നിലൂടെ വന്നു വസ്ത്രാഞ്ചലത്തിൽ സ്പർശിച്ച സ്ത്രീ.



12

# സാത്താൻ ബന്ധിച്ചവൾ

## സിനഗോഗിലെ കൂനി

പ്രതീകാത്മക പ്രാധാന്യവും പ്രാതിനിധ്യസ്വഭാവമുണ്ട് ലൂക്കാ എഴുതിയ സുവിശഷത്തിൽ (ലൂക്കാ 13,10–17) മാത്രം കാണുന്ന ഈ കഥാപാത്രത്തിന്. ബൈബിളിലെ മറ്റു പല സ്ത്രീകളെയും പോലെ അവൾക്കും പേരില്ല; ഊരുമില്ല. എന്നാൽ ഒരു കാര്യം സുവിശേഷകൻ എടുത്തു പറയുന്നുണ്ട് – ആർക്കും വ്യക്തമായി കാണാവുന്ന ഒരു പ്രത്യേകത. "നിവർന്നു നില്ക്കാൻ സാധിക്കാത്തവിധം കൂനിപ്പോയ ഒരുവൾ" (ലൂക്കാ 13,11). പതിനെട്ടു വർഷമായി ഈ അവസ്ഥയിലാണവൾ. ഒട്ടും നിവരാനാവാത്തവിധം നട്ടെല്ലു വളഞ്ഞുപോയി!

ആരാണവളെ കൂനിയാക്കിയതെന്നും സുവിശേഷകൻ

സൂചിപ്പിക്കുന്നുണ്ട്. "ഒരാത്മാവു ബാധിച്ച് രോഗിണിയായി" എന്നാണ് പി.ഒ.സി. വിവർത്തനം. "ഒരാത്മാവ്" എന്നതിന്റെ ഗ്രീക്കു മൂലം "*പ്നെവുമാ അസ്ഥെനെയിയാസ്*" എന്നാണ്. "*അസ്ഥെ നെയിയാ*" എന്ന വാക്കിന് രോഗം, ക്ഷീണം, തളർച്ച, ബലക്ഷയം എന്നൊക്കെ അർത്ഥമുണ്ട്. മിക്ക രോഗങ്ങൾക്കും കാരണം പിശാചുബാധയാണെന്നും രോഗലക്ഷണങ്ങൾ ബാധിച്ചിരിക്കുന്ന പിശാചിന്റെ സ്വഭാവസവിശേഷതകളാണെന്നും കരുതിയിരുന്ന സമൂഹത്തിന്റെ വിശ്വാസം ഈ വിവരണത്തിൽ പ്രതിഫലിക്കുന്നുണ്ട്. മനുഷ്യനെ ബലഹീനമാക്കുന്ന ആത്മാവു ബാധിച്ചതാണ് അവൾക്കു നിവർന്നു നില്ക്കാൻ കഴിയാത്തതിന്റെ കാരണം. ഈ അവസ്ഥയെ സാത്താന്റെ ബന്ധനമായി യേശുതന്നെ വ്യാഖ്യാനിക്കുന്നതും കാണാം (ലൂക്കാ 13,16).

ബന്ധിതയാണവൾ. അടിച്ചമർത്തപ്പെട്ടവൾ; ഒരിക്കലും നിവരാനാവാത്തവിധം കൂനിയാക്കപ്പെട്ടവൾ. ഏതു പിശാചാണ് അവളെ ഈ അവസ്ഥയിലാക്കിയത്? എന്താണ് രോഗാത്മാവ്, അഥവാ ക്ഷയിപ്പിക്കുന്ന, അടിമയാക്കുന്ന ആത്മാവ് എന്ന പ്രയോഗത്തിന്റെ അർത്ഥം? ശാരീരികവും മാനസികവുമായ അവസ്ഥയിലേക്കു വിരൽ ചൂണ്ടുന്നതാണ് ഈ പ്രയോഗം; ഒപ്പം സാമൂഹികാവസ്ഥയിലേക്കും. കൂനിപ്പോയ ശരീരത്തിന്റെ ആഘാതം മനസിനേറ്റതാവാം; അല്ലെങ്കിൽ മനസ്സിന്റെ ബലക്ഷയം ശരീരത്തെ തളർത്തിയതാവാം. വൈദ്യശാസ്ത്രവിദഗ്ധർ ഈ രോഗത്തെ നട്ടെല്ലിന്റെ ബലക്ഷയത്തോടു ബന്ധപ്പെടുത്തിയാണ് വ്യാഖ്യാനിക്കുക. മനശാസ്ത്രജ്ഞർക്കും സാമൂഹിക ശാസ്ത്രജ്ഞർക്കും തങ്ങളുടേതായ ശാസ്ത്രശാഖകളുടെ അടിസ്ഥാനത്തിലുള്ള വിശദീകരണങ്ങൾ നല്കാനുണ്ട്. ഒരു കാര്യത്തിൽ സംശയമില്ല - സുവിശേഷകൻ ഈ സ്ത്രീയെ ഒരു പ്രതീകവും പ്രതിനിധിയുമായിട്ടാണ് അവതരിപ്പിക്കുന്നത്. നിവർന്നു നില്ക്കാൻ കഴിയാത്ത വിധം കൂനിപ്പോയ സ്ത്രീകളുടെ പ്രതീകം; അതേസമയം യേശു നല്കുന്ന വിമോചനം അനുഭവിച്ചറിഞ്ഞ് നിവർന്നു നില്ക്കുന്ന സ്ത്രീകളുടെ പ്രതിനിധിയും.

യേശു ജീവിച്ചിരുന്ന സമൂഹത്തിലെ സ്ത്രീകളുടെ പൊതുവായ അവസ്ഥ ഇവളിൽ പ്രതിഫലിക്കുന്നുണ്ട്. സ്ത്രീകൾക്കു സ്വന്തവും സ്വതന്ത്രവുമായ ഒരസ്ഥിത്വം അംഗീകരിക്കപ്പെട്ടിരുന്നില്ല. വിവാഹം വരെ പിതാവിന്റെയും വിവാഹശേഷം ഭർത്താവി

ന്റെയും ഭർത്താവു മരിച്ചാൽ മകന്റെയും സംരക്ഷണയിലും ഭരണത്തിൻ കീഴിലുമാണ് അവളുടെ സ്ഥാനം. ജനനം മുതലേ അവഗണനയുടെയും വിവേചനത്തിന്റെയും കയ്പുനീരു കുടിച്ചാണവൾ വളരുക. ആൺകുഞ്ഞിനെയാണ് മാതാപിതാക്കൾ പ്രതീച്ചിരുന്നത്. പ്രതീക്ഷയ്ക്കു വിരുദ്ധമായി പെൺകുഞ്ഞു ജനിക്കുമ്പോൾ അതൃപ്തിയും വെറുപ്പും ആയിരിക്കും അവളെ സ്വീകരിക്കുക. വിവാഹപ്രായമാകുമ്പോൾ (12-13 വയസ്) വരനെ കണ്ടെത്തി, സ്ത്രീധനത്തുക വാങ്ങി ഏല്പിച്ചുകൊടുക്കുന്നത് പിതാവ്. മകളെ ഇതുവരെ വളർത്തിയതിന്റെ കൂലിയായി സ്ത്രീധനത്തുക വാങ്ങുമ്പോൾ യഥാർത്ഥത്തിൽ അവളെ വില്ക്കുകയാണെന്നു പറയാം.

ഭാര്യ ആൺകുഞ്ഞുങ്ങളെ പ്രസവിക്കണം. എത്ര കൂടുതൽ ആൺമക്കളുണ്ടോ ആത്രകണ്ട് അവളുടെ യശസ് വർദ്ധിക്കും. പെൺകുഞ്ഞിന്റെ അമ്മയാകുന്നത് പരിഹാസ കാരണമാകും. എന്നാൽ വന്ധ്യയായിരിക്കുന്നത് ദൈവശാപത്തിന്റെ അടയാളമായി പരിഗണിക്കപ്പെടും. വന്ധ്യത്വം സ്ത്രീയിൽ മാത്രമേ ആരോപിച്ചിരുന്നുള്ളൂ. ഭർത്താവിന്റെ അകാലമരണം ഭാര്യയുടെ കുറ്റമായി കരുതപ്പെട്ടിരുന്നു. മക്കളില്ലാതെ വിധവയായാൽ ഭർത്താവിന്റെ ബന്ധുക്കളിൽ ആരുടെയെങ്കിലും ഭാര്യയാകണം. അവകാശപ്പെട്ടവരെല്ലാം വേണ്ടെന്നു വച്ചാലേ മറ്റൊരാളെ വിവാഹം ചെയ്യാൻ വിധവയ്ക്ക് അനുവാദമുണ്ടായിരുന്നുള്ളൂ. മരിച്ചാലും അവൾക്കു മോചനമില്ല. പുനരുത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കും എന്നാണ് ചോദ്യം (മർക്കോ 12,23).

ആഹാരവും വസ്ത്രവും പാർപ്പിടവും കൊടുക്കുക, മരിച്ചാൽ അടക്കുക, അകമ്പടിയായി രണ്ടു വിലാപക്കാരികളെ കൂലിക്കെടുക്കുക - ഇത്രയുമായിരുന്നു ഭർത്താവിന് ഭാര്യയോടുണ്ടായിരുന്ന നിയമാനുസൃത കടമകൾ. എന്നാൽ ഇഷ്ടമില്ലാതായാൽ മോചനച്ചീട്ടു നല്കി പറഞ്ഞയയ്ക്കാൻ ഭർത്താവിന് അവകാശമുണ്ടായിരുന്നു. മോചന കാരണത്തെക്കുറിച്ചേ തർക്കമുള്ളൂ. സൗന്ദര്യം കുറഞ്ഞുപോയതും പാകം ചെയ്യുന്ന ഭക്ഷണത്തിനു രുചിപോരാ എന്നു തോന്നുന്നതുപോലും മതിയായ കാരണമായി വ്യാഖ്യാനിച്ച റബ്ബിമാരുണ്ടായിരുന്നു. എന്നാൽ സ്ത്രീക്ക് യാതൊരു കാരണവശാലും വിവാഹമോചനം ആവശ്യപ്പെടാൻ കഴിയുമായിരുന്നില്ല.

മതമേഖലയിലുമുണ്ടായിരുന്നു കഠിനമായ വിവേചനം. സിനഗോഗിലും ദേവാലയത്തിലും സ്ത്രീകൾക്കായി പ്രത്യേകം

സ്ഥലങ്ങൾ വേലി കെട്ടി തിരിച്ചിരുന്നു. നിശ്ചിത അതിരുകൾ മറി കടക്കുന്നത് ശിക്ഷാർഹമായിരുന്നു. മതനിയമത്തിലെ വിലക്കുകളെല്ലാം സ്ത്രീകളും അനുസരിക്കണം. എന്നാൽ കല്പനകൾ അറിയാനോ അനുസരിക്കാനോ അവർക്കു കടമയില്ല. നിയമം അനുസരിക്കുന്നില്ല എന്നതുതന്നെ അവളെ തരംതാഴ്ത്തുന്നതിന് കാരണമായി.



പ്രാർത്ഥിക്കാം, എന്നാൽ ഉച്ചത്തിലാവരുത്. വീട്ടിൽപ്പോലും സ്ത്രീകൾ ഉച്ചത്തിൽ പ്രാർത്ഥിക്കുന്നത് നിഷിദ്ധമായിരുന്നു. ഭക്ഷണത്തിനുമുമ്പും പിമ്പുമുള്ള ആശീർവ്വാദ പ്രാർത്ഥനപോലും സ്ത്രീകൾക്ക് ഉച്ചത്തിൽ ചൊല്ലാൻ അനുവാദമില്ല. നിയമപഠനവും നിയമപാരായണവും സ്ത്രീകൾക്കു നിഷിദ്ധമായിരുന്നു. ഒരു യഹൂദഗുരുവും സ്ത്രീകളെ ശിഷ്യഗണത്തിൽ സ്വീകരിച്ചിരുന്നില്ല; മാത്രമല്ല, സ്ത്രീയോട് പൊതുസ്ഥലത്തുവച്ച് സംസാരിക്കുന്നതുതന്നെ കുറവായി പരിഗണിച്ചിരുന്നു. നീതിന്യായകോടതിയിൽ സ്ത്രീകളുടെ സാക്ഷ്യം സ്വീകാര്യമായിരുന്നില്ല. പൂർവ്വമാതാവായ സാറാ നുണ പറഞ്ഞതുപോലെ (ചിരിച്ചിട്ടും ചിരിച്ചില്ല, എന്നു പറഞ്ഞത് ഉൽപ 18,15) സ്ത്രീകളെല്ലാം നുണയേ പറയൂ എന്നായിരുന്നു പണ്ഡിതമതം.

സ്ത്രീകൾ അനുഭവിച്ചിരുന്ന വിവേചനത്തിന്റെയും അടിമത്തത്തിന്റെയും ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഇപ്രകാരം അടിച്ചേൽപ്പിക്കപ്പെട്ട അടിമത്തവും അപകർഷതാബോധവുംമൂലം കൂനിപ്പോയ സമകാലിക സ്ത്രീകളുടെയെല്ലാം പ്രതീ

കമാണ് സിനഗോഗിൽ നില്ക്കുന്ന കൂനി. അവൾ സിനഗോഗിലേക്കു വന്നു എന്നതുതന്നെ ശ്രദ്ധേയമാണ്. അസാധാരണമായി എന്തെങ്കിലും സംഭവിക്കും എന്നു പ്രതീക്ഷിച്ചുകൊണ്ടാവില്ല അവൾ വന്നത്. സാബത്തുതോറും ചെയ്യാറുള്ളതു പോലെ പ്രാർത്ഥനയിൽ പങ്കുചേരാൻ വന്നു. ആരാലും ശ്രദ്ധിക്കപ്പെടാതെ, സ്ത്രീകൾക്കായി നിശ്ചയിച്ചിരുന്ന വേലിക്കെട്ടുകൾക്കുള്ളിൽ, അവൾ ഒതുങ്ങിനിന്നു; ദൈവസന്നിധിയിലേക്കു കണ്ണുകളുയർത്താൻ കഴിയാതെ, കുനിഞ്ഞ്.

പെട്ടെന്നാണ് എല്ലാം സംഭവിച്ചത്. പഠിപ്പിച്ചു കൊണ്ടിരുന്ന യേശു അവളെ കണ്ടു; അടുത്തേക്കു വിളിച്ചു. വിളികേട്ട അവൾ എല്ലാം മറന്നു. സ്ത്രീകൾക്കു നിശ്ചയിച്ചിരുന്ന നിയമങ്ങൾ മറന്നു; വേലിക്കെട്ടുകളും ഔചിത്യബോധവും മറന്നു. അതിർത്തി ലംഘിച്ച് അവൾ വേദിയിലേക്കു വന്നു. യേശുവിന്റെ വാക്കും കരസ്പർശവും അവളിൽ പുതുശക്തിയുണർത്തി. കൈകൾ രണ്ടും കണ്ണുകളോടൊപ്പം മുകളിലേക്ക്, സ്വർഗ്ഗത്തിലേക്ക്, ഉയർന്നു. ഉള്ളിൽ നിറഞ്ഞു തുളുമ്പിയ സന്തോഷവും സന്ദിയും സ്തുതി കീർത്തനമായി ഉയർന്നു. സ്ത്രീകൾ സഭയിൽ നിശ്ശബ്ദരായിരിക്കണം എന്ന കല്പനകളൊന്നും അവൾ ഓർമ്മിച്ചതേയില്ല. സുദീർഘമായ 18 വർഷം താൻ ചുമന്നുകൊണ്ടു നടന്ന ഭാരം പൊടുന്നനെ മുതുകിൽ നിന്നു മാറിയപ്പോൾ ഉണ്ടായ സ്വാതന്ത്ര്യാനുഭവം, ആശ്വാസം, സന്തോഷം, എത്ര ഉച്ചത്തിൽ വിളിച്ചുകൂവിയാലും മതിയാവില്ല എന്ന തോന്നൽ. കഥ അവിടെ അവസാനിപ്പിക്കാമായിരുന്നു. ഹതഭാഗ്യയായ ഒരു സ്ത്രീക്ക് യേശു നല്കിയ വിമോചനത്തിന്റെ സദ്വാർത്ത അറിയിച്ചും അവളുടെ സന്തോഷം പ്രകടിപ്പിച്ചുംകൊണ്ട് തിരശ്ശീല വീഴ്ത്താമായിരുന്നു. എന്നാൽ അതല്ല ലൂക്കാ ചെയ്യുന്നത്. വിവരണത്തിന്റെ രണ്ടാം ഭാഗം കൂടുതൽ നാടകീയമാകുന്നു.

സൗഖ്യം പ്രാപിച്ചവൾ നിവർന്നു നിന്നു ദൈവത്തെ സ്തുതിക്കുന്നത് സിനഗോഗധികാരിയെ കോപാക്രാന്തനാക്കി. നിയമങ്ങൾ ലംഘിക്കപ്പെട്ടിരിക്കുന്നു. അതും അധികാരിയായ തന്റെ കൺമുമ്പിൽ, പ്രാർത്ഥനാസമൂഹത്തിന്റെ മധ്യത്തിൽ, സിനഗോഗിൽവച്ച്! ഏറ്റം പാവനമായ സാബത്തു നിയമം ലംഘിക്കപ്പെട്ടിരിക്കുന്നു! യേശു ചെയ്തതെല്ലാം നിയമലംഘനമായി അയാൾ വ്യാഖ്യാനിച്ചു. അതിരുകൾ കടക്കാൻ ഒരു സ്ത്രീയെ പ്രേരിപ്പിച്ചു; പരസ്യമായി അവളോടു സംസാരിച്ചു. എല്ലാവരും കാൺകെ അവ

ളുടെമേൽ കൈകൾ വച്ചു. സിനഗോഗിൽവച്ച് ഉച്ചത്തിൽ സ്തുതിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചു. ഇതിലുമെല്ലാം വലിയ കുറ്റം സാബത്തു ലംഘിച്ചു എന്നതാണ്.

സാബത്തിൽ അനുവദനീയമല്ലാത്ത 39 ജോലികൾ നിയമജ്ഞർ അക്കമിട്ട് അവതരിപ്പിച്ചിരുന്നു. രോഗശാന്തി നല്കുന്ന വൈദ്യന്റെ ജോലിയും അതിൽപ്പെടും. മരണാപകടത്തിൽ മാത്രം, അതും ജീവൻ നിലനിർത്താൻ ആവശ്യമായത്ര ശുശ്രൂഷ ചെയ്യാനേ നിയമം അനുവദിച്ചിരുന്നുള്ളൂ. അതിനപ്പുറത്തുള്ളതെല്ലാം നിയമലംഘനമായിരിക്കും. ഈ വ്യാഖ്യാനത്തിൽ കുറ്റവാളി യേശുവാണ്. എന്നാൽ അതു നേരിട്ടു പറയാൻ ധൈര്യമില്ലാഞ്ഞിട്ടാവാം സിനഗോഗധികാരി ജനങ്ങൾക്കെതിരേ താക്കീതും ശാസനയും ശകാരവും ചൊരിയുന്നത്. “ജോലി ചെയ്യാവുന്ന ആറുദിവസങ്ങളുണ്ട്. ആ ദിവസങ്ങളിൽ വന്ന് രോഗശാന്തി നേടിക്കൊള്ളുക; സാബത്തു ദിവസം പാടില്ല” (ലൂക്കാ 13,14).

സാബത്തിനെ സംബന്ധിച്ച വികലമായൊരു കാഴ്ചപ്പാടാണിത്. ഈജിപ്തിൽ അടിമവേല ചെയ്തിരുന്ന തങ്ങൾക്ക് ദൈവം നല്കിയ വിമോചനത്തെ അനുസ്മരിച്ചുകൊണ്ട് എല്ലാ വേലക്കാർക്കും ഒരു ദിവസം വിശ്രമം നല്കണം എന്നതായിരുന്നു സാബത്തിന്റെ മുഖ്യലക്ഷ്യം (നിയ 5,13-15). അധ്വാനിക്കുന്നവനു വിശ്രമവും അടിമയ്ക്കു മോചനവും ഉറപ്പു വരുത്തുന്ന ദൈവിക നിയമം നിയമജ്ഞർ വ്യാഖ്യാനിച്ചപ്പോൾ ദുർവഹമായ ചുമടായിത്തീർന്നു. അതിനെതിരേയാണ് യേശുവിന്റെ പ്രതിഷേധം. “കപടഭക്തരേ” എന്ന വിളിതന്നെ ഔദ്യോഗിക വ്യാഖ്യാനത്തിന്റെ കാപട്യം വ്യക്തമാക്കുന്നു. മൃഗങ്ങൾക്കു നല്കുന്ന പരിചരണം പോലും മനുഷ്യനു നല്കാൻ വിസമ്മതിക്കുന്നതിലുള്ള വൈരുധ്യവും കാപട്യവും എടുത്തു കാട്ടുമ്പോൾ കൂനിപ്പോയ സ്ത്രീയുടെ ബന്ധിതാവസ്ഥക്ക് പുതിയൊരു വിശദീകരണവും നല്കുന്നു.

അവളെ സാത്താൻ ബന്ധിച്ചതാണ്. അവളുടെ രോഗാവസ്ഥയുടെ കാരണം ഒരു പിശാചുബാധ എന്നതിനേക്കാൾ തിന്മയുടെ ആധിപത്യത്തിൻകീഴിലായിപ്പോയതാണ്. ബന്ധിതർക്കു മോചനം നല്കുക തന്റെ ജീവിത ദൗത്യമായി പ്രഖ്യാപിച്ച യേശു ഈ സ്ത്രീക്കു നല്കിയ സൗഖ്യത്തിൽ ദൈവഹിതത്തിന്റെ പൂർത്തീകരണം ദർശിക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ വിലകെട്ടവളും നിവർന്നു നില്ക്കാൻ കഴിയാത്തവളുമാണെങ്കിലും ഇവൾ

അബ്രാഹത്തിന്റെ പുത്രിയാണ്, വാഗ്ദാനത്തിന്റെ അവകാശിയും, മറ്റാരെയും പോലെ ആദരവിനും അംഗീകാരത്തിനും അർഹത പ്പെട്ടവളും. അവളെ സ്വതന്ത്രയാക്കുക എന്നത് ദൈവത്തിന്റെ നിശ്ച യമാണ്. ബന്ധിതർക്കു സ്വാതന്ത്ര്യം നല്കുക എന്നതാണ് സാബത്തു നിയമത്തിന്റെ തന്നെ ലക്ഷ്യം. യേശുവിന്റെ മറുപടി ജനസമൂഹം അത്യാഹ്ലാദത്തോടെ സ്വീകരിച്ചു ദൈവത്തെ മഹത്വ പ്പെടുത്തിയപ്പോൾ അധികാരികൾ ലജ്ജിച്ചു തല താഴ്ത്തി.

അതുതന്നെയാണ് കഥയുടെ മർമ്മം. സമൂഹം അടിച്ചേ ല്പിച്ച ഭാരത്തിൻകീഴിൽ അമർന്നു കൂനിപ്പോയ ഒരുവളെ യേശു മോചിപ്പിച്ചു; അവൾ നിവർന്നുനിന്നു ദൈവത്തെ സ്തുതിച്ചു. യഥാർത്ഥ ആരാധന സ്വാതന്ത്ര്യത്തിലേക്കു നയിക്കും, നയിക്ക ണം. "നിങ്ങൾ നിവർന്നു നടക്കേണ്ടതിന് നിങ്ങളുടെ നുകത്തിന്റെ കെട്ടുകൾ പൊട്ടിച്ചതു ഞാനാണ്" (ലേവ്യ 26,13). അവളോടൊപ്പം ജനം മുഴുവൻ സ്വാതന്ത്ര്യത്തിലും സന്തോഷത്തിലും പങ്കുചേർന്നു. അതേസമയം അവളെ അടിമയാക്കിയിരുന്നവർ അപഹാസ്യരായി. എളിയവരെ ഉയർത്തുകയും ശക്തരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിടുകയും ചെയ്യുന്ന വിമോചന പ്രവൃത്തിയുടെ ഒരു ദൃക്സാ ക്ഷിയും ഗുണഭോക്താവുമാണ് നിവർന്നു നിന്നു ദൈവത്തെ സ്തുതിക്കുന്ന കൂനി.

മോചനം നല്കിയ യേശുവചനം പ്രത്യേക ശ്രദ്ധയർഹി ക്കുന്നു. "നീ മോചിതയായിരിക്കുന്നു." അത് ഒരു പ്രഖ്യാപനമാ ണ്. കൂനി നില്ക്കേണ്ടവളല്ല നീ, ഒന്നിന്റെയും, ആരുടെയും മുമ്പിൽ. യേശുവചനം ശക്തിയായി ഉള്ളുണർത്തി. ഇന്നും ഇതു തന്നെ സംഭവിക്കുന്നു. അവിടുത്തെ വചനത്തിൽ വിശ്വസിക്കാൻ കഴിയു മ്പോൾ കെട്ടുകൾ അഴിയും, ഭാരങ്ങൾ മാറും. നട്ടെല്ലിനു ബലം ലഭിക്കും, കൂനുകൾ നിവരും. എല്ലാവരും ദൈവമക്കളുടെ സ്വാത ന്ത്ര്യത്തോടെ, മഹത്വത്തോടെ, നിവർന്നു നില്ക്കണം എന്ന ദൈവ ഹിതത്തിന്റെ ദൃശ്യമായ സാക്ഷ്യമാണ് സിനഗോഗിലെ കൂനി.



13

# ഒരവസരം കൂടി

## പിടിക്കപ്പെട്ട പാപിനി

മനുഷ്യന്റെ വക്രതയും ക്രൂരതയും ഏതറ്റം വരെ പോകാം എന്നതിന്റെ ഭീകരവും ബീഭത്സവുമായ ഒരുദാഹരണമാണ് നിയമ പാലകർ യേശുവിന്റെ മുമ്പിൽ നിർത്തിയ ആ ഹതഭാഗ്യ. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന അവൾക്കും പേരില്ല. എന്നാൽ അവളുടെ ഒരു ചെയ്തി എല്ലാവർക്കും അറിയാം – വ്യഭിചാരം. മോശയുടെ നിയമവും അതിന്റെ ഉപവിഭാഗങ്ങളും പരമ്പരാഗത വ്യാഖ്യാനങ്ങളും എല്ലാം അക്ഷരാർത്ഥത്തിൽ അനുസരിക്കാൻ വ്രതം ചെയ്തതിന്റെ പേരിൽ വിശുദ്ധരായി പരിഗണിക്കപ്പെടുന്ന ഫരിസേയരും നിയമത്തിന്റെ ഇഴകൾ വേർതിരിച്ച്, കണിശമായ വ്യാഖ്യനം നല്കി, വിധി കല്പി

ക്കുന്ന നിയമജ്ഞരും കൂടെയാണ് അവളെ യേശുവിന്റെ മുമ്പിലേക്കു കൊണ്ടുവന്നത്.

രാത്രി മുഴുവൻ ദീർഘിക്കുന്ന കൂടാരപ്പെരുന്നാളിന്റെ പിറ്റേന്നു രാവിലെയാണ് സംഭവം. ജറുസലേം ദേവാലയത്തിൽ, വിജാതീയരുടെ അങ്കണത്തിൽ, കവചിതമായ സ്തൂപനിരകൾക്കിടയിലെ ഒരു മണ്ഡപത്തിലിരുന്നു പഠിപ്പിക്കുന്ന യേശു. വചനം കേൾക്കാനായി ചുറ്റിലും തിങ്ങിനിന്നു കാതോർക്കുന്ന ജനക്കൂട്ടം. അവരുടെ മധ്യത്തിലേക്കാണ് അവളെ കൊണ്ടുവന്നത്. "നടുവിൽ നിർത്തി" എന്നത് നിയമനടപടിയിലെ ഒരു സാങ്കേതിക പദമാണ്. കുറ്റവാളിയെ വിചാരണ ചെയ്ത് വിധി പ്രസ്താവിക്കാൻ വേണ്ടി ന്യായാധിപന്റെ മുമ്പിൽ, പ്രതിക്കൂട്ടിൽ കയറ്റി നിർത്തുന്നതിനെയാണ് ഈ പദം സൂചിപ്പിക്കുക (അപ്പ 4,7).

"വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീ" എന്നതാണ് അവളുടെ വിശേഷണം. വിവാഹിതയായ ഒരു സ്ത്രീ അന്യപുരുഷനുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നതിനെയാണ് ഇവിടെ വ്യഭിചാരം എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. സംഭവസമയത്തു തന്നെ പിടികൂടി എന്ന് വിവരണത്തിലെ ധ്വനി. കുറ്റമാരോപിക്കുന്നവർ അതുതന്നെ ആവർത്തിക്കുന്നുമുണ്ട്. "ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്" (യോഹ 8,5). ഇപ്രകാരമുള്ള കുറ്റത്തെയും അതിനു നല്കേണ്ട ശിക്ഷയെയും കുറിച്ച് നിയമത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. "ഒരുവൻ അയല്ക്കാരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്താൽ അവനും അവളും മരണശിക്ഷ അനുഭവിക്കണം" (ലേവ്യ 20,10). "അന്യന്റെ ഭാര്യയോടൊത്ത് ഒരുവൻ ശയിക്കുന്നതു കണ്ടാൽ ഇരുവരെയും - സ്ത്രീയെയും പുരുഷനെയും - വധിക്കണം" (നിയ 22,22).

നിയമത്തിന്റെ കാര്യത്തിൽ സംശയമില്ല. കുറ്റകൃത്യത്തിനു ദൃക്സാക്ഷികളുമുണ്ട്. പിന്നെ എന്തിന് അവർ യേശുവിനെ സമീപിക്കുന്നു? ഇവിടെയാണ് കാപട്യത്തിന്റെ ക്രൂരതയുടെയും ഒരു വശം ഒളിഞ്ഞിരിക്കുന്നത്. വിട്ടുവീഴ്ചയില്ലാതെ, മുഖം നോക്കാതെ, ദൈവഹിതം അറിയിക്കുന്ന, ദൈവനീതിയുടെയും അതേസമയം കരുണയുടെയും പ്രവാചകനായി യേശു ജനമധ്യത്തിൽ പ്രസിദ്ധനായിരുന്നു. ഇത് യഹൂദമതനേതാക്കന്മാരെ അസ്വസ്ഥരാക്കിയിരുന്നു. പിടിച്ചുകെട്ടാൻ പടയാളികളെ അയച്ചെങ്കിലും ഫലമുണ്ടാ

യില്ല (യോഹ 7,32–45). നേതൃനിരയിൽത്തന്നെ അഭിപ്രായ വ്യത്യാസമുണ്ടായി (യോഹ 7,50–53). പിടികൂടണം എന്ന ദുഷ്ടലാക്കോടുകൂടെയാണ് ഈ തെരുവുനാടകം അവതരിപ്പിക്കുന്നത്. "ഇത് അവനിൽ കുറ്റമാരോപിക്കാൻവേണ്ടി അവനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചതാണ്" (യോഹ 8,6).

എന്തു തീരുമാനം പറഞ്ഞാലും അത് യേശുവിനെതിരേ പ്രയോഗിക്കാൻ എതിരാളികളുടെ കൈകളിൽ ആയുധമായിത്തീരും. അവർ തന്നെ ഉദ്ധരിച്ച നിയമപ്രകാരം വധശിക്ഷ വിധിച്ചാൽ രണ്ടു പ്രശ്നങ്ങളുണ്ട്. നാളിതുവരെ പ്രസംഗിച്ച ദൈവത്തിന്റെ കരുണാർദ്രസ്നേഹം എന്ന സുവിശേഷം തന്നെ തള്ളിപ്പറയുന്നതായി ആരോപിക്കാം. അതിനേക്കാൾ ഗൗരവമുള്ളതാണ് രണ്ടാമത്തേത്. വധശിക്ഷ നടപ്പിലാക്കാൻ യഹൂദർക്ക് അനുവാദമില്ലായിരുന്നു. അത് നേതാക്കന്മാർതന്നെ പീലാത്തോസിനെ അനുസ്മരിപ്പിക്കുന്നുമുണ്ട് (യോഹ 18,31). ഇപ്പോൾ യേശു വധശിക്ഷ വിധിച്ചാൽ അത് റോമൻ നിയമത്തിന്റെ ലംഘനമാകും. യേശുവിനെ റോമൻ അധികാരം നിഷേധിക്കുന്ന കലാപകാരിയെന്നു മുദ്രകുത്തി ഏല്പിച്ചുകൊടുക്കാൻ കഴിയും. എന്നാൽ, കാരുണ്യത്തിന്റെ പേരിൽ വെറുതെ വിടാൻ വിധിച്ചാൽ അത് മോശയുടെ നിയമത്തിന്റെ ലംഘനമാകും. ദൈവികനിയമം ലംഘിക്കുകയും ലംഘിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു എന്ന കുറ്റമായിരിക്കും ആരോപിക്കുക. സ്ത്രീയെ എറിയാൻ എടുത്ത കല്ലുകൾ യേശുവിനെതിരേ തിരി



ച്ചുവിടാൻ കഴിയും. തങ്ങൾക്ക് അസ്വസ്ഥതയുണ്ടാക്കുന്ന, വ്യാജ പ്രവാചകനും ദൈവനിഷേധിയും എന്ന് നേതാക്കൾ വിധിയെഴുതിയ, യേശുവിനെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നു അവരുടെ കാപട്യത്തിന്റെ ഒരു വശം. എന്നാൽ അതു മാത്രമല്ല.

യേശുവിനെ കുടുക്കാൻ അവർ വെച്ച കെണിയിലെ ഇര മാത്രമാണ് പിടിക്കപ്പെട്ട പാപിനി. അവൾക്കു വ്യക്തിത്വമില്ല; ശബ്ദമില്ല. അവൾ ചെയ്തകുറ്റം തെളിയിക്കപ്പെട്ടിട്ടില്ല. ഒരു സ്ത്രീ തനിച്ച് എങ്ങനെ വ്യഭിചാരം ചെയ്തു എന്ന് ആരും ചോദിച്ചില്ല. നിയമനിഷേധം എന്നാക്രോശിച്ച് ജനവികാരത്തെ ഇളക്കിവിട്ട നേതാക്കന്മാർ ചോദിക്കേണ്ട ചോദ്യങ്ങളൊന്നും ചോദിച്ചില്ല, ചോദിക്കാൻ ആരെയും അനുവദിച്ചതുമില്ല. വ്യഭിചാരകുറ്റത്തിന് പിടിക്കപ്പെട്ടാൽ രണ്ടുപേരും വധിക്കപ്പെടണം എന്ന വ്യക്തമായ അനുശാസനത്തിന് എന്തു സംഭവിച്ചു? പിടിക്കപ്പെട്ടവളെ വ്യഭിചരിച്ചവൻ എവിടെ? എന്തേ സ്ത്രീയെ മാത്രം വിചാരണയ്ക്കു കൊണ്ടുവരുന്നു? അതോ കുറ്റവാളികൾ തന്നെ സാക്ഷിപറയുകയും വിധി നിശ്ചയിക്കുകയും ചെയ്ത സൂസന്നയുടെ കഥ ഇവിടെ ആവർത്തിക്കുകയാണോ? സൗകര്യപൂർവ്വം ഒഴിവാക്കാൻ വേണ്ടി അവളുടെ ഭർത്താവുതന്നെ ഒരുക്കിയ കെണിയാണിതെന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. അല്ല, ഒരു സാധു സ്ത്രീയുടെ ഇടർച്ചയെ അവസരമാക്കി യേശുവിനെ വീഴ്ത്താൻ നടത്തിയ ശ്രമമെന്നു മറ്റുചിലർ. എന്തായാലും തങ്ങളുടെ ഗൂഢ ലക്ഷ്യത്തിനുവേണ്ടി ഒരു പാവപ്പെട്ട സ്ത്രീയെ ബലിയാടാക്കുന്ന ആസൂത്രിതശ്രമം പൈശാചികതയുടെ വേറൊരു വശം വ്യക്തമാക്കുന്നു. ഇവളുടെ രക്തത്തിൽ എനിക്കു പങ്കില്ല എന്നു പറയാൻ ദാനിയേൽ എവിടെ?


അവഹേളിതയായി അവൾനിന്നു, തന്റെ രക്തത്തിനുവേണ്ടി ദാഹിക്കുന്ന ചെന്നായ്ക്കളുടെ മധ്യേ, പേടിച്ചരണ്ട കുഞ്ഞാടിനെപ്പോലെ. എറിയാൻ കല്ലുകളുമായി ആളുകൾ ചുറ്റിലും കൂടി. മാനം നഷ്ടപ്പെട്ട, പാപബോധത്താൽ ഹൃദയം നുറുങ്ങിയ, ദൈവവും തന്നെ ഉപേക്ഷിച്ചു എന്നു കരുതി തകർന്ന് നിരാശയിലാണ്ടുപോയ അവൾ ഏതുനിമിഷവും തന്റെമേൽ പതിക്കാൻ പോകുന്ന കല്ലുകൾക്കുവേണ്ടി കാത്തുനിന്നു. ഈ നാടകം എത്രയും വേഗം അവസാനിച്ചാൽ മതി എന്ന് അപേക്ഷിച്ചിട്ടുണ്ടാവും.

ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞില്ല. ''യേശുവാകട്ടെ കുനിഞ്ഞ് വിരൽകൊണ്ട് നിലത്തെഴുതിക്കൊണ്ടിരുന്നു'' (യോഹ

8,6). യേശു കുനിഞ്ഞു എന്ന് ഇവിടെയല്ലാതെ ബൈബിളിൽ മറ്റൊരിടത്തും രേഖപ്പെടുത്തിയിട്ടില്ല. യേശു എന്തെങ്കിലും എഴുതിയതായും ഇവിടെ മാത്രമേ കാണുന്നുള്ളൂ; അതും ഒന്നല്ല രണ്ടു തവണ. എന്താണ് എഴുതിയതെന്ന് വ്യാഖ്യാതാക്കൾ അന്വേഷിക്കാറുണ്ട്; പല ഉത്തരങ്ങൾ കണ്ടെത്തിയിട്ടുമുണ്ട്. തന്റെ മുമ്പിൽ നില്ക്കുന്ന ഓരോരുത്തരുടെയും പാപമാണ് എഴുതിയത് എന്ന് ചിലർ. അല്ല, റോമൻ പതിവനുസരിച്ച് ന്യായാധിപൻ പരസ്യമായി വായിക്കാനുള്ള വിധിവാചകം വിചാരണ നടക്കുമ്പോൾ എഴുതിയിരുന്നതുപോലെ യേശു വിധിവാചകം എഴുതുകയായിരുന്നു എന്ന് മറ്റു ചിലർ. ഇതൊന്നുമല്ല, ബെൽഷാസർ രാജാവിന്റെ വിരുന്നുശാലയുടെ ഭിത്തിയിൽ കൈവിരലുകൾ പ്രത്യക്ഷപ്പെട്ട് എഴുതിയ വിധിവാചകം (ദാനി 5,5) പോലെയാണിതെന്ന് വാദിക്കുന്നു ഇനിയും ചിലർ. കൃത്യമായി ആർക്കും അറിയില്ല. അറിയണം എന്ന് സുവിശേഷകൻ ആഗ്രഹിച്ചിട്ടുമില്ല. അതിനാൽ ഈ ദിശയിലുള്ള അന്വേഷണം എങ്ങും എത്തിക്കുകയുമില്ല.

പക്ഷേ കൂടുതൽ ശ്രദ്ധേയമായ ഒന്നാണ് യേശു കുനിഞ്ഞു എന്ന പരാമർശം. തീർച്ചയായും നിലത്തെഴുതണമെങ്കിൽ കുനിയണം എന്നതു സ്വാഭാവികം. എന്നാൽ അതു മാത്രമാണോ ഇവിടെ അർത്ഥമാക്കുക? എല്ലാവരും നിവർന്നു നില്ക്കണം എന്നാഗ്രഹിക്കുകയും കൂനിപ്പോയവരെ വിവാദക്കൊടുങ്കാറ്റഴിച്ചുവിട്ടുകൊണ്ടു തന്നെ നിവർത്തി നിർത്തുകയും ചെയ്ത (ലൂക്ക 13,10-17) ഗുരു എന്തേ ഇവിടെ കുനിയുന്നു? അതും ഒന്നല്ല, രണ്ടു പ്രവാശ്യം? ഇതിന് എന്തെങ്കിലും ആഴമേറിയ അർത്ഥമുണ്ടോ എന്നറിയില്ല.

ഒരു പക്ഷേ മുന്നിൽ അരങ്ങേറുന്ന കാപട്യവും ദുഷ്ടതയും കണ്ടു മനസുമടുത്തിട്ടാകുമോ? ദൈവികനിയമത്തിന്റെ കാവൽക്കാർ എന്നവകാശപ്പെടുന്നവർ, വിശുദ്ധിയുടെ പരിവേഷമണിയുന്നുവെന്ന് അഭിമാനിക്കുന്നവർ തന്നെ ഒരു മനുഷ്യജീവിയെ നിഷ്കരുണം പിച്ചിച്ചീന്താൻ കാണിക്കുന്ന പൈശാചിക ക്രൂരതയാകുമോ തല താഴ്ത്താൻ യേശുവിനെ പ്രേരിപ്പിക്കുന്നത്? അതോ ലോകത്തിന്റെ പാപം ഏറ്റുവാങ്ങുന്നവന്റെ മാനസികാവസ്ഥയുടെ ശാരീരിക പ്രകടനമാകുമോ? പാപത്തിന്റെ ഭീകരമുഖം ദൈവികതയുടെ പരിവേഷം ചാർത്തി പ്രത്യക്ഷപ്പെട്ടു, ആ ദേവാലയാങ്കണത്തിൽ - സാത്താൻ മാലാഖയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതുപോലെ.



നിർബ്ബന്ധം വർദ്ധിച്ചപ്പോൾ യേശു നിവർന്നു; അവർ കേൾക്കാൻ ആഗ്രഹിച്ച വിധിവാചകം ഉച്ചരിച്ചു: അവളെ കല്ലെറിയുവിൻ! പക്ഷേ അവിടെ തീർന്നില്ല, വിധി. മോശെയുടെ നിയമപ്രകാരം കുറ്റകൃത്യത്തിന്റെ സാക്ഷികളാണ് ആദ്യത്തെ കല്ലെറിയേണ്ടത് (നിയ 17,7). ഇവിടെ യേശു ഒരു തിരുത്തൽ വരുത്തി. "നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം എറിയട്ടെ" (യോഹ 8,7). ഇത് അവർ പ്രതീക്ഷിച്ചില്ല. വാദിയും സാക്ഷിയും പ്രതിക്കൂട്ടിലായി. ആർ ആരെ കല്ലെറിയണം? നേതാക്കളുടെ തീക്ഷ്ണത അവസാനിച്ചു. തങ്ങൾ ഒരുക്കിയ കെണിയിൽ തങ്ങൾതന്നെ വീണതായി മനസ്സിലാക്കിയ അവർ പിൻവാങ്ങി. കപടഭക്തിയുടെ മുഖംമൂടി അഴിഞ്ഞുവീണു. കാഴ്ചകാണാൻ കൂടിയവർ ഇര നഷ്ടപ്പെട്ട കുണ്ഠിതത്തോടെ നിഷ്ക്രമിച്ചു. അവസാനം കുനിഞ്ഞ് എഴുതിക്കൊണ്ടിരുന്ന യേശുവും മരണഭയത്തിൽപ്പെട്ട സ്ത്രീയും മാത്രം അവശേഷിച്ചു.


വീണ്ടും നിവർന്ന യേശുവിന്റെ വിധിവാചകത്തിനുവേണ്ടി അവൾ ഭയന്നുവിറച്ചു കാതോർത്തു. "സ്ത്രീയേ അവർ എവിടെ? ആരും നിന്നെ കുറ്റം വിധിച്ചില്ലേ?" സ്ത്രീയേ എന്ന അഭിസംബോധനയിൽ ആദരവുണ്ട്. വ്യഭിചാരിണിയെന്നു മുദ്രകുത്തി അവഹേളിച്ച് കൊല്ലാൻ കൊണ്ടുവന്നവൾക്ക് ആത്മാഭിമാനം വീണ്ടും നല്കുന്നതാണ് ആ വിളി, പറുദീസായിൽ നഗ്നതമൂലം ഭയന്ന് ഒളിച്ചിരുന്ന ആദിമാതാപിതാക്കൾക്ക് തുകൽകൊണ്ടുള്ള ഉടയാട നല്കി

യതുപോലെ ഒരു സംരക്ഷണം. "വിധിച്ചില്ലേ" എന്നാണ് പി.ഒ.സി. വിവർത്തനം. സാഹചര്യത്തിൽനിന്ന് അർത്ഥം വ്യക്തമാകും എന്നു കരുതിയാണ് ഇങ്ങനെ വിവർത്തനം ചെയ്യുന്നത്. "*കത്താക്രിനോ*" എന്ന ഗ്രീക്കു വാക്കിന് കുറ്റവാളിയെന്നു പ്രഖ്യാപിക്കുക, ശിക്ഷ വിധിക്കുക - Condemn - എന്നാണർത്ഥം. കുറ്റം ആരോപിച്ചവരും സാക്ഷികളും എല്ലാം അപ്രത്യക്ഷരായ കാര്യം അപ്പോഴാകും അവൾ അറിയുന്നത്. ചീറിവരുന്ന കല്ലിന്റെ ശീൽക്കാരം പ്രതീക്ഷിച്ച്, മരണത്തിനൊരുങ്ങി കണ്ണടച്ചു നിന്നവൾ അമ്പരന്നു.

ഒറ്റവാക്കിൽ അവൾ ഉത്തരം പറഞ്ഞു, "ഇല്ല, കർത്താവേ!" അതൊരു നിലവിളിയായിരുന്നു. അവിശ്വസനീയമാംവിധം വീണുകിട്ടിയ ജീവിതത്തിലുള്ള സന്തോഷത്തിന്റെ, നന്ദിയുടെ, പശ്ചാത്താപത്തിന്റെ വിതുമ്പൽ. ഇല്ല, ആരും കുറ്റം വിധിച്ചില്ല; ശിക്ഷിച്ചില്ല. "കർത്താവേ" എന്ന വിളിയിൽ ഒരു ലോകം മുഴുവൻ ഒതുങ്ങുന്നുണ്ട് - ഇസ്രായേൽ ജനത്തിന്റെ മുഴുവൻ ചരിത്രവും ദൈവാനുഭവവും വിശ്വാസവും ഉൾക്കൊള്ളുന്ന ഒരു ലോകം. അടിമകൾക്കു വിടുതൽ നല്കുന്ന ദൈവത്തിന്റെ പേരാണ് ***കർത്താവ്.***

തുടർന്ന് കേട്ടത് വിശ്വസിക്കാൻ അവൾക്കു പ്രയാസം തോന്നിക്കാണും. "ഞാനും കുറ്റം വിധിക്കുന്നില്ല." കുറ്റം വിധിക്കുന്നില്ല എന്നതുകൊണ്ട് കുറ്റ വിമുക്തയാക്കിയെന്നോ അവൾ ചെയ്തതു തെറ്റല്ല എന്നോ അർത്ഥമാക്കുന്നില്ല. ജീവന്റെ നാഥൻ അവൾക്ക് ഒരുവസരം കൂടി നല്കുകയാണ്, ഒപ്പം ഒരു താക്കീതും.

"പൊയ്ക്കൊള്ളുക, ഇനിമേൽ പാപം ചെയ്യരുത്" (യോഹ 8,11). കൈവിട്ടുപോയി എന്നു കരുതിയ ജീവിതം അവൾക്കു വീണ്ടും കിട്ടി. ഇവിടെ വിചാരണയില്ല. ആത്മാഭിമാനത്തിനു ക്ഷതമേല്പിക്കുന്ന ആരോപണങ്ങളോ ചോദ്യങ്ങളോ ഇല്ല. എല്ലാം കാണുന്നവൻ, ഹൃദയത്തിന്റെ ആഴങ്ങൾ അറിയുന്നവൻ, തന്റെ അനന്തമായ കാരുണ്യം അവളുടെ മേൽ ചൊരിഞ്ഞു. അവൾക്കുപോകാം - സമാധാനത്തിൽ, ശാന്തിയിൽ. ഭയമില്ലാതെ, ലജ്ജിക്കാതെ, ഒരു പുതിയ വ്യക്തിയായി അവൾക്കു ജീവിക്കാം. യേശു നല്കുന്ന വിമോചനത്തിന്റെ നന്ദി നിറഞ്ഞ സാക്ഷിയായി അവൾക്കു ശിഷ്ടജീവിതം ചിലവഴിക്കാം. ദൈവം നല്കുന്ന പുതിയ അവസരത്തിന്റെ സാക്ഷിയും മാതൃകയുമാണ് പിടിക്കപ്പെട്ടിട്ടും ശിക്ഷിക്കപ്പെടാതിരുന്ന ആ സ്ത്രീ.



14

# കർമ്മജ്ഞാനി

## മാർത്താ

ഉടമസ്ഥൻ, യജമാനൻ, നാഥൻ എന്നൊക്കെ അർത്ഥമുള്ള മാറാ (ലുപ്തരൂപം: മാർ) എന്ന അരമായ (സുറിയാനി) വാക്കിന്റെ സ്ത്രീലിംഗമാണ് മാർത്താ. പല മലയാളം വിവർത്തനങ്ങളിലും മർത്താ എന്നാണ് കാണുന്നതെങ്കിലും മൂലഭാഷയിലെ ഉച്ചാരണം മാർത്താ എന്നത്രേ. ലൂക്കാ 10,38-42; യോഹ 11,1-12,8 എന്നീ ബൈബിൾ ഭാഗങ്ങളിൽ അവളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ശുശ്രൂഷയുടെ മാതൃകയായിട്ടാണ് രണ്ടു സുവിശേഷങ്ങളിലും മാർത്താ പ്രത്യക്ഷപ്പെടുന്നത്. സ്ത്രീകൾക്കു പ്രത്യേക പരിഗണന നല്കുന്ന ലൂക്കാ സുവിശേഷകൻ മാർത്തായെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ അല്പം വിമർശനാത്മകമായ ഒരു സമീപനം സ്വീകരിക്കുന്നതായി തോന്നാം. അതിനാൽത്തന്നെ അത്രതന്നെ അഭി

കാമ്യവും അനുകരണാർഹവുമല്ലാത്ത ഒരു വ്യക്തിത്വമാണ് മാർത്തായുടേത് എന്ന ഒരു ധാരണ പൊതുവേ നിലവിലുണ്ട്.

തന്നെയുമല്ല, സഹോദരി മറിയത്തോടു താരതമ്യം ചെയ്തു മാർത്തായെ ചെറുതാക്കി ചിത്രീകരിക്കാനുള്ള പ്രവണതയും ഇന്നു നിലവിലുണ്ട്. മാർത്തായെ പ്രവർത്തനത്തിന്റെയും മറിയത്തെ ഉപാസന-ധ്യാനത്തിന്റെയും മാതൃകകളായി അവതരിപ്പിച്ച് ധ്യാനവും ആരാധനയുമാണ് പ്രവർത്തനത്തെക്കാൾ പ്രധാനം എന്ന നിഗമത്തിലെത്തുന്നവരുണ്ട്. ഒരു പടികൂടി കടന്ന്, മാർത്തായെ അത്മായരുടെയും മറിയത്തെ സന്യസ്തരുടെയും മാതൃകയായികണ്ട്, രണ്ടാമത്തേതാണ് കൂടുതൽ ശ്രേഷ്ഠം എന്ന കാഴ്ചപ്പാട് നിലനിർത്തുന്നവരുമുണ്ട്. ഈ പശ്ചാത്തലത്തിൽ മാർത്തായെക്കുറിച്ച് ബൈബിളും സഭാപാരമ്പര്യവും പറയുന്ന കാര്യങ്ങൾ സൂക്ഷ്മമായി അപഗ്രഥിക്കണം.

ലൂക്കായും യോഹന്നാനും മാർത്തായെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. രണ്ടു സുവിശേഷങ്ങളിലെ ചിത്രങ്ങളും തമ്മിൽ അടുത്ത ബന്ധവും സമാനതകളുമുണ്ട്. ലൂക്കാ "ശുശ്രൂഷ" എന്ന ഒരു കാര്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ യോഹന്നാൻ മാർത്തായെ യഥാർത്ഥ ശിഷ്യത്വത്തിന്റെ സകല വശങ്ങളും ഉൾക്കൊള്ളുന്ന ഉത്തമ മാതൃകയായി അവതരിപ്പിക്കുന്നു, കർമ്മമാർഗ്ഗത്തിന്റെയും ജ്ഞാനമാർഗ്ഗത്തിന്റെയും മാതൃകയാണവൾ.

ശിഷ്യത്വത്തെക്കുറിച്ച് വിശദമായ പ്രബോധനം നല്കുന്ന യാത്രാവിവരണത്തിലാണ് ലൂക്കാ മാർത്തായെക്കുറിച്ച് പ്രതിപാദിക്കുന്നത് (ലൂക്കാ 10,38-42). ഈ യാത്രാവിരണത്തിനിടയിൽ ശിഷ്യത്വത്തിന്റെ അനേകം മാതൃകകൾ ലൂക്കാ വരച്ചുകാട്ടുന്നുണ്ട്. നിത്യജീവൻ അവകാശമാക്കാൻ അയല്ക്കാരനെ സ്നേഹിക്കണമെന്നും ആരാണ് അയല്ക്കാരൻ എന്നും നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ (ലൂക്കാ10,25-37) പഠിപ്പിച്ചതിനുശേഷമാണ് മാർത്താ-മറിയം സഹോദരിമാരുടെ കഥ പറയുന്നത്.

ആവശ്യം അനുഭവിക്കുന്നവനെ സഹായിക്കുക നിത്യജീവൻ പ്രാപിക്കാൻ അത്യാവശ്യമാണെന്ന് സമരിയാക്കാരന്റെ കഥയിലൂടെ പഠിപ്പിച്ചു. അതിന്റെ മറുവശം എന്ന രീതിയിലാണ് മാർത്താ-മറിയം സഹോദരിമാരെക്കുറിച്ചു പ്രതിപാദിക്കുന്നത്. അവശരെ സഹായിക്കുക അവശ്യം ആവശ്യമാണെങ്കിലും ക്രിസ്തീയ ശിഷ്യത്വം എന്നത് സാമൂഹികസേവനം മാത്രമായിത്തീരരുതെന്നും

ദൈവസന്നിധിയിൽ ഏകാഗ്രമായിരുന്നു പ്രാർത്ഥിക്കാനും ദൈവ വചനം ശ്രവിക്കാനും ശിഷ്യർ സമയം കണ്ടെത്തണമെന്നും പഠിപ്പിക്കുകയാണ് സഹോദരിമാരുടെ ഉദാഹരണത്തിലൂടെ. പുരുഷനോടു തുല്യം സ്ത്രീക്കും, പ്രവർത്തനത്തിനോടൊപ്പം വചനശ്രവണ-പ്രാർത്ഥനയ്ക്കും സ്ഥാനം നല്കുന്ന സന്തുലിതമായ ഒരു കാഴ്ചപ്പാടാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഏതെങ്കിലും ഒന്നിനെ ചെറുതാക്കി ചിത്രീകരിക്കുകയല്ല, ഒന്നിന്റെ പേരിൽ മറ്റൊന്ന് അവഗണിക്കപ്പെടരുത് എന്നു നിഷ്കർഷിക്കുകയാണ് ഈ അവതരണത്തിന്റെ ലക്ഷ്യം.

യാത്രമദ്ധ്യേ യേശുവിനെ സ്വഭവനത്തിൽ സ്വീകരിച്ചവളാണ് മാർത്താ. വീടിന്റെ ഉടമയും അധികാരിയും നാഥയുമായി മാർത്താ മുൻപന്തിയിൽ നില്ക്കുന്നു. അവൾ വിവാഹിതയാണോ, കുടുംബമുണ്ടോ എന്നൊന്നും സുവിശേഷകൻ പറയുന്നില്ല. വഴിപോക്കനായ യേശുവിനെ സ്വന്തം ഭവനത്തിൽ സ്വീകരിച്ച് സല്ക്കരിക്കുന്ന വീട്ടുടമസ്ഥയാണവൾ. അവൾക്ക് ഒരു സഹോദരിയുണ്ട് - മറിയം. യേശുവിന്റെ വാക്കുകൾ കേട്ടുകൊണ്ട് മറിയം ഗുരുപാദത്തിൽ ഇരുന്നപ്പോൾ വീട്ടമ്മയായ "മർത്തായാകട്ടെ പലവിധ ശുശ്രൂഷകളിൽ മുഴുകി വ്യഗ്രചിത്തയായിരുന്നു" (ലൂക്കാ 10,40).

"*പെരിസ്പാവോ*" എന്നാണ് 'വ്യഗ്രചിത്ത' എന്നു വിവർത്തനം ചെയ്യുന്ന പദത്തിന്റെ ഗ്രീക്കുമൂലം. പലവശത്തേക്കും ഒരുമിച്ചു പിടിച്ചു വലിക്കുന്നതിനെയാണ് ഈ ക്രിയാപദം സൂചിപ്പിക്കുന്നത്. ഒന്നിലും ഉറച്ചുനില്ക്കാൻ പറ്റാത്ത, ഒന്നിലും വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാത്ത വിധം അനേകം കാര്യങ്ങളിൽ ഒരുമിച്ച് ഇടപെട്ട്, അസ്വസ്ഥരും ആകുലരുമാകുന്ന ഒരവസ്ഥയെ ഇവിടെ ചിത്രീകരിക്കുന്നു. ഈ അവസ്ഥയിലായിരിക്കുന്ന മാർത്തായ്ക്ക് താൻ ഒറ്റപ്പെട്ടുപോയിരിക്കുന്നു; തന്നെ സഹായിക്കേണ്ടവളും സഹായിക്കാൻ കഴിയുന്നവളുമായ സഹോദരി വെറുതെ ഗുരുവിന്റെയടുത്തിരുന്ന് തന്നെ അവഗണിക്കുന്നതായും തോന്നി. അത് ഗുരു ശ്രദ്ധിക്കുന്നില്ല എന്ന തോന്നൽ ഇരുവർക്കുമെതിരേ ഒരു ശകാരവും കുറ്റാരോപണവുമായി പുറത്തു വന്നു. ശുശ്രൂഷയ്ക്കു സഹായിക്കാൻ സഹോദരിയെ ഗുരുതന്നെ പറഞ്ഞുവിടണം എന്ന ആവശ്യവും ഉന്നയിച്ചു.

ഇവിടെയാണ് രണ്ടു മനോഭാവങ്ങളെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം അവതരിപ്പിച്ചിരിക്കുന്നത്. "മാർത്താ, മാർത്താ,

നീ പലതിനെക്കുറിച്ചും ഉൽക്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. ഒന്നുമാത്രമേ ആവശ്യമുള്ളൂ. മറിയം നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽനിന്ന് എടുക്കപ്പെടുകയില്ല" (ലൂക്കാ 10,41-42). മാർത്തായെ കുറ്റപ്പെടുത്തുകയോ അവളുടെ ശുശ്രൂഷയെ ചെറുതാക്കി അവതരിപ്പിക്കുകയോ അല്ല യേശു ചെയ്യുന്നത്. മാർത്താ, മാർത്താ എന്ന ആവർത്തിച്ചുള്ള വിളി യേശുവിന് അവളോടുള്ള സ്നേഹവും താൽപര്യവും അതോടൊപ്പം നല്കുന്ന ഉപദേശത്തിന്റെ പ്രാധാന്യവും എടുത്തുകാട്ടുന്നു.

ഏറ്റം പ്രധാനപ്പെട്ടതും അനിവാര്യവുമായ ഒരു ശുശ്രൂഷയാണ് മാർത്താ ചെയ്യുന്നത്. ഭവനം സൂക്ഷിക്കുന്നു, അതിഥിയെ സ്വീകരിക്കുന്നു, പരിചരിക്കുന്നു. ഇതെല്ലാം അത്യാവശ്യംതന്നെ. ഈ സാഹചര്യങ്ങൾ ഇല്ലായിരുന്നെങ്കിൽ മറിയത്തിന് ഗുരുവിന്റെ പാദാന്തികത്തിൽ ഇരിക്കാനോ ഗുരുവിനു വചനം പങ്കുവയ്ക്കാനോ സാധിക്കുമായിരുന്നില്ല. ഈ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടു തന്നെ ഗുരുനാഥൻ രണ്ടു കാര്യങ്ങൾ മാർത്തായെ പഠിപ്പിക്കുന്നു. ഒന്ന് അവൾ വ്യഗ്രചിത്തയാണ്; രണ്ട് താൻ ചെയ്യുന്നതു മാത്രമാണ് ആവശ്യമായ കാര്യം, സഹോദരിയും ഈ ജോലിയിൽ പങ്കുചേരണം എന്ന ചിന്ത ശരിയല്ല.

'ഉത്ക്കണ്ഠാകുല' എന്നതാണ് മാർത്തായ്ക്ക് യേശു നല്കുന്ന ആദ്യത്തെ വിശേഷണം. ശിഷ്യർ അവശ്യം ഒഴിവാക്കേണ്ട ഒന്നാണ് ഉൽക്കണ്ഠ. ആവശ്യമായതെല്ലാം ദൈവം തരും എന്ന ഉറച്ച വിശ്വാസത്തിൽ കുറവു വരുമ്പോൾ ഉണ്ടാകുന്ന മാനസികാവസ്ഥയാണ് ഉൽക്കണ്ഠ. വിചാരണ ചെയ്യപ്പെടുമ്പോൾ എന്തു മറുപടി പറയും എന്ന ഉൽക്കണ്ഠ വേണ്ട (ലൂക്കാ 12,11). എന്തു ഭക്ഷിക്കും, എന്തു ധരിക്കും എന്ന ഉൽക്കണ്ഠ അരുത് (ലൂക്കാ 12,22). ഉൽക്കണ്ഠമൂലം ഒന്നും നേടാൻ കഴിയില്ല, ആയുസിന്റെ ദൈർഘ്യം കൂടുകയില്ല, കുറയുകയേ ചെയ്യൂ (ലൂക്കാ 12,25). അതിനാൽ പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുക, സ്വയം വിട്ടുകൊടുക്കുക ഇതാണ് ചെയ്യേണ്ടത്.

"അസ്വസ്ഥ" എന്നതാണ് രണ്ടാമത്തെ വിശേഷണം. ചെയ്തു തീർക്കാൻ ഏറെ കാര്യങ്ങളുണ്ട്. അതിനു കഴിയാതെ വരുമ്പോൾ ഉണ്ടാകുന്ന മാനസികാവസ്ഥയാണിത്. സ്വസ്ഥത നഷ്ടപ്പെടുമ്പോൾ എല്ലാറ്റിനോടും വെറുപ്പും അമർഷവും തോന്നുക സ്വാഭാവികം. തന്റെ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും ആരും കാണു

ന്നില്ല, ശ്രദ്ധിക്കുന്നില്ല, അംഗീകരിക്കുന്നില്ല, സഹായത്തിനെത്തു ന്നില്ല എന്നിങ്ങനെയുള്ള പരാതികളാണ് അസ്വസ്ഥമായ മന സ്സിൽനിന്ന് വക്കുപൊട്ടിയൊഴുകുന്നത്. ഇതും ശിഷ്യത്വത്തിനു യോജിച്ച മനോഭാവമല്ല.



സഹോദരിയെക്കുറിച്ചുള്ള പരാതിയും ഈ തെറ്റായ മനോഭാവത്തിന്റെ പ്രകടനമത്രേ. ഗുരുപാദത്തിൽ സ്വസ്ഥമായി ഇരിക്കുന്നത് നിഷ്ക്രിയത്വവും സമയനഷ്ടവുമായി കരുതുന്നു. അതിനേക്കാൾ പ്രധാനപ്പെട്ടതാണ് ശുശ്രൂഷകൾ എന്ന ഒരു വിധിയും ഈ പരാതിയിലുണ്ട്. അതിനാൽ ശിഷ്യത്വത്തിന്റെ ആഴങ്ങളിലേക്ക് യേശു മാർത്തായെ ക്ഷണിക്കുന്നു. ഉൽക്കണ്ഠയും വ്യഗ്രതയും വേണ്ടാ. മനസ് ശാന്തമാകണം. താൻ ചെയ്യുന്ന ശുശ്രൂഷപോലെ തന്നെ വിലപ്പെട്ടതാണ് സ്വസ്ഥമായിരുന്ന് ഗുരുവചനത്തിന് കാതോർക്കുന്നത് എന്നു മർത്താ മനസിലാക്കണം; അംഗീകരിക്കണം.

അതോടൊപ്പം ഒന്നുകൂടിയുണ്ട്. ചെയ്യുന്ന ജോലിയിൽ സംതൃപ്തി കണ്ടെത്തുക. ഒരുപക്ഷേ സഹോദരിയുടെ ജോലി കൂടുതൽ എളുപ്പവും അഭികാമ്യവുമാണെന്ന ധ്വനി മാർത്തായുടെ പരാതിയിലുണ്ടോ? എന്നെ തനിയെ വിട്ടിരിക്കുന്നു! ഏല്പിക്കപ്പെട്ടതോ സ്വയം ഏറ്റെടുത്തതോ ആകട്ടെ, താൻ ചെയ്യുന്ന ജോലിയിൽ അർത്ഥവും സംതൃപ്തിയും കണ്ടെത്താൻ കഴിയാത്തവർക്കു പരാതികളേ ഉണ്ടാവൂ! ഇതും ശിഷ്യത്വത്തിനു നിരക്കാത്ത മനോഭാവമാണ്. മറിയത്തെ ഗുരുപാദത്തിൽ നിന്നകറ്റി അടുക്കള ജോലിക്കു വിടണം എന്ന അഭ്യർഥന യേശു സ്വീകരിക്കുന്നില്ല.

ആവശ്യമായ ഒന്നേ ഉള്ളൂ, അതു മറിയം തിരഞ്ഞെടുത്തിരിക്കുന്നു. അപ്പോൾ മാർത്തായോ? എന്താണ് ഈ അവശ്യമായ ഒന്ന്?

സുവിശേഷത്തിൽ ഉടനീളം പറഞ്ഞു പഠിപ്പിക്കുന്നതാണ് ഈ ഒന്ന്. ഇതു ദൈവരാജ്യമാണ്. ദൈവത്തിന്റെ ഹിതം ആരായുക, അതു ഹൃദയത്തിൽ സ്വീകരിച്ച് പ്രവാർത്തികമാക്കുക. "ഇതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ. ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും" (ലൂക്കാ 12,30-31). "ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരങ്ങളും" (ലൂക്കാ 8,21). ഗുരുവചനത്തിനു കാതോർക്കുന്ന മറിയം ശിഷ്യത്വത്തിന്റെ ഉത്തമ മാതൃകയായി അവതരിപ്പിക്കപ്പെടുന്നു.

മാർത്തായേയും മറിയത്തേയും രണ്ടു ചേരികളാക്കിത്തിരിച്ച് മറിയത്തോടു പക്ഷം ചേരുന്ന ഒന്നല്ല ഈ ഗുരുമൊഴി. രണ്ടു പേരും ശിഷ്യത്വത്തിന്റെ മാതൃകകളാണ്, അഥവാ ശിഷ്യത്വത്തിന്റെ രണ്ടുവശങ്ങൾ അവരിലൂടെ ചിത്രീകരിക്കപ്പെടുന്നു. ഈ പ്രാതിനിധ്യ സ്വഭാവമാണ് മാർത്തായെക്കുറിച്ചുള്ള വിവരണത്തിലൂടെ ലൂക്കാ എടുത്തുകാട്ടുന്നത്. യേശുവിനെ സ്വഭവനത്തിൽ സ്വീകരിച്ചു പരിചരിക്കുന്നവളാണ് മാർത്താ. എന്നാൽ പരിചരണത്തിന്റെ വ്യഗ്രതയിൽ ആരെയാണ് താൻ പരിചരിക്കുന്നത്, ആർക്കുവേണ്ടിയാണ് ശുശ്രൂഷ എന്ന കാര്യം മറക്കരുത്. യേശുവിനെ പരിചരിക്കാനായി അത്യധ്വാനം ചെയ്യുമ്പോഴും അവിടുത്തെ സാന്നിധ്യം തേടാനും വചനം ശ്രവിക്കാനും മാർത്താ തയ്യാറാകണം. അതു ചെയ്യുന്നില്ലെങ്കിൽ അധ്വാനം ഭാരമായിത്തീരും; ശുശ്രൂഷ വ്യഗ്രത നിറഞ്ഞതും വ്യർത്ഥവുമായിപ്പോകും.

ലൂക്കാ വരച്ചുകാട്ടുന്ന മാർത്തായുടെ ചിത്രം ഇന്ന് ഏറെ പ്രസക്തമാണ്. കർത്തൃശുശ്രൂഷയ്ക്കും സുവിശേഷപ്രഘോഷണത്തിനുമായി വ്രതം ചെയ്ത് ഇറങ്ങിത്തിരിക്കുന്ന ക്രിസ്തുശിഷ്യർ ശുശ്രൂഷകളുടെ ബാഹുല്യത്താൽ ലക്ഷ്യം മറക്കുന്ന അനുഭവങ്ങൾ വിരളമല്ല. വിദ്യാഭ്യാസം, ആതുരസേവനം, മുതലായ രംഗങ്ങളിൽ മാത്രമല്ല, വചനപ്രഘോഷണ സംരഭങ്ങളിലും ഈ അപകടം ഇന്നു വ്യക്തമായിക്കൊണ്ടിരിക്കുന്നു. ശുശ്രൂഷകൾ അവഗണിക്കുകയോ വിലകുറഞ്ഞതായി പരിഗണിക്കുകയോ അല്ല, ഗുരുപാദത്തിൽ ഇരിക്കുകയും ഗുരുവചനം ശ്രവിക്കുകയും ചെയ്ത് ശക്തി ആർജ്ജി

ച്ചാലേ ശുശ്രൂഷ ഫലപ്രദമാകൂ, രക്ഷണീയമാകൂ; അത് ശിഷ്യത്വ ത്തിന്റെ ഭാഗമാകൂ എന്ന് മാർത്തായ്ക്കു നല്കുന്ന ഉപദേശത്തി ലൂടെ യേശു പഠിപ്പിക്കുന്നു.

ഇതുമാത്രമല്ല, ബൈബിളിലെ മാർത്തായുടെ ചിത്രം. വചനം ശ്രവിക്കുകയും വിശ്വാസം ഏറ്റുപറയുകയും പ്രഘോഷി ക്കുകയും ചെയ്യുന്ന മാർത്തായും ബൈബിളിലുണ്ട് – യോഹന്നാന്റെ സുവിശേഷത്തിലും സഭാപാരമ്പര്യങ്ങളിലും. അതിലേക്കാണ് അടു ത്തതായി ശ്രദ്ധ തിരിക്കുന്നത്.

മർത്തായെക്കുറിച്ച് ലൂക്കാ അവതരിപ്പിക്കുന്നതിനു സമാ നമായ ഒരു ചിത്രം യോഹന്നാന്റെ സുവിശേഷത്തിലും കാണാം. "മരിച്ചവരിൽ നിന്നു താൻ ഉയിർപ്പിച്ച ലാസർ താമസിച്ചിരുന്ന ബഥാനിയായിലേക്ക് പെസഹായ്ക്ക് ആറുദിവസം മുമ്പ് യേശു വന്നു. അവർ അവന് അത്താഴം ഒരുക്കി. മാർത്താ പരിചരിച്ചു" (യോഹ 12,1–2). ഈ വിരുന്നിൽ വച്ച് മാർത്തായുടെ സഹോദരി മറിയം യേശുവിന്റെ പാദത്തിൽ തൈലം പൂശി, തലമുടികൊണ്ടു തുടച്ചു. രണ്ടുപേരും തങ്ങളുടേതായ രീതിയിൽ ശുശ്രൂഷകൾ നിർവ്വ ഹിക്കുകയും യേശുവിനോടുള്ള സ്നേഹവും ആദരവും പ്രകടി പ്പിക്കുകയും ചെയ്തു. ലൂക്കായുടെ സുവിശേഷത്തിലേതുപോലെ പരാതിയോ തിരുത്തലോ ഉപദേശമോ ഒന്നും ഇവിടെ കാണുന്നി ല്ല. മാർത്തായുടെ വ്യക്തിത്വം അവതരിപ്പിക്കുക എന്നതിലുപരി ശിഷ്യത്വത്തിന്റെ വിവിധ മാനങ്ങൾ എടുത്തു കാട്ടുകയാണ് ലൂക്കാ യുടെ ലക്ഷ്യം എന്നതിന് ഇതും ഒരു തെളിവാണ്.

അവർ അവന് അത്താഴം ഒരുക്കി, മാർത്താ പരിചരിച്ചു എന്ന കാര്യമാത്ര പ്രസക്തമായ പ്രസ്താവനയിൽ മാർത്തായുടെ ഒരു സ്വഭാവ സവിശേഷത പ്രകടമാകുന്നു. അവൾ ശുശ്രൂഷ ചെയ്യു ന്നവളാണ്. "*ദിയാക്കൊണേയിൻ*" എന്ന ഗ്രീക്കുപദമാണ് "പരിച രിച്ചു" എന്നു വിവർത്തനം ചെയ്യുന്നത്. ആദിമക്രൈസ്തവരുടെ പദാവലിയിൽ വളരെ പ്രാധാന്യവും സാങ്കേതികത്വവും ഉള്ള ഒരു പദമാണിത്. ഈ ക്രിയാപദത്തിന്റെ നാമരൂപമാണ് "*ഡീക്കൺ*" - അഥവാ ശുശ്രൂഷി. സഭയിലെ ശുശ്രൂഷകൾക്കായി അപ്പസ്തോല ന്മാർ പ്രത്യേകം ആരംഭിച്ചതാണ് ഡീക്കൺ പദവി, അഥവാ ശുശ്രൂഷ (അപ്പ 6,1–7). പിന്നീട് മെത്രാൻമാർ (*എപ്പിസ്കോപ്പായി*), ശ്രേഷ്ഠ ന്മാർ (*പ്രെസ്ബിത്തെരോയി*) എന്നവരോടുകൂടെ ഡീക്കന്മാരും (*ഡിയാക്കൊണോയി*) സഭയിൽ നേതൃത്വം വഹിച്ചിരുന്നു.

യോഹന്നാൻ സുവിശേഷം എഴുതുന്ന കാലഘട്ടം ആയപ്പോഴേക്കും ഈ മൂന്ന് ശുശ്രൂഷാതലങ്ങളും സഭയിൽ നിലവിൽവന്നു കഴിഞ്ഞിരുന്നു. അതിനാൽ "ഡീക്കൺ" എന്ന പദം ഉപയോഗിക്കുന്നില്ലെങ്കിലും മാർത്തായുടെ ശുശ്രൂഷയെ ആ രീതിയിലാണ് യോഹന്നാൻ അവതരിപ്പിക്കുന്നത് എന്ന് അനുമാനിക്കുന്നതിൽ തെറ്റുണ്ടാവില്ല. ഭക്ഷണമേശയിൽ ശുശ്രൂഷിക്കുക എന്നതായിരുന്നു ഡീക്കന്മാരെ തിരഞ്ഞെടുക്കുന്നതിന്റെ ലക്ഷ്യം. അത് സഭയുടെ ഭൗതിക കാര്യങ്ങളുടെ മുഴുവൻ ഉത്തരവാദിത്വത്തെ സൂചിപ്പിക്കുന്നു. സഭയുടെ സമ്പത്ത് നീതിപൂർവ്വം, അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് കൈകാര്യം ചെയ്യുന്നത് ഡീക്കന്മാരുടെ ചുമതല ആയിരുന്നു. അപ്രകാരം സുപ്രധാനമായ ഒരു ഉത്തരവാദിത്വത്തിൽ പങ്കാളിയായിരുന്നു മാർത്താ. അഥവാ ഡീക്കൻ ശുശ്രൂഷയുടെ തുടക്കത്തിലാണ് മാർത്തായുടെ സ്ഥാനം. എന്നാൽ ഇതു മാത്രമല്ല യോഹന്നാന് മാർത്തായെക്കുറിച്ചു പറയാനുള്ളത്.

ലാസറിന്റെ മരണവും പുനരുത്ഥാനവുമായി ബന്ധപ്പെടുത്തിയാണ് യോഹന്നാൻ (11,1-44) മർത്തായെക്കുറിച്ചു പ്രതിപാദിക്കുന്നത്. ഇവിടെ വളരെ ശക്തമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണവൾ. ജറുസലെമിൽനിന്ന് ഏകദേശം മൂന്നു കിലോമീറ്റർ കിഴക്കായി സ്ഥിതിചെയ്യുന്ന ബഥാനിയാ എന്ന ഗ്രാമത്തിലെ ലാസറിന്റെയും മറിയത്തിന്റെയും സഹോദരിയാണ് മാർത്താ. അവർ മൂന്നു പേരെയും യേശു സ്നേഹിച്ചിരുന്നു എന്ന് സുവിശേഷകൻ എടുത്തുപറയുന്നുണ്ട് (യോഹ 11,5). യേശു സ്നേഹിച്ചിരുന്ന ശിഷ്യനെക്കുറിച്ചുള്ള പരാമർശങ്ങൾ ഒഴിച്ചാൽ ഇപ്രകാരമൊരു പദപ്രയോഗം യോഹന്നാൻ മറ്റാരെക്കുറിച്ചും ഉപയോഗിക്കുന്നില്ല. യേശുവിന്റെ ശിഷ്യഗണത്തിലും ആദിമസഭാസമൂഹത്തിലും അതുല്യ പ്രാധാന്യമുള്ള ഒരു വ്യക്തിയായിരുന്നു മാർത്താ എന്ന്, യേശുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഈ പരാമർശം വ്യക്തമാക്കുന്നു. പില്ക്കാലത്തെ സഭാപാരമ്പര്യങ്ങൾ ഇതു സാക്ഷ്യപ്പെടുത്തുന്നുമുണ്ട്.

"അങ്ങ് സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു" എന്ന സന്ദേശവുമായി സഹോദരിമാർ ദൂതന്മാരെ അയച്ചു. രണ്ടുപേരും ഒരുമിച്ചാണ് ദുതന്മാരെ അയയ്ക്കുന്നത്. എന്നാൽ ഗുരു വരുന്നു എന്നു കേൾക്കുമ്പോൾ സ്വീകരിക്കാനായി ഗ്രാമാതിർത്തിയിലേക്ക് ഓടിച്ചെല്ലുന്നത് മാർത്തായാണ്. സഹോദരി മറിയം വീട്ടിൽത്തന്നെ

ഇരിക്കുന്നു, ലൂക്കായുടെ സുവിശേഷത്തിൽ ഗുരുപാദത്തിൽ ഇരുന്നതുപോലെ. തുടർന്നുള്ള സംഭവപരമ്പരകളിൽ മുഴുവൻ മാർത്തായാണ് മുൻകൈ എടുക്കുന്നത്, സംഭാഷണത്തിലും പ്രവർത്തനങ്ങളിലും.

സഹോദരന്റെ രോഗവിവരം അറിയിച്ചിട്ടും ഗുരു വരാത്തതിൽ അവൾക്കു ദുഃഖവും പരിഭവവുമുണ്ട്, അതേസമയം ഗുരുവിന്റെ ശക്തിയിൽ പരിധിയില്ലാത്ത വിശ്വാസവും. "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു" (യോഹ 11,22). "കർത്താവേ" എന്ന അഭിസംബോധന തന്നെ ഒരു വിശ്വാസപ്രഖ്യാപനമാണ്. ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ ഉപയോഗിക്കുന്ന പദമാണ് "കർത്താവ്." ഇപ്രകാരം ഒരു സാങ്കേതിക അർത്ഥത്തിലാണോ ഈ അഭിസംബോധനയെ യോഹന്നാൻ അവതരിപ്പിക്കുന്നത് എന്നു തീർപ്പു കല്പിക്കാനാവില്ല. യജമാനനേ, നാഥാ എന്നൊക്കെ ബഹുമാന സൂചകമയ ഒരു വിളിയുമാകാം.

അടുപ്പവും ആദരവും അതേ സമയം ഗുരു വരാൻ വൈകിയതിലുള്ള ഇഛാഭംഗവും പരിഭവവും എല്ലാം ഈ പ്രസ്താവനിയിലുണ്ട്. മരണത്തിൽനിന്നു രക്ഷിക്കാൻ കഴിവുള്ളവനാണ് നീ. എത്രയോ ആളുകളെ നീ സഹായിച്ചു, സുഖപ്പെടുത്തി, രക്ഷിച്ചു! എന്നിട്ടും എന്തേ, നീ സ്നേഹിക്കുന്ന ഈ സഹോദരൻ മരിക്കുന്നതിനുമുമ്പേ വന്നില്ല? ഇവിടെ അടുപ്പമുണ്ട്; ഭംഗിവാക്കു പറയുന്ന കാപട്യമില്ല. സ്നേഹിക്കുന്ന ഗുരുനാഥന്റെ പ്രവർത്തനശൈലി മനസിലാക്കാൻ കഴിയാത്തതിലുള്ള ആകുലതയും ദുഃഖവുമാണ് ഈ വാക്കുകളിൽ മുഴങ്ങുന്നത്. എന്നാൽ മാർത്താ അവിടെ നിർത്തുന്നില്ല.

"എന്നാൽ നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം" (യോഹ 11,22). സഹോദരന്റെ അകാല വേർപാടിലുള്ള ദുഃഖം ഹൃദയത്തിൽ തളം കെട്ടി നില്ക്കുന്നു. ഗുരു മനസുവച്ചിരുന്നെങ്കിൽ ആ മരണം ഒഴിവാക്കാമായിരുന്നു. അതു സംഭവിച്ചില്ല. എന്നാലും അവൾ പ്രത്യാശയും വിശ്വാസവും കൈവെടിയുന്നില്ല. ദൈവത്തിന്റെ മുമ്പിൽ സർവ്വശക്തതിയുള്ളവനാണ് തന്റെ മുമ്പിൽ നില്ക്കുന്ന കർത്താവ് എന്ന് അവൾ ഏറ്റുപറയുന്നു. മരണത്തെ മറികടക്കുന്ന പ്രത്യാശയാണ് പ്രതിധ്വനിക്കുന്നത്. നീ ചോദിക്കുന്ന എന്തും ദൈവം തരും എന്ന വിശ്വാസപ്രഖ്യാപനത്തിന് മാർത്തായ്ക്കുപോലും അളക്കാൻ കഴിയാത്ത ആഴങ്ങളുണ്ട്.

നിന്റെ സഹോദരൻ ഉയിർത്തെഴുന്നേല്ക്കും എന്ന യേശുവിന്റെ വാഗ്ദാനം അന്തിമ ദിനത്തിലെ പുനരുത്ഥാനമായിട്ടാണ് അവൾക്കു മനസിലാകുന്നത്. വ്യക്തമായ അറിവും വിശ്വാസവും തീരുമാനവും അവൾക്കുണ്ട്. എനിക്കറിയാം എന്നു രണ്ടു തവണ അവൾ ആവർത്തിച്ചു പറയുന്നുണ്ട്. എന്നാലും ഇനിയും അവൾക്ക് അജ്ഞാതമായ മേഖലകളിലേക്ക് യേശു അവളെ കൈപിടിച്ചു നയിക്കുന്നു.

"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?" (യോഹ 11,25-26). യോഹന്നാന്റെ സുവിശേഷത്തിൽ ആദ്യമായിട്ടാണ് ഇത്രയും വ്യക്തമായ ഒരു വെളിപ്പെടുത്തൽ നല്കുന്നത്. സഹോദരൻ മരിച്ച് നാലു ദിവസമായി കല്ലറയിൽ കിടക്കുന്നു. സഹോദരന്റെ മരണത്തിൽ ഹൃദയം തകർന്ന സഹോദരിയോടാണ് യേശു മരണത്തെയും ജീവനെയും സംബന്ധിച്ച അഗാധസത്യങ്ങൾ ചർച്ച ചെയ്തുകൊണ്ട് തന്റെ തന്നെ വ്യക്തിത്വം വെളിപ്പെടുത്തുന്നത്. അതിനുശേഷം പഴുതടച്ച ഒരു ചോദ്യം: നീ ഇതു വിശ്വസിക്കുന്നുവോ? പൊതുസ്ഥലത്തുവച്ച് സ്ത്രീകളോട് സംസാരിക്കുന്നതു തന്നെ ഒരു കുറവായി കരുതിയിരുന്ന റബ്ബിമാരുടെ നാട്ടിലാണ് യേശു ഒരു സ്ത്രീയുമായി അതിഗഹനമായ ദൈവശാസ്ത്രവിഷയങ്ങൾ ചർച്ച ചെയ്യുന്നത്. "എട്ടും പൊട്ടും തിരിയാത്ത ഒരു പാവം പെണ്ണ്" അല്ല മാർത്താ. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനസത്യങ്ങളിലേക്ക് ആഴമേറിയ ഉൾക്കാഴ്ചകൾ ലഭിച്ച ഒരു "ദൈവശാസ്ത്രജ്ഞ" ആയി അവളെ പരിഗണിക്കാം. യേശുവാകുന്ന ഗുരുവിന്റെ കളരിയിൽ അഭ്യസിച്ച ഒരു വലിയ ശിഷ്യ.

"ഉവ്വ്, കർത്താവേ! നീ ലോകത്തിലേക്കു വരാനിരുന്ന ദൈവപുത്രനായ ക്രിസ്തു ആണെന്നു ഞാൻ വിശ്വസിക്കുന്നു" (യോഹ 11,27). നാലു സുവിശേഷങ്ങൾ ഒരുമിച്ചെടുത്താലും കാണുന്ന ഏറ്റം വ്യക്തവും ശക്തവും സമഗ്രവുമായ വിശ്വാസപ്രഖ്യാപനമാണിത്. പല കാര്യവ്യഗ്രതയാൽ ഉൾക്കണ്ഠാകുലയായി, സഹോദരിയെ സഹായത്തിനു വിളിക്കുന്ന വീട്ടമ്മയിൽനിന്ന് എത്രയോ ദൂരം അവൾ പിന്നിട്ടു കഴിഞ്ഞിരിക്കുന്നു! അപ്പസ്തോലന്മാർ പോലും ഇനിയും ചെന്നെത്തിയിട്ടില്ലാത്ത വിശ്വാസത്തിന്റെ ആഴങ്ങളിൽ അവൾ എത്തിക്കഴിഞ്ഞു. ഇവിടെ കർത്താവേ എന്ന അഭിസംബോധന അതിന്റെ പൂർണ്ണമായ അർത്ഥത്തിൽത്തന്നെ

എടുക്കണം. യേശുവിനെ കർത്താവും ക്രിസ്തുവുമായി ഏറ്റുപറയുന്ന ശിഷ്യ. അതും പുനരുത്ഥാനത്തിനുമുമ്പ്, സഹോദരന്റെ മരണം ഒഴിവാക്കിയില്ല എന്ന അവബോധം നിലനില്ക്കുമ്പോഴും അവൾ തന്റെ വിശ്വാസം ഏറ്റുപറഞ്ഞു. ഇത് വലിയ ഒരു ഉൾക്കാഴ്ചയായിരുന്നു. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനു സമാനമായ (മത്താ 16,16), ഒരു പക്ഷേ അതിനേക്കാൾ ആഴമേറിയ, വിശ്വാസപ്രഖ്യാപനം.

യേശുവിലുള്ള വിശ്വാസം ഏറ്റുപറയുക മാത്രമല്ല, അതു സഹോദിരയോടു പ്രഖ്യാപിക്കുകയും ചെയ്യുന്നു. "ഇതു പറഞ്ഞിട്ട് അവൾ പോയി സഹോദരിയായ മറിയത്തെ വിളിച്ച്, ഗുരു ഇവിടെയുണ്ട്, നിന്നെ വിളിക്കുന്നു എന്നു സ്വകാര്യമായിപ്പറഞ്ഞു" (യോഹ 11,26). യേശുവിനെ പ്രഘോഷിക്കുന്ന പ്രേഷിതത്വത്തിന്റെ മാതൃകയാണ് ഇവിടെ മാർത്താ. നിങ്ങൾ എനിക്കു സാക്ഷികളായിരിക്കണം എന്ന യേശു ഏല്പിച്ച പ്രേഷിതദൗത്യം അവൾ വിശ്വസ്തതയോടെ നിർവ്വഹിക്കുന്നു. "ഗുരു ഇവിടെയുണ്ട്, നിന്നെ വിളിക്കുന്നു." ഇതാണ് മാർത്തായുടെ സുവിശേഷം - എക്കാലത്തും പ്രസക്തമായ സുവിശേഷപ്രഘോഷണം. സ്വയം മറക്കുന്ന, സ്വന്തം ആകുലതകളും ഉൽക്കണ്ഠകളും ദുഃഖങ്ങളും മറന്ന് അപരനെ ഗുരുവിലേയ്ക്കടുപ്പിക്കുന്ന ശിഷ്യ. പ്രേഷിതത്വത്തിന്റെ ഉത്തമ മാതൃകയാണ് മാർത്താ. ഒരേ സമയം കർമ്മമാർഗ്ഗത്തിന്റെയും ജ്ഞാനമാർഗ്ഗത്തിന്റെയും പ്രത്യക്ഷോദാഹരണം. അവൾ ഒരു കർമ്മജ്ഞാനിയാണ്.

ശവകുടീരത്തിൽനിന്നു കല്ലെടുത്തുമാറ്റാൻ ഗുരു ആജ്ഞാപിക്കുമ്പോൾ മാർത്തായുടെ പ്രായോഗികബുദ്ധി വീണ്ടും മുന്നോട്ടു വരുന്നു. "കർത്താവേ, ഇപ്പോൾ ദുർഗന്ധമുണ്ടായിരിക്കും. ഇത് നാലാം ദിവസമാണ്" (യോഹ 11,39). മരിച്ച സ്നേഹിതനെ നേരിൽക്കണ്ട് അന്തിമോപചാരം അർപ്പിക്കാൻ ഗുരു ആഗ്രഹിക്കുന്നു എന്നു മാത്രമാവും മാർത്താ വിചാരിച്ചത്. മരിക്കാതെ കാത്തു സൂക്ഷിക്കാൻ കഴിയുമായിരുന്നിട്ടും വരാതിരിക്കുന്നവൻ ഇനി എന്തെങ്കിലും ചെയ്യാൻ മനസ്സാകും എന്ന് അവൾ കരുതിയില്ല. എന്നാൽ അവൾ ആഗ്രഹിച്ചതിലും പ്രതീക്ഷിച്ചതിലും വളരെ വലുതു സംഭവിച്ചു. മരിച്ച സഹോദരൻ കല്ലറയിൽനിന്ന് ജീവനോടെ പുറത്തുവന്നു. അവൾ വിശ്വസിച്ചു, ദൈവമഹത്വം ദർശിച്ചു (യോഹ 11,40).

ഇതോടെ മാർത്താ ബൈബിളിൽനിന്ന് അപ്രത്യക്ഷയാകുന്നു. എന്നാൽ സഭാപാരമ്പര്യങ്ങളിൽ അവൾക്കു വലിയ സ്ഥാന

മുണ്ട്. സ്റ്റീഫന്റെ വധത്തിനുശേഷം ജറുസലെമിൽ ഉണ്ടായ കൊടിയ മതപീഡനത്തിൽ അനേകം ക്രൈസ്തവർ കൊല്ലപ്പെട്ടു. പലരെയും നാടുകടത്തി. ലാസറും സഹോദരിമാരും അടങ്ങുന്ന ഒരു ശിഷ്യസമൂഹത്തെ തോണിയിലാക്കി പങ്കായവും പായ്മരവും നങ്കൂരവുമില്ലാതെ മധ്യധരണ്യാഴിയിലേക്കു തള്ളിവിട്ടു. ദൈവം അവരെ ഫ്രാൻസിന്റെ തെക്കേ തീരത്ത് എത്തിച്ചു. അവിടെ അവർ സുവിശേഷം പ്രസംഗിച്ചു. അനേകരെ മാനസാന്തരപ്പെടുത്തി. സഭാസമൂഹങ്ങൾ സ്ഥാപിച്ചു. ലാസർ മെത്രാനായിരുന്നു; മാർത്താ തീക്ഷ്ണമതിയായ പ്രേഷിതയും. അവൾ വഴി അനേകം അത്ഭുതങ്ങൾ നടന്നു; അനേകർ മാനസാന്തപ്പെട്ടു.

മാർത്തായെക്കുറിച്ച് അനേകം ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ട്. അതിൽ ഒന്നാണ് ഉഗ്രസർപ്പത്തെ വധിച്ചത്. ദക്ഷിണ ഫ്രാൻസിലെ ഒരു ഗ്രാമത്തിൽ ജനത്തിനു മുഴുവൻ ഭീഷണിയായ ഒരു ഉഗ്രസർപ്പം (dragon) ജീവിച്ചിരുന്നു. സിംഹവും മുതലയും സർപ്പവും ഒന്നിച്ചുചേർന്ന ഒരു ഭീകരജന്തു. ഇത് മനുഷ്യരെയും മൃഗങ്ങളെയും ഭക്ഷിച്ചിരുന്നു. തീ ചീറ്റുന്ന ആ ജന്തുവിനെ ആർക്കും എതിരിടാൻ കഴിഞ്ഞില്ല. സുവിശേഷവുമായി ഗ്രാമത്തിലെത്തിയ മാർത്താ ആ ജന്തുവിന്റെ മേൽ വിശുദ്ധജലം തെളിച്ചു. അതിന്റെ ശക്തി ചോർന്നുപോയി. തന്റെ അരപ്പട്ടകൊണ്ട് അവൾ സർപ്പത്തെ ബന്ധിച്ചു. ഗ്രാമവാസികൾ തല്ലിയും കല്ലെറിഞ്ഞുമായി അതിനെ കൊന്നു.

ജനത്തിനു മുഴുവൻ ഭീഷണിയായി നില്ക്കുന്ന, മരണം വിതയ്ക്കുന്ന ഉഗ്രസർപ്പത്തെ മാർത്താ വധിച്ചത് ഒരു പ്രതീകമാണ്. തിന്മയ്ക്കെതിരേയുള്ള പോരാട്ടത്തിൽ, അത് ജീവൻ സംരക്ഷിക്കാൻ വേണ്ടി മരണ സംസ്കാരത്തിനെതിരേയാവാം, സർവ്വനാശം വിതയ്ക്കന്ന പരിധിയില്ലാത്ത ഉപഭോഗതൃഷ്ണയ്ക്കെതിരേയാവാം, വർഗ്ഗവിദ്വേഷത്തിനും തീവ്രവാദങ്ങൾക്കും ഭീകര പ്രവർത്തനങ്ങൾക്കും സകല ബന്ധനങ്ങളും തകർക്കുന്ന ലൈംഗികതൃഷ്ണയ്ക്കും എതിരെയാവാം, ഉയിർത്തെഴുന്നേല്ക്കുന്ന സ്ത്രീശക്തിയുടെ പ്രതീകം കൂടിയാണ് മാർത്താ. അരപ്പട്ടകൊണ്ട് ഉഗ്രസർപ്പത്തെ ബന്ധിച്ചത് വിശുദ്ധജീവിതം വഴി തിന്മയുടെ മേൽ വിജയം വരിക്കുന്നതിന്റെ പ്രതീകമാണ്. വിശ്വാസത്തിൽ നിന്നുയരുന്ന ഊർജ്ജത്തിന്റെയും സ്നേഹത്താൽ പ്രചോദിതയായ സേവനത്തിന്റെയും മാതൃകയായി ബഥാനിയായിലെ മാർത്താ പ്രശോഭിക്കുന്നു.



# 15 അഭിഷിക്തനെ അഭിഷേചിച്ച ഭക്ത

## ബഥാനിയായിലെ മറിയം

യേശുവിന്റെ ശിഷ്യഗണത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു വ്യക്തിയാണ് ബഥാനിയായിലെ മറിയം. മർത്തായുടെയും ലാസറിന്റെയും സഹോദരിയായ അവൾ ശിഷ്യത്വത്തിന്റെയും ഗുരുഭക്തിയുടെയും പ്രതീകമായി മാത്രമല്ല, യേശുവിനെ മരണത്തിനും സംസ്ക്കാരത്തിനും ഒരുക്കമായി അഭിഷേകം ചെയ്ത അതുല്യവ്യക്തിയായും പ്രത്യക്ഷപ്പെടുന്നു. ലൂക്കായും യോഹന്നാനും പേരെടുത്തുപറഞ്ഞ് അവളുടെ മനോഭാവവും ചെയ്തികളും വിവരിക്കുന്നുണ്ട്. അതേസമയം മത്തായിയും മർക്കോസും പേരു പറയാതെ, അവൾ ചെയ്ത അഭിഷേകത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. സഭാപാരമ്പര്യത്തിൽ പല വിശദീകരണങ്ങൾക്കും തെറ്റായ വ്യഖ്യാനങ്ങൾക്കും അവൾ ഇരയായിത്തീർന്നിട്ടുണ്ട്.

ലൂക്കാ 10,38-42 ൽ ഏകാഗ്രമായ ഗുരുഭക്തിയുടെയും, അതിനാൽത്തന്നെ ശിഷ്യത്വത്തിന്റെയും, മാതൃകയാണ് മാർത്തായുടെ സഹോദരിയായ മറിയം. പലവിധ ശുശ്രൂഷകളിൽ മുഴുകി മാർത്താ വ്യഗ്രചിത്തയായപ്പോൾ മറിയം ഗുരുപാദത്തിലിരുന്ന് വചനം ശ്രവിച്ചു. അവൾ നല്ല ഭാഗം തിരഞ്ഞെടുത്തിരിക്കുന്നു. അത് അവളിൽനിന്ന് എടുക്കപ്പെടുകയില്ല എന്ന് ഗുരുനാഥൻ ഉറപ്പുനല്കുകയും ചെയ്തു. ശിഷ്യത്വത്തിന്റെ രണ്ടു ഭാവങ്ങളാണ് മാർത്തായും മറിയവും. അതേ സമയം ലൂക്കായുടെ വിവരണത്തിൽ, ഗുരുവിന്റെ സാന്നിധ്യത്തിൽ സ്വസ്ഥമായി, ഏകാഗ്രചിത്തതയോടെ ഇരുന്ന് വചനം ശ്രവിക്കുന്നതിന് ഊന്നൽ നല്കുന്നു.

ഒരു ഭാവത്തിന് ഊന്നൽ നല്കുമ്പോൾ മറ്റെല്ലാം അവഗണിക്കുന്നു എന്ന് അർത്ഥമില്ല. ശിഷ്യത്വത്തെ സംബന്ധിച്ച വിശദമായ പ്രബോധനങ്ങൾ നല്കുന്ന ജറുസലെം യാത്രയുടെ (ലൂക്കാ 9,51-19,46) മധ്യത്തിലാണ് മാർത്താ-മറിയം സഹോദരിമാരെക്കുറിച്ച് പ്രതിപാദിക്കുന്നത്. നിത്യജീവൻ അവകാശമാക്കാൻ സഹോദരസ്നേഹം അനിവാര്യമാണെന്ന് നല്ല സമറിയാക്കാരന്റെ ഉപമയിലൂടെ (ലൂക്കാ 10,25-37) പഠിപ്പിച്ചതിനുശേഷം ഗുരുവചനം ശ്രവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മറിയത്തിന്റെ ഉദാഹരണത്തിലൂടെ ഉദ്ബോധിപ്പിക്കുന്നു. ലൂക്കായുടെ ചിത്രീകരണത്തിൽ യഥാർത്ഥ ശിഷ്യത്വത്തിന്റെ ഒരു മാതൃകയാണ് മറിയം. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ധ്യാനിച്ചുകൊണ്ടിരുന്ന (ലൂക്കാ 2,19-51) മാതാവിനെപ്പോലെ, യേശു വിഭാവനം ചെയ്യുന്ന ഉത്തമശിഷ്യരെപ്പോലെ (ലൂക്കാ 8,21; 11,28) ഒരു ശിഷ്യ.

എന്നാൽ ഗുരുപാദത്തിലിരുന്ന് വചനം ശ്രവിക്കുന്നത് ഒരു തുടക്കം മാത്രമേ ആകുന്നുള്ളൂ എന്ന് ലൂക്കാ തന്നെ അനേകം ഉദാഹരണങ്ങളിലൂടെ എടുത്തുകാട്ടുന്നുണ്ട്. ബൈബിളിന്റെ പ്രബോധനങ്ങൾ പൊതുവിലും യേശു വചനങ്ങൾ മുഴുവനായും പരിശോധിക്കുമ്പോഴും ലഭിക്കുന്നത് ഈ ഒരു കാഴ്ചപ്പാടാണ്. ശുശ്രൂഷകളുടെ വ്യഗ്രതയിൽ ദൈവരാജ്യം എന്ന പ്രധാനകാര്യം മറക്കരുത്. അതേസമയം ഗുരുസന്നിധിയിൽ നിന്ന് ശക്തിയാർജ്ജിച്ചുകൊണ്ട് സഹോദരസേവനത്തിലൂടെ വിശ്വാസവും ഭക്തിയും പ്രകടമാക്കുകയും ചെയ്യണം (മർക്കോ 3,14-15; മത്താ 25,31-46; യാക്കോ 2,14-26). അതിനാലാവണം മറിയത്തെ ഭക്തിയുടെ മാതൃകയായി കാണുമ്പോഴും അത് ശിഷ്യത്വത്തിന്റെ തുടക്കം മാത്രമേ ആകു

ന്നുള്ളൂ എന്ന് ആവിലായിലെ അമ്മ ത്രേസ്യായെപ്പോലുള്ള വലിയ വിശുദ്ധർ അഭിപ്രായപ്പെട്ടത്. ഭക്തിയും കർമ്മവും ജ്ഞാനവും സംയോജിപ്പിക്കുന്നതാണ് യഥാർത്ഥ ക്രിസ്തു ശിഷ്യത്വം. അതിലേക്കാണ് യോഹന്നാൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ മറിയം രണ്ടു തവണ പ്രത്യക്ഷപ്പെടുന്നുണ്ട്; രണ്ടുതവണയും മർത്തായോടുകൂടെ (യോഹ 11,1-12.8). അതേസമയം തികച്ചും വ്യത്യസ്തമായൊരു വ്യക്തിത്വത്തിന്റെ ഉടമയാണവൾ. സഹോദരൻ ലാസറിന്റെ മരണത്താൽ ആകെ തകർന്നുപോയ ഒരു സഹോദരിയാണ് മറിയം. എന്നാൽ മരണം ഏല്പിച്ച ആഘാതത്തെക്കുറിച്ചു വിവരിക്കുന്നതിനുമുമ്പേ അവൾ യേശുവിനു വേണ്ടി ചെയ്ത ഒരു ശുശ്രൂഷയെക്കുറിച്ച് യോഹന്നാൻ അനുസ്മരിപ്പിക്കുന്നു. "ഈ മറിയമാണ് സുഗന്ധതൈലം കൊണ്ട് കർത്താവിനെ പൂശുകയും തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തത്" (യോഹ 11,2). കർത്താവിനെ അഭിഷേകം ചെയ്തവൾ എന്ന് യോഹന്നാൻ മറിയത്തെ പരിചയപ്പെടുത്തുമ്പോൾ ഈ പ്രവൃത്തിക്കു നല്കുന്ന അതുല്യമായ പ്രാധാന്യം വ്യക്തമാകുന്നു.

സഹോദരിമാർ ഇരുവരും കൂടിയാണ് ഗുരുവിന്റെയടുക്കലേക്ക് ദൂതനെ അയച്ചതെങ്കിലും ഗുരുവിനെ സ്വീകരിക്കാൻ മാർത്താ മാത്രമേ ഗ്രാമാതിർത്തിയിലേക്കു പോകുന്നുള്ളൂ. മറിയം വീട്ടിൽത്തന്നെ ഇരുന്നു. ഗുരു നിന്നെ വിളിക്കുന്നു എന്നു മാർത്താ വന്നു പറയുമ്പോൾ മാത്രമാണ് മറിയം എഴുന്നേറ്റ് ഗുരുസന്നിധിയിലേക്കു ചെല്ലുന്നത്. അവിടെ ചെല്ലുമ്പോഴും സഹോദരിയുടെ വാക്കുകൾ ആവർത്തിക്കാനേ മറിയത്തിനു കഴിയുന്നുള്ളൂ: "കർത്താവേ നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല" (യോഹ 11,32). എന്നാൽ മാർത്തായിൽനിന്നു വ്യത്യസ്തമായി അവൾ രണ്ടുകാര്യങ്ങൾ ചെയ്തു. **1.** അവൾ കർത്താവിന്റെ കാല്ക്കൽ വീണു, സാഷ്ടാംഗം പ്രണമിച്ചു. **2.** അവൾ കരഞ്ഞു. കഠിനമായ ദുഃഖത്തിന്റെയും നിസ്സഹായതയുടെയും പ്രകടനമായി ഈ രണ്ടു പ്രവൃത്തികളെയും കാണാൻ കഴിയും.

ഹൃദയത്തിന്റെ ഭാവമാണ് ഇവ രണ്ടും. മാർത്തായ്ക്കും ദുഃഖവും ആകുലതയും ഉണ്ടെങ്കിലും അവൾ യേശുവുമായി ഒരു സംഭാഷണത്തിന് ഒരുക്കമാണ്. ഗുരുമൊഴി കേൾക്കാനും യുക്തി

പൂർവ്വം, വിശ്വാസത്തിന്റെ വെളിച്ചത്തിൽ തിരുമൊഴികൾ വിശകലനം ചെയ്തു സ്വീകരിക്കാനും അവൾക്കു കഴിയും. എന്നാൽ മറിയം ഒന്നും ചിന്തിക്കുന്നില്ല, തർക്കിക്കാൻ പോയിട്ട് ഒരു സംഭാഷണത്തിനുപോലും അവൾക്കു കഴിയുന്നില്ല. എല്ലാം ഗുരുപാദത്തിൽ സമർപ്പിക്കുന്നു, ഹൃദയം തകർന്ന ഭക്തയാണവൾ. അവളുടെ ഭക്തിയും ദുഃഖവും ഗുരുവിന്റെ ഹൃദയത്തെ ഗാഢമായി സ്പർശിച്ചു: "അപ്പോൾ യേശു ആത്മാവിൽ നെടുവീർപ്പിട്ടുകൊണ്ട് അസ്വസ്ഥനായി..........യേശു കണ്ണീർ പൊഴിച്ചു" (യോഹ 11,33-34).

മാർത്തായുടെ പ്രതികരണങ്ങൾ യേശുവിനെ ജീവന്റെ നാഥനായി വെളിപ്പെടുത്തുന്നതിലേക്കു നയിച്ചപ്പോൾ മറിയത്തിന്റെ കണ്ണീർ നാഥന്റെ ഹൃദയാർദ്രത വെളിപ്പെടുത്താൻ കാരണമായി. ഇവിടെ മാത്രമേ യേശു കണ്ണീർ പൊഴിച്ചു എന്ന് സുവിശേഷങ്ങളിൽ കാണുന്നുള്ളൂ. ദൈവത്തിന്റെ ഹൃദയം അറിയുന്ന ഭക്തിയുടെ മാതൃകയാണ് മറിയം യോഹന്നാന്റെ സുവിശേഷത്തിൽ. എന്നാൽ അതു മാത്രമല്ല.

മുമ്പേ സൂചിപ്പിച്ചതുപോലെ ബഥാനിയായിൽവച്ചു നടത്തിയ തൈലാഭിഷേകത്തിന്റെ പേരിലാണ് മറിയം ഏറ്റം കൂടുതൽ അറിയപ്പെടുന്നത്. മർക്കോസും (14,3-9) മത്തായിയും (26,6-13) ഇപ്രകാരം ഒരു തൈലാഭിഷേകം വിവരിക്കുന്നുണ്ട്. യോഹന്നാന്റെ വിവരണവുമായി അതിന് ഏറെ സാമ്യമുണ്ട്, അതേസമയം ചില വ്യത്യാസങ്ങളും. മൂന്നു വിവരണങ്ങളിലും ബഥാനിയായിലെ ഒരു വീട്ടിൽ ഭക്ഷണത്തിനിരിക്കുന്ന യേശുവിനെ ഒരു സ്ത്രീ പരിമളതൈലംകൊണ്ട് അഭിഷേചിച്ചു. വിലയേറിയ തൈലം ഇങ്ങനെ ഒഴുക്കി പണം നഷ്ടപ്പെടുത്തിയതിൽ ചിലർ പ്രതിഷേധിച്ചു. എന്നാൽ യേശു അവളെ ന്യായീകരിക്കുകയും തന്റെ ശവസംസ്ക്കാരത്തിനൊരുക്കമായി ശരീരം മുൻകൂട്ടി പൂശുകയാണ് അവൾ ചെയ്തത് എന്ന് വ്യാഖ്യാനിക്കുകയും ചെയ്തു.

മൂന്നു വിവരണങ്ങളും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. യോഹന്നാന്റെ വിവരണത്തിൽ യേശു ആരുടെ വീട്ടിലാണ് ഭക്ഷണത്തിനിരുന്നത് എന്ന് പറയുന്നില്ലെങ്കിലും ലാസറിന്റെയും സഹോദരിമാരുടേതുമായിരുന്നു ആ വീട് എന്ന് ഊഹിക്കാൻ കഴിയും. മത്തായിയും മർക്കോസും "കുഷ്ഠരോഗിയായ ശിമയോന്റെ വീട്ടിൽ" എന്ന് എടുത്തുപറയുന്നു. മത്തായി-മർക്കോസ് വിവരണങ്ങളിൽ യേശുവിന്റെ തലയിലാണ് സുഗന്ധതൈലം ഒഴിക്കുന്നത്;

യോഹന്നാനിലാകട്ടെ യേശുവിന്റെ പാദത്തിലും. അവൾ തല മുടികൊണ്ട് പാദം തുടച്ചു എന്നു യോഹന്നാൻ കൂട്ടിച്ചേർക്കുന്നു മുണ്ട്. ഈ വ്യത്യാസങ്ങൾ സുവിശേഷകൻ പ്രത്യേകമായ ഉദ്ദേശ്യത്തോടുകൂടി വരുത്തിയതാവാം, അതിനാൽ മൂന്നു സുവി ശേഷങ്ങളും ഒരേ സംഭവം തന്നെയാണ് വിവരിക്കുന്നത് എന്ന് ഭൂരിഭാഗം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു.

ലൂക്കായുടെ സുവിശേഷത്തിലും ഒരു തൈലാഭിഷേകം രേഖപ്പെടുത്തിയിട്ടുണ്ട് (7,36-50). വിരുന്നിനിരിക്കുന്ന യേശുവിന്റെ പാദത്തിൽ ഒരു സ്ത്രീ തൈലം പൂശുകയും തലമുടികൊണ്ട് തുട യ്ക്കുകയും ചെയ്തു എന്നതിൽ യോഹന്നാനും ലൂക്കായും തമ്മിൽ സാമ്യമുണ്ട്. യേശുവിനെ വിരുന്നിനു ക്ഷണിച്ച വീട്ടുടമയെ ശിമ യോൻ എന്ന് ലൂക്കായും കുഷ്ഠരോഗിയായ ശിമയോൻ എന്ന് മത്താ യി-മർക്കോസും വിശേഷിപ്പിക്കുന്നു. ഈ സാമ്യങ്ങളിൽനിന്ന് നാലു സുവിശേഷകന്മാരും ഒരേ സംഭവം തന്നെയാണ് വിവരിക്കുന്ന തെന്ന് കരുതുന്നവരുണ്ട്. എന്നാൽ ലൂക്കാ വിവരിക്കുന്ന സംഭവം തികച്ചും വ്യത്യസ്തമാണ്. തൈലം പൂശുന്നത് ഒരു പരസ്യപാ പിനി; അഭിഷേകം അനുതാപത്തിന്റെ അടയാളം. സ്ഥലം ഗലീലി യിൽ; കാലം പരസ്യജീവിതത്തിന്റെ മധ്യത്തിൽ. അതിനാൽ ബഥാ നിയായിലെ തൈലാഭിഷേകമായി ലൂക്കായുടെ വിവരണത്തെ കാണാൻ കഴിയില്ല.

എന്നാലും ഈ വിവരണങ്ങളെല്ലാം ഒരു സംഭവത്തെയാണ് അവതരിപ്പിക്കുന്നത് എന്ന് കരുതുന്ന സഭാപാരമ്പര്യമുണ്ട്. അതിന്റെ വെളിച്ചത്തിൽ ബഥാനിയായിലെ മറിയം ഗലീലിയിലെ പരസ്യ പാപിനിയായി; ഒരു പടികൂടി കടന്ന് അവൾ മറിയം മഗ്ദലേനയു മായി. രണ്ടാം നൂറ്റാണ്ടിന്റെ അവസാനം ജീവിച്ചിരുന്ന തെർത്തു ല്യൻ (170-220) ബഥാനിയായിലെ മറിയത്തെ പരസ്യപാപിനിയായി വിശദീകരിച്ചു. എന്നാൽ സമകാലികനായ ഒരിജെൻ (185-254) ഇതു നിഷേധിക്കുകയും രണ്ടുപേരെയും വേറിട്ടു കാണണം എന്നു പഠി പ്പിക്കുകയും ചെയ്തു.

മഹാനായ ഗ്രഗറി ഒന്നാമൻ മാർപ്പാപ്പാ 591 സെപ്തംബർ 21-ാം തിയതി നടത്തിയ ഒരു പ്രസംഗത്തിൽ ഈ മൂന്നു സ്ത്രീക ളെയും ഒറ്റ വ്യക്തിയായി അവതരിപ്പിച്ചുകൊണ്ട് അങ്ങനെ ഒരു പാരമ്പര്യത്തിനു തുടക്കം കുറിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മാർത്തായുടെ സഹോദരി മഗ്ദലേനാമറിയമായി; അവൾ പരസ്യ

പാപിനിയുമായി. ഈ പാരമ്പര്യം ലത്തീൻ സഭയിൽ ദീർഘകാല ത്തേക്കു നിലനിന്നു. 1969 ലാണ് ലത്തീൻ സഭയിൽ ഈ നില പാടിന് ഔദ്യോഗികമായ മാറ്റമുണ്ടായത്. അതുവരെ മഗ്ദലേനാ യുടെ തിരുന്നാൾ ദിവസമായ ജൂലായ് 22-ാം തിയതി ലൂക്കാ 7,36 -50 ആണ് കുർബ്ബാനയുടെ മധ്യേ വായിച്ചിരുന്നത്. അതിനുശേഷം യോഹ 20,1-18 വായനയ്ക്കു നിർദ്ദേശിച്ചിരിക്കുന്നു. പൗരസ്ത്യസ ഭകളിൽ ആരംഭം മുതലേ മൂന്നു സ്ത്രീകളെയും മൂന്നായിത്തന്നെ കരുതി വണങ്ങിപ്പോരുന്നു. ഈ നിലപാടാണ് ഇന്ന് സഭയിൽ പൊതുവേ അംഗീകരിച്ചിട്ടുള്ളത്. അതിനാൽ ബഥാനിയായിലെ മറിയത്തെ പാപിനിയോ മഗ്ദലേനായോ ആയി കാണാൻ പാടില്ല.



തൈലാഭിഷേകമാണ് മുഖ്യവിഷയം. എന്താണ് ഈ അഭി ഷേകത്തിന്റെ അർത്ഥം? ഇതൊരു ചരിത്രസംഭവമായിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല. എന്നാൽ അഭിഷേകം നടന്നദിവസം, വിധം, വ്യാഖ്യാനം എന്നിവയിൽ വ്യത്യാസങ്ങളുണ്ട്. മത്തായി- മർക്കോസ് വിവരണങ്ങളിൽ പെസഹായ്ക്കു രണ്ടുദിവസം മുമ്പാണ് ബഥാനിയായിലെ തൈലാഭിഷേകം. ഒരു സ്ത്രീ യേശുവിന്റെ തല യിൽ തൈലം ഒഴിച്ചു. അതിനു തൊട്ടു പിന്നാലെ വരുന്നത് അന്ത്യ അത്താഴത്തിന്റെയും പീഡാനുഭവത്തിന്റെയും വിവരണമാണ്. ഈ വിവരണമാണ് ചരിത്ര വസ്തുതകളോട് കൂടുതൽ വിശ്വസ്തത പുലർത്തുന്നത് എന്ന് വ്യാഖ്യാതാക്കൾ കരുതുന്നു.

സംസ്ക്കാരത്തിനുമുമ്പ് വിധിപ്രകാരം മൃതശരീരം പൂശാൻ ശിഷ്യർക്കു സാധിച്ചില്ല എന്നു സമാന്തരസുവിശേഷങ്ങൾ രേഖ

പ്പെടുത്തിയിരിക്കുന്നതിന്റെ വെളിച്ചത്തിൽ ഈ തൈലം പൂശൽ കൂടുതൽ അർത്ഥവത്താകുന്നു. തന്റെ സംസ്ക്കാരത്തിനുവേണ്ടി മുൻകൂട്ടി ചെയ്തതായി യേശു ഇതിനെ വ്യാഖ്യാനിക്കുകയും ചെയ്തു. ഏതോ അജ്ഞാതമായ ഒരു ശക്തിയാൽ പ്രേരിതയായി, യുക്തിക്കു കണ്ടെത്താൻ കഴിയാത്ത ഹൃദയത്തിന്റെ ഒരു ഉൾക്കാഴ്ച മൂലം, മറിയം ചെയ്ത പ്രവൃത്തിയായി ഇതിനെ കാണാനാവും. ഹൃദയത്തിന്റെ പ്രേരണകൾക്കു വഴങ്ങുന്ന ഭക്തയാണ് മറിയം.

യോഹന്നാന്റെ വിവരണത്തിൽ പെസഹായ്ക്ക് ആറുദിവസം മുമ്പാണ് തൈലാഭിഷേകം. അതിനു തൊട്ടുപിന്നാലെ വരുന്നത് ജറുസലെമിലേക്കുള്ള രാജകീയ പ്രവേശനമാണ്. അതിനാൽ ന്യായമായും ഒരു ചോദ്യം ഉയരുന്നു: രാജാവായി നഗരത്തിൽ പ്രവേശിക്കുന്നതിന് മറിയം യേശുവിനെ ഒരുക്കുകയായിരുന്നോ? അഥവാ മറിയം നടത്തിയത് യഥാർത്ഥത്തിൽ യേശുവിന്റെ രാജാഭിഷേകമായിരുന്നോ? തന്റെ ശവസംസ്ക്കാരദിനത്തിനായി അവൾ ഇതു ചെയ്തുവെന്ന് യേശു വിശദീകരിക്കുന്നുണ്ടെങ്കിലും ഈ ചോദ്യത്തിനു പ്രസക്തിയുണ്ട്. തന്നെയുമല്ല, രാജാഭിഷേകവും മരണവും സംസ്കാരവുമെല്ലാം ഒരേ പ്രക്രിയയുടെ ഭാഗങ്ങളായി കാണാനും കഴിയും.

യേശുവിന്റെ ശിരസിൽ തൈലം പൂശിയെന്ന് മറ്റു സുവിശേഷകർ രേഖപ്പെടുത്തുമ്പോൾ യേശുവിന്റെ പാദങ്ങളിൽ പൂശി എന്നാണ് യോഹന്നാൻ പറയുന്നത്. തലമുടികൊണ്ട് തുടച്ചതായും തുടർന്നു വിവരിക്കുന്നു. എന്താണ് ഈ വ്യത്യാസത്തിന്റെ അർത്ഥം? സാധാരണഗതിയിൽ അതിഥിയുടെ പാദം കഴുകി തുടയ്ക്കുന്നത് വീട്ടിലെ അടിമയും തലയിൽ തൈലം പൂശുന്നത് ഉടമയുമാണ്. കാലിൽ തൈലം പൂശാറില്ല. ഇവിടെ മറിയം വീട്ടിലെ അടിമയല്ല; അംഗമാണ്. അവൾ ദാസ്യവേല ചെയ്യുന്നു എന്നതാണ് ഏറ്റം സ്പഷ്ടമായ വിശദീകരണം. എന്നാൽ അതു മാത്രമല്ല.

ശിരസിൽ പൂശേണ്ട തൈലം എന്തേ പാദങ്ങളിൽ പൂശുന്നു? സ്വന്തം ഭർത്താവിന്റെ മുമ്പിലല്ലാതെ യഹൂദ സ്ത്രീകൾ തലമുണ്ട് മാറ്റുന്നതും മുടി പുറത്തുകാട്ടുന്നതും പതിവില്ല, എന്നു മാത്രമല്ല, അത് അപഹാസ്യമായി കരുതപ്പെടുകയും ചെയ്തിരുന്നു. വിരുന്നിനിരിക്കുന്ന യേശുവിന്റെ പാദത്തിൽ തൈലം പൂശി മുടികൊണ്ടു തുടച്ചത് എല്ലാ ചട്ടങ്ങളുടെയും മാമൂലുകളുടെയും

ലംഘനമാണ്. ഒരുപക്ഷേ, ലൂക്കായുടെ വിവരണത്തിന്റെ സ്വാധീനം ഇവിടെ ദൃശ്യമായിരിക്കാം. എന്നാലും ഈ പ്രവൃത്തി യോഹന്നാൻ രേഖപ്പെടുത്തുന്നതിന് വ്യക്തമായ ലക്ഷ്യമുണ്ടായിരിക്കും.

സുഗന്ധതൈലം യേശുവിന്റെ പാദങ്ങളിൽ പൂശി എന്ന് 12,3 ൽ രേഖപ്പെടുത്തുന്ന യോഹന്നാൻ 11,2 ൽ "കർത്താവിനെ അഭിഷേകം ചെയ്തു" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധയർഹിക്കുന്നു. **1.** യഹൂദരുടെ ഇട യിൽ വിരുന്നുകാരുടെ ശിരസിൽ തൈലം പൂശും, സ്വാഗതസൂച കമായി. മൃതശരീരത്തിന്റെയാണ് പാദങ്ങൾ പുശുക. അത് ശരീരം മുഴുവൻ പൂശുന്നതിന്റെ പ്രതീകമാണ്. അതിനാൽ മറിയം ചെയ്തത് അവൾ അറിയാതെ ഒരു പ്രവചനമോ പ്രതീകമോ ആയിത്തീരു ന്നു. ഇതാണ് യേശു നല്കുന്ന വ്യാഖ്യാനം. ഈ വ്യാഖ്യാനത്തിൽ മൂന്നു സുവിശേഷകരും യോജിക്കുന്നു. എന്നാൽ ഈ അഭിഷേക ത്തിന് കൂടുതൽ ആഴമേറിയ മറ്റൊരു ധ്വനിയുണ്ട്.


ബഥാനിയായിലെ തൈലാഭിഷേകം യേശുവിന്റെ രാജകീയ പ്രവേശനത്തിനുള്ള ഒരുക്കമാണ്. രാജാവിനെ അഭിഷിക്തൻ എന്നാണ് ബൈബിൾ വിശേഷിപ്പിക്കുക - കർത്താവിന്റെ അഭിഷി ക്തൻ. സാധാരണ രാജാവിനെ അഭിഷേകം ചെയ്യുന്നത് പുരോ ഹിതനാണ്, അല്ലെങ്കിൽ പ്രവാചകൻ. ഇവിടെ യേശുവിനെ അഭി ഷേകം ചെയ്യുന്നത് ബഥാനിയായിലെ മറിയമാണ്. അപ്പോൾ എന്താണ് അവളുടെ സ്ഥാനം? കർത്താവിന്റെ അഭിഷിക്തനായ മിശിഹാ രാജാവിനെ അഭിഷേകം ചെയ്ത ഭക്ത! അവൾ അഭി ഷേകം ചെയ്തതു ശിരസല്ല, പാദങ്ങളത്രെ! എല്ലാം തകിടം മറി യുകയോ?

മൂല്യങ്ങളും പാരമ്പര്യങ്ങളും എല്ലാം കീഴ്മേൽ മറിക്കുന്ന ഒരു പ്രവൃത്തിയായി ഇതിനെ കാണാനാവുമോ? യേശുവിന്റെ മൃത ശരീരം നൂറുറാത്തൽ സുഗന്ധദ്രവ്യം പൂശി മുറപോലെ സംസ്ക രിച്ചു എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്ന യോഹന്നാൻ ബഥാനിയായിലെ തൈലാഭിഷേകം രേഖപ്പെടുത്തുന്നതിൽനിന്ന് ഇങ്ങനെയൊരു വ്യാഖ്യാനത്തിനു സാധ്യത ഏറുന്നു. യേശുവിന്റെ രാജാഭിഷേകം മരണത്തിലൂടെയാണ് പൂർത്തിയാവുക. ഐഹിക മല്ലാത്ത ഒരു രാജ്യത്തിന്റെ രാജാവിന് സിംഹാസനം - കുരിശ്; കിരീടം - മുൾക്കിരീടം; അണിയാൻ സ്വന്തം രക്തത്തിൽ കുതിർത്ത രക്താംബരം. അഭിഷേകം ശിരസിലല്ല, പാദത്തിൽ. അതു നടത്തു

ന്നത് പുരോഹിതനും പ്രവാചകനുമല്ല, ബഥാനിയായിലെ ഭക്ത. എല്ലാറ്റിന്റെയും അർത്ഥവും ധ്വനികളും മാറുന്നു. ഈ പശ്ചാത്തല ത്തിൽ പാദാഭിഷേകം ഏറ്റം അർത്ഥവത്തായിത്തീരുന്നു.

പ്രവചനപരമായ ഒരു പ്രവൃത്തിയാണ് മറിയം ചെയ്തത്. അതിന്റെ സുഗന്ധം വീട്ടിൽ നിറഞ്ഞു. പരിമള ദ്രവ്യത്തിന്റെ സുഗന്ധം മാത്രമാവില്ല ഇവിടെ വിവക്ഷ. സുവിശേഷം പ്രഘോ ഷിക്കപ്പെടുന്നിടത്തെല്ലാം ഈ പ്രവൃത്തിയും പ്രസ്താവിക്കപ്പെടും (മർക്കോ 14,9) എന്ന ഗുരുമൊഴി ഈ ദിശയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിരുകളില്ലാത്ത സ്നേഹത്തിന്റെ, തീവ്രമായ ഗുരു ഭക്തിയുടെ, തനിക്കായി ഒന്നും മാറ്റിവയ്ക്കാത്ത സമ്പൂർണ്ണ സമർപ്പ ണത്തിന്റെ, മറ്റുള്ളവർ എന്തു ചിന്തിക്കും, തനിക്കെന്തു സംഭവിക്കും എന്നൊന്നും ആലോചിക്കാത്ത സാഹസത്തിന്റെ മാതൃകയാണ് ബഥാനിയായിലെ മറിയം. ഗുരുപാദത്തിൽ ഇരുന്നു വചനം ശ്രവിച്ച അവൾ, യേശുവിനെ നെടുവീർപ്പിലേക്കു നയിച്ച, കണ്ണീരിലാ ഴ്ത്തിയ അവൾ, ശിഷ്യത്വത്തിന്റെ ഉച്ചകോടിയിലെത്തി, തന്റെ ജീവി തത്തിന്റെ പ്രതീകമായ പരിമളദ്രവ്യപ്പാത്രം ഗുരുപാദത്തിൽ കമി ഴ്ത്തുമ്പോൾ. പാദത്തിൽ പ്രണമിച്ച് മുടിയിഴയാൽ ഗുരുപാദം തുട ച്ചവൾ അഭിഷിക്തനെ അഭിഷേകം ചെയ്ത ഭക്തയാണ്.

മരണത്തിലൂടെ പൂർത്തിയാകുന്ന രാജത്വത്തിലേക്ക് പ്രവേ ശിക്കാൻ യേശുവിനെ ഒരുക്കിയതു ബഥാനിയായിലെ മറിയമാണ്; മഹത്വത്തിലേക്കു നയിക്കുന്ന കുരിശിന്റെ വഴിയിൽ പ്രവേശിക്കാൻ കാനായിൽവച്ച് മറ്റൊരു മറിയം ഒരുക്കിയതുപോലെ. യേശുവിന്റെ നിർണ്ണായകമായ ജീവിതമുഹൂർത്തങ്ങളിലെല്ലാം സ്ത്രീകളുണ്ട്: അമ്മയായി, ഭക്തയായി, സ്നേഹിതയായി. മറിയം തന്റെ സർവ്വ സ്വവും ഗുരുപാദത്തിൽ കമിഴ്ത്തിയപ്പോൾ നഷ്ടപ്പെട്ട തൈല ത്തിന്റെ വില കണക്കുകൂട്ടുകയായിരുന്നു ശിഷ്യർ എന്നത് എന്തൊരു വിരോധാഭാസം! അവരുടെ വിമർശനത്തിൽനിന്നും ശത്രുതയിൽനിന്നും അവളെ രക്ഷിക്കാൻ ഗുരുതന്നെ ഇടപെടേ ണ്ടിവന്നു! ഇന്നും ഇതു തന്നെയോ സംഭവിക്കുന്നത്?



# 16 അപ്പസ്തോലന്മാരെ സുവിശേഷം അറിയിച്ച പ്രേഷിത

## മറിയം മഗ്ദലേന

മഗ്ദലേനാ എന്ന പേരു കേൾക്കുമ്പോൾ മാനസാന്തരപ്പെട്ട പരസ്യ പാപിനിയുടെ ചിത്രമാണ് മനസിൽ തെളിയുക. ബൈബ ളിൽ മതിയായ അടിസ്ഥാനമില്ലെങ്കിലും നൂറ്റാണ്ടുകളിലൂടെ സഭാ പാരമ്പര്യങ്ങളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച ഈ ചിത്രം കലാകാര ന്മാരുടെയും കവികളുടെയും പരിധികളില്ലാത്ത ഭാവനയ്ക്ക് ഇന്ധനം പകർന്നിട്ടുണ്ട്. എത്രവലിയ പാപിക്കും മാനസാന്തരത്തി ലൂടെ രക്ഷപ്രാപിക്കാൻ കഴിയുമെന്നും പാപികളെ തേടിവന്ന യേശു ആരെയും ഉപേക്ഷിക്കുകയില്ല എന്നും പഠിപ്പിക്കാൻ ഈ

ചിത്രം സഹായിക്കുമെന്നതിൽ സംശയമില്ല. എന്നാൽ ബൈബിൾ വരച്ചുകാട്ടുന്ന മഗ്ദലേനായുടെ ചിത്രം ഇതല്ല. അതിനാൽ സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന മറിയം മഗ്ദലേനായുടെ വ്യക്തിത്വവും അതിലൂടെ ലഭിക്കുന്ന രക്ഷാകര സന്ദേശവും ഗ്രഹിക്കാൻ മുൻവിധികൾ കൂടാതെയുള്ള വിശദവും സൂക്ഷ്മവുമായ പഠനം ആവശ്യമാണ്.

ഗലീലി തടാകത്തിന്റെ തെക്കുപടിഞ്ഞാറെ തീരത്തുണ്ടായിരുന്ന ഒരു സുപ്രധാന നഗരമായിരുന്നു മാഗ്ദല. മത്സ്യബന്ധനം, സംസ്ക്കരണം, കയറ്റുമതി, കപ്പൽ നിർമ്മാണം തുടങ്ങിയ മേഖലകളിൽ സുപ്രസിദ്ധമായിരുന്ന ഈ പട്ടണത്തിൽ മുഖ്യമായും വിജാതീയരാണ് വസിച്ചിരുന്നത്. ഇവിടെനിന്ന് ഏകദേശം മൂന്നു കിലോമീറ്റർ തെക്ക്, A.D. 20 ൽ ഹേറോദേസ് അന്തിപ്പാസ് ടിബേരിയാസ് നഗരം നിർമ്മിച്ച് ഗലീലിയുടെ തലസ്ഥാനമായി പ്രഖ്യാപിച്ചതിനു ശേഷം ഈ നഗരത്തിന്റെ പ്രാധാന്യം കുറഞ്ഞു. എന്നാലും യേശുവിന്റെ പരസ്യജീവിത കാലത്ത് ഗലീലിയിലെ ഏറ്റം പ്രധാനപ്പെട്ട നഗരങ്ങളിൽ ഒന്നായിരുന്നു മാഗ്ദല.

അധാർമ്മികതയ്ക്കു പേരുകേട്ട ഒരു പട്ടണമായിരുന്നതിനാൽ യഹൂദർക്ക് ഈ നഗരത്തോടും നഗരവാസികളോടും പൊതുവേ പുച്ഛമായിരുന്നു. ഈ നഗരത്തിൽ നിന്നാണ് പഠനവിഷയമായ 'മഗ്ദലേനാ' എന്ന പേരിന്റെ ഉത്ഭവം. നഗരത്തിന്റെ പൊതുവായ സ്വഭാവം അവളിൽ ആരോപിച്ചതിന്റെ ഫലമായി അവൾ ഒരു വേശ്യയായി പരിഗണിക്കപ്പെട്ടു.

ലൂക്കായുടെ സുവിശേഷത്തിലെ അവതരണരീതി ഇപ്രകാരമൊരു വ്യാഖ്യാനത്തിനു കാരണമായിട്ടുണ്ടാവാം. ലൂക്കാ 7,36 –50 ൽ, വിരുന്നിനിരിക്കുന്ന യേശുവിന്റെ പാദങ്ങളിൽ കരഞ്ഞ് തലമുടികൊണ്ട് തുടയ്ക്കുകയും തൈലം പൂശുകയും ചെയ്ത ഒരു പരസ്യപാപിനിയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. തൊട്ടുപിന്നാലെ 8,1–3 ൽ യേശുവിനെ അനുഗമിച്ച സ്ത്രീകളുടെ പട്ടികയിൽ മറിയം മഗ്ദലേനായെ പേരെടുത്തു പറയുന്നു. അവളിൽ നിന്നു ഏഴു ദുഷ്ടാരൂപികൾ വിട്ടുപോയി എന്നു ലൂക്കാ പറയുന്നുണ്ട്. ഇവിടെനിന്നാണ് മാനസാന്തരപ്പെട്ട പാപിനി മഗ്ദലേനാ ആയിരുന്നു എന്ന നിഗമനത്തിലേക്ക് ചില വ്യാഖ്യാതാക്കൾ ചെന്നെത്തിയത്.

ബഥാനിയായിൽവച്ച്, മാർത്തായുടെ സഹോദരി മറിയം യേശുവിന്റെ പാദങ്ങളിൽ തൈലം പൂശിയ സംഭവം ഇതിനോടു

ചേർത്തു വായിച്ചവർ മഗ്ദലേനായും മാർത്തായുടെ സഹോദരി മറിയവും ഒരാൾതന്നെയെന്ന നിഗമനത്തിലെത്തി. അങ്ങനെ സുവി ശേഷങ്ങൾ മൂന്നായി അവതരിപ്പിച്ച വ്യക്തികൾ കാലക്രമത്തിൽ ഒന്നായി പരിഗണിക്കപ്പെടാൻ തുടങ്ങി. ലത്തീൻ സഭയിലാണ് ഈ ചിന്താഗതി ഉടലെടുത്തതും വികസിച്ചതും. മഹാനായ ഗ്രഗറി മാർപ്പാപ്പ 591 ൽ നടത്തിയ ഒരു പ്രസംഗമാണ് ഈ വ്യാഖ്യാന ത്തിനു പിൻബലം നല്കിയതെന്നു കരുതപ്പെടുന്നു. എന്നാൽ പൗര സ്ത്യസഭയിൽ മൂന്നും മൂന്നു വ്യത്യസ്ത വ്യക്തികളായിത്തന്നെ പരിഗണിക്കപ്പെടുന്നു. ലത്തീൻ സഭയും ഇന്ന് ഈ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. സുവിശേഷങ്ങൾ അവതരിപ്പിക്കുന്ന ചിത്രം അതാണുതാനും.

വ്യഭിചാരത്തെ പിശാചുബാധയായി ബൈബിൾ അവത രിപ്പിക്കുന്നില്ല. രോഗവും പിശാചുബാധയും പലപ്പോഴും വേർതി രിച്ചു കാണാറില്ലെങ്കിലും ഒരിക്കൽപോലും സുവിശേഷങ്ങളിൽ പിശാചിനെ ഒഴിപ്പിക്കുന്നത് മാനസാന്തരമായോ വ്യഭിചാര ത്തിൽനിന്ന് വിടുതലായോ അവതരിപ്പിച്ചിട്ടില്ല. തന്നെയുമല്ല, ലൂക്കാ മഗ്ദലേനായെ അവതരിപ്പിക്കന്നത് തികച്ചും പുതിയ ഒരു വ്യക്തി യായിട്ടാണ്. 7,36-50 ൽ പ്രതിപാദിച്ച പാപിനി ആരാണെന്നു പേരു വെളിപ്പെടുത്താൻ സുവിശേഷകൻ ആഗ്രഹിക്കുന്നില്ല, പിന്നീടു പേരെടുത്തു പറയുന്ന സ്ത്രീകളെ ഈ പാപിനിയുമായി ഒന്നായി കാണാൻ യാതൊരു പഴുതും നല്കുന്നതുമില്ല.

മാഗ്ദലയും ബഥാനിയായും തമ്മിൽ നൂറ്റമ്പതോളം കിലോ മീറ്റർ അകലമുണ്ട്. അതിനാൽ ആ രണ്ടു പട്ടണങ്ങളുടെ പേരിൽ അറിയപ്പെടുന്ന രണ്ടു വ്യക്തികളെ ഒന്നായി കാണുന്നതിന് യാതൊരു ന്യായീകരണവുമില്ല. ഇതുകൊണ്ടൊക്കെയാവണം മഗ്ദ ലേനായെ പാപിനിയായിക്കാണുന്ന പാരമ്പര്യം സഭ ഉപേക്ഷിച്ച ത്. മറിയം മഗ്ദലേനായുടെ തിരുനാൾ കുർബ്ബാനയ്ക്ക് പാപിനി തൈലം പൂശിയ സുവിശേഷഭാഗം വായിക്കുന്ന പതിവ് ഉപേക്ഷിച്ച് വേറെ സുവിശേഷഭാഗം തിരഞ്ഞെടുത്തതും ഈ തിരിച്ചറിവിന്റെ തെളിവാണ്.

സുവിശേഷങ്ങൾ നിഷ്പക്ഷമായും വിശദമായും പരിശോ ധിക്കുമ്പോൾ തെളിഞ്ഞു വരുന്നത് മറിയം മഗ്ദലേനായുടെ ഏറെ മിഴിവുറ്റ ഒരു ചിത്രമാണ്. അവളെ ബാധിച്ചിരുന്ന ഏഴു ദുഷ്ടാരൂ പികൾ എന്താണെന്ന് സുവിശേഷകൻ പറയുന്നില്ല. ഏതോ ഗൗര

വതരമായ രോഗമോ പിശാചുബാധയോ ആയിരുന്നു എന്നു കരുതാൻ മതിയായ ന്യായമുണ്ട്. യേശുവിൽനിന്ന് അത്ഭുതകരമായ സൗഖ്യം ലഭിച്ച അവൾ ഗുരുവിനെ അനുഗമിച്ചു. ഗുരുവിന്റെ സുവിശേഷപ്രഘോഷണയാത്രകളിൽ പങ്കെടുത്തു. ''തങ്ങളുടെ സമ്പത്തുകൊണ്ട് അവരെ ശുശ്രൂഷിച്ചിരുന്നു" (ലൂക്കാ 8,3). സ്ത്രീകളുടെ മുൻപന്തിയിലായിരുന്നു മറിയം മഗ്ദലേനായുടെ സ്ഥാനം.

ഗുരുവിനെ വിടാതെ പിന്തുടർന്ന ഒരു ശിഷ്യയാണവൾ. ഗുരുവിനും അവന്റെ ദൗത്യത്തിനുമായി പൂർണ്ണമായി മാറ്റിവച്ച ഒരു ജീവിതമായിരുന്നു മറിയം മഗ്ദലേനായുടേത്. ത്യാഗങ്ങൾക്ക് അവൾ കണക്കു വച്ചില്ല; അപകടങ്ങളെ ഭയന്നു പിൻമാറിയില്ല. മറ്റെല്ലാവരും വിട്ടുപോയപ്പോഴും അവൾ പിടിച്ചുനിന്നു, മരണത്തിനപ്പുറത്തേക്കും നീളുന്ന, മരണത്തേക്കാൾ ശക്തമായ സ്നേഹമാണ് മറിയം മഗ്ദലേനയെ യേശുവിനോടു ബന്ധിപ്പിച്ചത്. ആ സ്നേഹബന്ധമാണ് അവളുടെ മഹത്വത്തിനു നിദാനം. അതംഗീകരിച്ചുകൊണ്ടാണ് യേശു അവളെ പ്രേഷിതയാക്കിയത്.



മഗ്ദലേനാ എന്ന പേര് സുവിശേഷങ്ങളിൽ ആകെ 12 തവണ പ്രത്യക്ഷപ്പെടുന്നുണ്ട്. പുതിയ നിയമത്തിൽ ഇത്രയധികം തവണ പരാമർശിക്കപ്പെടുന്ന മറ്റൊരു സ്ത്രീയില്ല. നാലു സുവിശേഷങ്ങളും അവളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. നാലിലും യേശുവിന്റെ മരണം, സംസ്ക്കാരം, ഉത്ഥാനം എന്നിവയ്ക്കു സാക്ഷിയാണവൾ. ഗലീലി മുതൽ യേശുവിനെ അനുഗമിക്കുകയും കുരിശിൻ ചുവട്ടിൽ നില്ക്കുകയും ചെയ്ത സ്ത്രീകളുടെ പട്ടിക സമാന്തരസുവിശേഷങ്ങൾ മൊത്തം 7 തവണ അവതരിപ്പിക്കുന്നുണ്ട്. അവയിലെല്ലാം പട്ടികയിൽ ആദ്യത്തെ പേര്

മഗ്ദലേനായുടേതാണ്, അപ്പസ്തോലന്മാരുടെ പട്ടികയിൽ പത്രോസിന്റെ പേരുപോലെ. യോഹന്നാന്റെ സുവിശേഷത്തിൽ 18 വാക്യങ്ങൾ (യോഹ 20,1-18) മഗ്ദലേനായുടെ ക്രിസ്തുസാക്ഷ്യത്തിനായി മാറ്റി വച്ചിരിക്കുന്നു. ഇതിനും പുറമേ, കുരിശിൻ ചുവട്ടിൽ നില്ക്കുന്ന യേശുവിന്റെ അമ്മയുടെയും ശിഷ്യന്റെയും മറ്റു രണ്ടു സ്ത്രീകളുടെയും കൂടെ മഗ്ദലേനായുണ്ട്. അങ്ങനെ യേശുവിനെ അവസാനംവരെ അനുമഗിച്ച ശിഷ്യകളിൽ ഏറ്റം പ്രധാനപ്പെട്ട വ്യക്തിയാണ് മറിയം മഗ്ദലേനാ.

യേശുവിന്റെ കുരിശിൻ ചുവട്ടിൽ നിന്നു എന്നതാണ് മഗ്ദലേനായെ സംബന്ധിച്ച് ഏറ്റം ശ്രദ്ധേയമായ ഒരു പ്രവൃത്തി. "ഇതെല്ലാം കണ്ടുകൊണ്ട് ദൂരെ കുറെ സ്ത്രീകളും നിന്നിരുന്നു. മഗ്ദലേനാ മറിയവും..... ആ കൂട്ടത്തിൽ ഉണ്ടായിരുന്നു." (മർക്കോ 15,40, മത്താ 27,55). യേശുവിനെ കുരിശിൽ തറയ്ക്കുകയും പരിഹസിക്കുകയും ചെയ്ത ശത്രുക്കളെപ്പോലെയോ, വെറുതെ കാഴ്ച കാണാൻ വന്ന വഴിപോക്കരെപ്പോലെയോ അല്ല, ക്രൂശിതന്റെ അനുയായികളെപ്പോലെയാണ് അവൾ നിന്നത്. "കണ്ടുകൊണ്ടു നിന്നു" എന്നു മർക്കോസും "നോക്കിക്കൊണ്ടു നിന്നു" എന്നു മത്തായിയും രേഖപ്പെടുത്തിയിരിക്കുന്നതായി പി.ഒ.സി. ബൈബിളിൽ നിന്നു തോന്നും. എന്നാൽ രണ്ടിലും "സൂക്ഷിച്ചു നോക്കുക" എന്നർത്ഥമുള്ള "*തെയൊറെയോ*" എന്ന ഒരേ ഗ്രീക്കു പദമാണ് മൂലത്തിൽ. ഇതു വെറും കാഴ്ച കാണലല്ല, സശ്രദ്ധം നോക്കലാണ്, താല്പര്യപൂർവ്വം വീക്ഷിക്കലാണ്. തങ്ങളുടെ പ്രിയഗുരുവിനോട് മനുഷ്യർ ചെയ്യുന്ന ക്രൂരത കണ്ടു നടുങ്ങി ഹൃദയം തകർന്നവരാണവർ. "അകലെ നിന്നു" എന്നതും ശ്രദ്ധേയമത്രെ.

യഹൂദരുടെ രാജാവാണെന്നവകാശപ്പെട്ടു എന്നതിന്റെ പേരിലാണ് റോമൻ കോടതി യേശുവിനു വധശിക്ഷ വിധിച്ചത്. കുരിശിൽ തറച്ചു കൊല്ലപ്പെട്ട കലാപകാരിയുടെ ബന്ധുക്കളോ, അനുയായികളോ, അനുഭാവികളോ ആയി അറിയപ്പെടുന്നത് അപകടകരമായിരുന്നു. അവരെയും കുറ്റക്കാരായി പരിഗണിക്കാൻ സാധ്യതയുണ്ടായിരുന്നു. ക്രൂശിതനോട് അനുഭാവം പ്രകടിപ്പിക്കുകയോ അവന്റെ മരണത്തിൽ കരയുകയോ ചെയ്യുന്നവരെപ്പോലും അതിന്റെ പേരിൽത്തന്നെ കുരിശിൽ തറച്ച സംഭവങ്ങളുണ്ട്. ഈ പശ്ചാത്തലത്തിൽ ശിഷ്യന്മാർ ഒളിവിൽ പോയതു മനസിലാക്കാൻ വിഷമമില്ല. തടഞ്ഞു നിർത്തി ചോദ്യം ചെയ്തപ്പോൾ പത്രോസ്

തള്ളിപ്പറഞ്ഞതും മനസിലാക്കാൻ കഴിയും. ഇവിടെയാണ് സ്ത്രീക ളുടെ നിലപാടിന്റെ സവിശേഷത.

സ്ത്രീകളായതുകൊണ്ട് ഭയപ്പെടാനില്ല, പടയാളികൾ ഉപ ദ്രവിക്കുകയില്ല എന്ന നിഗമനം ശരിയല്ല. സ്ത്രീകളെയും കുഞ്ഞു ങ്ങളെയും കുരിശിൽ തറച്ച സംഭവങ്ങൾ വിരളമായിരുന്നില്ല. അതി നാലാവാം സ്ത്രീകൾ അകലെ മാറിനിന്നത്. നിനക്കുവേണ്ടി തട വിലേക്കും കുരിശിലേക്കും പോകാൻ തയ്യാറാണെന്നു പറഞ്ഞ ശിഷ്യസത്തമൻ ഓടിയൊളിച്ചപ്പോൾ കൂടെ നിന്നവരാണ് സ്ത്രീകൾ. അവർക്കും അപകട സാധ്യതയുണ്ടായിരുന്നു. പക്ഷേ അവർ ഒളിച്ചോടിയില്ല. പടയാളികളുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ അല്പം അകലെയാണെങ്കിലും അവർ നിന്നു, ശിഷ്യത്വത്തിന്റെ ഉത്തമമാതൃകളായി. ക്രൂശിതന് അഭിമുഖമായി നില്ക്കുകയും യേശു വിന്റെ മരണം കാണുകയും ചെയ്ത ശതാധിപനാണ് യേശു സത്യ മായും ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞത് (മർക്കോ 15,39). അതു പോലെ യേശുവിന്റെ മരണത്തിനു സാക്ഷികളായ ശിഷ്യകളുടെ മുൻപന്തിയിലാണ് മറിയം മഗ്ദലേനാ നില്ക്കുന്നത്, വിട്ടകലാത്ത സ്നേഹത്തിന്റെയും വിശ്വാസത്തിൽ നിന്നു വരുന്ന ധീരതയു ടെയും മാതൃകയായി.


യേശുവിനെ തിടുക്കത്തിൽ സംസ്ക്കരിച്ചതിനുശേഷം ശിഷ്യരെല്ലാം പോയപ്പോഴും മഗ്ദലേനാ പോകാതെനിന്നു. "കല്ല റയുടെ വാതില്ക്കൽ ഒരു വലിയ കല്ലുരുട്ടിവെച്ചിട്ട് അവൻ പോയി. മഗ്ദലേനാ മറിയവും മറ്റേ മറിയവും ശവകുടീരത്തിനഭിമുഖമായി അവിടെ ഇരുന്നു" (മത്താ 27,61). ബുദ്ധിക്കും യുക്തിക്കും നിര ക്കാത്ത ഒരു പ്രവൃത്തിയാണിത്. മരിച്ചവനെ സംസ്ക്കരിച്ചു. ഇനി ഒന്നും പ്രതീക്ഷിക്കാനില്ല. തന്നെയുമല്ല, അവിടെ തങ്ങുന്നത് സംശ യത്തിനു കാരണവും അതിനാൽത്തന്നെ അപകടകരവുമാകാം. ഇതൊന്നും അവൾ പരിഗണിച്ചില്ല. താൻ സ്നേഹിച്ചനുഗമിച്ച ഗുരു വിനെ കല്ലറയിൽ ഉപേക്ഷിക്കാൻ അവൾ തയ്യാറല്ല.

സാബത്തു കഴിഞ്ഞ് നേരം വെളുക്കുന്നതിനുമുമ്പേ ശവ കുടീരത്തിലേക്കു വരുന്നവരുടെ മുൻപിൽ മഗ്ദലേനായുണ്ട്. അവൾക്കു ഭയമില്ല - തങ്ങൾക്ക് എന്തു സംഭവിക്കും എന്ന് അവ രാരും കരുതിയതുമില്ല. ഭാരിച്ച കല്ല് എങ്ങനെ ഉരുട്ടിമാറ്റാം എന്നു മാത്രമേ അവർക്ക് ചിന്തയുള്ളൂ, ഗുരുസാന്നിധ്യത്തിലേക്കു വരുന്ന തിനു വിലങ്ങുതടിയായി നില്ക്കുന്ന കല്ല്. ഇവിടെയും തോൽവി

സമ്മതിക്കാത്ത സ്നേഹം യുക്തിയെ മറികടന്നു പ്രകടമാകുന്നു.

ഈ വിശ്വാസവും സ്നേഹവും വ്യർത്ഥമായില്ല. തുറന്നു കിടക്കുന്ന കല്ലറയ്ക്കു മുന്നിൽ അത്ഭുതസ്തബ്ധരായി നിന്ന അവർക്ക് ആദ്യം ദൈവദൂതദർശനമുണ്ടായി; ഉത്ഥാനത്തിന്റെ സദ്വാർത്തയും ലഭിച്ചു. തുടർന്ന് യേശു തന്നെ പ്രത്യക്ഷപ്പെട്ടു, താൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു, എന്ന അറിയിപ്പിനു തെളിവായി. മാത്രമല്ല, ഈ സദ്വാർത്ത അപ്പസ്തോലന്മാരെ അറിയിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു (മത്താ 28,1-10; മർക്കോ 16,1-9).

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ മഗ്ദലേനായുടെ ചിത്രം കൂടുതൽ മിഴിവുറ്റതാകുന്നു. യേശുവിന്റെ അമ്മയോടുചേർന്ന് കുരിശിൻ ചുവട്ടിൽ നില്ക്കുന്ന ശിഷ്യയാണവൾ (യോഹ 19,25). സാബത്തിനുശേഷം കല്ലറയിലേക്കു വന്ന ഏകവ്യക്തി മഗ്ദലേനായാണ്. മറ്റാരെക്കുറിച്ചും യോഹന്നാൻ പറയുന്നില്ല. "ആഴ്ചയുടെ ഒന്നാം ദിവസം, അതിരാവിലെ, ഇരുട്ടായിരിക്കുമ്പോൾ ത്തന്നെ, മഗ്ദലേനാമറിയം ശവകുടീരത്തിന്റെ സമീപത്തേക്കു വന്നു" (യോഹ 20,1). പടയാളികൾ കാവൽ നില്ക്കുന്ന, കുറ്റവാളിയുടെ കബറിടത്തിലേക്ക്, രാത്രിയിൽ ഒറ്റയ്ക്കു വരുന്ന സ്ത്രീ. അവളുടെ ധൈര്യവും അതിനു പ്രേരകമായി നില്ക്കുന്ന



സ്നേഹവും മഗ്ദലേനായെ ശിഷ്യത്വത്തിന്റെ ഉത്തമമാതൃകയായി അവതരിപ്പിക്കുന്നു. മറ്റെല്ലാ ശിഷ്യരെക്കാളും ഏറെ മുൻപന്തിയി ലാണവൾ, ഗുരുവിനോട് ഏറ്റം അടുത്ത്.

തുറന്നു കിടക്കുന്ന കല്ലറ കണ്ടവൾ ശിഷ്യരുടെ അടുത്തേക്ക് ഓടി, കർത്താവിനെ എടുത്തു മാറ്റിയിരിക്കുന്നു എന്ന വാർത്തയു മായി. വിവരം അറിഞ്ഞ രണ്ടു ശിഷ്യർ ഓടി കല്ലറയിലെത്തി എല്ലാം കണ്ടതിനുശേഷം നിസംഗരായി തങ്ങളുടെ ഒളിത്താവളത്തിലേക്കു മടങ്ങി. എന്നാൽ മഗ്ദലേനായ്ക്കു പോകാനാവില്ല. അവൾ കല്ല റയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടു നിന്നു.

സ്ത്രീയേ നീ എന്തിനാണ് കരയുന്നതെന്ന് ആദ്യം ദൂതനും പിന്നീട് യേശു തന്നെയും ചോദിക്കുമ്പോൾ അവൾക്ക് ഉത്തരം ഒന്നേയുള്ളൂ: "എന്റെ കർത്താവിനെ അവർ എടുത്തു കൊണ്ടുപോ യി." ആദ്യമേ പിടിച്ചുകൊണ്ടുപോയി കുരിശിൽ തറച്ചു; ഇപ്പോൾ ശരീരവും എടുത്തുമാറ്റി. തന്റെ കർത്താവിനെ നഷ്ടപ്പെട്ടു എന്നു ഹൃദയം തകർന്നു വിലപിക്കുന്ന ശിഷ്യ. അവളുടെ കണ്ണുനീരിന്റെ കാരണം കർത്താവ് തന്നിൽ നിന്ന് അകറ്റപ്പെട്ടിരിക്കുന്നു, തനിക്ക് അവനെ നഷ്ടപ്പെട്ടിരിക്കുന്നു എന്ന അവബോധമാണ്. ഈ കണ്ണീ രിനും വിലാപത്തിനും പിന്നിൽ നില്ക്കുന്നതും ഒരേ ഒരു വികാരം: സ്നേഹം.

മരണത്തെ മറികടക്കുന്ന ഈ സ്നേഹമാണ് വെളിപാടിനു വഴിയൊരുക്കിയത്. തന്റെ മുമ്പിൽ നില്ക്കുന്നത് താൻ നഷ്ടപ്പെട്ടു എന്നു കരുതിയ കർത്താവാണെന്ന് ഗുരുശബ്ദം കേട്ടപ്പോൾ അവൾ തിരിച്ചറിഞ്ഞു. പിന്നെ ഒന്നും ചിന്തിച്ചില്ല, ഏതു വിധേ നയും ഗുരു ഇനിയും അകന്നു പോകാതെ ഗുരുസന്നിധിയിൽ എന്നും കഴിയണം....."റബ്ബോനീ" എന്നത് അപ്രതീക്ഷിതമായി ഹൃദ യത്തിൽ നിറഞ്ഞു കവിഞ്ഞ സന്തോഷത്തിന്റെയും അവാച്യമായ നിർവൃതിയുടെയും ചിറപൊട്ടിയൊഴുകലായിരുന്നു.

പാദത്തിൽ പ്രണമിച്ച മഗ്ദലേനായ്ക്ക് ഇനിയും ബഹു ദൂരം യാത്രചെയ്യാനുണ്ട്, ഗുരുവിനെ അറിയുന്നതിൽ, ആ അറിവ് പങ്കുവയ്ക്കുന്നതിൽ. എന്നെ തടഞ്ഞുനിർത്തരുത്, എന്റെ സഹോ ദരന്മാരോടു ചെന്നു പറയുക എന്ന ഗുരുവചനത്തിൽ ഈ രണ്ടു കാര്യങ്ങളും വ്യക്തമാകുന്നു. ഗുരുഭക്തി ശാരീരിക സാന്നിധ്യ ത്തിനുപരി ഉയരണം. ഉത്ഥിതനായ നാഥൻ ഇനി ശാരീരികമായി ട്ടല്ല കൂടെ വസിക്കുന്നത്, ആത്മീയമായിട്ടാണ്. സ്വർഗ്ഗാരാഹോണ



ത്തിന്റെ അർത്ഥം അതാണല്ലോ? പിതാവിന്റെ മഹത്വത്തിൽ പ്രവേശിച്ചവൻ ഇനി ആത്മാവായി, അദൃശ്യനായി, എന്നേക്കും നമ്മോടു കൂടെ ഉണ്ടായിരിക്കും.

ഉത്ഥാനത്തിന്റെ ഈ അർത്ഥം പഠിപ്പിച്ചതിനുശേഷം മഗ്ദലേനായെ യേശു തന്റെ ആദ്യ പ്രേഷിതയായി നിയോഗിക്കുന്നു - അപ്പസ്തോലന്മാരെ സുവിശേഷം അറിയിക്കാൻ: "നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും, എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയണം" (യോഹ 20,17). ഇതാണ് ശിഷ്യന്റെ ദൗത്യം. യേശുവിലൂടെ ലഭ്യമായ രക്ഷയുടെ, ദൈവവുമായുള്ള ഐക്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുക. അവൾ ദൗത്യം നിർവ്വഹിച്ചു. "ഞാൻ കർത്താവിനെ കണ്ടു" എന്ന് അവൾ അറിയിച്ചു.

ഇതാണ് മറിയം മഗ്ദലേനാ; ശിഷ്യത്വത്തിന്റെ ഉദാത്ത മാതൃക. പടിപടിയായിട്ടാണ് അവൾ വിശ്വാസത്തിൽ വളർന്നത്. യേശുവിനെ അനുഗമിച്ചു. തന്റെ ജീവനും സമ്പത്തും, സർവ്വസ്വവും ഗുരുവിനും ദൗത്യത്തിനുമായി സമർപ്പിച്ചു. കുരിശിൻ ചുവട്ടിൽ പതറാതെനിന്നു. യേശുവിന്റെ മരണത്തിനും സംസ്ക്കാരത്തിനും ഉത്ഥാനത്തിനും അവൾ സാക്ഷിയായി. അപ്പസ്തോലന്മാർപോലും പേടിച്ചോടുകയും ഒളിച്ചിരിക്കുകയും, കണ്ടിട്ടും സംശയിക്കുകയും ചെയ്തപ്പോൾ അവൾ കുരിശിൻ ചുവട്ടിൽ നിന്നു; കല്ലറയിങ്കൽ ഇരുന്നു; ഉത്ഥിതന്റെ പാദത്തിൽ പ്രണമിച്ചു; അപ്പസ്തോലന്മാരെയും ഉത്ഥാനത്തിന്റെ സദ്വാർത്ത അറിയിക്കാൻ ഓടി. ഈ വിശ്വസ്തതയും സ്നേഹവും വിശ്വാസവും ധീരതയുമാണ് മറിയം മഗ്ദലേനാ പ്രതിനിധാനം ചെയ്യുന്നത്. അപ്പസ്തോലന്മാർക്കും ഉപരി നില്ക്കുന്ന ഈ ശിഷ്യസത്തമയെ അനുതപിച്ച വേശ്യയായി ചിത്രീകരിക്കുന്ന പാരമ്പര്യം തിരുത്തിയത് ഉചിതമായി.



17

# രാജസേവകന്റെ ഭാര്യ

## യൊവാന്ന

ലൂക്കായുടെ സുവിശേഷത്തിൽ അതും രണ്ടു പ്രാവശ്യം മാത്രം (ലൂക്കാ 8,3; 24,10) പേരെടുത്തു പറയുന്ന ഒരു സ്ത്രീയാണ് യൊവാന്ന. വിശദവിവരങ്ങൾ നല്കുന്നില്ലെങ്കിലും സുവിശേഷകൻ തരുന്ന സൂചനകളിൽ നിന്ന് സുപ്രധാനമായ ചിലകാര്യങ്ങൾ നമുക്കു മനസ്സിലാക്കാനാവും. കർത്താവിന്റെ കൃപ, അഥവാ യാഹ്‌വേ കൃപ കാണിച്ചു എന്നർത്ഥമുള്ള യോഹന്നാൻ എന്ന പേരിന്റെ സ്ത്രീലംഗമാണ് യൊവാന്ന. പേര് അന്വർത്ഥമാക്കുന്ന രീതിയിൽ കൃപ നിറഞ്ഞതായിരുന്നു അവളുടെ ജീവിതം.

ഗലീലിയിൽനിന്ന് യേശുവിനെ അനുഗമിക്കുകയും തങ്ങളുടെ സമയവും സമ്പത്തും യേശുവിനും ശിഷ്യന്മാർക്കും ശുശ്രൂ

ഷചെയ്യുതിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്ത സ്ത്രീകളുടെ ഗണത്തിലാണ് ലൂക്കാ യൊവാന്നയെ അവതരിപ്പിക്കുന്നത് (ലൂക്കാ 8,1 –3). ഹേറോദേസിന്റെ കാര്യസ്ഥനായ കൂസായുടെ ഭാര്യയാണവൾ. കാര്യസ്ഥൻ എന്നു വിവർത്തനം ചെയ്യുന്ന "എപ്പിത്രോപ്പോസ്" എന്ന ഗ്രീക്കുപദത്തിന് വസ്തുവകകളുടെ മേൽനോട്ടക്കാരൻ എന്നാണർത്ഥം. രാജാവിന്റെ തോട്ടങ്ങളും മറ്റും അടങ്ങുന്ന ഭൗതികവസ്തുക്കളുടെ മേൽനോട്ടമായിരിക്കാം വിവക്ഷ, എസ്റ്റേറ്റ് മാനേജർ എന്ന വിധത്തിൽ. അതോടൊപ്പം രാഷ്ട്രീയ കാര്യങ്ങളുടെ അധിപൻ എന്നും (political manager) ഈ പദത്തിന് അർത്ഥമുണ്ട്. ഏതായാലും ഗലീലിയുടെ ഭരണാധിപനായിരുന്ന ഹേറോദേസ് അന്തിപ്പാസിന്റെ കൊട്ടാരത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു കൂസാ.

കൂസാ എന്ന പേരിനുമുണ്ട് ഒരു പ്രത്യേകത. "ചെറിയ മകുടം" എന്നാണ് പേരിന്റെ അർത്ഥം. ഈ അരമായ വാക്കിൽ നിന്നാവാം മലയാളത്തിലെ "കൂജ" യുടെ നിഷ്പത്തി. യഹൂദരുടെ ഇടയിൽ ഉപയോഗിത്തിലിരുന്ന ഒരു പേരല്ല ഇത്. എന്നാൽ ഇസ്രായേലിന്റെ അയൽക്കാരായ നബത്തേയരുടെ ഇടയിൽ ഈ പേര് വളരെ പ്രചാരത്തിലിരുന്നു. അന്തിപ്പാസിന്റെ ആദ്യഭാര്യ നബത്തേയൻ രാജാവിന്റെ മകളായിരുന്നു എന്നു മനസ്സിലാക്കുമ്പോൾ ഒരു നബത്തേയക്കാരനെ കാര്യസ്ഥനായി നിയമിച്ചത് സ്വാഭാവികമാണെന്നു കാണാനാവും. ഒരു പക്ഷേ ഈ ബന്ധത്തിൽനിന്നാവും ഹേറോദേസിന്റെ അരമനയിലും അന്തഃപുരത്തിലും അരങ്ങേറിയ സംഭവങ്ങൾ സുവിശേഷകന്മാർ അറിഞ്ഞത്.

അന്തിപ്പാസ് റോമിൽവച്ച് ഹേറോദിയായെ വിവാഹം ചെയ്തതറിഞ്ഞ് നബത്തേയൻ രാജകുമാരി സ്വപിതൃഭവനത്തിലേക്ക് ഒളിച്ചോടി. ഉടമ്പടി ലംഘിക്കപ്പെട്ടതിൽ ക്രുദ്ധനായ നബത്തേയൻ രാജാവ് ഹേറോദേസിനെതിരേ യുദ്ധത്തിനൊരുങ്ങി. ഈ പശ്ചാത്തലത്തിലാണ് ഹേറോദിയാ സ്നാപകയോഹന്നാന്റെ തല ആവശ്യപ്പെട്ടത്. ഈ അനുഭവങ്ങൾക്കെല്ലാം കൂസാ ദൃസാക്ഷി ആയിരുന്നിരിക്കണം.

യൊവാന്നയുടെ ഭർത്താവായ കൂസായെക്കുറിച്ച് മറ്റൊരു കാര്യം കൂടി ബൈബിൾ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. യോഹ 4,46–53 ൽ കഫർണാമിലെ ഒരു രാജസേവകനെക്കുറിച്ചു

പ്രതിപാദിക്കുന്നുണ്ട്. രോഗിയായ തന്റെ മകനെ സുഖപ്പെടുത്തണം എന്ന യാചനയുമായി അയാൾ കഫർണാമിൽനനിന്ന് കാനായിൽ യേശുവിന്റെ അടുക്കലേക്കുവന്നു. ഒറ്റവാക്കുകൊണ്ട് യേശു മകന് സൗഖ്യം നല്കി. ഇത് രാജസേവകൻ കുടുംബസമേതം യേശുവിൽ വിശ്വസിക്കുന്നതിനു കാരണമായി. ഈ രാജസേവകൻ കൂസാ ആയിരുന്നു എന്ന് പല ബൈബിൾ പഠിതാക്കളും കരുതുന്നു. ഈ അനുമാനങ്ങൾ ശരിയാണെങ്കിൽ യൊവാന്നയെക്കുറിച്ച് സുപ്രധാനമായ പല ഉൾക്കാഴ്ചകളും നമുക്കു ലഭിക്കും.

സ്ത്രീകൾ, അതും വിവാഹിതരായ സ്ത്രീകൾ, ഒരു മതപ്രസംഗകന്റെ കൂടെ നാടു ചുറ്റി നടക്കുന്നത് യേശുവിന്റെ കാലത്തെ പാലസ്തീനായിൽ കേട്ടുകേൾവിപോലുമില്ലാത്ത ഒരു സംഭവമായിരുന്നു. സമൂഹത്തിൽ എതിർപ്പിനും ഉതപ്പിനും ഇതു കാരണമാകുമായിരുന്നു. എന്നാൽ യഹൂദസമൂഹം നിർമ്മിച്ച വേലിക്കെട്ടുകൾ പൊളിച്ചുമാറ്റിയ യേശുവിനെ അനുഗമിക്കാൻ തയ്യാറായ ചുരുക്കം ചില സ്ത്രീകളിൽ ഒരുവളാണ് യൊവാന്നാ. യേശു നല്കിയ രോഗശാന്തി വിശ്വാസത്തിന് അടിസ്ഥാനമായി. യേശുവിനെ അനുമഗിക്കാൻ കൂസ തന്റെ ഭാര്യയെ അനുവദിച്ചത് ഇക്കാരണത്താലാവാം.

രാജകീയോദ്യോഗസ്ഥന്റെ ഭാര്യ യേശുവിന്റെ ശിഷ്യഗണത്തിൽ ചേർന്നു എന്നതുതന്നെ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഗലീലിയിൽനനിന്ന് യേശുവിനെ അനുഗമിച്ചവരെല്ലാം അന്നന്നത്തയപ്പത്തിനു വകയില്ലാത്ത ദരിദ്രർ ആയിരുന്നില്ല. സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ ഉന്നത നിലവാരം പുലർത്തിയിരുന്നവരും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നതിന് ഒരു തെളിവാണ് യൊവാന്നാ. ആദിമശിഷ്യഗണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുതന്നെ പുനഃപരിശോധിക്കാൻ ഇതുപോലുള്ളവരുടെ ശിഷ്യത്വം നിർബന്ധിക്കുന്നു.

പുരുഷ മേധാവിത്വം നിലവിലിരുന്ന ഒരു സമൂഹത്തിൽ സ്ത്രീകൾക്കും തുല്യാവകാശം അനുവദിച്ച യേശു ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിലേക്ക് പ്രവേശനം ലഭിച്ച ആദ്യഅംഗങ്ങളിൽ യൊവാന്നയും ഉൾപ്പെടുന്നു. സമൂഹത്തിന്റെ വിലക്കുകളെ അവൾ പരിഗണിച്ചില്ല. ഉന്നതോദ്യോഗസ്ഥന്റെ ഭാര്യ എന്ന നിലയിൽ, നാടു ചുറ്റി നടക്കുന്ന യേശുവിനെ അനുഗമിക്കാനും ശിഷ്യ

രുടെകൂടെ കൂടാനും അവൾ മടിച്ചില്ല. തന്റെ സമയവും സമ്പത്തും സുവിശേഷപ്രഘോഷണത്തിനായി അവൾ മാറ്റിവച്ചു.

ഗലീലിയിൽ നിന്നു തുടങ്ങിയ അവളുടെ ശിഷ്യത്വം ജറുസലെമിൽ അവസാനിച്ചില്ല. ശിഷ്യരിൽ ഭൂരിഭാഗവും ഗുരുവിനെ ഉപേക്ഷിക്കുകയും ഉറ്റമിത്രങ്ങളായ അപ്പസ്തോലന്മാർപോലും ഓടിയൊളിക്കുകയും ചെയ്തപ്പോഴും പതറാതെ നിന്ന ചുരുക്കം സ്ത്രീകളിൽ ഒരുവളാണ് യൊവാന്ന. സാബത്തു കഴിഞ്ഞപ്പോൾ യേശുവിന്റെ മൃതശരീരം വിധിപോലെ സുഗന്ധദ്രവ്യങ്ങൾ പൂശാനായി കല്ലറയിലേക്കു വന്ന സ്ത്രീകളുടെ കൂടെ അവളുമുണ്ടായിരുന്നു. ശൂന്യമായ കല്ലറ കാണുകയും യേശു ഉത്ഥാനം ചെയ്തു എന്ന ദേവദൂതസന്ദേശം കേൾക്കുകയും ആ സദ്വാർത്ത അപ്പസ്തോലന്മാരെ അറിയിക്കുകയും ചെയ്തവരിൽ ഒരാളാണ് യൊവാന്നാ.

ചുരുക്കത്തിൽ, യൊവാന്നാ യേശുവിന്റെ ഒരു ഉത്തമ ശിഷ്യയായിരുന്നു. ഗലീലിമുതൽ യേശുവിനെ അനുഗമിച്ചു; സ്വന്തം കുടുംബത്തെക്കാൾ കൂടുതൽ യേശുവിനെ സ്നേഹിച്ചു. ദൈവരാജ്യത്തിനുവേണ്ടി എല്ലാം ചിലവഴിക്കാൻ തയ്യാറായി; കുരിശു വഹിച്ച് ഗാഗുൽത്തായിലേക്കുപോയ യേശുവിന്റെ പിന്നാലെ നടന്നു; കുരിശിൻ ചുവട്ടിൽ നിന്നു. ക്രൂശിതന്റെ മരണവും സംസ്ക്കാരവും കണ്ടു. അവസാനം ശൂന്യമായ കല്ലറയ്ക്കും അവൻ ഉയർത്തെഴുന്നേറ്റു എന്ന സദ്വാർത്തയ്ക്കും അവൾ സാക്ഷിയായി - അപ്പസ്തോലന്മാരെ സുവിശേഷം അറിയിച്ച മഗ്ദലേനായെപ്പോലെ.

ആദിമസഭയിൽ സ്ത്രീകൾക്കുണ്ടായിരുന്ന പ്രാധാന്യത്തിനും സുവിശേഷവേലയിൽ അവരുടെ പങ്കാളിത്തത്തിനും ഉത്തമസാക്ഷിയും ഉദാഹരണവുമാണ് യൊവാന്ന. സ്ത്രീ ആയിരിക്കുന്നത് ഒരു കുറവായി അവൾക്കു തോന്നിയില്ല. രാജകീയ പദവിയിൽ നിന്നു താഴെയിറങ്ങി, തലചായ്ക്കാനിടമില്ലാത്തവന്റെ ശിഷ്യയായി, ജറുസലെംവരെ പോകാനും കുരിശിൻ ചുവട്ടിൽ നില്ക്കാനും ധൈര്യം കാണിച്ച അവൾ ഇന്നും ക്രിസ്തുശിഷ്യർക്ക് ഒരു മാതൃകയാണ്. സമൂഹത്തിന്റെ ഉന്നതതലങ്ങളിൽ വർത്തിക്കുന്നവർക്കും സുവിശേഷപ്രഘോഷണത്തിൽ പങ്കുചേരാം, ചേരണം എന്ന് യൊവാന്ന തന്റെ ജീവിതത്തിലുടെ പഠിപ്പിക്കുന്നു.



18

# ഉത്ഥിതന്റെ സാക്ഷി

**മറ്റേ മറിയം**

മത്തായി എഴുതിയ സുവിശേഷത്തിൽ രണ്ടുതവണ പരാമർശവിഷയമാകുന്ന ഒരു സ്ത്രീയാണ് "മറ്റേമറിയം." ആരാണിവൾ? പുതിയ നിയമത്തിൽ മറിയം എന്ന പേരിൽ ഏഴു വ്യത്യസ്ത വ്യക്തികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. 1. യേശുവിന്റെ അമ്മയായ മറിയം 2. മഗ്ദലേനാമറിയം 3. ബെഥാനിയായിലെ ലാസറിന്റെയും മാർത്താ യുടെയും സഹോദരി മറിയം. 4. ക്ലോപ്പാസിന്റെ ഭാര്യ മറിയം. 5. യോസെയുടെയും ചെറിയ യാക്കോബിന്റെയും അമ്മ മറിയം 6. അപ്പസ്തോലപ്രവർത്തനങ്ങളിൽ കാണു ന്ന യോഹാൻ മർക്കോസിന്റെ അമ്മ മറിയം (അപ്പ 12,12). 7. റോമായിലെ സഭയിൽ കഠിനാധ്വാനം ചെയ്തു എന്ന് പൗലോസ് എടുത്തുപറഞ്ഞ് അഭിവാ

ദനം അർപ്പിക്കുന്ന മറിയം (റോമാ 16,6). ഇതിൽ ഏതാണ് മത്തായി സൂചിപ്പിക്കു മറ്റേമറിയം?

യേശുവിന്റെ ശവസംസ്ക്കാരവുമായി ബന്ധപ്പെട്ടാണ് മത്തായി മറ്റേമറിയത്തെ ആദ്യമായി അവതരിപ്പിക്കുന്നത് (27,61). തുടർന്ന് ശവകുടീരം സന്ദർശിക്കാൻ പോയ മഗ്ദലേനാമറിയത്തിന്റെകൂടെ മറ്റേ മറിയം വീണ്ടും പ്രത്യക്ഷപ്പെടുന്നു (28,1). മർക്കോസിന്റെ സുവിശേഷവുമായി താരതമ്യം ചെയ്താൽ ഈ ആളിനെക്കുറിച്ച് കൂടുതൽ അറിയാൻ കഴിയും. മറ്റേ മറിയം എന്നു മത്തായി വിശേഷിപ്പിക്കുന്ന വ്യക്തിയുടെ സ്ഥാനത്ത് സമാന്തരമായ മർക്കോസിന്റെ സുവിശേഷത്തിൽ ഒരിടത്ത് (15,47) യോസേയുടെ അമ്മയായ മറിയം എന്നും മറ്റൊരിടത്ത് (16,1) യാക്കോബിന്റെ അമ്മയായ മറിയം എന്നും കാണുന്നു. ഇതു രണ്ടും ഒരാൾ തന്നെയാണെന്ന് മറ്റു പരാമർശങ്ങളിൽ നിന്ന് അനുമാനിക്കാം.

കുരിശിൻചുവടിൽ നിന്ന സ്ത്രീകളെക്കുറിച്ച് നാലു സുവിശേഷകന്മാരും പ്രതിപാദിക്കുണ്ട്. മത്തായിയും മർക്കോസും ഏതാണ്ട് ഒരേവിധത്തിലാണ് ഈ സ്ത്രീകളുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നത്: "മഗ്ദലേനാമറിയവും യാക്കോബിന്റെയും ജോസഫിന്റെയും അമ്മയായ മറിയവും സെബദിപുത്രന്മാരുടെ അമ്മയും" (മത്താ 27, 56); "മഗ്ദലേനാമറിയവും യോസേയുടെയും ചെറിയ യാക്കോബിന്റെയും അമ്മയായ മറിയവും സലോമിയും" (മർക്കോ 15,4). ഇതിൽ രണ്ടാമത്തെ ആൾ ഇരുസുവിശേഷങ്ങളിലും ഒന്നുതന്നെയാണെന്നതിൽ സംശയമില്ല. യാക്കോബ് എന്നു മത്തായി വിളിക്കുന്ന ആളെയാണ് ചെറിയ യാക്കോബ് എന്നു മർക്കോസ് പരിചയപ്പെടുത്തുന്നത്. സെബദിപുത്രനായ യാക്കോബിൽനിന്നു വേർതിരിച്ചു കാണിക്കാൻ വേണ്ടിയാണ് ഈ വിശേഷണം. ജോസഫ് എന്നു മത്തായിയും യോസേ എന്നു മർക്കോസും വിശേഷിപ്പിക്കുന്നത് ഒരാൾ തന്നെ. സെബദിപുത്രന്മാരുടെ അമ്മയെന്ന് മത്തായി വിശേഷിപ്പിക്കുന്ന ആളിന്റെ പേര് സലോമി എന്നു മർക്കോസ് എടുത്തു പറയുന്നു.

പേരുകളുടെ ഈ മൂന്നു പട്ടികകൾ (മത്താ 27,56. 61; 28,1 = മർക്കോ 15,40.47; 16,1) താരതമ്യം ചെയ്യുമ്പോൾ കിട്ടുന്ന ഉത്തരമിതാണ്. മറ്റേ മറിയം എന്നു മത്തായി വിശേഷിപ്പിക്കുന്നത് ചെറിയ യാക്കോബിന്റെയും ജോസഫ് - യോസേ - യുടെയും അമ്മയായ മറിയം തന്നെ. ഇനി യോഹന്നാന്റെ സുവിശേഷവുമായി താരതമ്യം ചെയ്യുമ്പോൾ മറ്റു ചില വിവരങ്ങൾ കൂടി നമുക്കു ലഭിക്കും.

കുരിശിൻ ചുവട്ടിൽ നിന്ന ആ നാലുസ്ത്രീകളെക്കുറിച്ച് യോഹന്നാൻ പ്രതിപാദിക്കുന്നുണ്ട്, "യേശുവിന്റെ കുരിശിനരികിൽ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലോപ്പാസിന്റെ ഭാര്യയായ മറിയവും മഗ്ദലേനാമറിയവും നില്ക്കുന്നുണ്ടായിരുന്നു" (യോഹ 19,25). ഇതിൽ യേശുവിന്റെ അമ്മയുടെ സഹോദരി സെബദി പുത്രന്മാരായ യാക്കോബിന്റെയും യോഹാന്റെയും അമ്മ സലോമിയാണെന്ന നിഗമനം പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. യേശുവിന്റെ അമ്മയും മഗ്ദലേനാമറിയവും ആരെന്ന കാര്യത്തിൽ സംശയമില്ല. അവശേഷിക്കുന്നത് ക്ലോപ്പാസിന്റെ ഭാര്യ മറിയമാണ്. ഇതുതന്നെയല്ലേ മത്തായിയുടെ സുവിശേഷത്തിലെ മറ്റേ മറിയം? അപ്പോൾ യോസേ, യാക്കോബ് എന്നിവർ ക്ലോപ്പാസിന്റെയും മറിയത്തിന്റെയും മക്കളാണെന്നു വരുന്നു.

ഇനി ആരാണ് ഈ ക്ലോപ്പാസ്? പന്ത്രണ്ടപ്പസ്തോലന്മാരുടെ പട്ടിക അവതരിപ്പിക്കുമ്പോൾ സമാന്തരസുവിശേഷകർ മൂവരും എടുത്തു പറയുന്ന ഒരു പേരാണ് ഹൽപൈയുടെ പുത്രനായ യാക്കോബ്. സെബദിപുത്രനായ യാക്കോബിൽ നിന്നു വ്യത്യസ്തനാണിയാൾ. ചെറിയ യാക്കോബ് എന്നു മർക്കോ 15,40 ൽ വിശേഷിപ്പിച്ച ആൾ തന്നെയാണിത് എന്നതിൽ സംശയത്തിനു പഴുതില്ല. അതിനാൽ ക്ലോപ്പാസ് എന്നു ഗ്രീക്കിലും ഹൽപൈ എന്നു അരമായയിലും അൽഫേവൂസ് എന്നു ലത്തീനിലും അറിയപ്പെടുന്നത് ഒരാൾ തന്നെ എന്ന നിഗമനത്തിൽ എത്താനാവും. മർക്കോ 2,14 ൽ കാണുന്ന ലേവിയുടെ പിതാവായ ഹൽപൈ ഇയാൾ തന്നെ എന്ന അനുമാനത്തെ അധികമാരും അംഗീകരിക്കുില്ല. ഒരേ പേരുള്ള രണ്ടാളുകൾ ആയിരിക്കാനാണ് കൂടുതൽ സാധ്യത. അല്ലെങ്കിൽ ചുങ്കക്കാരൻ മത്തായിയും ചെറിയ യാക്കോബും സഹോദരങ്ങളാണെന്ന് അംഗീകരിക്കേണ്ടിവരും. എന്നാൽ അപ്പസ്തോലന്മാരുടെ പട്ടിക അവതരിപ്പിക്കുന്നിടത്ത് ഇങ്ങനെ ഒരു സാധ്യതയില്ല. മത്തായിയെ പേരെടുത്തു പറഞ്ഞതിനുശേഷമാണ് ഹൽപൈയുടെ പുത്രൻ യാക്കോബ് എന്നു പറയുന്നത് (മർക്കോ 3,18).

ഇവിടെ പറയുന്ന ക്ലോപ്പാസും എമ്മാവൂസിലേക്കു പോയവരിൽ ഒരാളായ ക്ലെയോഫാസും (ലൂക്കാ 24,18) ഒരാൾ തന്നെയോ എന്ന കാര്യത്തിൽ തർക്കമുണ്ട്. അല്ലെന്നാണ് ഭൂരിപക്ഷാഭിപ്രായം. എന്നാൽ ക്ലോപ്പാസിനെക്കുറിച്ച് എ.ഡി. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഹെഗേസിപ്പൂസ് എന്ന സഭാചരിത്രകാരൻ ശ്രദ്ധേയ

മായൊരു അറിവു പകരുന്നുണ്ട്. യേശുവിന്റെ വളർത്തുപിതാവായ ജോസഫിന്റെ സഹോദരനായിരുന്നു ക്ലോപ്പാസ് എന്നും ഹൽപൈ എന്നും അറിയപ്പെട്ടിരുന്നത്. ഇയാളുടെ ഭാര്യയാണ് മത്തായി മറ്റേ മറിയം എന്ന പേരിൽ അവതരിപ്പിക്കുന്നത്.

ഇതിൽനിന്ന് സുപ്രധാനമായ രണ്ടു കാര്യങ്ങൾ വ്യക്തമാകുന്നു. 1. യേശുവിനെ അനുഗമിച്ചവരുടെ മുൻപന്തിയിൽ അവന്റെ കുടുംബാംഗങ്ങളുണ്ടായിരുന്നു. യേശുവിന്റെ അമ്മ മറിയം; അമ്മയുടെ സഹോദരി സലോമിയും അവളുടെ പുത്രന്മാർ യാക്കോബും യോഹന്നാനും; ജോസഫിന്റെ സഹോദരഭാര്യ മറിയവും അവളുടെ മകൻ യാക്കോബും ... കുരിശിൻ ചുവട്ടിൽനിന്നവരിൽ പേരെടുത്തു പറയുന്ന നാലു സ്ത്രീകളിൽ മൂന്നുപേരും യേശുവിന്റെ ഉറ്റ ബന്ധുക്കളായിരുന്നു. 2. യേശുവിന്റെ സഹോദരന്മാർ എന്നു മർക്കോ 6,3 ൽ പേരെടുത്തു പറയുന്ന യാക്കോബ്, യോസേ എന്നിവർ യേശുവിന്റെ അമ്മയായ മറിയത്തിന്റെ മക്കളല്ല, അവന്റെ പിതൃസഹോദരന്റെ പുത്രന്മാരായിരുന്നു. മറിയത്തിന് യേശുവിനു പുറമേ വേറെ മക്കളുണ്ടായിരുന്നു എന്ന വാദത്തിന് ഈ കണ്ടെത്തൽ വിരാമമിടുന്നു.

യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സുവിശേഷത്താൽ ആകർഷിക്കപ്പെട്ട ഉറ്റബന്ധു, പിതൃസഹോദരഭാര്യയാണ് മത്തായിയുടെ സുവിശേഷത്തിലെ മറ്റേ മറിയം. യേശുവിന്റെ അമ്മയിൽനിന്നും മഗ്ദലേനാമറിയത്തിൽനിന്നും വേർതിരിച്ചു കാണിക്കാൻവേണ്ടിയാണ് ഈ വിശേഷണം നല്കിയിരിക്കുന്നത് ഗലീലിയിൽനിന്നു ജറുസലെംവരെ യേശുവിനെ അനുഗമിക്കുകയും കുരിശിൻ ചുവട്ടിൽ നില്ക്കുകയും മൃതസംസ്ക്കാരത്തിൽ പങ്കെടുക്കുകയും ശൂന്യമായ കല്ലറ കാണുകയും ചെയ്ത ചുരുക്കം വ്യക്തികളിൽ ഒരാളാണ് ഈ മറിയം.

യേശു ഉത്ഥാനം ചെയ്തു എന്ന സന്ദേശം ദൈവദൂതനിൽനിന്നു നേരിട്ടു കേൾക്കാൻ മാത്രമല്ല, ഉത്ഥിതനായ യേശുവിനെ നേരിൽ കാണാനും ഭാഗ്യം ലഭിച്ച ആദ്യത്തെ രണ്ടു വ്യക്തികളിൽ ഒരാളാണ് അവൾ (മത്താ 28,1-10). ഉത്ഥാനത്തിന്റെ സുവിശേഷം അപ്പസ്തോലന്മാരെ അറിയിക്കാൻ ഉത്ഥിതനായ നാഥൻ ചുമതലപ്പെടുത്തിയത് ഈ മറിയത്തെയും മഗ്ദലേനാമറിയത്തെയുമാണ്. അങ്ങനെ എല്ലാതരത്തിലും ശിഷ്യത്വത്തിന്റെ മാതൃകയാണ് ക്ലോപ്പാസിന്റെ ഭാര്യയും യോസേയുടെയും ചെറിയ യാക്കോബിന്റെയും അമ്മയുമായ മറ്റേ മറിയം..



# 19 യൂറോപ്പിലെ ആദ്യക്രിസ്ത്യാനി

## ലീദിയാ

പല കാരണങ്ങളാലും സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു കഥാപാത്രമാണ് ലീദിയാ. അവൾക്കു സ്വന്തമായി ഒരു പേരുണ്ട്; മാന്യമായ ഒരു തൊഴിലുണ്ട്; സമൂഹത്തിൽ ഉന്നതമായ സ്ഥാനവുമുണ്ട്. രണ്ടുതവണ മാത്രമേ അവളുടെ പേര് ബൈബിളിൽ പ്രത്യക്ഷപ്പെടുന്നുള്ളൂ എങ്കിലും അവളുടെ വ്യക്തിത്വത്തിലേക്ക് സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ അപ്പസ്തോലപ്രവർത്തനങ്ങളുടെ കർത്താവായ ലൂക്കാ നല്കുന്നുണ്ട് (അപ്പ 16,11-15. 35-40).

"തിയത്തീറാ പട്ടണത്തിൽനിന്നു വന്ന പട്ടു വില്പനക്കാരിയും ദൈവഭക്തയുമായ ലീദിയാ" (അപ്പ 16,14) എന്ന അവതരണം തന്നെ ഏറെ ശ്രദ്ധേയമാണ്. രണ്ടാം പ്രേഷിതയാത്രയിൽ

പല സ്ഥലത്തും സുവിശേഷം പ്രസംഗിക്കുന്നതിൽനിന്നു പരിശുദ്ധാത്മാവു വിലക്കി; അവസാനം ത്രോവാസിൽവച്ച് ദർശനത്തിലൂടെ ലഭിച്ച ആത്മാവിന്റെ അരുളപ്പാടനുസരിച്ചാണ് പൗലോസ് ഫിലിപ്പിയിൽ എത്തിയത്. യൂറോപ്പിൽ പൗലോസ് ആദ്യമായി സുവിശേഷം പ്രസംഗിച്ച പട്ടണമാണ് ഫിലിപ്പി.

മഹാനായ അലക്സാണ്ടറിന്റെ പിതാവ് ഫിലിപ്പ് രണ്ടാമൻ ബി.സി. 356 ൽ പുതുക്കിപ്പണിത് തന്റെതന്നെ പേരുനല്കിയ ഫിലിപ്പിപട്ടണം പുതിയ നിയമകാലത്ത് റോമാക്കാരുടെ ഒരു സൈനികനഗരമായിരുന്നു. അവിടെവച്ചാണ് ബി.സി. 42 ൽ ജൂലിയസ് സീസറിന്റെ ഘാതകരായ ബ്രൂട്ടസിന്റെയും കാഷ്യസിന്റെയും സൈന്യത്തെ മാർക്ക് ആന്റണിയുടെയും ഒക്ടേവിയന്റെയും സൈന്യം തോല്പിച്ച് റോമാസാമ്രാജ്യത്തിൽ സമാധാനം പുനഃസ്ഥാപിച്ചത്. സമ്പന്നമായ ഒരു നഗരമായിരുന്നു ഫിലിപ്പി. ആ പട്ടണത്തിലേക്കാണ് പരിശുദ്ധാത്മാവ് സുവിശേഷപ്രഘോഷണത്തിനായി പൗലോസിനെയും സഹചാരികളെയും നയിച്ചത്. ഏതെങ്കിലും ഒരു പട്ടണത്തിൽ ചെല്ലുമ്പോൾ അവിടെയുള്ള യഹൂദരുടെ സിനഗോഗിലാണ് പൗലോസ് ആദ്യം പ്രസംഗിക്കുക. എന്നാൽ ഫിലിപ്പിയിൽ ഒരു സിനഗോഗുണ്ടായിരുന്നില്ല. പകരം പട്ടണത്തിനടുത്തുകൂടി ഒഴുകുന്ന ഗംഗാ എന്ന പേരിൽ അറിയപ്പെട്ടിരുന്ന പുഴയുടെ തീരത്താണ് യഹൂദർ പ്രാർത്ഥനയ്ക്കായി സമ്മേളിച്ചിരുന്നത്.

പ്രാർത്ഥനാസമ്മേളനത്തിനുവന്ന സ്ത്രീകളുടെ കൂടെ ലീദിയായും ഉണ്ടായിരുന്നു. മൂന്നു വിശേഷണങ്ങളാണ് ലീദിയായ്ക്കു നല്കിയിരിക്കുന്നത്. 1. തിയത്തിറായിൽ നിന്നു വന്നവൾ. റോമാക്കാർ ആസിയാ എന്നു വിളിച്ചിരുന്ന (ഇന്ന് ഏഷ്യ മൈനർ എന്നറിയപ്പെടുന്ന) പ്രവിശ്യയിലെ ഒരു സുപ്രധാന നഗരമായിരുന്നു തിയത്തീറാ. വിലകൂടിയ പട്ടും കമ്പിളിയും പലതരം ചായങ്ങൾമുക്കി വിപണനം ചെയ്തിരുന്ന വലിയൊരു വ്യവസായകേന്ദ്രമായിരുന്നു തിയത്തീറാ. ലീദിയായുടെ ജന്മസ്ഥലം ആ നഗരമാണെന്ന പ്രതീതിയാണ് ലൂക്കാ നല്കുന്നത്. അവൾ വിവാഹിതയോ, വിധവയോ, അവിവാഹിതയോ എന്നു പറയുന്നില്ല. ഭർത്താവിന്റെ പേരു പറയാതിരിക്കുകയും കുടുംബത്തെക്കുറിച്ചു പറയുകയും ചെയ്യുന്നതിനാൽ അവൾ ഒരു വിധവയായിരുന്നു എന്ന് അനുമാനിക്കാം.

2. പട്ടുവില്പനക്കാരി എന്ന വിശേഷണം അവളുടെ തൊഴിലിനെ സൂചിപ്പിക്കുന്നു. അസിയായിലെ തിയത്തീറായിൽനിന്ന് ഏകദേശം 300 കിലോമീറ്റർ പടിഞ്ഞാറ് മക്കെദോനിയിലെ ഫിലിപ്പിയിൽ വന്നു വ്യാപാരം നടത്തുന്ന ലീദിയാ യഥാർത്ഥത്തിൽ ഒരു വർത്തക പ്രമാണിയാണ്. അവൾ കച്ചവടം ചെയ്തിരുന്നത് സാധാരണക്കാർ ഉപയോഗിക്കുന്ന വില കുറഞ്ഞ വസ്ത്രമല്ല. "പട്ട്" എന്നു വിവർത്തനം ചെയ്യുന്ന "പ്രൊഫുലോപോളിസ്" എന്ന ഗ്രീക്കുവാക്കിന് "ധൂമ്രവസ്ത്രവില്പനക്കാരി" എന്നാണർത്ഥം. രാജകീയ നിറമാണ് ധൂമ്രം. രാജാക്കന്മാരും പ്രഭുക്കന്മാരും വലിയ സമ്പന്നരും മാത്രം ഉപയോഗിച്ചിരുന്ന വില കൂടിയ വസ്ത്രമാണ് വിവക്ഷ. അത് പട്ടോ കമ്പിളിയോ ആകാം. ഇപ്രകാരം ഒരു വാണിജ്യം നടത്താൻ വലിയ മൂലധനം ആവശ്യമായിരുന്നു. അതിനാൽ വലിയൊരു വാണിജ്യ ശൃഖംല നേരിട്ടു നയിക്കുന്ന സമ്പന്നയും ധീരയുമായ ഒരു വനിതയാണ് ലീദിയാ.

3. "ദൈവഭക്ത" എന്ന വിശേഷണം മതപരമായ അവളുടെ കാഴ്ചപ്പാടു മാത്രമല്ല, അവസ്ഥയും വ്യക്തമാക്കുന്നു. യഹൂദരുടെ പ്രാർത്ഥനാസമ്മേളനത്തിൽ പങ്കെടുക്കുന്ന അവൾ യഹൂദയല്ല; യഹൂദമതം സ്വീകരിക്കാൻ പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിച്ചു കഴിഞ്ഞ (prosolyte) വളുമല്ല. മറിച്ച് യഹൂദമതത്തോടു താല്പര്യമുള്ള ഒരു വിജാതിയാണ്. യഹൂദരുടെ വിശ്വാസവും അനുഷ്ഠാനങ്ങളും അടുത്തറിയാൻ താൽപര്യപൂർവ്വം വന്നിരുന്ന, സത്യത്തോടു തുറവിയുള്ള ഒരു ദൈവഭക്ത.

"പൗലോസ് പറഞ്ഞ കാര്യങ്ങൾ സ്വീകരിക്കാൻ കർത്താവ് അവളുടെ ഹൃദയം തുറന്നു" (അപ്പ 16,14). യേശുക്രിസ്തുവിനെക്കുറിച്ചാണ് പൗലോസ് പ്രസംഗിച്ചത്. യേശുവിനെ തന്റെ നാഥനായി സ്വീകരിക്കാൻ കഴിഞ്ഞ യൂറോപ്പിലെ ആദ്യവ്യക്തിയാണ് ലീദിയാ. പരിശുദ്ധാത്മാവ് അവളുടെ ഹൃദയം തുറന്നു. ആത്മാവിന്റെ പ്രവർത്തനങ്ങൾക്കു സ്വയം വിട്ടുകൊടുക്കാൻ തയ്യാറായ അവൾ ഒരു യഥാർത്ഥ ക്രിസ്തുവിശ്വാസിയുടെ മാതൃകയാണ്. സത്യമെന്നു ബോധ്യപ്പെടുന്ന കാര്യം മുഴുഹൃദയത്തോടെ സ്വീകരിക്കാനും അതനുസരിച്ച് ജീവിതം ക്രമീകരിക്കാനും അവൾ തയ്യാറായി.

അവൾ കുടുംബസമേതം ജ്ഞാനസ്നാനം സ്വീകരിച്ചു. "കുടുംബം" എന്ന പദത്തിന് വ്യാപകമായ അർത്ഥമുണ്ട്. മാതാപിതാക്കളും മക്കളും ആശ്രിതരും ദാസീദാസന്മാരും എല്ലാം ഉൾക്കൊ

ള്ളുന്ന ഒരു സമൂഹമാണ് "കുടുംബം" എന്ന പേരിൽ വിവക്ഷിക്കപ്പെടുന്നത്. കുടുംബനാഥനെക്കുറിച്ച് ഇവിടെ പറയുന്നില്ല. അതിനാൽ ലീദിയാ ഒരു വിധവയായിരുന്നു എന്ന് അനുമാനിക്കാൻ കഴിയും. വലിയൊരു സമ്പന്ന കുടുംബത്തിന്റെ അധിപ (matriarch) ആണവൾ. ജീവിതത്തെ സമൂലം മാറ്റിമറിക്കുന്ന മതപരിവർത്തനത്തിന് അവൾ തയ്യാറായി; തന്റെ മുഴുവൻ കുടുംബത്തേയും ക്രിസ്തുവിന്റെ അനുയായികളാക്കി. ലീദിയായുടെ ധീരമായ ഈ തീരുമാനമാണ് ഫിലിപ്പിയിലെ സഭയുടെ സ്ഥാപനമുഹൂർത്തം. യൂറോപ്പിലെ തന്നെ സഭയുടെ തുടക്കം ഇവിടെ കാണാം.

സ്നാനം സ്വീകരിച്ച് ക്രിസ്ത്യാനിയായ ലീദിയാ വീണ്ടും മുൻകൈ എടുക്കുന്നു. "കർത്താവിൽ വിശ്വസിക്കുന്നവളായി എന്നെ നിങ്ങൾ പരിഗണിക്കുന്നുവെങ്കിൽ ഇന്ന് എന്റെ ഭവനത്തിൽ വന്നു താമസിക്കാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു" (അപ്പ 16, 15). പൗലോസും സംഘവും അവളുടെ ക്ഷണം സ്വീകരിച്ചു. അതോടെ ലീദിയായുടെ ഭവനം ഒരു ഗാർഹികസഭയായി, ഫിലിപ്പിയുടെ സുവിശേഷവർക്കരണത്തിനുള്ള താവളവും. സുവിശേഷകർക്കായി തന്റെ വീട് തുറന്നു കൊടുക്കുന്നതിലൂടെ ലീദിയാ സുവിശേഷപ്രഘോഷണത്തിന്റെ ഒരു മുന്നണിപ്പോരാളിയാവുകയായിരുന്നു.

താൻ സ്ഥാപിച്ച അനേകം പ്രാദേശിക സഭകളിൽ പൗലോസ് ഏറ്റം കൂടുതൽ സ്നേഹിച്ച സഭ ഫിലിപ്പിയിലേതായിരുന്നു. പൗലോസിന്റെ എല്ലാ ഉദ്യമങ്ങളിലും പൂർണ്ണ പിന്തുണ നല്കുകയും തടവിലായിരിക്കുമ്പോൾ പോലും ഉദാരമായ സഹായങ്ങളോടെ അപ്പസ്തോലനെ തുണയ്ക്കുകയും ചെയ്തത് ഫിലിപ്പിയിലെ സഭയാണ്. ഇക്കാര്യം പൗലോസ് തന്നെ ഹൃദയം തുറന്ന് എഴുതുന്നുമുണ്ട് (ഫിലി 4,15-20). സുവിശേഷപ്രഘോഷണത്തിലുള്ള ഈ ഔത്സുക്യത്തിന്റെയും ഔദാര്യത്തിന്റെയും എല്ലാം പിന്നിൽ നില്ക്കുന്നത് ലീദിയാ ആണെന്നു നിസംശയം പറയാം. ലീദിയാ തുടങ്ങിവച്ച അടത്തിയറയിലാണു ഫിലിപ്പിയിലെ സഭ പണിയപ്പെട്ടത്.

ഫിലിപ്പിയിലെ പ്രവർത്തനകാലം മുഴുവൻ പൗലോസും സംഘവും ലീദിയായുടെ വീട്ടിലാണ് വസിച്ചിരുന്നത്. അകാരണമായി മർദ്ദനമേല്ക്കുകയും തടവറയിൽ അടയ്ക്കപ്പെടുകയും ചെയ്തതിനുശേഷം അത്ഭുതകരമായി മോചിപ്പിക്കപ്പെട്ട പൗലോസും സീലാസും ലീദിയായുടെ വീട്ടിൽ വന്നു വിശ്രമിക്കു

കയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തതിനുശേഷമാണ് പ്രേഷിതയാത്ര തുടർന്നത് (അപ്പ 16,40).

പൗലോസ് അപ്പസ്തോലന്റെ ഫിലിപ്പിയിലെ പ്രേഷിത പ്രവർത്തനങ്ങളുമായി ഇത്രമാത്രം അടുത്തു ബന്ധപ്പെട്ടിരുങ്കിലും ഫിലിപ്പിയിലെ സഭയ്ക്കെഴുതുന്ന ലേഖനത്തിൽ ലീദിയായുടെ പേരില്ല എന്നത് ശ്രദ്ധയർഹിക്കുന്നു. ഇതിനു പല വിശദീകരണങ്ങൾ നല്കപ്പെടാറുണ്ട്. വ്യാപാരവുമായി ബന്ധപ്പെട്ട് ഫിലിപ്പിയിൽനിന്നു തീയത്തീറായിലേക്കോ മറ്റേതെങ്കിലും നഗരത്തിലേക്കോ അവൾ താമസം മാറ്റിയിരിക്കാം. അല്ലെങ്കിൽ പൗലോസ് ലേഖനമെഴുതുന്ന കാലത്ത് അവൾ മരിച്ചുകഴിഞ്ഞിരിക്കാം. ഇതിൽനിന്നെല്ലാം വ്യത്യസ്തമായി മറ്റൊരു വ്യഖ്യാനസാധ്യത ചിലർ എടുത്തു കാട്ടാറുണ്ട്.

ലീദിയാ എന്നത് വ്യക്തിഗതമായ പേരല്ല, ഒരു പ്രദേശത്തെ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ആസിയാ എന്ന റോമൻ പ്രവിശ്യയുടെ ഭാഗമായിരുന്നു ലീദിയാ. തീയത്തറായിൽ നിന്നു വന്ന പട്ടുവില്പനക്കാരിയായ ലീദിയാക്കാരി എന്നുവേണമെങ്കിൽ പറയാം. അപ്പോൾ ലീദിയായുടെ യഥാർത്ഥ പേര് വേറൊന്നായിരിക്കും. ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ, ഉപദേശങ്ങൾ നല്കുമ്പോൾ തുടക്കത്തിൽത്തന്നെ രണ്ടു സ്ത്രീകളെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. "കർത്താവിൽ ഏകമനസ്സായിരിക്കാൻ എവോദിയായോടും സിന്തിക്കെയോടും അഭ്യർത്ഥിക്കുന്നു.... സുവിശേഷത്തിനുവേണ്ടി എന്നോടൊപ്പം പ്രയത്നിച്ച ആ സ്ത്രീകളെ സഹായിക്കണമെന്ന് ഞാൻ നിന്നോട് അഭ്യർത്ഥിക്കുന്നു" (ഫിലി 4,2-3). ഇതിൽ ആദ്യമേ പേരെടുത്തു പറയുന്ന എവോദിയാ തന്നെയാണ് ലീദിയാ എന്നു കരുതുന്നവരുണ്ട്. ഫിലിപ്പിയിലെ സഭയിൽ വളരെ പ്രാധാന്യമുള്ള രണ്ടു സ്ത്രീകൾ - എവോദിയായും സിന്തിക്കെയും തമ്മിൽ ഏതോ വിഷയത്തിൽ തർക്കമുണ്ടായെന്നും അതു പരിഹരിക്കാൻ അപ്പസ്തോലൻ ഉപദേശിക്കുന്നു എന്നും വ്യക്തം. എന്താണ് തർക്കകാരണമെന്ന് വ്യക്തമല്ല - പ്രമുഖ സ്ഥാനത്തെ ച്ചൊല്ലിയാവാൻ സാധ്യതയുണ്ട്. എവോദിയാ എന്ന ലീദിയായുടെ പ്രമുഖ സ്ഥാനം അംഗീകരിക്കാൻ സിന്തിക്കെ കൂട്ടാക്കത്തതാവാം തർക്കത്തിനു കാരണം എന്നു കരുതുന്നവരുണ്ട്.

ഈ നിഗമനം ശരിയോ തെറ്റോ ആവട്ടെ, ആദിമക്രൈസ്ത

സഭയിലെ തിളങ്ങുന്ന ഒരു വ്യക്തിത്വമാണ് ലീദിയാ. സഭയിലും സമൂഹത്തിലും സ്ത്രീകൾക്കുണ്ടായിരുന്നതും ഇനിയും വീണ്ടെടുക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യേണ്ടതുമായ സ്ഥാനത്തിന്റെ ഉദാഹരണമാണവൾ. സ്ത്രീകൾക്കു സമൂഹത്തിൽ ലഭിക്കേണ്ട തുല്യതയെയും സ്ത്രീ ശാക്തീകരണത്തെയുംകുറിച്ചുള്ള ചിന്തകളിൽ ലീദിയായുടെ വ്യക്തിത്വം വെളിച്ചം പകരും. ഒരു വ്യാപാരശൃംഖലയുടെ അധിപയെന്ന നിലയിൽ പുരുഷന്മാരോടു തുല്യമായ ഉത്തരവാദിത്വങ്ങളും അവസരങ്ങളും അവകാശങ്ങളും അവൾക്കുണ്ടായിരുന്നു. തനിച്ചു നില്ക്കാനും സ്വതന്ത്രമായി തീരുമാനമെടുക്കാനും അവൾക്കു മടിയില്ല.

യേശുക്രിസ്തുവിനെ കർത്താവും രക്ഷകനുമായി സ്വീകരിച്ച് അവളും കുടുംബവും രക്ഷപ്രാപിച്ചു; സ്വന്തം ഭവനത്തെ സുവിശേഷപ്രഘോഷണത്തിനുള്ള കേന്ദ്രമാക്കി; ആളും അർത്ഥവും കൊണ്ട് സുവിശേഷവേലകളെ സഹായിച്ചു. മാത്രമല്ല, ഒരു സഭാസമൂഹത്തിന്റെ തന്നെ നേതൃസ്ഥാനം അലങ്കരിക്കുകയും ചെയ്തു. ഇപ്രകാരം സഭാനേതൃത്വത്തിലേക്കുവന്നവരാണ് കാലക്രമത്തിൽ "മേൽനോട്ടക്കാരൻ" എന്ന അർത്ഥത്തിൽ എപ്പിസ്കോപ്പാസ് (episcopos) എന്നു വിളിക്കപ്പെട്ടത്. ആ പദത്തിന്റെ വിവർത്തനമാണല്ലോ "മെത്രാൻ." ഫിലിപ്പിയിലെ സഭയിൽ ലീദിയായ്ക്ക് മെത്രാൻ സ്ഥാനം ഉണ്ടായിരുന്നു എന്നു വാദിക്കുന്നവരുണ്ട്. അതിനു തക്കതായ തെളിവുകളില്ലെങ്കിലും സമുന്നതമായ ഒരു സ്ഥാനം അവൾക്കുണ്ടായിരുന്നു എന്നതിൽ സംശയമില്ല.

സഭയിലും സമൂഹത്തിലും ഉള്ള സ്ഥാനത്തേക്കാൾ ഉപരി ക്രിസ്തുശിഷ്യർക്ക് അവശ്യം ഉണ്ടായിരിക്കേണ്ട വിശ്വാസം, ത്യാഗസന്നദ്ധത, സുവിശേഷപ്രഘോഷണത്തിനുള്ള താൽപര്യം, ആതിഥ്യമര്യാദ, ഔദാര്യം എന്നിങ്ങനെ നിരവധി ഗുണങ്ങളുടെ വിളിനിലമായ ലീദിയാ വലിയൊരു പ്രകാശഗോപുരമായി നിലകൊള്ളുന്നു.



20

# ഗാർഹികസഭയുടെ മാതൃക

## പ്രിസ്കാ – പ്രിസില്ലാ

ആദിമസഭയിൽ, പ്രത്യേകിച്ചും സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ, സുപ്രധാനമായ പങ്കുവഹിച്ച ഒരു പ്രേഷിത യാണ് പൗലോസിന്റെ മൂന്നു ലേഖനങ്ങളിൽ (റോമാ 16,3; 1 കോറി 16,19; 2 തിമോ 4,19) പ്രിസ്കാ എന്ന പേരിലും അപ്പസ്തോലപ്ര വർത്തനങ്ങളിൽ (18,2–18.26) പ്രിസില്ലാ എന്ന പേരിലും അറിയ പ്പെടുന്ന വ്യക്തി. ഇതൊരു ലത്തീൻ പേരാണ്. പ്രിസ്കാ എന്ന പേരിനോട് കുട്ടി- കുഞ്ഞ് - കൊച്ച് എന്നൊക്കെ അർത്ഥമുള്ള ഒരു പ്രത്യയം ചേർത്തതാണ് പ്രിസില്ലാ. പ്രിസ്കാ കുഞ്ഞ് എന്നർത്ഥം. ഭർത്താവായ അക്വിലായുടെ പേരിനോടൊപ്പമാണ് അവളുടെപേരും പ്രത്യക്ഷപ്പെടുന്നത്. ഭാര്യാഭർത്താക്കന്മാർ ഒരു

മിച്ച് സുവിശേഷവേലയിൽ ഏർപ്പെടുകയും തങ്ങളുടെ ഭവനത്തെ സഭാകൂട്ടായ്മയുടെ ഒരു കേന്ദ്രമാക്കി മാറ്റുകയും ചെയ്യുന്നതിന്റെ മാതൃകയാണവർ.

തെസലോണിക്കായിൽ നിന്നു പുറത്താക്കപ്പെടുകയും ആഥൻസിലെ അരെയോപ്പാഗസിൽവച്ച് അവഹേളിതനാവുകയും ചെയ്ത പൗലോസ് കോറിന്തോസിൽ എത്തിയപ്പോൾ അദ്ദേഹത്തെ സ്വഭവനത്തിൽ സ്വീകരിച്ചവരാണ് പ്രിസില്ലായും അക്വിലായും (അപ്പ 18,1-2). കരിങ്കടലിനു തെക്ക്, ഏഷ്യാമൈനറിന്റെ വടക്കുഭാഗത്തെ ഒരു റോമൻ പ്രവിശ്യയായ പോന്തുസിൽ നിന്നു വന്നവരാണവർ. കൂടാരനിർമ്മാണമായിരുന്നു അക്വിലായുടെ തൊഴിൽ. "കൂടാരപ്പണി" എന്നു ബൈബിൾ വിശേഷിപ്പിക്കുന്ന തൊഴിൽ കൂടാരത്തിന് ആവശ്യമായ തിരശ്ശീലകൾ നിർമ്മിക്കുന്നതാകാം. തുകലും കമ്പിളിയും ഒക്കെ കൂടാരവിരികൾ നിർമ്മിക്കാൻ ഉപയോഗിച്ചിരുന്നു. ഈ തൊഴിൽ പൗലോസിനും വശമായിരുന്നു. കോറിന്തോസിൽ അക്വിലാ ഒരു പണിശാല സ്ഥാപിച്ചുവെന്നും പൗലോസ് ആ പണിശാലയിൽ ജോലിചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തിക്കൊണ്ടാണ് സുവിശേഷവേല നടത്തിയിരുന്നതെന്നും അനുമാനിക്കാം.

അക്വിലാ യഹൂദനായിരുന്നു. എന്നാൽ പ്രിസില്ലാ യഹൂദമതം സ്വീകരിച്ച ഒരു വിജാതി ആയിരുന്നു എന്നാണ് പേരിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാതാക്കൾ കരുതുന്നത്. തന്നെയുമല്ല, അവൾ സ്വതന്ത്രയും ഒരു സമ്പന്ന കുടുംബാംഗവും ആയിരുന്നുവെന്നും അനുമാനിക്കാൻ ന്യായമുണ്ട്. അവർ എന്നാണ് യേശുക്രിസ്തുവിനെ നാഥനും രക്ഷകനുമായി സ്വീകരിച്ചത് എന്നു വ്യക്തമല്ല. എന്നാൽ തീക്ഷ്ണമതികളും വിശ്വാസത്തിൽ ആഴപ്പെട്ടവരുമായ ക്രിസ്ത്യാനികളായിരുന്നു അവർ എന്നതിൽ സംശയമില്ല.

കോറിന്തോസിലാണ് അവർ ബൈബിളിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്നതെങ്കിലും അതിനുമുമ്പേ അവർ റോമിലായിരുന്നുവെന്ന് ലൂക്കാ എടുത്തു പറയുന്നുണ്ട്. എ.ഡി. 49 ൽ ക്ലാവുദിയൂസ് ചക്രവർത്തി അവരെ റോമിൽനിന്നു നാടുകടത്തിയതിനാലാണ് കോറിന്തോസിൽ വന്നെത്തിയത്. യഹൂദരും ക്രിസ്ത്യാനികളും തമ്മിലുണ്ടായ തർക്കം സമൂഹത്തിൽ അസ്വസ്ഥതയുണ്ടാക്കിയതാണ് ഈ നടുകടത്തലിനു കാരണം. അതിനാൽ പ്രിസില്ലായും ഭർത്താവും റോമിലെ ഒരു യഹൂദസിനഗോഗിലെ അംഗങ്ങളായി

രുന്നുവെന്നും സിനഗോഗിൽവച്ച് യേശുവിനെ പ്രഘോഷിച്ചതാണ് തർക്കത്തിനു കാരണമായതെന്നും ഭൂരിഭാഗം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. അവരെക്കുറിച്ച് ബൈബിളിൽ കാണുന്ന പരാമർശങ്ങൾ എല്ലാം തന്നെ ഈ നിഗമനത്തെ പിന്താങ്ങുന്നുണ്ട്.

കോറിന്തോസിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഒന്നരവർഷം താമസിച്ച പൗലോസിന് ആതിഥ്യം ഒരുക്കുകയും തങ്ങളുടെ ഭവനത്തെ ഒരു പ്രേഷിത തലസ്ഥാനം (mission headquarters) ആക്കുകയും ചെയ്ത പ്രിസില്ലായും അക്വിലായും ലീദിയായെപ്പോലെ തന്നെ സഭാസമൂഹത്തിൽ ഉതസ്ഥാനം നേടിയിരുന്നു. കോറിന്തോസിലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് പൗലോസ് എഫേസൂസിലേക്കു പോയപ്പോൾ അവരും അപ്പസ്തോലനെ അനുഗമിച്ചു (അപ്പ 18,18). തുടർന്ന് കുറെക്കാലം അവർ ഏഷ്യാമൈനറിന്റെ തലസ്ഥാനമായ ഏഫേസൂസിൽവസിച്ച് സുവിശേഷപ്രഘോഷണം തുടർന്നു. പ്രഗത്ഭ വാഗ്മിയും തീക്ഷ്ണമതിയായ സുവിശേഷപ്രഘോഷകനുമായ അലക്സാണ്ട്റിയാക്കാരൻ അപ്പോളോസിനെ ക്രിസ്തു മാർഗ്ഗത്തെക്കുറിച്ച് ആഴമേറിയ ഉൾക്കാഴ്ചകൾ നല്കി വിശ്വാസത്തിൽ വളർത്തിയത് പ്രിസില്ലായാണ് (അപ്പ 18,26). എഫേസൂസിലും അവരുടെ ഭവനം സുവിശേഷപ്രഘോഷണകേന്ദ്രവും പ്രേഷിതരുടെ അഭയസ്ഥാനവുമായിരുന്നു.

എഫേസൂസിൽവച്ച് കോറിന്തോസിലെ സഭയ്ക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ് ഇവരെക്കുറിച്ചു പരാമർശിക്കുന്നുണ്ട്: "അക്വീലായും പ്രിസ്കായും അവരുടെ വീട്ടിലുള്ള സഭയും നിങ്ങളെ ഹൃദയപൂർവ്വം അഭിവാദനം ചെയ്യുന്നു" (1 കോറി 16,19). തന്റെ മൂന്നാം പ്രേഷിതയാത്രയുടെ അവസാനം (എ.ഡി. 57/58) കോറിന്തോസിൽവച്ച് റോമായിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽ ആശംസകളുടെ തുടക്കത്തിൽത്തന്നെ (റോമാ 16,3-5) പൗലോസ് ഇരുവരുടെയും പേരെടുത്തു പറഞ്ഞ് അഭിവാദനം അർപ്പിക്കുന്നുണ്ട്. അതിനാൽ അവർ വീണ്ടും റോമിൽ തിരിച്ചെത്തി എന്നതിൽ സംശയമില്ല. എ.ഡി. 54 ൽ ക്ലാവുദിയൂസ് ചക്രവർത്തി മരിച്ചപ്പോൾ യഹൂദർക്കുണ്ടായിരുന്ന വിലക്ക് തീരുകയും റോമിലേക്കു തിരിച്ചുവരാൻ സാഹചര്യം ഒരുങ്ങുകയും ചെയ്തു. ഒരുപക്ഷേ തന്റെ റോമാസന്ദർശനത്തിനു വഴിയൊരുക്കാനായി പൗലോസ് തന്നെ അവരെ റോമിലേക്കുപോകാൻ പ്രേരിപ്പിച്ചതുമാകാം.

മതപീഡനങ്ങളും മുടക്കുകളും നാടുകടത്തലും ഒന്നും പ്രിസില്ലായുടെ വിശ്വാസത്തിനോ സുവിശേഷപ്രഘോഷണ ത്തിനോ പ്രതിബന്ധമായില്ല. നേരേമറിച്ച്, ഇവയൊക്കെ പുതിയ സ്ഥലങ്ങളിൽ യേശുവിനെ പ്രഘോഷിക്കാൻ സാഹചര്യം ഒരുക്കു കയാണ് ചെയ്തത്. സുവിശേഷം പ്രസംഗിക്കുന്നതിനോടൊപ്പം ഉപജീവനത്തിനായി സ്വന്തം കൈകൊണ്ട് അധ്വാനിച്ച പ്രിസില്ലായും അക്വിലായും സുവിശേഷപ്രഘോഷകർ എന്നും അനുകരിക്കേണ്ട ഒരു മാതൃകയായി നിലകൊള്ളുന്നു, പൗലോസിനെപ്പോലെ (1 കോറി 9,3-18; 4,12). തങ്ങൾക്കുവേണ്ടി മാത്രമല്ല മറ്റു പ്രേഷിതർക്കും ആവശ്യമായത് ഉദാരമായി നല്കാൻ വേണ്ടിയും അവർ അധ്വാനി ച്ചു. തങ്ങളുടെ വീട് സഭാസമ്മേളനങ്ങൾക്കും പ്രേഷിതർക്കുമായി തുറന്നിടാൻ അവർ തയ്യാറായി.

"യേശുക്രിസ്തുവിൽ എന്റെ സഹപ്രവർത്തകർ" (റോമാ 16,3) എന്നാണ് അപ്പസ്തോലൻ അവരെ വിശേഷിപ്പിക്കുന്നത്. "സുനേർഗോസ്" എന്ന ഗ്രീക്കുപദമാണ് ഇവിടെ സഹപ്രവർത്ത കർ എന്നു വിവർത്തനം ചെയ്യുന്നത്. തന്നോടൊപ്പം സുവിശേഷ വേലയിൽ പങ്കുചേർന്നവർ എന്നതിനു പുറമേ, ഇത് സഭാശുശ്രൂ ഷയിലെ ഒരു സാങ്കേതികപദം പോലെ ഉപയോഗിക്കാറുണ്ട്. "ദിയാ ക്കൊണോസ്" എന്ന പദത്തിനു തുല്യമായൊരർത്ഥം ഇതിനുമു ണ്ട്. പ്രിസില്ലായും അക്വിലായും ചുരുങ്ങിയപക്ഷം സഭയിൽ ഡീക്കൻസ്ഥാനം അലങ്കരിച്ചിരുന്നു എ്ന്ന ഇതിൽനിന്നനുമാനി ക്കാം; ഒരുപക്ഷേ അതിലും ഉയർന്ന ഒരു സ്ഥാനവും അവർക്ക് അപ്പസ്തോലൻ നല്കിയിരിക്കാം.

സ്വന്തം വിശ്വാസം കാത്തുസൂക്ഷിക്കാനും യേശുവിൽ വിശ്വ സിക്കുന്ന സഹോദരനെ സംരക്ഷിക്കാനുംവേണ്ടി ജീവൻ പോലും അപകടപ്പെടുത്താൻ അവർ തയ്യാറായെന്ന് പൗലോസ് തന്നെ സാക്ഷ്യപ്പെടുത്തുന്നു: "അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ ജീവൻ പണയപ്പെടുത്തിയവരാണ്. ഞാൻ മാത്രമല്ല, വിജാതീയ രുടെ സകല സഭകളും അവർക്കു നന്ദിപറയുന്നു. അവരുടെ ഭവന ത്തിൽ സമ്മേളിക്കുന്ന സഭയ്ക്കും വന്ദനം പറയുവിൻ" (റോമാ 16,4-5). ഇവിടെ പരാമർശിക്കുന്ന സംഭവം എവിടെ വച്ചാണുണ്ടാ യതെന്നു വ്യക്തമല്ല. കോറിന്തോസിൽ പൗലോസിനെതിരേ ആക്ര മണമുണ്ടായപ്പോൾ (അപ്പ 18,12-17) ആകാം. അല്ലെങ്കിൽ എഫേസൂസിൽവച്ചാകാം (അപ്പ 19,23-40; 1 കോറി 15, 32). ഫിലിപ്പി

യിൽ ലീദിയാ എന്നതുപോലെ കോറിന്തോസിലും എഫേസൂസിലും റോമിലും സഭയുടെ ഏറ്റം അടുത്ത ശുശ്രൂഷകരും പ്രചാരകരുമായിരുന്നു പ്രസില്ലായും ഭർത്താവ് അക്വിലായും. മാന്യമായ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുകയും അതേ സമയം സുവിശേഷവേലയ്ക്കു സമയം കണ്ടെത്തുകയും ക്രിസ്തുവിനും അവിടുത്തെ സഭയ്ക്കും വേണ്ടി ജീവിതം സമർപ്പിക്കുകയും ചെയ്ത ഒരു പ്രേഷിതയാണ് പ്രിസില്ലാ. സുവിശേഷപ്രഘോഷണത്തെ ഉപജീവിനമാർഗ്ഗമോ സ്വത്തു ശേഖരിക്കാനുള്ള കുറുക്കുവഴിയോ ആയി കാണുന്നവർക്കുമുമ്പിൽ പ്രിസില്ലായും അക്വിലായും വലിയൊരു വഴികാട്ടിയും അതേസമയം ആത്മവിമർശനത്തിനു പ്രേരിപ്പിക്കുന്ന ഒരു ചോദ്യചിഹ്നവുമായി നിലകൊള്ളുന്നു.

പില്ക്കാലത്ത് സഭയിൽ പ്രിസില്ലായ്ക്ക് ആദരണീയമായ വലിയസ്ഥാനം നല്കപ്പെട്ടു. ഹെബ്രായർക്കുള്ള ലേഖനം പ്രിസില്ലായാണ് രചിച്ചതെന്ന് കരുതുന്ന ചില സഭാപാരമ്പര്യങ്ങളുണ്ട്, അവയുടെ ആധികാരികത വിവാദ വിഷയമാണെങ്കിലും. റോമിൽ പ്രിസില്ലായുടെ പേരിൽ ഒരു ദേവാലയവും ഭൂഗർഭാലയവും (catacomb) ഉണ്ട്. പ്രിസില്ലാ വസിച്ചിരുന്ന ഭവനത്തിന്റെ സ്ഥാനത്താണ് ഇന്ന് ദേവാലയം നില്ക്കുന്നതെന്നും പ്രിസില്ലായെയും ഭർത്താവിനെയും സംസ്ക്കരിച്ച ഭൂഗർഭശവക്കല്ലറയാണ് ഇന്ന് ആ പേരിൽത്തന്നെ അറിയപ്പെടുന്നത് എന്നും കരുതപ്പെടുന്നു.

●